

# സമഗ്രവികസനം
# ഒരു മാർഗ്ഗരേഖ

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്


പഴയകുന്നുമ്മേൽ
ഗ്രാമപഞ്ചായത്ത്

10-5



രാജാരവിവർമ്മയുടെ നാട്ടിലേക്കു സ്വാഗതം



# സമഗ്രവികസനം ഒരു മാർഗ്ഗരേഖ

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. K.M. ജയദേവൻ മാസ്റ്റർ



ശ്രീ. ശിവശങ്കരപിള്ള



ശ്രീ. M.P. രാഘവൻ



ശ്രീ. മാധവൻപിള്ള



ശ്രീ. K. സദാശിവൻ

ശ്രീ. സുധാകരൻ



ശ്രീ. A. ഷിഹാബുദ്ദീൻ

# പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്
# ഭരണസമിതി അംഗങ്ങൾ


ബി. ഗീത
(പ്രസിഡന്റ്)


എസ്. നളിനാക്ഷൻ
(വൈസ് പ്രസിഡന്റ്)


കെ.രാജേന്ദ്രൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)


ജി.വിക്രമൻ


എ. ഷിഹാബുദ്ദീൻ


എം.കെ. ഗംഗാധര തിലകൻ


എസ്.എം. ജാഫർ


കമാല സുരേഷ്


പ്രമീളാ രവികുമാർ


ബി. സുഷന്ദകുമാരി



## ഉള്ളടക്കം


ആമുഖം

ജനകീയാസൂത്രണം എന്ത് ? എന്തിന്

ജനകീയാസൂത്രണം പഴയകുന്നുമ്മേൽ പഞ്ചായത്തിൽ

**പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്**

സ്ഥാനം, ചരിത്രപശ്ചാത്തലം

ഭൂപ്രകൃതി, മൺതരങ്ങൾ, വിളകൾ

ധാതുക്കൾ, ജലലഭ്യത, കാലാവസ്ഥ

ജൈവസമ്പത്ത്, മനുഷ്യസമ്പത്ത്

**വികസന മേഖലകൾ**

കൃഷി, ജലസേചനം

മൃഗസംരക്ഷണം, ക്ഷീരവികസനം

ഉൾനാടൻ മത്സ്യബന്ധനം

വിദ്യാഭ്യാസം, സാക്ഷരത

ആരോഗ്യരംഗം, കുടിവെള്ളം

വ്യവസായം

സഹകരണമേഖല

ഗതാഗതം, ഊർജ്ജം

മാർക്കറ്റ്

വനിതാക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പാർപ്പിടം, സാമൂഹ്യക്ഷേമം

വിഭവസമാഹരണം

സംസ്കാരം

വിനോദസഞ്ചാരം




# എഡിറ്റോറിയൽ ബോർഡ്

ഇ.എ.സജിം തട്ടത്തുമല

വി.മനോജ്

എൻ.സന്തോഷ്

എസ്.പ്രിജി

ആർ.കെ.അംബിക

എസ്.സന്തോഷ് കുമാർ

പി.മുരുകദാസ്

എം. സത്യശീലൻ

എസ്.ശശിധരൻനായർ

മാർഗ്ഗ നിർദ്ദേശം : സി.എൻ. ദേവദാസ്

(സംസ്ഥാന റിസോഴ്സ് പേഴ്സൺ)

മുഖചിത്രം:- 'ഇനിയും ഏറെ ഇഴകൾ ബാക്കി
(കിളിമാനൂർ ഷാജിയുടെ ഒരു പെയിന്റിംഗ്)

# ആമുഖം

കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവർൺമെന്റ് സമഗ്രജനകിയാസൂത്രണ പരിപാടിയിലൂടെ ഒരു നൂതനമായ പരീക്ഷണത്തിന് അവസരമൊരുക്കിയിരിക്കുകയാണ് ഇതിലൂടെ ആസൂത്രണത്തിൽ കേരളം മഹത്തായ ഒരു മാതൃക സൃഷ്ടിക്കുകയാണ്. അതായത് കേരളത്തിന്റെ ഒൻപതാം-പദ്ധതി തികച്ചും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. പദ്ധതികൾ ആവിഷ്കരിച്ച് അത് നടപ്പിലാക്കാൻ മാത്രം ജനങ്ങൾക്ക് അധികാരം നൽകുക യല്ല; മറിച്ച് പദ്ധതികൾ തീരുമാനിക്കുന്ന കാര്യവും ജനങ്ങൾക്ക് നൽകിയിരിക്കുന്നു. എട്ടുപദ്ധതികൾ ഇതിനകം പൂർത്തിയായി കഴിഞ്ഞെങ്കിലും ഇതിലൊന്നിലും ജനങ്ങളുടെ അഭിപ്രായ നിർദ്ദേശങ്ങളെ വേണ്ടത്ര പരിഗണിച്ചിരുന്നില്ല.എന്നാൽ ഇപ്പോൾ നാടിന്റെ വികസനം നാട്ടുകാർക്ക് വിട്ടിരിക്കുന്നു. പരിമിതമായ സർക്കാർ ഫണ്ടുകൾ അനുവദിച്ചുകിട്ടുന്നതുകൊണ്ടുമാത്രം നമ്മുടെ വികസന പ്രശ്നങ്ങൾ പൂർണ്ണർത്ഥത്തിൽ നിറവേറ്റാൻ കഴിയില്ലെന്ന യാഥാർത്ഥ്യ ബോധവും വൈകിയാണെങ്കിലും നമുക്ക് കൈവന്നിരിക്കുന്നു. സമസ്തമേഖലകളുടെയും സമഗ്രവികസനത്തിന് വമ്പിച്ച ജനകീയ ഇടപെടലും പങ്കാളിത്തവും അനിവാര്യമാണെന്ന് ജനകീയാസൂത്രണ പ്രസ്ഥാനം കണക്കാക്കുന്നു. ജനങ്ങൾക്ക് അവരുടെ നാടിന്റെ വികസനാവശ്യങ്ങൾ ഉന്നയിക്കുവാനും പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും സാധിക്കുമെന്നുള്ളതു തന്നെയാണ് ജനകീയാസൂത്രണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. പുതിയ പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതോടെയാണ് വികേന്ദ്രീകൃതാസൂത്രണത്തിന് വലിയസാദ്ധ്യതകൾ ഉണ്ടാകുന്നത്. ഒൻപതാം പദ്ധതിയിൽ കൂടുതൽ തുകയും പഞ്ചായിത്തുകൾക്ക് നേരിട്ടുനൽകാൻ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണമെന്ന ഈ ബൃഹത്തായ കർമ്മപരിപാടി നടപ്പിലാക്കുന്നതിലൂടെ പുതിയൊരു വികസനസംസ്കാരം രൂപപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പഴയകുന്നുമ്മേൽ പഞ്ചായത്ത് വികസന റിപ്പോർട്ട് സമഗ്രമെങ്കിലും പരിപൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. എങ്കിലും ഗ്രാമസഭാ ചർച്ചകളെ അവലംബിച്ചുകൊണ്ടു തന്നെയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമസഭകളിൽ ഉയർന്നുവന്ന അഭിപ്രായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അവലോകനം ചെയ്ത് പഞ്ചായത്തിന്റെ പൊതുവായ വികസനപ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ഉൾക്കൊള്ളിക്കുന്നതിനാണ് ശ്രദ്ധിച്ചിരിക്കുന്നത്. എന്നാൽ ചില വികസനമേഖലകളെക്കുറിച്ച് ഗ്രാമസഭാനിർദ്ദേശങ്ങൾ വാർദ്ധുതിരിച്ച് നൽകിയിട്ടുള്ളത് പ്രശ്നാവതരണത്തിനുള്ള സൗകര്യത്തിനുവേണ്ടിയാണ് മാത്രവുമല്ല നമ്മുടെ പഞ്ചായത്ത് റിപ്പോർട്ട് വായിച്ചാൽ ഈ പ്രദേശത്തിന്റെ സവിശേഷതകളെക്കുറിച്ചും സ്ഥലനാമങ്ങളെക്കുറിച്ചുമൊക്കെ പൊതുവായ ഒരു വിവരം ലഭിക്കത്തക്കനിലയിലാണ് തയ്യാറാക്കാൻ ശ്രമിച്ചിട്ടുള്ളത്. നമ്മുടെ വികസന പ്രശ്നങ്ങൾ എണ്ണമറ്റവയാണ്. എന്നാൽ അവയെല്ലാം ഈ പദ്ധതിക്കാലത്തു തന്നെ പരിഹരിക്കാൻ കഴിയുകയില്ല. ഇതിന് മുൻഗണനാക്രമം തീരുമാനിക്കേണ്ടതുണ്ട്. ആവശ്യങ്ങളുടെ പ്രാധാന്യമനുസരിച്ച് പഞ്ചായത്തു കമ്മറ്റി മുൻഗണനാക്രമം വഴിയെ തീരുമാനിക്കും. റിപ്പോർട്ടിൽ എല്ലാ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും മുൻഗണനാ ക്രമം പാലിച്ച് കൊണ്ട് ചേർക്കാത്തത് തൽക്കാലം അതിന് പ്രസക്തിയില്ലാത്തതുകൊണ്ടാണ്. വളരെ പ്രാധാനപ്പെട്ട ആവശ്യങ്ങൾക്കായിരിക്കണം. ഒൻപതാം പദ്ധതിയിൽ നാം മുൻഗണന നൽകേണ്ടത്. മുൻഗണനാക്രമത്തിൽ പരമാവധി പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രദ്ധാപൂർവ്വം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിന്റെ പൊതുവായ വികസനത്തെ മുൻനിർത്തുമ്പോൾ സങ്കുചിതമായ വികസന ചിന്തകൾക്ക് പ്രസ്ക്തി നഷ്ടപ്പെടുന്നു. വികസന കാര്യത്തിലും ഒരു വിശാലമനസ്കത നമുക്കാവശ്യമാണ്. അത്തരമൊരു വിശാല വീക്ഷണത്തോടെയായിരിക്കണം ഈ വികസനറിപ്പോർട്ടിനെ സമീപിക്കേണ്ടത്. ജനകീയാസുത്രണം പുതിയൊരു പരീക്ഷണമെന്ന നിലയിൽ, പരിമിതികൾ വരുത്തി വച്ചിട്ടുള്ള പോരായ്മകൾ ഈ റിപ്പോർട്ടിന് ഉണ്ടായെന്നിരിക്കാം. ഇതിന് ക്ഷമാപണം ചെയ്യുകയെ നിവൃത്തിയുള്ളു.

നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് ആത്മാർത്ഥമായി സഹായിക്കുകയും സഹകരിക്കുകയും ചെയ്തിട്ടുള്ള നിരവധി പേർ ഉണ്ട്. പഞ്ചായത്തു കമ്മറ്റി അംഗങ്ങളുടെയും സെക്രട്ടറിയുടെയും സഹായസഹകരണങ്ങൾ ശ്ലാഘനീയമാണ്. പഞ്ചായത്ത് ലൈബ്രേറിയന്റെ അകമഴിഞ്ഞ ചുമതലാബോധവും ഇത്തരുണത്തിൽ സ്മരണീയമാണ്. കൂടാതെ പഞ്ചായത്തിലെ മറ്റു ജീവനക്കാർക്കും സഹകരണങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. വിവരശേഖരണം, പഠന പര്യടനം മുതലായവയിലൂടെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പശ്ചാത്തലമൊരുക്കിയ മുഴുവൻ പേരോടും നന്ദിയുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകി വിവിധ ഡിപ്പാർട്ടമെന്റ് ഉദ്യോഗസ്ഥർ അനുബന്ധ റിപ്പോർട്ടുകൾ തയ്യാറാക്കാൻ സഹായിച്ചവർ എന്നിവരെയും കൃതജ്ഞതാ പൂർവ്വം സ്മരിക്കുന്നു. ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സഹായിച്ച സംസ്ഥാന റിസോർസ് പേഴസ്ൺ സി.എൻ. ദേവദാസിനോടും അകമഴിഞ്ഞ നന്ദിയുണ്ട്. എല്ലാറ്റിലുമുപരി ഗ്രാമസഭാ സംഘാടനം തൊട്ട് ഇതുവരെ ഈ ബൃഹത്തായ കർമ്മപരിപാടിയിൽ സഹകരിച്ച എല്ലാ ജനങ്ങളോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

*ജില്ലാ റിസോഴ്സ് പേഴ്സൺസ്*

# ജനകീയാസൂത്രണം എന്ത്? എന്തിന്?

ജനാധിപത്യത്തിൽ അനിവാര്യമായ അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാകുന്നത് ജനങ്ങളിലേയക്ക് വ്യാപരിക്കുന്ന അധികാരത്തിന്റെ വൈപുല്യത്തെ ആശ്രയിച്ചിരിക്കുന്നു. ഇപ്പോൾ പുതിയ പഞ്ചായത്തിരാജ് നിയമത്തിലൂടെ വികേന്ദ്രീകരിക്കപ്പെട്ട അധികാരത്തിൽ ജനപങ്കാളിത്തം നേരിട്ടുറപ്പിക്കുന്നതിന് ഉറച്ച നടപടിയിലൂടെ കേരളം ഒരു മഹനീയ മാതൃകയാവുകയാണ്. ജനകീയാസൂത്രണത്തിലൂടെ കേരളത്തിന്റെ ഒൻപതാം പദ്ധതി നടപ്പിലാക്കുവാനുള്ള തീരുമാനം നൂതനമായതു കൊണ്ടുതന്നെ ധീരമായ ഒരു പരീക്ഷണമാണ്. എന്നാൽ ബൃഹത്തായ ഈ കർമ്മപരിപാടിയ്ക്ക് ഇതുവരെ ജനങ്ങൾ നൽകിയ ആവേശകരമായ സ്വീകരണം ഇതിന്റെ ലക്ഷ്യത്തെക്കുറിച്ച് പ്രത്യാശ നൽകുന്നതാണ്.

പൂർത്തിയാക്കപ്പെട്ട എട്ടു പദ്ധതികളിൽ നിന്ന് തികച്ചും വിപരീതമായ ഒരു വികസനസമീപനമാണ് ഒൻപതാം പദ്ധതിയിൽ അനുവർത്തിക്കുന്നതെന്ന് കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതായത് ഇന്നലെ വരെ മുകളിൽ നിന്നും പദ്ധതികൾ ആസൂത്രണം ചെയ്ത് താഴേയ്ക്ക് വന്നിരുന്നുവെങ്കിൽ ഇനി മുതൽ ആസൂത്രണം താഴെ നിന്നു തന്നെ തുടങ്ങുന്നു. ഇതിലൂടെ വികേന്ദ്രീകരിക്കപ്പെട്ട അധികാരം ജനങ്ങൾ നേരിട്ട് കയ്യാളുന്നു. വികസന പ്രശ്നങ്ങളിൽ ജനങ്ങളുടെ അഭിപ്രായനിർദ്ദേശങ്ങൾക്ക് മുന്തിയ പരിഗണന നൽകികൊണ്ടാണ് പദ്ധതി രൂപപ്പെടുത്തുന്നത്. ഇതോടെ ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ കണക്കിലെടുക്കാതെ പദ്ധതികൾ മുകളിൽ നിന്ന് താഴേയ്ക്ക് അടിച്ചേൽപ്പിക്കപ്പെടുന്ന സമ്പ്രദായം ഇല്ലാതാകുന്നു. പ്രാദേശികമായ വിഭവശേഷിയും സാദ്ധ്യതകളും മനസ്സിലാക്കി വികസന തന്ത്രങ്ങൾ ആവിഷ്കരിക്കുവാൻ ജനകീയാസൂത്രണം സഹായിക്കുന്നു. ഫണ്ടുകളുടെ ലഭ്യതയിലൂടെ മാത്രം വികസനലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയില്ല. സമഗ്രവികസനത്തിന് എല്ലാ വികസന മേഖലകളിലും ശരിയായ ജനകീയ ഇടപെടലിന്റെ അനിവാര്യത ജനകീയാസൂത്രണ പ്രസ്ഥാനം ഉൾക്കൊള്ളുന്നു. ജനങ്ങളെ ഉദാസീനതയിൽ നിന്നും നിരാശാ ബോധത്തിൽ നിന്നും കർത്തവ്യബോധത്തിലേക്ക് നയിക്കാൻ ജനകീയാസൂത്രണം സഹായകരമാകും.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചശേഷം വിവിധ തലങ്ങളിലും വിവിധ ഘട്ടങ്ങളിലും നടന്ന ശിൽപശാലകൾ വികസനമേഖലകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായിച്ചു. ജനകീയാസൂത്രണ വിശേഷാൽ ഗ്രാമസഭകൾ വികസനപ്രശ്നങ്ങളെക്കുറിച്ചുള്ള ജനവികാരങ്ങളുടെ പ്രതിഫലനവേദികളായി. പ്രാദേശിക വിഭവസാദ്ധ്യതകളും പ്രശ്നങ്ങളും അവലോകനം ചെയ്യാൻ തുടർന്നു നടന്ന വിവരശേഖരണങ്ങളും പഠനയാത്രകളും ഉപകരിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ ലഭിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി യാഥാർത്ഥ്യ ബോധത്തോടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതി രൂപപ്പെടുത്താൻ കഴിയും.

വികസനസെമിനാറുകളെ തുടർന്നു രൂപം കൊള്ളുന്ന കർമ്മസമിതികൾ ജനങ്ങളുടെ വികസനാവശ്യങ്ങൾ പദ്ധതികളാക്കി രൂപപ്പെടുത്തുന്നു. ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇടനിലക്കാരിലൂടെ പദ്ധതിത്തുകകൾ ചോർന്നു പോകുന്നത് നിയന്ത്രിക്കാനും കഴിയും. ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകുന്നതോടെ വികസനാവശ്യങ്ങൾ മുൻഗണനാക്രമം തീരുമാനിച്ച് നടപ്പിലാക്കുന്നു. കൂടാതെ സംസ്ഥാനത്താകമാനം വിവിധ വിഷയങ്ങളിൽ പ്രാഗൽഭ്യമുള്ളവരുടെ ഉന്നതതലമാർഗ്ഗ നിർദ്ദേശക സമിതികളുടെ പ്രവർത്തനങ്ങൾ കൂടിയാകുമ്പോൾ മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത യഥാർത്ഥ ഗ്രാമസ്വരാജ് നിലവിൽ വരുകയായി.

# ജനകീയാസൂത്രണം പഴയകുന്നുമ്മേൽ പഞ്ചായത്തിൽ

കേരളത്തിന്റെ ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചത് ജനങ്ങൾ അത്യാഹ്ലാദത്തോടെയാണു സ്വീകരിച്ചത്. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പരിപാടിയെ അർഹിക്കുന്ന പ്രാധാന്യത്തോടെയാണു സമീപിച്ചത്. പരിപാടിയുടെ ജില്ലാതല പരിശീലനത്തിനു വേണ്ടി നമ്മുടെ പഞ്ചായത്തിൽ നിന്നും എട്ടുപേരെയാണ് തെരഞ്ഞെടുത്തത്. എൻ. സന്തോഷ്, വി.മനോജ്, ഇ.എ.സജിം തട്ടത്തുമല, എൻ. ദീപു, ഹരിശങ്കരർ, ആർ.കെ. അംബിക എസ്.പ്രിജി എന്നിവരാണ് പഞ്ചായത്തിലെ എട്ട് ജില്ലാ റസോഴ്സ് പേഴ്സൺസ് (ഡി.ആർ.പി.മാർ) കൂടാതെ ഓരോ വാർഡിൽ നിന്നും ആറുവീതം പഞ്ചായത്തുതല പരിശീലകരെയും തിരഞ്ഞെടുത്തു അങ്ങനെ അറുപത് എൽ.ആർ.പി.മാരുണ്ട്. കിളിമാനൂർ ബ്ലോക്കിൽ നിന്നും സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച സി.എൻ. ദേവദാസാണ് നമ്മുടെ പഞ്ചായത്തിലേയും മാർഗ്ഗ നിർദ്ദേശകനായ കീ റിസോഴ്സ് പേഴ്സൺ (കെ.ആർ.പി). ആദ്യഘട്ടം മുതൽ തന്നെ പരിപാടിയുടെ പ്രധാനപ്പെട്ട ചുമതലകൾ എല്ലാം ഏറ്റെടുത്ത് ആത്മാർത്ഥമായ പ്രവർത്തനമാണ് പഞ്ചായത്തിലെ ഡി.ആർ.പി.മാർ നടത്തിയിട്ടുള്ളത്. എൽ.ആർപി. മാരും അവരുടേതായ ചുമതലകളിൽ വ്യാപൃതരായിരുന്നു.

ജനകീയ ആസൂത്രണ പരിപാടിയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട ജില്ലാതല പരിശീലകർക്കുള്ള ആദ്യഘട്ട ക്ലാസ്സുകൾ നവംബർ 10,11,12 തീയതികളിൽ കിളിമാനൂർ ററൗൺ യു.പി.എസ്.ലും രാജാ രവിവർമ്മ കമ്മ്യൂണിറ്റിഹാളിലുമായി നടന്നു. കിളിമാനൂർ, വാമനപുരം എന്നീ ബ്ലോക്കുകളെ ഏകോപിച്ചു കൊണ്ടാണ് പരിശീലനം സംഘടിപ്പിച്ചത്. ഈ ആദ്യഘട്ട പരിശീലനത്തിൽ പഴയകുന്നമ്മൽ പഞ്ചായത്തിൽ നിന്നും എൻ.സന്തോഷ്, വി.മനോജ്, ഇ.എ.സജിം തട്ടത്തുമല, എൻ.ദിപു, ,എസ്.പ്രിജി, ആർ.കെ.അംബിക എന്നിവർ പങ്കെടുത്തു. എൻ.സന്തോഷിനെ ഡി.ആർ.പി. കൺവീനറായി തെരഞ്ഞെടുത്തു. സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരാണ് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ എടുത്തത്.

ജില്ലാതല പരിശീലനത്തിനു ശേഷം പഞ്ചായത്തുതല പരിശീലകർക്കായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. നവം. 19-ാം തീയതി രാജാരവിവർമ്മ കമ്മ്യൂണിറ്റി ഹാളിൽ നടന്ന ശില്പശാല തിരുവന്തപുരം ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി: സുമംഗല കൊച്ചുകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റ് ബി.ഗീത അദ്ധ്യക്ഷത വഹിച്ചു ഇതിൽ തെരെഞ്ഞടുക്കപ്പെട്ട അറുപതോളം പ്രതിനിധികളും ഏഴോളം ഉദ്യോഗസ്ഥന്മാരും ജന പ്രതിനിധികളും പങ്കെടുത്തു.

ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും നടന്ന ശില്പശാലകൾക്ക് ശേഷമാണ് ജനകീയാസൂത്രണ പരിപാടിക്കുവേണ്ടിയുള്ള വിശേഷാൽ ഗ്രാമസഭകളുടെ സംഘാടനം നടന്നത്. ഡി.ആർ.പി. മാരുടെയും എൽ.ആർ.പി.മാരുടെയും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ് ഗ്രാമസഭകൾ വിളിച്ച് ചേർത്തത്. തുടക്കം മുതൽ തന്നെ ചിട്ടയായ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. സർക്കാർ വിജ്ഞാപനമനുസരിച്ച് ഒക്ടോബർ 2 നു മുമ്പ് തന്നെ പഞ്ചായത്തിലെ 10 വാർഡുകളിലെയും ഗ്രാമസഭകൾ വിളിച്ച് ചേർക്കാൻ കഴിഞ്ഞു. ഗ്രാമസഭകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി കാര്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. വാർഡുകൾ തോറും മൈക്ക് പ്രചരണം, പോസ്റ്ററിങ്ങ്, നോട്ടീസ് വിതരണം മുതലായവ നടത്തി. പല വാർഡുകളിലും നാടൻ കലാരൂപങ്ങളുടെ അകംബടിയോടുകൂടി പ്രചരണങ്ങളും നടന്നിരുന്നു. ഗ്രാമസഭകളിൽ ആളുകൾ ആവേശപൂർവ്വമാണ് കടന്നുവന്നത്. ഗ്രാമവാസികളിൽ വിശേഷാൽ ഗ്രാമസഭകൾ പുതുമയും കൗതുകവും സൃഷ്ടിച്ചു. എല്ലാ വാർഡുകളിലെയും ഗ്രമസഭകളിൽ മതിയായ പങ്കാളിത്തം ഉണ്ടായിരുന്നു. എന്നാൽ സമയബന്ധിത പരിപാടി എന്ന നിലയിൽ തിടുക്കപ്പെട്ട് ഗ്രാമസഭകൾ വിളിച്ചു കൂട്ടേണ്ടി വന്നതിന്റെ ചെറിയ കുറവുകൾ ഉണ്ടായിട്ടുണ്ട്. ഒക്ടോബർ 2നു മുമ്പ് ഗ്രാമസഭകൾ പൂർത്തിയാക്കണമെന്നതായിരുന്നു. സർക്കാർ വിജ്ഞാപനം കുറച്ചുകൂടി സാവകാശം ലഭിച്ചിരുന്നു എങ്കിൽ ഈ നൂതനമായ പരിപാടിയുടെ സന്ദേശം ഇതിലും കൂടുതൽ ജനങ്ങൾ ഉൾക്കോള്ളുകയും ഗ്രാമസഭകളിൽ പങ്കെടുക്കുകയും ചെയ്യുമായിരുന്നു. പലരും ജനകീയാസൂത്രണ

പരിപാടിയുടെ പ്രാധാന്യം മനസ്സി ലാക്കി വന്നപ്പോഴേക്കും ഗ്രാമസഭകൾ ഉൾപ്പടെയുള്ള ആദ്യഘട്ടം പരിപാടി കൾ പൂർത്തിയായി കഴിഞ്ഞിരുന്നു. എങ്കിലും നമ്മുടെ പഞ്ചായത്തിൽ നല്ലൊരുപങ്കും ഗ്രാമസഭകളിൽ പങ്കെടുക്കുക തന്നെ ചെയ്തു. നാടിന്റെ വികസനകാര്യങ്ങൾ ചർച്ചചെയ്യുന്നതിൽ ഗ്രാമസഭാ പ്രതിനിധികൾ അത്യധികം ആവേശ മാണ് കാണിച്ചത്. വികസന കാര്യങ്ങളിൽ തങ്ങൾക്ക് തനതായ അഭിപ്രായ നിർദ്ദേശങ്ങൾ ഉണ്ടെന്ന് ജനങ്ങൾ തെളിയിച്ചു. പന്ത്രണ്ട് വിഷയ ഗ്രൂപ്പുകളായി തിരിച്ചിട്ടും ഒരു ഗ്രൂപ്പിൽ മാത്രമായിരിക്കുന്നതിൽ തൃപ്തരാകാതെ പന്ത്രണ്ട് ഗ്രൂപ്പു കളിലും ഓടി നടന്ന് അഭിപ്രായ ങ്ങൾ രേഖപ്പെടുത്തിയതിലൂടെ സമസ്ത വികസനമേഖലകളിലും തങ്ങൾ ക്കുള്ള താൽപര്യം വിളിച്ചറിയി ക്കുകയായിരുന്നു. വികസന കാര്യ ങ്ങളെന്നപോലെ തന്നെ തങ്ങളുടെ ജീവിത ക്ലേശങ്ങളും പരാതികളും പരിദേവനങ്ങളും വിശേഷാൽ ഗ്രാമ സഭയിലൂടെ ജനങ്ങൾ പങ്കുവെച്ചു. ജീവിതത്തിന്റെ നാനാ തുറകളിൽ നിന്നും പ്രായ ഭേദ മന്യേ കടന്നു വന്ന ജനങ്ങൾ അവരുടെ മനസ്സുകളിൽ വീർപ്പുമുട്ടി കിടന്നിരുന്ന ആശയാഭി ലാഷങ്ങളും പ്രശ്നങ്ങളും പരാതി കളും നിർദ്ദേശങ്ങളും പ്രകടിപ്പിച്ച് ആശ്വസിച്ചു. എല്ലാറ്റിനോടും ഉദാ സീനത പുലർത്തിയിരുന്ന ജന ങ്ങളിൽ ശുഭപ്രതീക്ഷകൾ ഉയർത്തി കൊള്ളാനും 'ഞങ്ങൾക്കുമുണ്ടു വില' എന്നബോധം ജനിപ്പിക്കാനും ഈ ജനകീയാസൂത്രണത്തിലൂടെ സാധിച്ചിരിക്കുന്നു. സർവ്വോപരി 'അടുത്താണങ്കിലും അകലമുണ്ട്' എന്ന നിലയിൽ സ്വാർത്ഥതയി ലേക്കും സങ്കുചിതത്തിലേക്കും വഴിമാറിക്കൊണ്ടിരിക്കുന്ന ജനങ്ങളെ വീണ്ടും ഒന്നിച്ച് ചേർക്കുന്നതിന് ഇത്തരം കർമ്മ പരിപാടികൾ സഹായകരമാണെന്നും തെളിയിക്ക പ്പെട്ടിരിക്കുന്നു.

ഗ്രാമസഭകളിലെ ഓരോ വിഷയ ഗ്രൂപ്പിൽ നിന്നും രണ്ടു വീതം പ്രതിനിധികളെ വികസന സെമിനാറി ലേക്ക് തെരഞ്ഞെടുത്തു. ആവിഷയ ഗ്രൂപ്പ് കൺവീനർമ്മാരെയും എൽ.ആർ. പി.മാരെയും കൂടി ക്ഷണിച്ചുവരുത്തി ഒക്ടോബർ 11,12 തീയതികളിൽ ഗ്രാമസഭാ ഗ്രൂപ്പ് ചർച്ചകളുടെ ക്രോഡീകരണം പഞ്ചായത്ത് കമ്മ്യൂ ണിറ്റി ഹാളിൽ വച്ച് നടത്തി ക്രോഡീകരിച്ച റിപ്പോർട്ടുകളെ അടിസ്ഥാനമാ ക്കിയാണ് വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ജില്ല റിസോഴ്സ് പേഴ്സൺ മാർക്കുള്ള രണ്ടാംഘട്ട പരിശീലനം ഒക്ടോബർ 22,23,24 തീയതികളിൽ രാജാരവിവർമ്മ കമ്മ്യൂണിറ്റി ഹാളിൽ നടന്നു. കിളിമാനൂർ ബ്ലോക്കിന്റെ കീഴിൽ വരുന്ന പഞ്ചായത്തുകളിലെ റിസോഴ്സ് പേഴ്സൺ മാർക്ക് മൊത്തത്തിലുള്ള പരിശീലന മായിരുന്നു. സംസ്ഥാന റിസോഴ്സ് പേഴ്സൺ സി.എൻ. ദേവദാസ് നേതൃത്വം നൽകി. നമ്മുടെ പഞ്ചായത്തിലെ എല്ലാ ഡി.ആർ. പി.മാരും പരിശീലനത്തിൽ പങ്കെ ടുത്തു. തുടർന്ന് പഴയ കുന്നുമ്മേൽ പഞ്ചായത്തിൽ എൽ.ആർ.പി. മാർക്കുള്ള രണ്ടാംഘട്ട ശില്പശാല നവംബർ 11 ന് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. ഇതിൽ ഗ്രാമസഭാവിഷയ ഗ്രൂപ്പ് കൺവീനർ മാരെയും ഉദ്യോഗസ്ഥ പ്രതിനിധികളേയും കൂടി ക്ഷണിച്ചിരുന്നു. പിന്നീട് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

വികസന സെമിനാർ വിപുലമായി നടത്തുന്നതിനു നവംബർ 18 ന് സ്വാഗത സംഘ രൂപീകരണ യോഗം നടന്നു. പഞ്ചായത്തിലെ ജനപ്രതി നിധികളേയും, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിന്നുള്ള പ്രതിനിധികളും സ്വാഗതസംഘം യോഗത്തിൽ പങ്കെടുത്തു. സെമിനാർ നടത്തിപ്പിന് വിവിധ സബ് കമ്മിറ്റി കളെ തെരഞ്ഞെടുത്തു. സ്വാഗത സംഘം ചെയർമാനായി മുൻ പഞ്ചാ യത്ത് മെമ്പർ എ.ഇബ്രാഹിം കുഞ്ഞിനേയും ജനറൽ കൺവീന റായി പഞ്ചായത്ത് പ്രസിഡന്റ് ബി.ഗീതയേയും തെരഞ്ഞെടുത്തു. സെമിനാർ വിജയിപ്പക്കുന്നതിന് എല്ലാ വാർഡിലും വാർഡുതല സ്വാഗത സംഘങ്ങൾ രൂപീകരിച്ചു. സെമിനാ റിന്റെ നടത്തിപ്പിന് വേണ്ട സമ്പത്ത് ഉത്പന്നമായും, പണമായും ജനങ്ങൾ അകമഴിഞ്ഞ് സംഭാവന ചെയ്തു.

ഡിസംബർ 16ന് വികസന സെമിനാർ നടത്തുവാൻ തീരുമാനിച്ചു. ഭാർഗ്ഗവി തങ്കപ്പൻ എം.എൽ.യുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗ ത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്യാൻ മന്ത്രി തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ.പാലൊളി മുഹമ്മദ് കുട്ടിയെ ക്ഷണിച്ചു.

ബി.ഗീത (പ്രസിഡന്റ്, പഴയകുന്നു മ്മേൽ ഗ്രാമപഞ്ചായത്ത് )

# പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

കൊല്ലവർഷം 938-ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് തുല്യം ചാർത്തിക്കൊടുത്ത് കിളിമാനൂർ അധികാരത്തിനും വളരെ മുമ്പ് ഇന്നത്തെകുന്നുമ്മൽ തലസ്ഥാനമാക്കി അതിപ്രബലമായ ഒരു ആദിവാസി രാജ്യം ഉണ്ടായിരുന്നു. ഉമയമ്മ റാണി ഈ രാജ്യം തകർക്കുകുകയും ഭരണം പിടിച്ചെടുക്കുകയും ചെയ്തു. പിന്നീട് മാർത്താണ്ഡവർമ്മ ഉമയമ്മ റാണിയെ തോൽപ്പിച്ചു. ആ കുന്നുമ്മേലിന്റെ പേരാണ് ചരിത്രപരമായി നമ്മുടെ പഞ്ചായത്തിന് കിട്ടിയത്. ഇന്നത്തെകുന്നുമ്മൽ പ്രദേശമുൾപ്പടെ മൊത്തത്തിൽ കിളിമാനൂർ എന്നുതന്നെ അറിയപ്പെട്ടിരുന്നു. ഏകദേശം എഴ് ചതുരശ്രമൈൽ പ്രദേശം കിളിമാന്നൂർ എന്ന് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ അറിയപ്പെട്ടിരുന്നു. അതിനാൽ പഴയ കുന്നുമ്മലിന്റെ ചരിത്രം കിളിമാനൂരിന്റേതു തന്നെയാണ്. കേരള സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയുടെ വടക്കേഅറ്റത്താണ് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രദേശം സ്ഥിതിചെയ്യുന്നത്. ഇത് കൊല്ലം ജില്ലയോട് ചേർന്നു കിടക്കുന്ന തിരുവനന്തപുരം ജില്ലയുടെ ഒരു അതിർത്തി പ്രദേശമാണ്. ഇതിന്റെ വടക്ക് കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തും,ഏതാണ്ട് വടക്കു കിഴക്കു ഭാഗത്തായി കൊല്ലം ജില്ലയുടെ തന്നെ കടയ്ക്കൽ പഞ്ചായത്തുമാണ്. പഴയകുന്നുമ്മേൽ പഞ്ചായത്തിന്റെ പടിഞ്ഞാറു വശത്തായി കിളിമാനൂർ ഗ്രാമപഞ്ചായത്തും തെക്ക് ഭാഗത്ത് പുളിമാത്ത് പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. ചിറയിൻകീഴ് താലൂക്കിലുൾപ്പെട്ട പഴയ കുന്നുമ്മേൽ വില്ലേജിനെ പൂർണ്ണമായും ഉൾക്കൊള്ളുന്നതാണ് പഴയ കുന്നുമ്മേൽ പഞ്ചായത്തു പ്രദേശം.

പഴയ കുന്നുമ്മേൽ പഞ്ചായത്ത് എന്നാണ് പേരെങ്കിലും പഞ്ചായത്തിന്റെ കേന്ദ്രവും ഏറ്റവും പ്രധാനപ്പെട്ട സ്ഥലവുമായ കിളിമാനൂർ ടൗൺ ഏതാണ്ട് പൂർണ്ണമായും പഴയ കുന്നുമ്മേൽ പഞ്ചായത്തിൽ തന്നെയാണ്. സമീപത്തുള്ള കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ ടൗണിന്റെ വളരെ കുറച്ച് ഭാഗങ്ങൾ മാത്രമേ യഥാർത്ഥത്തിൽ ഉൾപ്പെടുന്നുള്ളു. എന്നാൽ പുകൾ പെറ്റതും വിശ്വവിഖ്യാത ചിത്രകാരൻ രാജാ രവിവർമ്മയുടെ ജന്മഗൃഹവുമായ കിളിമാനൂർ രാജകൊട്ടാരം പഴയ കുന്നുമ്മേൽ പഞ്ചായത്തിന് പുറത്ത് കിളിമാനൂർ ഗ്രാമ പഞ്ചായത്തിലാണ്. കിളിമാന്നൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ്, പബ്ലിക് മാർക്കറ്റ്, പോലീസ് സ്റ്റേഷൻ, സി..ഐ ഓഫീസ്, സബ്ബ് ട്രഷറി എന്നീ പ്രധാനസ്ഥാപനങ്ങൾ നാളിതുവരെ പഴയ കുന്നുമ്മേൽ പഞ്ചായത്തിൽ ആണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിൽ ഒരു ടൗണിന്റെ രൂപം കൈവരിച്ചിട്ടുള്ളത് കിളിമാന്നൂർ മാത്രമാണ്. മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങളാണ് തട്ടത്തുമല, തൊളിക്കുഴി, അടയമൺ, വയ്യാറ്റിൻകര, ചെമ്പകശ്ശേരി, കുറവൻ കുഴി, പാപ്പാല, വണ്ടന്നൂർ, മൊട്ടക്കുഴി. ചാരുപാറ. മഞ്ഞപ്പാറ, ഇരട്ടച്ചിറ. ഊമൻപള്ളിക്കര. ചിറ്റിലഴികം. പുതിയകാവ്. കുന്നമ്മേൽ, കടമുക്ക്. ചാറയം, വട്ടപ്പച്ച ഷെഡ്ഡിൽകട, കാനാറ, കൊപ്പം, പോട്ടലിൽ, മുതുകുറിഞ്ഞി, ആറ്റൂർ, പറണ്ടക്കുഴി, ചെറുനാരകം കോട്, പയ്യനാട്, കടമ്പ്രവാരം, നെടുമ്പാറ, നെല്ലിക്കുന്ന്, മുളയ്ക്കലത്ത്കാവ്, മറവക്കുഴി, ചാവേറ്റിക്കാട്, പെരുങ്കുന്നം, വാഴോട്, കന്നിക്കുഴി മുതലായവ. കിളിമാന്നൂർ ടൗണിനും പല ഭാഗത്തും പല പേരുകളുണ്ട്. മുക്ക് റോഡ്, മഹാദേവേശ്വരം, തുണ്ടിൽക്കട, ഊമൻപള്ളിക്കര, പുതിയകാവ് എന്നിവ കിളിമാനൂർ ടൗണിന്റെ ഭാഗങ്ങളാണ്. പഞ്ചായത്ത് ആസ്ഥാനം സ്ഥിതി ചെയ്യുന്നത് ബസ്സ്റ്റേഷനും മഹാദേവേശ്വരത്തിനും ഇടയിൽ തുണ്ടിൽക്കട എന്ന ഭാഗത്താണ്. സംസ്ഥാന ഹൈവേയായ എം.സി റോഡ് കിളിമാനൂർ ടൗണിലൂടെ പഞ്ചായത്തിനെ കീറിമുറിച്ചു കടന്നു പോകുന്നു.

നിലവിൽ ഒരു വിനോദ സഞ്ചാരകേന്ദ്രം അല്ലെങ്കിൽ പോലും നയനാഭിരാമമായ പ്രകൃതി ദൃശ്യങ്ങളാൽ അനുഗ്രഹീതമായ നമ്മുടെ

പഞ്ചായത്ത് പ്രദേശത്തിന് മൊത്തത്തിൽ ഒരു സുന്ദര ഗ്രാമീണ ഛായയാണുള്ളത്. പച്ച പിടിച്ച സസ്യലതാദികളും കുന്നുകളും, താഴ്‌വരകളും, സമതലങ്ങളും, വയലേലകളും, ആറുകളും ചെറുതോടുകളും, ഉയരമുള്ള പാറകളും പാറക്കൂട്ടങ്ങളും എല്ലാമുള്ള ഒരു ഗ്രാമം. രാഷ്ട്രീയവും സാംസ്കാരികവും, കലാ സാഹിത്യപരവും ഒക്കെയായി ഉന്നത നിലവാരം പുലർത്തുന്ന ഈ പ്രദേശത്തിനും അതിന്റേതായതും സവിശേഷവുമായ ഒരു പശ്ചാത്തലം ഉണ്ട്. നിരവധി സാമൂഹ്യ പരിഷ്കർത്താക്കൾക്കും, സ്വാതന്ത്ര്യസമര സേനാനികൾക്കും തൊഴിലാളി കർഷക - കർഷക തൊഴിലാളി നേതാക്കൻമാർക്കും, അവകാശ സമര നായകന്മാർക്കും, പണ്ഡിത ശ്രേഷ്ഠൻമാർക്കും, സാഹിത്യ നായകന്മാർക്കും, ചിത്രകാരന്മാർക്കും ജന്മം നൽകിയിട്ടുള്ള മണ്ണാണിത്. ഇതിൽ ഏറ്റവും ശ്രദ്ധേയമായ നാമധേയമാണ് വിശ്വവിഖ്യാത ചിത്രകാൻ രാജാ രവിവർമ്മയുടേത്.

ഫ്യൂഡലിസവും, തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും വർണ്ണവർഗ്ഗ ചിന്തകളും ഒരു കാലത്ത് കേരളത്തിൽ എല്ലായിടത്തുമെന്ന പോലെ ഇവിടെയും നിലനിന്നിരുന്നു. അത്തരം അസമത്വം ചൂഷണ വ്യവസ്ഥകളിൽ നിന്നെല്ലാം മിക്കവാറും മോചിതമായ പ്രദേശമാണിത്. നാളിതുവരെ എടുത്തുപറയേണ്ട ഒരു ജാതിവർഗ്ഗീയ സംഘട്ടനങ്ങളും ഈ മണ്ണിൽ ഉണ്ടായിട്ടില്ല. രാഷ്ട്രീയ സംഘട്ടനങ്ങളിൽ നിന്നും മറ്റു തരത്തിലുള്ള ക്രിമിനൽ പ്രവർത്തനങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവുള്ള പ്രദേശമെന്ന് അവകാശപ്പെടാൻ കഴിയില്ലെങ്കിലും രാഷ്ട്രീയ കൊലപാതകങ്ങൾ ഇവിടെ ഏറെയൊന്നും ഉണ്ടായിട്ടില്ല. പൊതുവെ പറഞ്ഞാൽ സമാധാന കാംക്ഷികളും, ഉയർന്ന ചിന്താഗതി പുലർത്തുന്നവരുമാണ് ഇവിടെ കൂടുതലായും ഉള്ളത്. വിദ്യാഭ്യാസപരമായി ഉണ്ടായിട്ടുള്ള ഉയർച്ചയാണ് ഇതിന് കാരണം. ഔപചാരിക വിദ്യാഭ്യാസവും സമാന്തരവിജ്ഞാനവും നേടിയിട്ടുള്ളവരാണ് ബഹുഭൂരിപക്ഷവു. അഭ്യസ്ഥ വിദ്യർ നൂറുകണക്കിനുണ്ട് നമ്മുടെ പഞ്ചായത്തിൽ. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന സാംസ്കാരിക കേന്ദ്രങ്ങൾ, ഗ്രന്ഥ ശാലകൾ മുതലായവ ജനങ്ങളെ സാംസ്കാരിക ബോധമുള്ളവരാക്കാൻ സഹായിച്ചു പോ രുന്നു.

## ചരിത്രപശ്ചാത്തലം

'' ആശയങ്ങളും സാഹചര്യങ്ങളുമാണ് വിപ്ലവങ്ങൾ രചിക്കുന്നത് അധികാരത്തിൽ ഇരിക്കുന്നവരും തങ്ങളുടെ ആശയങ്ങൾക്ക് ഇണങ്ങാത്തവരുടെ നേർക്കെല്ലാം കണ്ണടയ്ക്കുന്നവരുമായ മൂഢ ജനങ്ങൾ വിചാരിക്കുന്നത് വിപ്ലവങ്ങൾ പ്രക്ഷോഭകാരികളുടെ സൃഷ്ടിയെന്നാണ്. —— വയലിൽ നിന്നും തെരുവിൽ നിന്നും ചന്തസ്ഥലത്തും നിന്നുമാണ് വിപ്ലവങ്ങൾ ഉടലെടുക്കുന്നത്. അവയുടെ മട്ടുകൾ അതിനാൽ പ്രാകൃതവും അസുന്ദരവുമാകും. വിപ്ലവങ്ങൾ രചിക്കുന്നവൻ രാജാക്കന്മാരോ, രാജ്യ തന്ത്രജ്ഞന്മാരോ, ഉയർന്ന് വിദ്യാഭ്യാസം സിദ്ധിച്ചവരോ ആകണമെന്നില്ല. അവരുടെ ഭാഷയാകട്ടെ, ഏതു കുതന്ത്രത്തെയും മൂടിവെയ്ക്കാൻ കഴിവുഴ്ഴ ഒരു കുലീന ഭാഷയുമല്ല. അവരുടെ ചുറ്റുപാടിൽ യാതൊരു നിഗൂഢതയുമില്ല. തങ്ങളുടെ മനോവൃത്തികളെ മറച്ചു പിടിക്കാനുള്ള യാതൊരു മൂടുപടവും അവർക്കില്ല. അവരുടെ ശരീരങ്ങൾക്കു പോലുമില്ല വേണ്ടിടത്തോളം മറവ്, എന്നിട്ടു വേണ്ടേ മനസ്സിന് " !

ശ്രീ ജവഹർലാൽ നെഹ്റുവിന്റെ "വിശ്വചരിത്രാവലോകനം" എന്ന പുസ്തകത്തിലെ ഈ വരികളെ അന്വർത്ഥമാക്കിക്കൊണ്ടാണ് 1935 മുതൽ 1947 ആഗസ്റ്റ് 14 വരെ ഈ നാട്ടിൽ നടന്ന് ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും ജനങ്ങൾ പങ്കാളികളായത്.

19-ാം നൂറ്റാണ്ടിന്റെ അവസാന പാദങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലും നമ്മുടെ നാടിന്റെ സാമൂഹ്യസ്ഥിതി പരിതാപകരമായിരുന്നു. ജാതിവ്യവസ്ഥ, അയിത്തം, ജന്മി അടിയാൻ സമ്പ്രദായം എന്നിവ സമൂഹത്തിൽ കൊടി കുത്തി വാണിരുന്നു. ചിറയിൻകീഴ് താലൂക്കിൽ ആറ്റിങ്ങലും കിളിമാന്നൂരുമാണ് ദേശീയ പ്രസ്ഥാനത്തിനും സ്വാതന്ത്ര്യ

സമരത്തിനും ആരംഭം കുറിച്ചത്. പഴയ കുന്നുമ്മേൽ പഞ്ചായത്തിലെ കേന്ദ്രബിന്ദുവായ കിളിമാന്നൂരിൽ അറിയപ്പെടുന്നവരും അല്ലാത്തവരുമായ നിരവധി ആളുകൾഇതിൽ ഭാഗഭക്കുകളായിരുന്നു. ആ സംഭവങ്ങളുടെ വിധാതാക്കളിൽ മിക്കവരും കഥാശേഷരായി കഴിഞ്ഞു. അവശേഷിക്കുന്നവരാകട്ടെ വാർദ്ധക്യത്തിന്റെ സഹജമായ ഓർമ്മക്കുറവ് മൂലം തന്നെ വിവരങ്ങൾ പലതും അപൂർവ്വങ്ങളാണ്. അതുകൊണ്ടു തന്നെ നമ്മുടെ ചരിത്രാന്വേഷണത്തിന് ആധികാരികമായി കണക്കിലെടുക്കാൻ കഴിയുന്നത് കടയ്ക്കൽ, കല്ലറ – പാങ്ങോട് വിപ്ലവങ്ങളോട് അനുബന്ധിച്ച ഗവൺമെന്റിന്റെ പക്കലുള്ള വിവരങ്ങളാണ്. എന്നുവരുകിലും പൂർണ്ണമായ ചിത്രം അതിൽ നിന്നും നമുക്ക് ലഭിക്കാനിടയില്ല.

ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യ സമരത്തിലും ഈ പ്രദേശത്തിലെ ഒരു വലിയ നിര പങ്കെടുത്തിരുന്നു. 1935–ൽ തുടങ്ങി 1947 വരെയും വിവിധ പോരാട്ടങ്ങളിൽ പങ്കെടുത്ത നിരവധി ദേശാഭിമാനികൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ഇവരിൽ പ്രമുഖൻ V.S. പോറ്റി, കിളിമാനൂർ ശങ്കരപ്പിള്ള, പെരിഞ്ഞൂലി ഗോവിന്ദപ്പിള്ള, രാമൻ കുട്ടി ഭക്തൻ, കാഞ്ഞിരത്ത് പറമ്പിൽ സോമൻ, രഘുനാഥൻ, പൊരുന്തമൻ മാധവൻ, കുഞ്ഞ് കൃഷ്ണൻ വൈദ്യൻ, ആറ്റൂർ ഇബ്രാഹിം, കൊട്ടാരത്തിൽ വേലു, കുന്നുമ്മൽ വേലു വാദ്യാർ, കുന്നുമ്മൽ വാസു എന്നിവരായിരുന്നു. 1938–ൽ നടന്ന കടയ്ക്കൽ വിപ്ളവത്തിന് ശ്രീ. കിളിമാന്നൂർ ശങ്കരപ്പിള്ള നേതൃത്വം കൊടുത്തതായി രേഖകളുണ്ട്. കടയ്ക്കൽ വിപ്ലവത്തിന്റെ സംഘാടകരിൽ ഒരാളായി പോലീസിന്റെ രേഖകളിൽ സ്ഥാനം പിടിച്ച ഇദ്ദേഹം കേസ്സിലെ 31–ാം പ്രതിയായിരുന്നു. കടയ്ക്കൽ വിപ്ലവത്തിനോടനുബന്ധിച്ച വാഴോട് എന്ന സ്ഥലത്തും തട്ടത്തുമലയിലും വച്ച് തിരുവിതാകൂർ പട്ടാളത്തെ തോക്കും പടക്കവും ഉപയോഗിച്ച് ആക്രമിച്ചവരിൽ കിളിമാനൂർ വിശ്വനാഥൻ, കൂരങ്കുഴി ദാമോദരൻ, രഘുനാഥൻ വൈദ്യൻ, ഇരട്ടക്കുളം പരമുമേശിരി, പാലാംകോണം പരമു, കുന്നുമ്മൽ വാസു എന്നിവരും നിലമേൽ, കാര്യം എന്നിവിടങ്ങളിലെ ചെറുപ്പക്കാരും പങ്കെടുത്തിരുന്നു. സർക്കാർ രേഖകളിൽ പെടാത്തവും ഇതിൽ പങ്കാളികളായിരുന്നു എന്ന വസ്തുത വിസ്മരിക്കാനാവില്ല.

കിളിമാന്നൂർ കൊട്ടാരത്തിലെ രാജകുടുംബാംഗങ്ങളിൽ പലരും പരോക്ഷമായി ഇൻഡ്യൻ ദേശീയ സമരത്തിലും ബ്രിട്ടീഷ് സർക്കാരിനും എതിരായി പ്രക്ഷോഭകരെ സഹായിച്ചിരുന്നു. വേലുമ്പി ദളവ പാലായനം ചെയ്ത അവസരത്തിൽ കിളിമാന്നൂർ കൊട്ടാരത്തിൽ വരുകയും അദ്ദേഹത്തിന്റെ ഉടവാൾ കിളിമാന്നൂർ കോയിത്തമ്പുരാനെ ഏല്പിക്കുകയും ഉണ്ടായി. തുടർന്ന് അദ്ദേഹം മണ്ണടയിലേക്ക് പോകുകയും അവിടെ വച്ച് ആത്മഹത്യ ചെയ്യുകയുണ്ടായി. അദ്ദേഹം ഏൽപ്പിച്ച ഉടവാൾ പിൽക്കാലത്ത് ഇന്ത്യൻ പ്രസിഡന്റായിരുന്ന ഡോ: രാജേന്ദ്രപ്രസാദിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഉടവാൾ തിരുവനന്തപുരത്ത് മ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചിരിക്കിന്നു.

ഇത്തരുണത്തിൽ ഇന്ത്യൻ ദേശീയ സമരത്തിനും ഉത്തരവാദ പ്രക്ഷോഭണത്തിനും ആവേശം പകർന്ന ഈ നാട്ടിലെ വിദ്യാർത്ഥി പ്രസ്ഥാനത്തെ ഓർക്കാതെ വയ്യ. യഥാർത്ഥത്തിൽ അന്നത്തെ സംഘടിത ശക്തികളിൽ ഒന്ന് വിദ്യാർത്ഥി പ്രസ്ഥാനമായിരുന്നു. നഗരങ്ങളിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ നിലവിലിരുന്നെങ്കിലും വ്യാപകമായി സമരത്തെ സഹായിച്ച ഘടകം വിദ്യാർത്ഥികളായിരുന്നു ദൂരസ്ഥലങ്ങളായ കടയ്ക്കൽ, പാങ്ങോട്, കല്ലറ, ചടയമംഗലം എന്നീ സ്ഥലങ്ങളിൽ നിന്നും വിദ്യാർത്ഥിൾ കിളിമാന്നൂരിൽ വന്നു പഠിച്ചിരുന്നു. ഇവരെല്ലാം നമ്മുടെ സ്വാതന്ത്ര്യ സമരത്തിന് ആവേശം പകർന്നു നൽകി. അവരിലൽ ചടയമംഗലം രാധാകൃഷ്ണൻ നായർ, ശ്രീ തങ്കപ്പൻപിള്ള, വെള്ളാർ വട്ടം സുധാകൻ, മറ്റാപ്പള്ളി മജീദ് കല്ലറ ഗംഗാധരൻപിള്ള, വൈരവൻ സഹദേവൻ എം.പി. കുട്ടപ്പൻ, വി. സത്യദേൻ കെ. എം. ജയദേവൻ തുടങ്ങിയവർ പ്രത്യേകം സ്മരണീയരാണ്. ഇവരിൽ പലരും പിൽക്കാലത്ത് നിയമസഭയിലും സംസ്ഥാന രാഷ്ട്രീയത്തിൽ നിർണ്ണായക സ്ഥാനങ്ങളിലും എത്തപ്പെട്ടിട്ടുണ്ട്. കടയ്ക്കൽ വിപ്ലവത്തിൽ പഴയകുന്നുമ്മേൽ വില്ലേജിൽ നിന്നും പങ്കെടുത്ത വ്യക്തികളൽ പ്രമുഖരായിരുന്നു അയ്യപ്പൻപിള്ള, പാച്ചൻപിള്ള, ശങ്കരപ്പിള്ള, അസനാരുപിള്ള, മുഹമ്മദ്

മുസ്തഫ, നാരായണൻ, കുഞ്ഞു ശങ്കരൻ, ഹോപാലപിള്ള എന്നിവർ

1947 ആഗസ്റ്റ് 15 ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതുവരെയും ദേശീയ സ്വാതന്ത്ര്യസമരത്തിലും ഉത്തരവാദപ്രക്ഷോഭത്തിലും പഴയകുന്നുമ്മേൽ പഞ്ചായത്തിലെ ജനത ധീരോദാത്തമായ സംഭാവനകൾ നൽകിയിരുന്നു. 1947 ആഗസ്റ്റ് 15 ന് ആറു കാളകളെ പൂട്ടിയ ഒരു വണ്ടി പഴയ കുന്നുമ്മേൽ പഞ്ചായത്തിന്റെ ഹൃദയ ഭാഗമായ കിളിമാനൂരിൽ നിന്നും കൊട്ടാരം വരെ പോകകുയും കൊട്ടാര വളപ്പിൽ രാജാവ് ഇന്ത്യൻ പതാക ഉയർത്തുകയും അങ്ങനെ സ്വാതന്ത്ര്യ ദിനം ആഘോഷിക്കുകയും ചെയ്തതായി ചരിത്ര രേഖകൾ പറയുന്നു.

പഴയ കുന്നുമ്മേൽ വില്ലേജിലും തൊട്ടടുത്ത കിളിമാനൂർ വില്ലേജും കിളിമാനൂർ കൊട്ടാരത്തിന്റെ കീഴിലായിരുന്നു. കരം ഒഴിവായി തിരുവിതാകൂർ രാജാവ് കിളിമാനൂർ കൊട്ടാരത്തിന് കൊടുത്ത ഈ പ്രദേശത്തിന്റെ കരം പിരിവ് കിളിമാനൂർ ഇടവക നേരിട്ടു നടത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റ കരത്തിനേക്കാൾ അധിക തുക ഇടവക ഇടാക്കിയിരുന്നു. മാത്രമല്ല കർഷകർക്കു ഭൂമിയിൽ സ്ഥിരാവകാശവും ഇല്ലായിരുന്നു. ഇതിനെതിരെ കൃഷിക്കാർ സംഘടിതമായി പ്രക്ഷോഭണം നടത്തിയിരുന്നു. പിൽക്കാലത്ത് ഈ കരം പിരിവ് സംസ്ഥാന ഗവ. ന്റെ കീഴിലാകുന്നത് വരെ കൃഷികാർക്ക സംഘടിതശക്തിയായി പ്രക്ഷോഭണത്തിൽ പങ്കെടുത്തു.

കൃഷി ഭൂമിയിലെ ഉടമസ്ഥാവകാശവും ഇതോടനുബന്ധിച്ച് കൃഷിക്കാർക്കു ഇടവകയിൽ നിന്ന് ലഭിക്കുയുണ്ടായി

**സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ ആവിർഭാവം:-**

1947 നു ശേഷം ജനകീയ ഗവ: അധികാരം ഏറ്റെടുത്തതിന് ശേഷമാണ് ഈ പ്രദേശത്ത് തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു തുടങ്ങിയത്. അതിന് മുൻപ് നഗരങ്ങളിലും തീരപ്രദേശങ്ങളിലും പ്രവർത്തച്ചിരുന്ന തൊഴിലാളി സംഘങ്ങൾ ഗ്രാമ പ്രദേശങ്ങളിലേക്കു വ്യാപിക്കാൻ തുടങ്ങിയത് പിൽക്കാലത്താണ്. ഒരു കാർഷിക മേഖലയായ പഴയകുന്നുമ്മേൽ വില്ലേജിൽ മറ്റു തൊഴിൽ മേഖലകൾ ഇല്ലായിരുന്നു.

കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിക്കുന്നവർക്കു മനസ്സിലാക്കാൻ കഴിയുന്ന വസ്തുത ഈ പ്രദേശത്തെ ആദ്യത്തെ സംഘടിത പ്രസ്ഥാനം ബീഡിത്തൊഴിലാളികളുടേയിരുന്നവെന്നു എന്നതാണ്. താലൂക്കിൽ മൂന്നു വിഭാഗക്കാരായരന്നു സംഘടിത തൊഴിലാളി വർഗ്ഗം. കയർ, നെയ്ത്ത്, ബീഡിത്തൊഴിലാളികൾ, എന്നീ വിഭാഗക്കാർ. പഴയ കുന്നുമ്മേൽ പ്രദേശത്തെ നെയ്ത്ത് കയർ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർ ന്നേ കുറവായിരുന്നു.

1948നും 1952 നും ഇടയിലായി ഈ വിഭാഗക്കാർ (ബീഡിത്തൊഴിലാളികൾ) ഒരു സംഘടനയ്ക്ക രൂപം കൊടുത്തു.

തിന്മകൾക്കും അനീതികൾക്കുമെതിരെ പോരാടുവാനും ഒരു പ്രത്യേക രാഷ്ട്രീയ സങ്കൽപ്പത്തിന് രൂപം കൊടുക്കുവാനും പിൽക്കാലത്ത് ഈ സംഘടനയ്ക്ക് കഴിഞ്ഞു. ഈ സംഘടനയെ മാതൃകയാക്കി ഇതര ജനവിഭാഗങ്ങൾ വിവധ മേഖലകളിൽ 1957 നു മുൻപു തന്നെ സംഘടിത ശക്തിയായി ഉയർന്നു വന്നു. ഇങ്ങനെ വളർന്നു വന്നു വിവിധ സംഘടിതപ്രസ്ഥാനങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മുൻകൈ സ്ഥാനമുണ്ടായിരുന്നത്.

**ഭൂപരിഷ്കരണ പ്രസ്ഥാനം**

കൃഷി ഭൂമിയിൽ കൃഷിക്കാരന്റെ ഉടമസ്ഥാവകാശം നിഷേധിക്കപ്പെട്ട ഒരു കാലഘട്ടമായിരുന്നു സ്വാതന്ത്ര്യ സമ്പാദത്തിന് മുൻപും പിൻപും. ഒരു വലിയ വിഭാഗം ജനത ജന്മികളുടെ ഭൂമിയിൽ കുടികിടപ്പുകാരായിരുന്നു; വിശിഷ്യ ഈ പ്രദേശത്ത്. കിളിമാനൂർ കൊട്ടാരത്തിന്റെ കീഴിലുള്ള മിക്ക കൃഷിക്കാരും ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കാത്ത വരായിരുന്നു. ജന്മി ഭൂമികളിലെ കുടികിടപ്പുകാരന്റെയും സ്ഥിതി ഇതു തന്നെയായിരുന്നു. ഇതിനെതിരെ നടന്ന സമരങ്ങളും പ്രക്ഷോഭങ്ങളും കേരള ചരിത്രത്തിൽ തന്നെ അവിസ്മരീണയങ്ങളാണ്.

എന്നാൽ 1957-ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഭൂപരിഷ്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കകുയുമുണ്ടായി. ഇതിനെത്തുടർന്ന് ഇന്ത്യയിലാദ്യമായി കൃഷിക്കാരന്റെയും കുടികിടപ്പുകാരന്റെയും രക്ഷയ്ക്കുവേണ്ടി ഒരു നിയമം പ്രാബല്യത്തിൽ കൊണ്ടു വരുകയും ഇവിടുത്തെ ജന്മി – കുടിയാൻ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുകയും ചെയ്തു. 1970 ആയപ്പോഴേക്കും ഈ രംഗത്ത് സമൂലമായ മാറ്റം കൈവരിക്കുവാൻ കഴിഞ്ഞു.

തിരുവിതാംകൂർ കൊച്ചിയിൽ ആദ്യമായി തെരഞ്ഞടുക്കപ്പെട്ട പഞ്ചായത്ത് നിലവിൽ വരുന്നത് 1953 ലാണ്. ഇപ്രകാരം പഴയകുന്നുമ്മേൽ പഞ്ചായത്തിലും തെരഞ്ഞെടുപ്പു നടക്കുകയും പഞ്ചായത്ത് ഭരണ സമിതി രൂപീകൃതമാകുകയും ചെയ്തു. ആദ്യകാല പഞ്ചായത്തുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സമ്പത്തും സഹായവും അന്ന് ലഭിച്ചിരുന്നില്ല. ഗവൺമെന്റിൽ നിന്നും കിട്ടുന്ന നാമ മാത്രമായ ഫണ്ടുകളാണ് വികസന കാര്യങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. പഞ്ചായ

ത്തിന് സ്വന്തമായ വരുമാന മാർഗ്ഗങ്ങളും കുറവായിരുന്നു. ഗതാഗതത്തിനും കുടിവെള്ളത്തിനും മുൻഗണന നൽകിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്നതിന് ശ്രമിച്ചിരുന്നു. വാർഡുകളിൽ നിരവധി റോഡുകൾ പുതുതായി ഉണ്ടാക്കുകയും ഉള്ളതിനെ മെച്ചപ്പെടുത്തുവാനും പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുവാനും മാറി മാറി വന്ന പഞ്ചായത്ത ഭരണ സമിതികൾക്കു കഴിഞ്ഞിരുന്നു. മൃഗാശുപത്രി, ആയുർവ്വേദാശുപത്രി, എന്നിവ കൊണ്ടുവരുന്നതിനും പഞ്ചായത്തിലെ മാർക്കറ്റിൽ സ്പെഷ്യൽ അനുവാദം വഴി സ്റ്റാളുകൾ നിർമ്മിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയുണ്ടായി.

1964 മുതൽ 1994 വരെയുള്ള കാലയളവിൽ പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുന്നതിന് കാലാകാലങ്ങളിൽ ഭരണം നടത്തിയിരുന്ന സമിതികൾ ഒരു തീവ്ര ശ്രമം നടത്തിയതായി കാണുന്നു. പരിപൂർണ്ണമായില്ലെങ്കിലും ആശാവഹമായ പുരോഗതി എല്ലാ രംഗത്തും വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി സർക്കാർ ഓഫീസുകൾ ഇവിടെ സ്ഥാപിക്കുവാനും കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. സമീപകാലത്തായി നമ്മുടെ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കുവാൻ കഴിഞ്ഞു. എന്നാൽ സമഗ്ര വികസനം എന്ന ലക്ഷ്യം കൈവരിക്കാൻ നാമിനിയും ബഹുദൂരം മുന്നേറേണ്ടതുണ്ട്.

പഴയ കുന്നുമ്മേൽ പഞ്ചായത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡന്റ് ശ്രി. എ.പി. രാഘവൻ ആയിരുന്നു. ഇദ്ദേഹം കിളിമാനൂർ ആർ.ആർ.വി. ഹൈസ്കൂളിലെ ഒരു അദ്ധ്യാപകനായിരുന്നു. എന്നാൽ പ്രസിഡന്റ് സ്ഥാനത്ത് അദ്ദേഹം അധികനാൾ തുടർന്നില്ല. ആറു മാസത്തിനുള്ളിൽ അദ്ദേഹം രാജി വയ്ക്കുകയും ശ്രീ തട്ടത്തുമല മാധവൻ പിള്ള പ്രസിഡന്റാവുകയും ചെയ്തു. 1954 -ഓടു കൂടി അദ്ദേഹം പ്രസിഡന്റ് സ്ഥാനം ഒഴിയുകയും ശ്രീ. സദാശിവൻ പ്രസിഡന്റായവുകയും ഉണ്ടായി. ഇദ്ദേഹം 1963 വരെയും പ്രസിഡന്റായി തുടർന്നു. 1963 അവസാനത്തോടു കൂടി ശ്രീ. കെ. ശിവശങ്കരപ്പിള്ള പ്രസിഡന്റായി അവരോധിതനായി. ഇദ്ദേഹം 1978 വരെ പ്രസിഡന്റായിരുന്നു. അതിനു ശേഷം 6 മാസം ശ്രീ. കെ. സുധാകരൻ പ്രസിഡന്റായി. തുടർന്ന് 1979 -ൽ ശ്രീ കെ. എൻ. ജയദേവൻ മാസ്റ്റർ പഴയ കുന്നുമ്മേൽ പഞ്ചായത്ത് പ്രസിഡന്റായി. 1994-ൽ അദ്ദേഹത്തിന്റെ മരണം സംഭവിക്കുമ്പോഴും അദ്ദേഹം പ്രസിഡന്റായിരുന്നു. ചെറിയൊരു കാത്തിൽ അഡ്മിനിസ്ട്രേഷൻ ഭരണത്തിൽ എ. ഷിഹാബുദീനും പ്രസിഡന്റായിരുന്നു. 1996-ൽ നടന്ന തെരഞ്ഞെടുപ്പിൽ കുമാരി ബി. ഗീത പ്രസിഡന്റായി ഭരണ സമിതി രൂപീകരിക്കപ്പെട്ടു. ഈ ഭരണ സമിതിയാണ് പഴയ കുന്നുമ്മേൽ പഞ്ചായത്തിൽ ഇപ്പോൾ ഭരണ സാരഥ്യം വഹിക്കുന്നത്.

**ഭൂപ്രകൃതി**

കേരളാ ലാൻഡ് യൂസ് ബോർഡിന്റെ റിപ്പോർട്ട് അനുസരിച്ച് പഴയ കുന്നുമ്മേൽ പഞ്ചായത്ത് പ്രദേശം ഇടനാട് എന്ന വിഭാഗത്തിൽപ്പെടുന്നു. സമുദ്ര നിരപ്പിൽ നിന്നും അൻപതു മീറ്ററിൽ താഴെ ഉയരമുള്ള പ്രദേശമാണ് ഇടനാട് എന്ന പേരിൽ അറിയപ്പെടുന്നത്.

പഴയ കുന്നുമ്മേൽ പഞ്ചായത്തിലെ ഭൂ പ്രകൃതി പൊതുവെ പീഠഭൂമി പോലുള്ള കുന്നുകളും പാറക്കെട്ടുകളും താഴ്‌വാരങ്ങളും സമതലങ്ങളും ഉൾക്കൊള്ളുന്നതാണ്.

*പ്രധാന കുന്നുകൾ :-*

ഒന്നാം വാർഡിൽ പറയൻ കുന്ന്, വപ്പാറ 2-ാം വാർഡിൽ ഞാവേലിക്കോണം, മേലറ്റ, 3-ാം വാർഡിൽ പറകോണം, കല്ലറക്കോണം വല്ലൂർക്കുന്ന്, മണലേത്തു പച്ച, 4-ാം വാർഡിൽ പെരുങ്കുന്നം, വട്ടപ്പച്ച, ചേറാട്ടുക്കുഴി, 5-ാം വാർഡിൽ കുളപ്പാറ, വയ്യാറ്റിൻകര, മുതുകുറിഞ്ഞി, മുളയ്ക്കലത്ത്കാവ്, ചാറയം ഇരട്ടക്കുളം, ചെമ്പകശ്ശേരി, നെടുമ്പാറ, പോട്ടലിൽ, 6-ാം വാർഡിൽ കൊപ്പം, പ്ലാമൂട് പുലിയം മുതുകുറിഞ്ഞി വേടർ കോളനി, നെല്ലിക്കുന്ന, കൊട്ടാരം മല, 7-ാം വാർഡിൽ മിഷ്യൻ കുന്ന് വട്ടലിൽ, പാറമുകളിൽ, 8-ാം വാർഡിൽ ചാവേറ്റിക്കാട്, കുട്ടപ്പാറ, ആയിരവല്ലി, നെടുമ്പാറ, അറകൊലപ്പാറ, മുങ്ങാക്കുഴി, ഇടക്കുന്ന്, കോട്ടയ്ക്കൽ തമ്പുരാട്ടി പാറക്കുന്ന്, 9-ാം വാർഡിൽ മഠത്തൽ കുന്ന്, കാനാറ, നിലവറക്കുന്ന്, ചവളക്കോടൻകുന്ന്, തുണ്ടിൽ കുന്ന്, കുറവൻ കുഴിക്കുന്ന്, പാപ്പാനക്കുന്ന്, 10-ാം വാർഡിൽ പുലിപ്പാറ, മുളങ്കുന്ന്, മൊട്ടക്കുഴിക്കുന്ന്, നെടുപച്ചക്കുന്ന്, പൂവണത്തിൽ കുന്ന്, മേലെവിളക്കുന്ന്, കാളിവെട്ടിക്കുന്ന്, ചേറാട്ട് കുഴി അമ്മൂമ്മക്കുന്ന്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട 50 കുന്നുകൾ.

ഈ കുന്നുകളുടെയെല്ലാം മുകൾ ഭാഗം പൊതുവെ നിരപ്പാണ്. മിക്കവാറും കുന്നുകളുടെ നാലു ഭാഗത്തും ചരിഞ്ഞ പ്രദേശങ്ങളുമുണ്ട്. ഈ കുന്നുകളുടെ മുകളിൽ നിന്ന് നോക്കിയാൽ പ്രകൃതിസൗന്ദര്യ ആസ്വദിക്കാൻ കഴിയും. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ കുന്നായ കാളിവെട്ടിക്കുന്നിന് 50 മീറ്ററലധികം ഉയരമുണ്ട്, കാളിവെട്ടിക്കുന്നിൽ നിന്നു നോക്കിയാൽ കടൽ കാണാമായിരുന്നു എന്നാണ് പഴമക്കാർ പറയുന്നത്

*പാറക്കെട്ടു പ്രദേശം*

പാറകളും പാറക്കൂട്ടങ്ങളുമുള്ള പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്, റോപ്പ് വേ, പാർക്കുകൾ തുടങ്ങിയവ സ്ഥാപിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയുന്ന സുന്ദരമായ പ്രകൃതി ദൃശ്യങ്ങളാണ് പാറക്കെട്ട് പ്രദേശങ്ങൾക്കുള്ളത്.

ഒന്നാം വാർഡിൽ പറയൻകാവ്, വട്ടപ്പാറ രണ്ടാം വാർഡിൽ ഞാവേലിക്കോണം പാറ, തോപ്പിൽ പാറ, ആയിരവല്ലിപ്പാറ, അഞ്ചാം വാർഡിൽ നെടുംപാറ, കാട്ടുകുളം പാറ, കുളപ്പാറ, കരിയ്ക്കകം, പാറ, ആയിരവല്ലിപപ്പാറ, ആറാം വാർഡിൽ കൂട്ടിച്ചാത്തൻപ്പാറ. തമ്പുരാട്ടിപ്പാറ, എട്ടാം വാർഡിൽ തമ്പുരാട്ടി പ്പാറ, മുള്ളപ്പാറ,അറകൊലപ്പാറ, ഇടക്കുന്ന് പാറ, ചാന്ദ്രപ്പാറ, നെടുംപാറ, ആണ്ടിക്കോണം പാറ, ഒൻപതാം വാർഡിൽ നിലവറക്കുഴിപ്പാറ, പച്ചയിൽപ്പാറ, കാനാറാം കുന്ന് പാറ, പത്താം വാർഡിൽ പുലിപ്പാറ, കരടിപ്പാറ, തായംകിളിപാറ, തമ്പുരാൻപാറ, മേലെകരിക്കകം പാറ, എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട പാറകൾ.

അര ഹെക്ടർമുതൽ പത്ത് ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള പാറകൾ ഇക്കൂട്ടത്തിലുണ്ട്. ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ളത് എട്ടാം വാർഡിലെ നെടുംപാറയാണ്. എട്ടാം വാർഡിലെ തന്നെ തമ്പുരാട്ടിപ്പാറയാണ് ഏറ്റവും ഉയരം ഉള്ള പാറ. തമ്പുരാട്ടി പാറയിലും നിലവറക്കുഴിപ്പാറയിലും ധാരാളം കുരങ്ങുകളുണ്ട് ഇവ കർഷകർക്ക് ഉപദ്രവങ്ങൾ ഉണ്ടാക്കുന്നുണ്ട്.

*താഴ്‌വാര പ്രദേശങ്ങൾ :-*

കുന്നുകളുടെ അടിവാരത്തുള്ള സമതലങ്ങളുടെ തൊട്ടു മുകളിൽ കിടക്കന്ന പ്രദേശങ്ങളാണ് താഴ്‌വാരങ്ങൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒന്നാം വാർഡിൽ ഊമൺ പള്ളിക്കര കുന്നുമ്മേൽ റോഡിന്റെ ഇടതു ഭാഗത്തു വരുന്ന തെക്കേവിള മുതൽ ചേക്കോട്ടുകോണം വരെ ഉദ്ദേശം ഒരു കിലോമീറ്റർ ദൂരം വരുന്ന പ്രദേശം ഒരു താഴ്‌വര പ്രദേശമാണ്. രണ്ടാം വാർഡിൽ വിളയ്ക്കാട്ടുകോണം മുതൽ പുതിയകാവ് മഹാദേവേശ്വരം പാപ്പാല വരെയുള്ള കര പ്രദേശം താഴ്‌വാര പ്രദേശമാണ്. ഉദ്ദേശം മൂന്ന് കിലോമീറ്റർ ദൂരവും 200 മീറ്റർ വരെ വീതിയുമുള്ളതാണ് ഈ താഴ്‌വാര മേഖല. മൂന്നാം വാർഡിൽ തട്ടത്തുമല., പടിഞ്ഞാറ്, ഭാഗം, മണലേത്ത് പച്ച, പുവത്തൂർ, ചാക്കുടി, വല്ലൂർ തട്ടത്തുമല, പടിഞ്ഞാറേ റോഡിന്റെ തെക്കും വടക്കും വശങ്ങൾ എന്നിവിടങ്ങളിലും താഴ്‌വാര പ്രദേശങ്ങളുണ്ട്. നാലാം വാർഡിൽ മറവക്കുഴി, പെരുംങ്കുന്നം, വാഴോട്ട്, ശാസ്താംപൊയ്ക, പറണ്ടക്കുഴി, വണ്ടത്തടം എന്നിവ താഴ്‌വാര മേഖലകളാണ്. അഞ്ചാം വാർഡിൽ വടക്കുംപുറം, മുതുകുറിഞ്ഞി, ചെമ്പകശ്ശേരി, പോട്ടലിൽ, ചിന്താണിക്കോണം, കൂവത്തടം, അറവച്ചക്കോണം,വട്ടക്കൈത, പ്രദേശങ്ങളും താഴ്‌വാര പ്രദേശമാണ്. ആറാം വാർഡിൽ വടക്കേക്കോണം, അടയമൺ, കൂനാംകുറിച്ചി, ഈയ ക്കോട് പുലിയം പുളിക്കോണം ,കോഴിവളവ്, മുതുകുറിഞ്ഞി, വയ്യാറ്റിൻകര പ്രദേശങ്ങളും ഏഴാം വാർഡിൽ തൊളിക്കുഴി, മുള്ളംകുഴി, മൂണ്ടനാടി, പുലിയം പ്രദേശങ്ങളും എട്ടാം വാർഡിൽ തൊട്ടിവിള, ചെമ്പരംകോണം, പോങ്ങിൻകൂട്ടം, ആണ്ടിക്കോണം, ഈഞ്ചവിള, കട്ടുമാൻകുഴി, മടപ്പിലാൻകോണം, ചാവേറ്റിക്കട്, മേൽപ്പയ്യനാട്, താഴെപ്പയ്യനാട് പന്തുവിള പ്രദേശങ്ങളും, ഒൻപതാം വാർഡിൽ ചെറുക്കക്കോണം, മഠത്തിൽ കുന്ന്, ചെമ്പകശ്ശേര, വെട്ടിയിട്ടുകോണം, കുറവൻകുഴ, കനാറ, കരിയ്ക്കകം പ്രദേശങ്ങളും, പത്താം വാർഡിൽ ചാരുപാറ, നെടുംപച്ച, മൊട്ടക്കുഴി, മേലേവിള, അമ്മൂമ്മക്കുഴി, മേലേക്കരിക്കകം, ആറ്റിൻഭാഗം, മഞ്ഞപ്പാറ, ചേമ്പുപണ, ചിറ്റിലഴികം, കുതിരതടം, ചേണിക്കുഴി കുതിരത്തടം, ചിറ്റിലഴികം ഇടക്കുന്ന് മഞ്ഞപ്പാറ, ചേറാട്ടുകുഴി , മഞ്ഞപ്പാറ കൈതക്കുഴി എന്നീ പ്രദേശങ്ങളും താഴ്‌വാര പ്രദേശങ്ങളാണ്. രണ്ടാം വാർഡിലെ വിളയ്ക്കാട്ടുകോണം മുതൽ പാപ്പാലം വരെയുള്ള പ്രദേശമാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ള താഴ്‌വാര പ്രദേശം. ഈ താഴ്‌വാര മേഖലക്ക് അറുപതിൽപരം ഹെക്ടർ വിസ്തീർണ്ണം വരുമെന്ന് പ്രതീക്ഷിക്കുന്നു.

*സമതലം :-*

നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളും തെങ്ങിൻതോപ്പുകളും അടങ്ങുന്നതാണ് സമതല പ്രദേശമായി ഇവിടെ കണക്കാ ക്കുന്നത്. ഒന്നാം വാർഡിൽ കുന്നു മ്മേൽ റോഡിന്റെ പടിഞ്ഞാറുള്ള ഭാഗങ്ങളും പോളച്ചിറ, എള്ളുവള, എന്നിവയും രണ്ടാം വാർഡൽ വിളയ്ക്കാട്ടുകോണം പുതിയകാവ, മഹാദേവേശ്വരം, പാപ്പാല വരെയുള്ള ഏലായും മൂന്നാം വാർഡിൽ പാപ്പാല, ഏഴരമുഴി, വല്ലൂർ, കുറവൻകുഴി, മറവക്കുഴി, പ്രദേശങ്ങളും അഞ്ചാം വാർഡിൽ മുതുകുറിഞ്ഞി ഏലായും അറവച്ചക്കോണം, വയ്യാറ്റിൻകര, ചെമ്പകശ്ശേരി ഏലായും ഉൾപ്പെടുന്ന പ്രദേശവും ആറാം വാർഡിൽ അടയമൺ പ്രദേശവും എട്ടാം വാർഡിൽ ആറ്റുംഭാഗം, വണ്ടന്നൂർ കോട്ടയ്ക്കൽ തൊട്ടിവിള മുതൽ ചാരുപാറവരെയള്ള ഭാഗങ്ങളും പയ്യനാട് പ്രദേശങ്ങളും സമതലമാണ്. ഒൻപതാ വാർഡിൽ മഹാദേവേശ്വരം മുതലൽ മഠത്തിൽ കുന്നുവരെയും വണ്ടന്നർ ചീപ്പു മുതൽ വയ്യാറ്റിൻകര പാലം വരെയും പത്താ

വാർഡിൽ കിഴക്കേടത്തുള്ള പ്രദേശവും മഞ്ഞപ്പാറ പ്രദേശവും സമതലവുമാണ്. ഇവയിൽ ഏറ്റവും വലിയ സമതലം മുപ്പത്തിയഞ്ച് ഹെക്ടർ വരുന്ന അടയമൺ ഏലാ പ്രദേശമാണ്.

***മൺതരങ്ങൾ***

നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളിലെ മണ്ണ് പശിമരാശി ഇനത്തിൽപെടുന്നു. കളിമണ്ണ് അടങ്ങിയതാണിത്. രണ്ടാം വാർഡിലെ നെൽപാടങ്ങളായ വിളയ്ക്കട്ടു കോണം, പുതിയകാവ്, മഹാദേവേശ്വരം ഞാവേലിക്കോണം 3-ാം വാർഡിലെ പാപ്പാല, 5-ാം വാർഡിലെ വയ്യാറ്റിൻകര, 6-ാം വാർഡിലെ അടയമൺ നെൽപാടങ്ങൾ, 8-ാം വാർഡിലുൾപ്പെട്ട അടയമൺ പ്രദേശങ്ങൾ വണ്ടന്നൂർ, തോട്ട വിള,കോട്ടയ്ൽ 9-ാം വാർഡിലെ ആറ്റൂർ, ചെവളക്കോണം, 10-ാം വാർഡലെ കിഴക്കേടം, എന്നിവ പശിമരാശി മൺതരമുള്ള പ്രദേശങ്ങളാണ്.

10-ാം വാർഡിലെ പറയൻകാട്, കാളിവെട്ടിക്കുന്ന്, കരിംപാറ, മേലെ കരിയകക്കം 8-ാം വാർഡിലെ വട്ടലിൽ, നെടുംപാറ, പൊങ്ങിൻകൂട്ടം തേക്കട, അറകൊലപ്പാറ എന്നീ പ്രദേശങ്ങളും 6-ാം വാർഡിൽ നെല്ലിക്കുന്ന്, മുതുകുറിഞ്ഞി വടക്കേക്കോണം എന്നിവ കരമൺ പ്രദേശങ്ങളുമാണ്.

പഞ്ചാത്തലെ ഭൂരിപക്ഷം പ്രദേശങ്ങളും ചുവന്നമണ്ണിനത്തിൽ പെടുന്ന. 1-ാം വാർഡിൽ ഊമൻപള്ളിക്കര, ചേക്കോട്ടക്കോണം, 2-ാം വാർഡിൽ വിളയ്ക്കാട്ട കോണം, ഞാവേലി ക്കോണം, 3-ാം വാർഡിൽ പാപ്പാല, ഏഴരമൂഴി, ഇടയ്ക്കരിക്കകം

4-ാം. വാർഡിൽ മറവക്കുഴി, പറണ്ടക്കഴി, വട്ടപ്പച്ച പ്രദേശങ്ങൽ 5-ാം വാർഡിൽ പോട്ടലിൽ, ചെമ്പകശ്ശേരി, 6-ാം വാർഡിൽ മുതുകുറിഞ്ഞി, കൊപ്പം പ്ലാമൂട് നെല്ലിക്കുന്ന്, കന്നിക്കുഴി, ഇയ്യക്കോട് പ്രദേശങ്ങളും 7-ാം വാർഡിൽ വട്ടലിൽ, മിഷ്യൻകുന്ന്, 8-ാംവാർഡിൽ മൂങ്ങാക്കുഴി, വണ്ടന്നൂർ, കോട്ടക്കുന്ന. 9-ാം വാർഡിൽ മഹാദേവേശ്വരം പാപ്പാല,കാനാറ, കുറവൻകുഴി, 10-ാം വാർഡിൽ ചിറ്റിലഴികം, കുഴിവിള ചാരുപാറ, ആദിച്ചൻവിള, മൊട്ടക്കുഴി, ചേറാട്ടുക്കുഴി എന്നിവയാണ് പ്രധാനപ്പെട്ട ചുവന്ന മണ്ണുള്ള പ്രദേശങ്ങൾ

***വിളകൾ :***

നമ്മുടെ പഞ്ചായത്തിലെ സമതലങ്ങളും ആറ്റിന്റെയും തോടിന്റെയും തീര പ്രദേശങ്ങളും പ്രധാനമായും നെല്ല്, തെങ്ങ് എന്നിവ കൃഷി ചെയ്യുന്നതിനാണ് ഉപയോഗിക്കുന്നത്. 240 ഹെക്ടർ സ്ഥലത്താണ് നെൽ കൃഷിയുള്ളത്. 540 ഹെക്ടർ പ്രദേശത്ത് റബ്ബറാണ് കൃഷി ചെയ്യുന്നത് 513 ഹെക്ടർ സ്ഥലത്ത് മരച്ചീനിയും, 175 ഹെക്ടർ സ്ഥലത്ത കുരുമുളകും, 80 ഹെക്ടർ സ്ഥലത്ത് വാഴയും 30 ഹെക്ടർ സ്ഥലത്ത് കവുങ്ങും കൃഷി ചെയ്യുന്നുയ 5 ഹെക്ടർ സ്ഥലത്ത് മാത്രമാണ് പച്ചക്കറി കൃഷി ചെയ്യുന്നത്.

ഏക്കർകണക്കിൽ പഞ്ചായത്തിന്റെ ആകെ ഭൂമി വിസ്തൃതി 6254 ഏക്കർ 19 സെന്റ് 500 സ്ക്വയർ മീറ്റർ ആണ്. ആകെ നിലം 589 ഏക്കർ 30 സെന്റ് 250 സ്ക്വയർ മീറ്റർ ഉണ്ട്. പുരയിടം 5345 ഏക്കർ 10 സെന്റ് 16 സ്ക്വയർ മീറ്റർ. പുറമ്പോക്ക് ഭൂമി 88 ഏക്കർ 15 സെന്റ് 705 സ്ക്വയർ മീറ്റർ ആണ് ഉള്ളത്. കൃഷിയോഗ്യമായ തരിശുഭൂമി 231 ഏക്കർ 63 സെന്റ് 529 സ്ക്വയർ മീറ്ററുണ്ട്.

സമതലങ്ങളിലും താഴ്‌വാരങ്ങളിലും പ്രധാന വിളക തെങ്ങാണ്. മറ്റു പ്രദേശങ്ങളിലും തെങ്ങു കൃഷി ചെയ്യുന്നുണ്ട്. മുമ്പ് തെങ്ങു കൃഷിക്കൊപ്പം തന്നെ കമുക് കൃഷിയുമുണ്ടായിരന്നു. എന്നാൽ ഇപ്പോൾ കമുക് കൃഷി കുറഞ്ഞു കൊണ്ടരിക്കുകയാണ്. വാഴ, മരച്ചീനി കൃഷികളിലും താല്പര്യം കുറഞ്ഞു വരുകയാണ്. തെങ്ങുകൃഷി കൂടതൽ ആദായകരമായിട്ടുള്ളത് താഴ്‌വാരങ്ങളിലും സമതലങ്ങളിലുമാണ്. ഇതിന് കാരണം ജല ലഭ്യതയും മണ്ണിന്റെ ഗുണവുമായിരിക്കാം. കൂടാതെ കുന്നിൻ മുകളിലെ പ്രദേശങ്ങളിലും കരിമണ്ണു പ്രദേശങ്ങളിലും തെങ്ങ് നല്ല ആദായം തരുന്നുണ്ട്.

പീഠഭൂമി പോലുള്ള കുന്നിൻ പ്രദേശങ്ങളിലും ചരിഞ്ഞ പ്രദേശങ്ങളിലും ഇന്ന് വ്യാപകമായി റബ്ബർ കൃഷി ചെയ്തു വരുന്നു. റബ്ബറിന്റെ ആധിപത്യത്തിൽ മറ്റു കൃഷികൾ നാമാവശേഷമായിക്കൊണ്ടിരിക്കുയാണ്. ഉദ്ദേശം 540 ഹെക്ടർ പ്രദേശത്ത് റബ്ബർ കൃഷിയുള്ളതായി കണക്കാക്കുന്നു. പണ്ട് ഇത്തരം പ്രദേശങ്ങളിൽ കശുമാവ്, മരച്ചീനി മുതലായവ കൃഷി ചെയ്തു പോന്നിരുന്നു. എല്ലാ കര പ്രദേശങ്ങളിലും കുരുമുളക് മരച്ചീനി, ചേന, ചേമ്പ്, ഇഞ്ചി, കാച്ചിൽ, ചെറുവള്ളിക്കിഴങ്ങ്, നനകിഴങ്ങ്, മഞ്ഞൾ, കൂവക്കിഴങ്ങ്, മുതലായവ കൃഷി ചെയ്യുന്നു. ഇവ റബ്ബർ കൃഷി ആരംഭിക്കുന്നതിനു മുമ്പുള്ള ഇത്രയും ഇന്ന വ്യാപകമല്ല. ജല ലഭ്യതയുള്ള സമലങ്ങളിലും, താഴ് വാരങ്ങളിലും, വെറ്റില, കൊക്കോ, ഗ്രാമ്പൂ എന്നിവ കൃഷി ചെയ്യുന്നു. ഇത്തരം സ്ഥലങ്ങളിൽ വാഴയും ഒരു പ്രധാന കൃഷിയാണ് പാറക്കെട്ട് ഒഴിച്ചുള്ള പ്രദേശങ്ങളിൽ എല്ലാം വാഴകൃഷി ചെയ്യുന്നുണ്ട് കുന്നിൻ പ്രദേശങ്ങളിലെ പാറക്കെട്ടുകളിലും മറ്റും നല്ല ആദായം നല്ധകുന്ന ഒരു കൃഷിയാണ് കശുമാവ്. റബ്ബറിന്റെ കടന്നു കയറ്റം കശുമാവ് കൃഷിയെ വല്ലാത തളർത്തിയിട്ടുണ്ട്. മാവ്,പ്ലാവ്, പുളി, ആഞ്ഞിലി, മാഞ്ചിയം, തേക്ക് മഹാഗണി, അക്കേഷ്യ തുടങ്ങിയ

മരങ്ങൾ മിക്ക പ്രദേശങ്ങളിലും വളരുന്നുണ്ട്

അപൂർവ്വം ചില ഭാഗങ്ങളിലെ നെൽപാടങ്ങളിലൽ ഇടവിളയായി പാവയ്ക്ക, പയർ എന്നിവ കൃഷി ചെയ്യുന്നുണ്ട് എന്നാൽ പച്ചക്കറി കൃഷി വ്യാപകമാകി കാണുന്നില്ല.

മുൻകാലത്തപ്പോലെ കർഷകർ കന്നുകാലികളെ വളർത്തുന്നില്ല. മുമ്പ് സ്വന്തമായി നെൽപാടങ്ങൾ, ഉണ്ടായിരുന്ന കർഷകർ കാള, പോത്ത്, പശു എന്നിവയെ വളർത്തുമായിരുന്നു. പശു, ആട്, കോടി കൃഷികൾ വളരെ കുറഞ്ഞു വരുകയാണ്.

*ജലലഭ്യത*

നമ്മുടെ പഞ്ചായത്തിൽ ധാരാളം കുന്നുകളും പാറക്കെട്ടുകളും ഉൾപ്പെടുന്നതാണ്. അതുകൊണ്ടു തന്നെ ജലലഭ്യത വളരെ കുറവാണ്. ഉയരം കൂടിയ പ്രദേശങ്ങളിൽ കിണർ കുഴിച്ച വെള്ളം കിട്ടിയാൽ തന്നെ ഒരു കുടുംബത്തിന് മാത്രമേ കുടിക്കാനും മറ്റാവശ്യങ്ങക്കു ഉപയോഗിക്കാൻ കഴിയൂ. ഇതിനൊരു പരിഹാരമാർഗ്ഗം കേരള സർക്കാരിന്റെ ഗ്രൗണ്ട് വാട്ടർ വകുപ്പുമായി ബന്ധപ്പെട്ടു ശാസ്ത്രീയമായ സർവ്വേയുടെ അടിസ്ഥാനത്തിൽ കുഴൽക്കിണറുകൾ കുഴിക്കുക എന്നതാണ്. ഇങ്ങനെ കുഴൽകിണർ കുഴിച്ച് പമ്പുസെറ്റ് വച്ച് ഉയരം കൂടിയ പ്രദേശത്തെ വീടുകളിൽ പ്രത്യേകിച്ച് കോളനികളിൽ ജലമെത്തിക്കാം കുടിക്കാനും, കൃഷിക്കും ഇത ഉപയോഗ്യമാക്കാം.

ആവശ്യമുള്ളിടത്ത് പൈപ്പ് ലൈനും സ്ഥാപിക്കണം. ഈ പദ്ധതിക്കാവശ്യമായ ഒരു സർവ്വേ നമ്മുടെ പഞ്ചായത്തിൽ നടത്തിയിട്ടില്ല. ഇന്ത്യ ഗവൺമെന്റിന്റെ നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ് പ്രകാരം ശാസ്ത്രീയ സർവ്വേ നടന്നു വരുന്നതായി അറിയുന്നു. നമ്മുടെ പഞ്ചായത്തലെ തോടുകളുടേയും ആറിന്റേയും ആവശ്യമായ ഭാഗങ്ങളിൽ തടയണ കെട്ടിയാൽ പമ്പുസെറ്റ് ഉപയോഗിച്ചു ജലസേചനം നടത്താൻ കഴിയും, മാത്രവുമല്ല തടയണകൾ നിർമ്മിക്കുന്നത് സമീപ പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലം താഴ്ന്നു പോകാതിരിക്കാനും ഉപകരിക്കും.

ജലലഭ്യത വാർഡ് തിരിച്ചു പരിശോധിക്കുമ്പോൾ ഒന്നാം വാർഡിൽ 3 സ്വകാര്യ കുളങ്ങൾ ആണ് ഉള്ളത്. 2-ാം വാർഡിൽ രണ്ട് സർക്കാർ (പുറംപോക്ക്) കുളങ്ങളും ഒരു പഞ്ചായത്ത് കിണറും രണ്ട് സ്വകാര്യകുളങ്ങളുമാണുള്ളത് വിളയ്ക്കാട്ടുകോണം മുതലുള്ള നെൽപാടത്തിന്റെ രണ്ടു കരയിലും കൂടി ഓരോ ചെറുതോടുകൾ ഒഴുകുന്നുണ്ട്. കൂടാതെ 4-ാം വാർഡിലെ കരിയ്ക്കകം പ്രദേശത്ത് നിന്നും ഒഴുകി വരുന്ന തോടും 3-ാം വാർഡിലെ വല്ലൂർ ഭാഗത്തു നിന്നും ഒഴുകി വരുന്ന ചെറുതോടും ഒന്നായി ഒഴുക മഹാദേവേശ്വരം വഴി ചിറ്റാറിൽ പതിക്കുന്നു ഈ തോടിന്റെ സമീപ ഭാഗങ്ങളൽ നെൽപാടങ്ങളാണ്. 3-ാം വാർഡിൽ ഏഴരമൂഴി, പൊതുചിറയും വല്ലൂർ തട്ടത്തുമല ലക്ഷം വീട് കോളനി, മണലേത്ത് പമ്പ എന്നിവിടങ്ങളിലും പഞ്ചായത്ത് കിണറുകൾ ഉണ്ട്. മറവക്കുഴി ഭാഗത്ത് ഒരു സ്വകാര്യകുളവും സ്ഥിതി ചെയ്യുന്നു.

4-ാം വാർഡിൽ വടക്കിനിക്കുന്ന് പച്ചയൽ പഞ്ചായത്തു കളുവും വാഴോട്ടും പറണ്ടക്കുഴിയിലും ഓരോ പഞ്ചായത്ത കിണറുകളും ഉണ്ട്. പറണ്ടകക്കുഴിൽ പണി പൂർത്തിയാകാത്ത പഞ്ചായത്ത് കുളം ഉണ്ട് . പുത്തേറ്റുകുന്ന മുതൽ മുതുകുറിഞ്ഞി,. വയ്യാറ്റിൻകര വഴി ഒഴുകുന്ന തോട് വണ്ടന്നൂർ തോട്ടിൽ പതിക്കുന്നു ഇത് 4, 5, 6 9 എന്നീ വാർഡുകളെ തൊട്ടരുന്നി ഒഴുകുന്നു. 5-ാം വാർഡിൽ നെടുംപാറ ലക്ഷം വീട്, വട്ടപ്പച്ച, പോട്ടലിൽ എന്നിവിടങ്ങളിൽ പഞ്ചായത്തു കിണറുണ്ട്. ചെമ്പകശ്ശേരി വഴി ഒഴുകുന്ന ഒരു ചെറു തോടുണ്ട്. ഈ തോട് 9-ാം വാർഡിലെ ആറ്റൂർ വഴി വൺന്നൂർ തോടിൽ എത്തുന്നു. 6-ാം വാർഡിൽ കടയ്ക്കൽ പഞ്ചായത്ത് പ്രദേശത്ത് നിന്നും ആരംഭിക്കുന്ന മുതുകുറിഞ്ഞിത്തതോടും, കന്നിക്കുഴി തോടുമുണ്ട്. ചെറുനാരകം കോട് ഭാഗത്താരംഭിച്ച് കന്നിക്കുഴിതോട്ടിൽ ചേരുന്ന തോടുണ്ട്. വടക്കേ കോണത്തു തുടങ്ങി വരുന്ന തോടും, അടയമണിൽ ഒന്നിക്കുന്നു. പുളിയ്ക്കോണത്താരംഭിച്ച ഒരു തോട് കോഴി വളവിൽ വച്ച് അടയമൺ തോട്ടിൽ ചേരുന്നു. ഈ തോടുകൾ ഒരുമിചച്ച് വയ്യാറ്റിൻകരത്തോട്ടിൽ ചേരുന്നു. കൊപ്പം, പുലിയം, മുളയ്ക്കലത്ത് കാവ് (ചാറയം) ചെറുനാരകം കോട് ലക്ഷം വീട് കോളമി പുളിയ്ക്കേക്കോണം എന്നിവിടങ്ങളിൽ പഞ്ചായത്തു കിണറുകൾ ഉണ്ട്. 7-ാം വാർഡിൽ മാസ്റ്റർ കോളനിയിൽ ഒരു പഞ്ചായത്തു കിണറും, പുലിയം തൊളിക്കുളി വഴി ഒഴുകുന്ന ഒരു ചെറുതോടുമുണ്ട്. 8-ാം വാർഡിൽ ചാവേറ്റിക്കാവ്, ഹരിജൻ കോളനി, മൂങ്ങാക്കഴി, ഇടക്കുന്ന് എന്നിവിടങ്ങളിൽ പഞ്ചായത്തു കിണറുകളുണ്ട്. തൊട്ടിവിള, മൊട്ടക്കുഴി കന്നക്കുഴി- പറപ്പേണി, മടപ്പിലാം കോണം - വയ്യാറ്റിൻകര, ചെമ്പരക്കോണം - വണ്ടന്നൂർ, ആണ്ടക്കോണം - വണ്ടന്നൂർ ആറ്റിൻഭാഗം - അടയമൺ, ഭഗവതിയക്കാവ് - വയ്യാറ്റിൻകര എന്നീ ചെറുതോടുകളും, വയ്യാറ്റിൻകര വണ്ടന്നൂർ കോട്ടയ്ക്കൽ പ്രദേശത്തുകൂടി ഒരു വലിയ ഒരു തോടും ഒഴുകുന്നു.

9-ാം വാർഡിന്റെ കിഴക്കു പടിഞ്ഞാറ് അതിർത്തിയിൽ കൂടി വരുന്ന വണ്ടന്നൂർ തോടും ചിറ്റാറും

ഒഴുകുന്നു. കാനാറ, തുണ്ടിൻകട എന്നിവിടങ്ങളിൽ പഞ്ചായത്തു കിണറുകൾ ഉണ്ട്. കാനാറ - കരിയ്ക്കകം, ചെവളക്കോണം - മഠത്തിൽക്കുന്ന് , നിലവറക്കുന്ന് - കുറവൻകുഴി, എന്നീ ചെറു തോടുകൾ ഉണ്ട്.

10-ാം വാർഡിൽ പ്രധാന ജലസ്രോതസ്സാണ് ചിറ്റാർ. ഇടക്കുന്നു കോളനി, ചിറ്റലഴികം, ഊമൻ പള്ളിക്കര, കിഴക്കേടത്തു എന്നിവിടങ്ങളിൽ സ്വകാര്യ കുളങ്ങളുണ്ട്. ചിറ്റിലഴികം, പടിഞ്ഞാറു വശത്തും കിഴക്കു വശത്തും, ഇരട്ടച്ചിറ - കിഴക്കേ വശം, നെടുംപച്ച-ചാന്ദപ്പാറ, മേലെ മൊട്ടക്കുഴി താഴെ മൊട്ടക്കുഴി മേലേ കരിക്കകം - ആറ്റിൻ ഭാഗം തുടങ്ങിയ ചെറുതോടകളുമുണ്ട്. കുതിരത്തടത്തിലെ സ്വകാര്യ കുളം, നെടുംപച്ച് സ്വകാര്യകുളം പോട്ടുമൂഴിക്കുളം എന്നിവ പ്രധാന ജലാശയങ്ങളാണ്.

***ധാതുക്കൾ***

പഞ്ചാത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളിലേയും മണ്ണ് അമ്ലസ്വഭാവം ഉള്ളതാണ്. ഇത് കൃഷിക്ക് അനുയോജ്യമല്ല. എന്നാൽ അമ്ല സ്വഭാവം മാറ്റുന്നതിന് ആവശ്യമായ കുമ്മായം ചേർത്താൽ മതിയാകുന്നതാണ്. ചില പ്രദേശങ്ങളിൽ ഫോസ്ഫറസ് ആണ് കൂടുതലായിട്ടുള്ളത് മറ്റു ലവണങ്ങൾ ആവശത്തിനുണ്ട്.

ചില പ്രദേശങ്ങളിലെ മണ്ണിന്റെ സ്വഭാവം താഴെ ചേർക്കുന്നു.

പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെയും മണ്ണ് ശാസ്ത്രീയമായ രീതിയിൽ പരിശോധന നടത്തി മണ്ണിന്റെ സ്വഭാവം അറിഞ്ഞെങ്കിൽ മാത്രമേ ശാസ്ത്രീയമായ രീതിയിൽ രാസവസ്തു പ്രയോഗം നടത്താനും, ലാഭകരമാക്കാമും കഴിയൂ. ഇന്ന് രാസവസ്തു ഉപയോഗിക്കുന്നതിന് യാതൊരു ശാസ്ത്രീയ മാനദണ്ഡവും ഇല്ല. അതുകൊണ്ട് തന്നെ രാസവസ്തു പ്രയോഗം പ്രയോജനമില്ലതെ പോകയും മണ്ണിന്റെ ജൈവാംശം നഷ്ടപ്പെട്ട് പോവുകയും ചെയ്യുന്നു. കൂടാതെ കൃഷികക്കാരന് മുതൽ മുടക്കിനനുസരിച്ച ആദായം ലഭിക്കുന്നുമില്ല.

***ജൈവ സമ്പത്ത്***

ഒരു കാലത്ത് വനമായിരുന്നത് കൊണ്ട് നമ്മടെ മണ്ണ് വളരെയധികം ജൈവസമ്പത്ത് നിറഞ്ഞതായിരുന്നു. എന്നാൽ റബ്ബർ മരത്തിന്റെ വരവോട് കൂടി മറ്റു വൃക്ഷങ്ങളുടെ വളർച്ച കുറയുകയും അത് വഴി പച്ചിലകളുടെ ദൗർലഭ്യം ഉണ്ടാവുകയും ചെയ്തു. കൂടാതെ അമിതമായ രാസവസ്തു പ്രയോഗവും നമ്മുടെ ഭൂമിയിലെ ജൈവസമ്പത്ത് കുറച്ചു. നമ്മുടെ

മനുഷ്യസമ്പത്ത്

| മനുഷ്യവിഭവം | പുരുഷൻമാർ | സ്ത്രീകൾ | ആകെ എണ്ണം |
|---|---|---|---|
| മൊത്തം തൊഴിലാളികൾ | 6115 | 2355 | 8470 |
| കൃഷിക്കാർ | 1429 | 425 | 1854 |
| കർഷകതൊഴിലാളികൾ | 2282 | 1105 | 3387 |
| അനുബന്ധ കാർഷിക മേഖല | 150 | 20 | 170 |
| പാറപൊട്ടിപ്പ് | 26 | | 26 |
| കുടിൽ വ്യവസായം | 18 | 13 | 31 |
| കുടിൽ മറ്റുള്ളവർ | 355 | 246 | 601 |
| കൺസ്ട്രക്ഷൻ | 276 | 145 | 421 |
| കച്ചവടം, ബിസിനസ് | 602 | 58 | 660 |
| ഗതാഗതം, വാർത്താ വിനിമയം | 323 | 17 | 340 |
| മറ്റു സേവനങ്ങൾ | 654 | 326 | 980 |
| സ്ഥിരം തൊഴിൽ ഇല്ലാത്തവർ | 602 | 1291 | 1893 |
| തൊഴിൽ ഇല്ലാത്തവർ | 5179 | 9296 | 14475 |

പ്രദേശത്തെ പ്രധാനപ്പെട്ട ജൈവസത്ത് ചാണകവും, പച്ചില കളും, ക്ഷാരവും ആണ്. കൂടുതൽ കന്നുകാലികളെ വളർത്തിയും പച്ചില മരമായ ശീമക്കൊന്നും ചണമ്പ്, കലപ്പഗോണിയം എന്നിവ വളർത്തിയും കമ്പോസ്റ്റ് കുഴി നിർമ്മിച്ചും ജൈവ സമ്പത്ത് വർദ്ധിപ്പിക്കാം ജൈവ സമ്പത്ത് മണ്ണിൽ നില നിർത്തിയാലേ മണ്ണിന്റെ ഗുണം നില നിർത്താനും കൃഷി അഭിവൃദ്ധി പ്പെടുത്താനും കഴിയൂ. കല്ല് മതിലുകൾക്ക് പകരം ശീമക്കൊന്ന പോലുള്ള ജൈവ വേലികൾ നിർമ്മിച്ചാൽ സാമ്പത്തിക ലാഭം കിട്ടുകയും, പച്ചില വളം ലഭിക്കുകയു ചെയ്യും. മണ്ണൊലിപ്പ് തടഞ്ഞ് ജലാംശം നില നിർത്തികൊണ്ട് പരിസ്ഥിതി പ്രശ്നം പരിഹരിക്കാൻ കഴിയും

*കാലാവസ്ഥ*

മിക്കവാറാും എല്ലാ വർഷവും മെച്ചപ്പെട്ട മഴ നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ലഭിക്കാറുണ്ട്. കൃഷി., കുടിവെള്ളം എന്നിവ മഴയെ ആശ്രയിച്ചിരിക്കുന്നത്.

പൊതുവെ രണ്ട് ഘട്ടങ്ങളായാണ് നമുക്ക് മഴ ലഭിക്കുന്നത്. ഇടവപ്പാതി എന്നും തുലാവർഷം എന്നും അറിയപ്പെടുന്ന. ഇടവപ്പാതി ജൂൺ – ജൂലായ് എന്നീ മാസങ്ങളിലും അത് കഴിഞ്ഞ് രണ്ട് മാസത്തെ ഇടവേളയ്ക്കു ശേഷം ഒക്ടോബറിൽ തുടങ്ങി ഡിസംബർ ആദ്യവാരത്തോട് അവസാനക്കുന്ന ഇടവപ്പാതി മഴ ലഭിക്കുന്ന് തെക്കു പടിഞ്ഞാറ് കാറ്റ് മൂലവും തുലാവർശം ലഭിക്കുന്നത് വടക്ക കിഴക്ക് കാറ്റു മൂലവുമാണ്. കൂടാതെ മാർച്ച് ഏപ്രിൽ മാസങ്ങളിലെ കടുത്ത വേനലിൽ ഒറ്റപ്പെട്ട മഴയും ലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ നവംബർ മാസങ്ങളിലാണ്. വേനൽക്കാലം ജനുവരി മുതൽ മേയ് മാസം വരെയാണ്. ഏപ്രിൽ മാസത്തിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് മഞ്ഞുകാലം, ഡിസംബർ – ജനുവരി മാസങ്ങളിലാണ്. ഇതിൽ ഡിസംബർ അവസാനവും ജനുവരി ആദ്യവും തണുപ്പ കൂടുതൽ അനുഭവപ്പെടുന്നത്. നവംബർ-ഡിസംബർ മാസമാണ് കാറ്റുകാലം

**കാലാവസ്ഥാ കലണ്ടർ**

| മഴക്കാലം | | | മഞ്ഞു കാലം | കാറ്റു കാലം | വേനൽക്കാലം | |
|---|---|---|---|---|---|---|
| പേര് | മാസം | അളവ് | | | മാസം | അളവ് |
| ഇടവപ്പാതി | ജൂൺ<br>ജൂലായ് | 416 MM<br>330 MM | നവംബർ<br>ഡിസംബർ | ഡിസംബർ<br>ജനുവരി | ജനുവരി<br>ഫെബ്രുവരി | 32° C<br>33° C |
| തുലാ വർഷം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | 324 MM<br>466.2 MM<br>103 MM | | | മാർച്ച്<br>ഏപ്രിൽ | 33° C<br>33.6 °C |
| ഇടമഴ | മാർച്ച്<br>ഏപ്രിൽ | 190 MM | | | മേയ് | 31° C |



# വികസന മേഖലകൾ



# കൃഷി



## കാർഷിക ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരേയും കേരളത്തിന്റെ കിഴക്കൻ മേഖലകൾ വന പ്രദേശങ്ങളായിരുന്നു. നമ്മുടെ പഞ്ചായത്തിലും മിക്കവാറും പ്രദേശങ്ങൾ വനങ്ങളായിരുന്നു. ഈ വനങ്ങളിൽ കുരങ്ങ്, മുള്ളൻപന്നി, കുറുക്കൻ, കാട്ടുപൂച്ച, മരപ്പട്ടി, മലയണ്ണാൻ. പന്നി, കാട്ടുചെവിയൻ, വെരുക്, വാലി മുതലായ വന്യജീവികളും മാരകവി,മുള്ള പാമ്പുകളും യഥേഷ്ടം വിഹരിച്ചിരുന്നു. ചരിത്ര പ്രസിദ്ധമായ കിളിമാനൂർ കൊട്ടാരത്തിന്റെ ഇടവക ഭൂമികളായിരുന്നു ഈ വന പ്രദേശങ്ങൾ. എന്നാൽ ക്രമേണ ഈ വന പ്രദേശങ്ങൾ ഇല്ലാതാവുകയും പരമ്പരാഗത കൃഷി സമ്പ്രദായങ്ങൾ ആരംഭിക്കുകയും ചെയ്തു. തേങ്ങ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, എള്ള് തുടങ്ങിയ കാർഷിക വിളകൾ വൻതോതിൽ ഈ മേഖലയിൽ ഉൽപ്പാദിക്കപ്പെട്ടു തുടങ്ങി. വയലേലകളിൽ പ്രധാന വിളയായ നെല്ലും കൃഷി ചെയ്തു.

ഭൂമിയുടെ ഉടമസ്ഥർ തന്നെയായിരുന്നു കാർഷികവൃത്തിയിൽ വ്യാപൃതരായിരുന്നത്. സ്ത്രീ പുരുഷ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളും കൃഷിയുമായി ബന്ധപ്പെട്ടിരുന്നു. തൊഴിലാളികൾക്ക് ധാന്യങ്ങളായിരുന്നു വേതനമായി അന്ന് നൽകിയിരുന്നത്. അതും ഉടമയുടെ ഇഷ്ടാനുസരണം മാത്രം. തൊഴിലാളികൾക്ക് കുടികിടപ്പവകാശം സ്ഥിരമായിരുന്നില്ല. ഉടമയുടെ ഇഷ്ടാനുസരണം കുടിയൊഴിപ്പിക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു. വെട്ടിത്തെളിയ്ക്കുന്ന പ്രദേശങ്ങൾ ജന്മിമാരിൽ സ്വന്തമാക്കുമായിരുന്നു. ഇരുപാം നൂറ്റാണ്ടിന്റെ മദ്ധ്യം വരേയും ഈ രീതിയിലായിരുന്നു.

1956-ൽ കേരള സംസ്ഥാന രൂപം കൊള്ളുകയും 1957-ൽ ഒരു ജനകീയ മന്ത്രിസഭ നിലവിൽ വരുകയും ചെയ്തു. ഈ ജനകീയ സർക്കാർ കൊണ്ടുവന്ന് ഭൂ പരിഷ്കരണ പ്രസ്ഥാനം കേരള സംസ്ഥാനത്തിലുടനീളം കാർഷിക മേഖലക്ക് ഒരു പുതിയ ഉണർവ് നൽകി. നമ്മുടെ പഞ്ചായത്തിലും ഈ പുരോഗതിയുടെ കാറ്റ് വീശുകയുണ്ടായി. കൂലി പണമായി നൽകുന്ന രീതി വ്യാപകമായി ഭൂ പരിഷ്കരണ നടപടികൾക്ക് ശേഷമാണെന്ന് പറയാം. കുടിയൊഴിപ്പിക്കൽ നിരോധനവും നിലവിലുണ്ടായിരുന്ന ജന്മി - കുടിയാൻ ബന്ധത്തെ മാറ്റി മറിച്ചു.

കേരളത്തിന്റെ എല്ലാ മേഖലകളിലും എന്ന പോലെ നമ്മുടെ പഞ്ചായത്ത് പ്രദേശത്തും നെൽകൃഷിക്കായിരുന്നു പ്രാധാന്യം. ചമ്പാവ് വറാടി അറുവാൻ വെള്ള തുടങ്ങിയ നാടൻ നെല്ലിനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നത് . അറുവാൻവെള്ള കര പ്രദേശങ്ങളിലും ഒരു പൂവായി കൃഷി ചെയ്തിരുന്നു. കശുമാവ്, കമുക്, കുരുമുളക്, തതെങ്ങ്, വാഴ എന്നിവയും വൻതോതിൽ വച്ചു പിടിപ്പിച്ചിരുന്നു. തൃക്കാർത്തിക, ആവണിപപ്പിപ്പ, മേടവിഷു, തുടങ്ങിയ ഗ്രാമീണ ഉത്സവങ്ങൽ കൃഷിയുടെ പ്രാധാന്യത്തെ വിളിച്ചോതുന്ന വയാണ്.

നെൽകൃഷിക്ക് ജൈവവളം,കാലിവളം,പച്ചിലവളം എന്നിവയായിരുന്നു. ഉപയോഗച്ചിരുനന്നത്. അതുകൊണ്ട് തന്നെ വിളവ് വർദ്ധിക്കുകയും രോഗബാധ കുറയുകയും ചെയ്തിരുന്നു. കീടങ്ങളെ നശിപ്പിക്കുന്ന സമ്പ്രദായം അന്നുണ്ടായിരുന്നു. നത്തയ്ക്കാ, തവള, ഞണ്ട് തുടങ്ങിയ ജീവികൾ അന്ന് വയലേലകളിൽ സുലഭമായിരുന്നു വളത്തിന്റെയും കീടനാശിനികളുടെയും മറ്റും ഉപയോഗകമാകാം ഒരു പക്ഷേ ഇവയുടെ വംശനാശത്തിന് കാരണ

### പൊതു ഭൂവിനിയോഗം

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 238.85 ha |
| പുരയിടം | 2163.16 ha |
| പുറംപോക്ക് | 35.67 ha |
| കൃഷിയോഗ്യമായ തരിശ് | 93. 49 ha |
| ആകെ | 2531.17 ha |

മായിത്തീർന്നത്.

നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ളത്ര ഉല്പന്നങ്ങൾ ഇവിടെത്തന്നെ കൃഷി ചെയ്തിരുന്നു. അതായത് കാർഷിക രംഗത്ത്, സ്വയം പര്യാപ്തമായിരുന്നു, പഴയകുന്നമ്മേൽ പഞ്ചായത്ത്. എന്നാൽ ക്രമേണ കാർഷിക മേഖലയിലെ ഈ സവിശേഷതകൾ നഷ്ടമാകാൻ തുടങ്ങി. വിദ്യാഭ്യാസപരമായ പുരോഗതിക്കായി ആ മേഖലയിലേക്കുള്ള ജനങ്ങളുടെ ശ്രദ്ധ തിരിലും സാമ്പത്തിക പുരോഗതിക്ക് വേണ്ടിയുള്ള വിദേശ യാത്രകളും കാലാവസ്ഥാപരമായി കൃഷിക്കുണ്ടാവുന്ന നഷ്ടങ്ങളും കൂലി വർദ്ധനവും ഒക്കെ കാർഷിക മേഖലയെ മുരടിപ്പിച്ചു.

## കാർഷിക മേഖലയിലെപ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം ?

നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള മുരിടിപ്പ് ഇല്ലാതാക്കുന്നതിന് ശരിക്കും ജനകീയമായ ഇടപെടലും കൂട്ടായ പ്രവർത്തനങ്ങളും ആവശ്യമാണ്. ജനപങ്കാളിത്തത്തോടെയുള്ള ചില കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കയിയാൽ കാർഷിക മേഖലയൽ വമ്പിച്ച പുരോഗതി ഉണ്ടാക്കാൻ സാധിക്കും. കാർഷികോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവുാൻ ഉതകുന്ന പരിപാടികൾ ശ്രദ്ധാപൂർവ്വം ചിട്ടയായി സംഘടിപ്പക്കേണ്ടതാണ്.

പഞ്ചായത്തിൽ വിശാല കാർഷികസമിതി രൂപീകരിച്ച് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പക്കുവാനും കാർഷികാടിസ്ഥാന വ്യവസായങ്ങളുടെ സാധ്യതകൾ, വർദ്ധിപ്പിക്കുവാനും ഭക്ഷ്യസ്വയം പര്യാപ്തത കൈവരിക്കുവാനും സമഗ്രമായ പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കണം. ഇതിന് ഏറ്റവും അത്യാവശ്യമായിട്ടുള്ളത് കൃഷിയിൽ കുറഞ്ഞു വരുന്ന താല്പര്യം വീണ്ടെടുക്കുക എന്നതാണ്. ഇതിന് ബോധവൽക്കരണം ആവശ്യമാണ്. എന്നാൽ ബോധവൽക്കരണം മാത്രം പോര, കർഷകരെ കാർഷിക പ്രവർത്തനങ്ങളിൽ വിമുഖരാക്കുന്ന കാരണങ്ങൾ കണ്ടുപിടിച്ച് കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പലാക്കിയേ മതിയാകൂ. ഓരോ പിടി മണ്ണും വിലപ്പെട്ടതാണെന്ന ബോധത്തിൽ ഊന്നിയ പ്രവർത്തനം നടത്തിയാൽ കാർഷികരംഗത്തെ മുരടിപ്പ് മാറ്റിയെടുക്കാം. വെറും സഹായധനാനുകൂല്യങ്ങൽ കൊണ്ട് മാത്രം കാർഷിക മേഖല പുഷ്ടിപ്പെടില്ല. ധന സഹായം, വായ്പാ സൗകര്യങ്ങൾ മുതലായവയൊടൊപ്പം തന്നെ കൂട്ടായ പ്രർത്തനങ്ങൾ നടന്നേ മതിയാകൂ. പഞ്ചയത്താഫീസിന്റെ പരിസര ത്തുപോലും സാധ്യമായ - അത് എത്ര ചെറുതായാലും കൃഷി നടത്തണം. പഞ്ചയത്താഫീസിൽ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ട് കാർഷിക മേഖലയിലെ പരിവർത്തനത്തിന് തുടക്കം കുറിക്കണം. കെട്ടിടങ്ങളുടെ ടെറസ്സിന് മുകളിൽ പോലും പുഷ്പകൃഷിപോലുള്ളവ നടത്താമെന്ന് ഇത്തരുണത്തിൽ ഓർക്കണം. പഞ്ചായത്തിൽ രൂപീകരിക്കുന്ന വിശാല കാർഷിക സമിതിയുടെ ഘടകങ്ങളെന്ന നിലയിൽ വാർഡു തലത്തിലും കാർഷിക സമിതികൾ ഉണ്ടാക്കാം.

ഒരു കാലത്ത് ധാരാളം കമുകുകളും തെങ്ങുകളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അവയുടെ അളവ് ക്രമാതീതമായി കുറഞ്ഞു വരുകയാണ്. വാഴ, മരച്ചീനി കൃഷികളും പണ്ടത്തെപ്പോലെ സജീവമല്ല. എള്ള്, പയർ, മുതിര തുടങ്ങിയ കൃഷികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. നിലം നികത്തി വീട് വയ്ക്കുന്നതും മറ്റു കൃഷികൾ നടത്തുന്നതും വ്യാപകമാണ്. ഇത് കർശനമായി തടയണം. എന്നാൽ നെൽകൃഷി ലാഭകരമാക്കാൻ വേണ്ട നടപടികൾ ഉണ്ടാവുകയും വേണം. തെങ്ങും കമുകും കശുമാവുമൊക്കെ റബ്ബറിന്റെ ആധിപത്യത്തിൽ നിഷ്ക്രമിക്കുന്നതിനാൽ സ്കൂൾ കാമ്പൗണ്ടു പോലുള്ള പൊതു സ്ഥലങ്ങളിലെങ്കിലും അത്തരം വൃക്ഷങ്ങൾ നട്ടു വളർത്തണം. സ്ഥല സൗകര്യമനുസരിച്ച് സ്കൂളുകളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കണം. ഒന്നോ രണ്ടോ കുട്ടികളെ വീതം ഓരോ തൈകളുടെയും സംരക്ഷണ ചുമതല ഏൽപ്പിക്കണം. കുട്ടികളിൽ കാർഷികാഭിരുചി ഉണ്ടാക്കുന്നതിന് വീട്ടിൽ കൊണ്ടുപോയി നടാൻ തെങ്ങിൻ തൈകൾ, വാഴക്കന്ന് മുതലായവ നൽകണം. എരു കുട്ടിക്ക് ഒരു കോഴിക്കുഞ്ഞിനെ വീതം ഇടയ്ക്കിടെ വിതരണം ചെയ്യണം.

ജനകീയാസൂത്രണത്തൽ റിസോർസ് പേഴ്സൺ മാർക്കെന്ന പോലെ കാർഷിക കർമ്മ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നിന്നും താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് കാർഷിക പരിശീലനം നൽകണം. കാർഷിക വിദഗ്ധരെകൊണ്ട് ക്ലാസ്സുകൾ എടുപ്പിക്കണം. അങ്ങനെ പഞ്ചായത്തിൽ തന്നെ കാർഷിക വിദഗ്ധൻമാരെ സൃഷ്ടിക്കണം. അംഗീകൃത ഡിഗ്രികളുള്ള വിദഗ്ധ ഉദ്യോഗസ്ഥരുടെ മാത്രം സഹായത്താൽ കാർഷിക മേഖലയിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിയില്ല. മണ്ണ് പരിശോധിച്ചറിയാൻ പോലും കഴിവുള്ള വിദഗ്ധൻമാരെ പഞ്ചായത്തിൽ തന്നെ സൃഷ്ടിക്കണം. ശാസ്ത്രീയമായ വള പ്രയോഗരീതികളെക്കുറിച്ചും കൃഷി രീതികളെക്കുറിച്ചും പഠിപ്പിക്കണം. തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യർക്ക് ഈ

പരിശീലനത്തിൽ മുൻഗണ നനൽകുന്നത് നന്നായിരിക്കും. എന്നാൽ കാര്യങ്ങൾ ഗ്രഹിക്കാനും മറ്റുള്ളവരെ പഠിപ്പിക്കാനും കഴിയുന്ന താല്പര്യമുള്ള ആർക്കും പരിശീലനം നൽകാവുന്നതാണ്.

കാർഷിക മേഖലയുടെ പുരോഗതിക്ക് ഒരു നിശ്ചിത തുക നീക്കി വയ്ക്കണം. കൃഷി ഭൂമികൾ തുണ്ടാക്കപ്പെടുന്നത് കാർഷിക വികസ നത്തിന് ഒരു പ്രധാന തടസമാണ്. സാധ്യമായ സ്ഥലങ്ങളിൽ ഒരു പ്രത്യേക ഏരിയ (ചേർന്നു ചേർന്നു കിടക്കുന്ന-പലരുടെ വസ്തുക്കൾ) ഏറ്റെടുത്ത് പഞ്ചായത്തു തന്നെ ഏതെങ്കിലും കൃഷി നടത്തണം. കൂട്ടുകൃഷിയാണെങ്കിലും ഇതിന്റെ കൃഷി ച്ചെലവുകൾ പഞ്ചായത്തു വഹിക്കണം. വരുമാനം (അല്ലെങ്കിൽ ഭൂമിയുടെ വാടക) വീതിച്ച ഭൂവുടമസ്ഥർക്ക് നൽകണം. പഞ്ചായത്തിനും വരുമാനത്തിന്റെ ഒരു വിഹിതം എടുക്കാവുനന്നതാണ്.

കൃഷി ഭൂമികൾ കാർഷിക പ്രവർത്തകർ കൂടെകൂടെ സന്ദർശിക്കുകയും കർഷകർക്ക് ഉപദേശം നൽകുകയും ചെയ്യണം. പരിമിതമായ ഭൂമി മാത്രമുള്ളവർക്ക് അതിനുള്ളിൽ എന്തു കൃഷി എങ്ങനെ നടത്തണമെന്ന് പറഞ്ഞുകൊടുക്കുകയും കാർഷിക മേഖല ചലനാത്മകമാണ് എന്ന ഒരു ബോധം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളിലും ഉണ്ടാക്കിയെടുക്കുകയും വേണം. കൃഷി ഒരു സാമൂഹ്യ ബാധ്യതയായി കർഷകർ കരുതുന്ന അവസ്ഥയുണ്ടാകണം.

കൃഷി ഭവനിലൂടെയും മറ്റ് കാർഷിക ഏജൻസികളിലൂടെയും ഇന്ന് ഒരു നിശ്ചിത ശതമാനം കർഷകർക്ക് മാത്രമേ ആനുകൂല്യയങ്ങൾ ലഭിക്കുന്നുള്ളൂ. ഈ ആനുകൂല്യങ്ങൾ എല്ലാ കർഷകർക്കും ലഭിക്കന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. ഇപ്പോൾ കൃഷി ഭവനിലൂടെയും മറ്റ് ഏജൻസികളിലൂടെയും ലഭിക്കുന്ന ആനുകൂല്യങ്ങൾ ചില വ്യക്തികൾ തട്ടിയെടുക്കുന്നതായി വ്യപകമായ പരാതിയുണ്ട്. ഏത്തരം വിളകൾക്കായാലും ലഭിക്കുന്ന ആനുകൂല്യങ്ങൾ സ്ഥിരമായി ചില വ്യക്തികൾക്ക് ലഭിക്കുന്നു. അതുപോലെ കൃഷി ഭവനുകളിൽ നിന്ന് അകലെ താമസിക്കുന്നവർ എത്തുമ്പോൾ വിത്തുകളും, തൈകളും, വളവും തീർന്നുപോയി എന്ന സ്ഥിരം പല്ലവിയാണ് കൃഷി ഉദ്യോഗസ്ഥന്മാരുടെ മറുപടി. ഈ പ്രശ്നം ശ്സ്ത്രീയമായി പരിഹരിക്കുന്നതിനുവേണ്ടി പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് മുന്നോട്ടുവെയ്ക്കുന്ന ഒരു സമ്പ്രദായമാണ് അഗ്രികൾച്ചറൽ കാർഡ് ഏർപ്പെടുത്തൽ.

പ്രസ്തുത കാർഡിന്റെ മാതൃക ചുവടെ കൊടുക്കുന്നു.

<table>
<tr><th colspan="8">അഗ്രികൾച്ചറൽ കാർഡ്</th></tr>
<tr><td colspan="8">കർഷകന്റെ പേര്........................ റേഷൻ കാർഡ് നമ്പർ..................<br>മേൽവിലാസം..................................</td></tr>
<tr><td rowspan="2">സർവ്വേ നമ്പർ</td><td rowspan="2">ഏക്കർ</td><td rowspan="2">സെന്റ്</td><td colspan="2">പുരയിടം</td><td colspan="2">നിലം</td><td rowspan="2"></td></tr>
<tr><td>ഏക്കർ</td><td>സെന്റ്</td><td>ഏക്കർ</td><td>സെന്റ്</td></tr>
<tr><td>സാധാരണ കൃഷി ചെയ്യുന്ന വിളകൾ</td><td colspan="7">1<br>2<br>3<br>4<br>5<br>6<br>7<br>8<br>9<br>10<br>11<br>12<br>13</td></tr>
<tr><td colspan="2">മണ്ണു പരിശോധന നടത്തിയിട്ടുണ്ടോ</td><td colspan="2"></td><td colspan="3">ഏറ്റവും ഒടുവിൽ മണ്ണ് പരിശോധന നടത്തിയ തീയതി</td><td></td></tr>
<tr><td colspan="2">മണ്ണുപരിശോധന ലബോറട്ടറിയുടെ പരിശോധനാഫലവും ശുപാർശയും</td><td colspan="6"></td></tr>
<tr><td colspan="2">കൃഷിഭവനിൽ കൂടി ലഭിച്ച ആനുകൂല്യങ്ങൾ</td><td colspan="6"></td></tr>
<tr><td colspan="2">മറ്റു കാർഷിക വികസന ഏജൻസികളിലൂടെ ലഭിച്ച ആനുകൂല്യങ്ങൾ</td><td colspan="6"></td></tr>
</table>

## ഗ്രൂപ്പ്ഫാമിംഗ് ഏലാകൾ (കൃഷിഭവൻ രേഖ)

| ഏലായുടെ പേര് | വിസ്തൃതി | കർഷകരുടെ എണ്ണം |
|---|---|---|
| അടയമൺ | 35 ഹെക്ടർ | 85 |
| പാപ്പാല | 25 ഹെക്ടർ | 60 |
| മുതുകുറിഞ്ഞി | 10 ഹെക്ടർ | 12 |

## സബ്സിഡി വിതരണം (കൃഷിഭവൻ രേഖ)

| | 1994–95 | | 1995–96 | | 1996–97 | |
|---|---|---|---|---|---|---|
| കിണർ | 26 | 65,000/- | 35 | 87,500/- | 25 | നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു |
| പമ്പ് സെറ്റ് | 22 | 55,000/- | 23 | 57,500/- | 37 | |
| റോക്കർ സ്പ്രേയർ | 1 | 1000 | 6 | 6000 | 1 | |
| തെങ്ങ് കയറ്റ യന്ത്രം | 1 | 500 | 1 | 500 | 1 | |
| രോഗം വന്ന തെങ്ങ് മുറിച്ച് മാറ്റൽ പദ്ധതി | 1100 | 2,20,000/- | 1500 | 3,00,000 | | |
| രാസവള വിതരണം | 6950 (തെങ്ങ്) 790 കിറ്റ് | | 650 കിറ്റ് | | | |
| ഇടവിള കൃഷി | 354 | 7000 | 15625 Hc | | | |
| പച്ചിലവളച്ചെടി വിത്ത് വിതരണം | 100 കിറ്റ് | | 75 കിറ്റ് | | | |

## സ്കൂളുകളിലെ പച്ചക്കറി വിത്ത് വിതരണം (കൃഷിഭവൻ രേഖ)

| സ്കൂളിന്റെ പേര് | 1993–94 | 1994–95 | 1995–96 |
|---|---|---|---|
| ഗവ: ഹൈസ്കൂൾ തട്ടത്തുമല | 350 + 350 | 350 | 300 + 175 |
| അടയമൺ U.P.S | 200 + 200 | 200 | 200 + 100 |
| ഠൗൺ U.P.S കിളിമാനൂർ | 200 + 200 | 200 | 250 + 100 |
| ആകെ | 1500 | 750 | 1125 |

*പഴയക്കുന്നുമ്മേൽ പഞ്ചായത്തിലെ കാർഷിക വികസന പ്രശ്നങ്ങളും പരിഹാരനിർദ്ദശങ്ങളും ഗ്രാമസ ഭാചർച്ചകളെയും സാമാന്യപഠ നങ്ങളേയും അടിസ്ഥാനമാക്കി ചുവടെ സംഗ്രഹിച്ചുർക്കുന്നു.*

കാർഷിക മേഖല വിവിധ കാരണ ങ്ങളാൽ മുരടിച്ച് കൊണ്ടിരിക്കുന്നു.

1. കുടുതൽ ലാഭം നല്കുന്ന റബ്ബർ കൃഷിയിലേകക്ക് കർഷകരുടെ ശ്രദ്ധ തിരിഞ്ഞത് മറ്റ് കൃഷികളെ നാശോ ന്മുഖമാക്കി.

2. നെൽകൃഷി ആദായകരമല്ല; രണ്ട് തുണ്ടാക്കപ്പെട്ട നിലങ്ങളിൽ നഷ്ടം സഹിച്ച് കൃഷി നടത്താൻ കർഷകർ തയ്യാറാല്ല . ഇത് നിലം നികത്താൻ അവരെ പ്രേരിപ്പിക്കുന്ന ഘടകങ്ങളി ലൊന്നാണ്

3. കൃഷിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ അഭാവം.

4. ഉല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയും ഉല്പാദനചെലവും തമ്മി ലുള്ള പൊരുത്തമില്ലായ്മ.

5. മണ്ണിന്റെ സ്വഭാവം, ഗുണം, ശാസ്ത്രീയ കൃഷി രീതികൾ ശരിയായ വളപ്രയോഗം എന്നിവയിൽ വേണ്ടത്ര പരിജ്ഞാനമില്ലായ്മ.

6. ജൈവ വള പ്രയോഗത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അറിവി ല്ലായ്മയും ജൈവ വളങ്ങളുടെ ദൗർലഭ്യവും.

7. വർദ്ധിച്ച കൃഷി ചെലവ്

8.ജോലിക്ക് വേണ്ടത്ര തൊഴിലാളി കളെ ലഭിക്കുന്നില്ല.

9. കൂലി നിരക്കിലെ വർദ്ധനവ്.

10. കാലാവസ്ഥയിലെ മാറ്റങ്ങൾ

11. കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ, കീടബാധ,ക്ഷുദ്ര ജീവികളുടെ ആക്രമണം.

12. കൃഷി ഭവന്റെ സേവനം കർഷകന് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

13.തൊളിക്കുഴി, കൊപ്പം, വല്ലൂർ, ചാരുപാറ, കുന്നുമ്മൽ മുതലായ പ്രദേശങ്ങളിൽ വേണ്ടത്ര വാഹന സൗകര്യം ഇല്ലാത്തതിനാൽ കാർഷികോല്പന്നങ്ങൾ വിപണി കളിലെത്തക്കൻ കഴിയുന്നല്ല.

14. പഞ്ചായത്തിലെ 8,9,10, വാർഡുകളിൽ കുരങ്ങുകളുടെ ആക്രമണം കൃഷിയെ നശിപ്പി ക്കുന്നു.

15. കൃഷിക്ക് വേണ്ടത്ര ജല ലഭ്യത ഇല്ലായ്മ.

*പരിഹാരനിർദ്ദേശങ്ങൾ*

1. കൃഷിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക, റബ്ബർ സംസ്കരണ വ്യവസായം, കൊപ്രാ സംസ്കരണ വ്യവസായം പഴവർഗ്ഗ സംസ്കരണ വ്യവസായം നെല്ല് സാസ്കരണ വ്യവസായം, തുടങ്ങി യവ ആരംഭിക്കുക.

2. നെൽകൃഷി ആദായ കരമാക്കാൻ ഗ്രൂപ്പ് ഫാംമിഗ് ഏർപ്പെടുത്തുക. പ്രത്യേകിച്ച് പഞ്ചായത്തിലെ വിള യ്ക്കാട്ട്കോണം പുതിയകാവ് മഹാദേ വേശ്വരം 50 ഹെക്ടർ ചെമ്പകശ്ശേരി – 5 ഹെക്ടർ, വയ്യാറ്റിൻ കര – 6 ഹെ ക്ടർ ആയമൺ (വാർഡ് 6) 10 ഹെക്ടർ, വണ്ടന്നൂർ 6 ഹെക്ടർ ഇവിടങ്ങളിൽ എത്രയും വേഗം ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുകയും. ഗ്രൂപ്പ് ഫാമിംഗ് കമ്മിറ്റികളിലെ പ്രധാന ഭാരവാഹികളെ ഉൾപ്പെടുത്തി പഞ്ചായത്ത് ഗ്രൂപ്പ് ഫാമിംഗ് സമിതിയും രൂപീകരിക്കുകയും ചെയ്യുക.

3. പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക. സ്കൂളു കൾ, മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ട് വരണം ഓരോ വാർഡിലും 10 ഹെക്ടറിലെങ്കിലും ഈ പദ്ധതി നടപ്പിലാക്കണം.

നെൽ പാടങ്ങളിൽ മൂന്ന് പൂവ് കൃഷി ചെയ്യാൻ കഴിയാത്തിടത്ത് ജനുവരി – മേയ് മാസങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടം തുടങ്ങാനുള്ള നടപടി സ്വീകരിക്കാണം. അത്തരത്തിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ കൃഷി ഭവനോ പഞ്ചായത്തോ അല്ലെങ്കിൽ കർഷകരുടെ കമ്മിറ്റിയോ രൂപീകരിച്ച് വിലയ്ക്ക് വാങ്ങി വിതരണം ചെയ്യ ണം. കൃഷിക്കാവശ്യമായ വിത്തുകളും വളവും കൃഷിഭവൻ മുഖേന സൗജന്യമായി വിതരണം ചെയ്യണം.

4. ഓരോ വാർഡിലേയും ഏറ്റവും കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിലെങ്കിലും പഴവർഗ്ഗ ഉല്പാദനം ഉറപ്പ് വരുത്തുക.

5. സമഗ്ര പുഷ്പ കൃഷി വികസന പദ്ധതി നടപ്പിലാക്കുക. താല്പര്യമുള്ളവരെ കണ്ടെത്തി പരിശീലിപ്പിച്ച് ഈ പരിപാടി നടപ്പിലാകുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ പഞ്ചായത്ത ഒരുക്കണം.

6. പഞ്ചായത്തിൽ സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ ഫോറസ്ട്രി നെഴ്സറി സ്ഥാപിക്കുക.

7. റബ്ബർ കൃഷിയുടെ ആവിർ ഭാവത്തോട കൂടി നാശോന്മുഖമായി കൊണ്ടിരിക്കുന്ന മറ്റ് കൃഷികളെ പ്രോത്സാഹിപ്പിക്കാൻ സബ്ബ് സിഡി വർദ്ധിപ്പിക്കുകയും പൊതു സ്ഥലങ്ങ ളിൽ തെങ്ങ്, കമുക്, വാഴ, പ്ലാവ്, മാവ്, തേക്ക്, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുക.

8. പഞ്ചായത്തിൽ വാട്ടർ ഷഡ് പദ്ധതി നടപ്പിലാക്കുക.

9. കൃഷിഭവനിൽ നിന്നും മറ്റും അനർഗമായി ആനുകൂല്യങ്ങൾ സമ്പാദിക്കന്നത് ഒഴിവാക്കാൻ അഗ്രിക്കൾച്ചർ കാർഡ് സമ്പ്രദായം ഏർപ്പെടുത്തക. കാർഡിന്റെ മാതൃക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

10. മണ്ണിന്റെ സ്വഭാവം, ഗുണം, ശാസ്ത്രീയ കൃഷി രീതികൾ ശരിയായ വളപ്രയോഗം മുതലായവയിൽ കർഷകർക്ക് വേണ്ടത്ര പരിജ്ഞാനം നല്കുവാൻ സമഗ്ര പരിപാടി ആവിഷ്ക്കരിക്കുക. പഞ്ചായത്തലെ മുഴുവൻ കൃഷി

ഭൂമികളിലേയും മണ്ണിന്റെ സ്വഭാവം , ഗുണം, കൃഷി സ്ധ്യതകൾ എന്നിവ മനസ്സിലാക്കുന്നതിന് സമഗ്ര പരിശോധന നടത്തുക.

11. പഞ്ചായത്തിൽ തന്നെ കാർഷിക വിദഗ്ധരെ സൃഷ്ടിക്കുന്ന തരത്തിൽ താല്പര്യമുള്ളവരെ തിരഞ്ഞെടുത്ത് പരിശീലിപ്പക്കുക.

12. കൃഷി ഭവന്റെ നേതൃത്വത്തിൽ ഒരു സഞ്ചരിക്കുന്ന മണ്ണ് ലബോറട്ടറി സ്ഥാപിക്കുക

13. ബഡിംഗ് ഗ്രാഫ്റ്റിംഗ് ലെയറിംഗ് ഇവക്ക് കർഷകരെ പരിശീലിപ്പിക്കാൻ കേന്ദ്രം ആരംഭിക്കുക.

14. പച്ചക്കറി കൃഷിയുടെ പ്രോത്സാനാർത്ഥം ഒരു സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കുക.

15. പത്താം വാർഡിലെ പാടശേഖരത്തിലെ നീർവാഴ്ച തടയുന്നതിന് നടപടി സ്വീകരിക്കുക.

16. കാർഷിക വിളകളെ സംരക്ഷിക്കുന്നതിന് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

17. റബ്ബർ ഉല്പാദകരുടെ താല്പര്യ സംക്ഷണത്തിന് ഉല്പാദക സഹകരണ സംഘം രൂപീകരിക്കുക.

18. പഞ്ചായത്തിൽ പട്ടുനൂൽ കൃഷി നടപ്പിലാക്കുക.

19. പഞ്ചായത്തിൽ കൂൺ കൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

20. തൊളിക്കുഴി, കൊപ്പം, അടയമൺ, വല്ലൂർ ചാരുപാറ, കന്നുമ്മൽ മുതലായ പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ വിപണി യിലെത്തിക്കാൻ വേണ്ട വാഹന സൗകര്യം ഏർപ്പെടുത്തുക.

21. തെങ്ങ് കൃഷി ആദായകരമാക്കാൻ ട്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുക.

നെൽകൃഷിയുടെ പുരോഗതിക്കു വേണ്ടി തടയണകളും മറ്റും സ്ഥാപിക്കുക.

22. മാതൃകാ കൃഷിത്തോട്ടം പഞ്ചായത്തിന്റെയും കൃഷിഭവന്റെയും മേൽനോട്ടത്തിൽ ആരംഭിക്കണം.

23. ജൈവ വളങ്ങളുടെ ആവശ്യകതയെപ്പറ്റി കർഷകരെ ബോധവാൻമാരാക്കുക.

24. ജൈവിക നിയന്ത്രണത്തിന്റെ ആവശ്യകതയെ പറ്റി കർഷകരെ പറഞ്ഞ് മനസ്സിലാക്കികൊടുക്കുക.

25. കാർഷിക വികസനത്തിന് വേണ്ടി പഞ്ചായത്തിൽ ഒരു വിശാല കാർഷിക വികസനസമിതി രൂപീകരിക്കുക.

26. റൈസോബിയം കൾച്ചർ കർഷകർക്ക് എത്തിക്കാനും ഉല്പാദിപ്പിക്കാനും വേണ്ട സഹായം കൃഷി ഭവനിലെ ഉദ്യോഗസ്ഥർ ചെയ്യുക.

27. കൃഷി ഭവന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കണം.

28. മറ്റ് ഏജൻസികൾ മുഖാന്തിരമുള്ള വായ്പാസൗകര്യം മെച്ചപ്പെടുത്തുക

29. ആറ്റുഭാഗം പമ്പ് ഹൗസ് എത്രയും വേഗം പ്രവർത്ത നക്ഷമമാക്കി കർഷകന് പ്രയോജനപ്പെടുത്തുക.

30. കൃ,ഷി ഭവന്റെ പ്രവർത്തനസമയം കർഷകന് പ്രയോജനപ്പെടുംവിധം 8 മുതൽ 1 വരെയാക്കുക.

31. രണ്ട് വാർഡിന് ഒരു അഗ്രി കൾച്ചറൽ അസിസ്റ്റന്റ് എന്ന രീതിയിൽ ഉദ്യോഗസ്ഥരെ നിയമിക്കുക.

32. ചാറയം ഏലാത്തോടിന്റെ സൈഡ് വാൾ കെട്ടുക.

33. മുതുകുറിഞ്ഞി, വയ്യാറ്റിൻ കര, വണ്ടന്നൂർ, അടയമൺ, വടക്കേക്കോണം, പാപ്പാല, മഹാ ദേവേശ്വരം എന്നീ ഏലാ തോടുകൾക്ക് സൈഡ് വാൾ നിർമ്മിക്കുക.

34. ചിറ്റാറിൽ പോളച്ചിറ മുതൽ കിളിമാനൂർ പമ്പ് ഹൗസ് വരെ രണ്ട് വശവും സൈഡ് വാൾ കെട്ടുക.

35. ചാവേറ്റിക്കാട് പാലം മുതൽ ചാരുപാറവരെ സൈഡ് വാൾ കെട്ടുക.

36. വാഴക്കൃഷി വ്യാപിപ്പിക്കുക.

37. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃ,ഷി പ്രോത്സാഹിപ്പിക്കുക.

38. കേര കർഷക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൂടുതൽ പ്രദേശത്തിൽ തെങ്ങ് കൃഷി വ്യപിപ്പിക്കുകയും ചെയ്യുക.

39. മണ്ണൊലിപ്പ് തടയാൻ നടപടി സ്വീകരിക്കുക.

40. പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുക.

41. ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

42. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

43. പഞ്ചായത്തിൽ വിശാലകാർഷിക സമിതിയും വാർഡുതല കാർഷിക സമിതിയും രൂപീകരിക്കുക.

***ജലസേചനം***

ജലസേചന സൗകര്യങ്ങളിലെ അപര്യാപ്തത പഞ്ചായത്തിലെ കാർഷികമേഖലയുടെ പുരോഗതിക്ക് ഒരു പ്രതിബന്ധമാണ്. പല തോടുകളും വേനൽകാലത്ത് വറ്റിപ്പോകുന്ന വയാണെങ്കിലും ധാരാളം തോടുകളും കുളങ്ങളും പഞ്ചായത്തിലുണ്ട്. എന്നാൽ ഇവയിലെ ജലം പൂർണ്ണമായും കൃഷിക്കുപയോഗിക്കാൻ കഴിയുന്നില്ല. കിളിമാനൂർ ആറ്റിലെ ജലവും ജലസേചനത്തിന് വേണ്ടത്ര ഉപയോഗിക്കുന്നില്ല. ഉറവിടങ്ങളിലെ ജലദൗർലഭ്യം തന്നെയാണ് ജലസേചനസൗകര്യത്തിലെ ദൗർബല്യത്തിന് കാരണം. വലിയ കുളങ്ങൾ നിർമ്മിച്ച് പൈപ്പ് ലൈനുകൾ വഴി കൃഷിയിടങ്ങളിലേക്ക് കൊണ്ടു പോകാൻ കഴിഞ്ഞാൽ പ്രാദേശികാവശ്യങ്ങൾക്ക് ഒരു പരിധി വരെ അതു മതിയാകും. കൂടാതെ ആറുകളിലെയും തോടുതളിലെയും ജലം ചെറിയ അണകൾ കെട്ടിയും ജലസേചനം നടത്താവുന്നതാണ്. കൃഷിയിടങ്ങളിൽ വെള്ളമെത്തിക്കാതെ കാർഷികരംഗത്ത് വേണ്ടത്ര പുരോഗതിയുണ്ടാകില്ല.

ജലസേചനസൗകര്യങ്ങൾ

അഭിവൃദ്ധിപ്പെടുത്തുന്നതിന് പഞ്ചായത്തിനുള്ള സാധ്യതകൾ ജലലഭ്യതയെക്കുറിച്ചുള്ള വിവരണത്തിൽ നിന്നും മനസ്സിലാക്കാം.

*മൃഗസംരക്ഷണം*

പഴയകാലഘട്ടങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും കൃഷിയുമായി ബന്ധപ്പെട്ടിരുന്നു. ഇതിന് അനുബന്ധമായി കന്നുകാലി വളർത്തലും ഉണ്ടായിരുന്നു. നിലം ഉഴുകുന്നതിനും പാൽ ഉല്പാദനത്തിനും മാംസത്തിനും മാത്രമല്ല ജൈവ വളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. എന്നാൽ വൻതോതിൽ കന്നുകാലികളെ വളർത്തുന്ന കുടുംബങ്ങൾ ഏറെയൊന്നും ഉണ്ടായിരുന്നില്ല. കുന്നിൻ പ്രദേശങ്ങളിലും വിളെവെടുപ്പു കഴിഞ്ഞ നെൽപ്പാടങ്ങളിലും കന്നുകാലികളെ മേയ്ക്കാറുണ്ടായിരുന്നു പാടങ്ങളിൽ ജൈവവളം വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിച്ചു. കൃഷിടിയങ്ങൾ കുറയുകയും കാലിത്തീറ്റകൾക്ക് വില വർദ്ധിക്കുകയും ചെയ്തതോടെ കന്നു കാലി വളർത്തലിൽ ജനങ്ങൾ വൈമുഖ്യം കാട്ടിത്തുടങ്ങി.

പശു, കാള ആട്, എരുമ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. പക്ഷികളിൽ പ്രധാനം കോഴികളും. കാലി വളർത്തലും പാലുല്പാദനവും വർദ്ധിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്തിലെ ഓരോ വാർഡിലും രണ്ട് വീതം പാൽ സൊസൈറ്റികളും ആവശ്യമായ പാൽ സംഭരണശാലകളും അത്യാവശ്യമാണ്.

കോഴി വളർത്തൽ പരിപോഷിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റെ മൂന്ന് പ്രധാന മേഖലകൾ കേന്ദ്രമാക്കി കോഴിമുട്ട സംഭരണ വിതരണ കേന്ദ്രം (സഹകരണ സംഘം) സ്ഥാപിക്കുക. മുട്ട സംഭരണം, വിപണനം, കോഴിത്തീറ്റ് ലഭ്യമാക്കൽ രോഗ പ്രതിരോഗ പ്രവർത്തനങ്ങൾ ഇൻഷ്വറൻസ് തുടങ്ങി കോഴിവളർത്തലുമായി ബന്ധപ്പെട്ട ചുമതലകൾ ഈ സംഘത്തിൽ നിക്ഷിപ്തമായിരിക്കണം. തേനീച്ച വളർത്തൽ, മുയൽ വളർത്തൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഈ സംഘത്തിന് ചെയ്യാവുന്നതാണ്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ കേന്ദ്രമാക്കി "ഗോട്ട് വില്ലേജ്" സ്ഥാപിക്കുക.

മൃഗങ്ങൾക്ക് പടർന്നു പിടിക്കാറുള്ള രോഗങ്ങൾ തടയുന്നതിന് പ്രതിമാസ മെഡിക്കൽ ക്യാമ്പ് വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക. പഞ്ചായത്തിലെ ആടുമാടുകളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിത്ത് നടപ്പിലാക്കുക.

കഴിഞ്ഞ മൂന്ന് ദശാബ്ധകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷി ഭൂമിയുടെ ലഭ്യ

**അനുബന്ധം 2 വളർത്തു മൃഗസംഖ്യ**

| WARD | കാള നാടൻ | | കാള സങ്കരയിനം | | പശു നാടൻ | | പശു സങ്കരയിനം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| NO | വംശ വർദ്ധന | മറ്റുള്ളവ | വംശ വർദ്ധന | മറ്റുള്ളവ | കറവയുള്ളവ | ഇല്ലാത്തത് | കറവയുള്ളവ | ഇല്ലാത്തത് | കറവയുള്ളവ | ഇല്ലാത്തത് | | | |
| I | 2 | 1 | 36 | 15 | 25 | 300 | 196 | 6 | 2 | 43 | 386 | 189 | 189 |
| II | – | 7 | 2 | 48 | 12 | 12 | 387 | 189 | 5 | 3 | 54 | 98 | 167 |
| III | – | 4 | 3 | 39 | 7 | 3 | 295 | 149 | 2 | 1 | 23 | 360 | 133 |
| IV | – | 13 | – | 46 | 3 | 2 | 396 | 260 | 6 | 42 | 32 | 386 | 118 |
| V | – | 8 | – | 33 | 2 | 4 | 396 | 260 | 5 | 4 | 27 | 370 | 110 |
| VI | – | 4 | – | 12 | 1 | 3 | 278 | 250 | 4 | 3 | 14 | 368 | 63 |
| VII | – | 5 | – | 4 | 3 | 2 | 258 | 312 | 5 | 2 | 12 | 370 | 46 |
| VIII | – | 4 | – | – | 2 | 5 | 348 | 296 | 4 | 3 | 8 | 289 | 118 |
| IX | – | 2 | – | – | 3 | 6 | 375 | 268 | 2 | 1 | 4 | 439 | 114 |
| X | – | 8 | – | – | 4 | 5 | 415 | 397 | 5 | 2 | 3 | 369 | 118 |
| TOTAL | 2 | 54 | 41 | 2 | 62 | 342 | 3324 | 2387 | 40 | 104 | 563 | 3238 | 1176 |

തയിൽ വന്ന കുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പ് മൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്, സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിന്റെ 94% വും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം. കഴിഞ്ഞ രണ്ട് ദശാബ്ദകാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനയും ജനിതക ഗുണമേന്മ, മികവും, ഉല്പാദനക്ഷമത വർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ പഴയകുന്നുമ്മൽ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. വയലേലകളും, ചെറുതോടുകളും, ആറും ഉൾപ്പെട്ട ഒരു ചെറുഗ്രാമമായ ഈ പഞ്ചായത്തിലെ 85% ആൾക്കാരും കർഷകരും കർഷക തൊഴിലാളികളുമാണ്. 10% ഉദ്യോഗസ്ഥരും 5% മറ്റ് ബിസിനസ്സുകളിൽ ഏർപ്പെട്ടും ജീവിക്കുന്നു. മൃഗസംരക്ഷണപ്രവർത്തനങ്ങളുടെ തുടക്കമെന്ന് രീതിയിൽ 6-1-1961 ൽ വെറ്റിനറി ഡിസ്പെൻസറി സ്ഥാപിച്ചു. ഒരു വെറ്റിനറി സർജ്ജൻ, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു എൽ.ഡി ക്ലർക്ക്, ഒരു പാർട് ടൈം സ്വീപ്പർ, രണ്ട് അറ്റൻഡർമാർ തുടക്കത്തിൽ 'Key വില്ലേജ്" ആയിരുന്നു. 18-01-1986 ആയപ്പോഴേക്കും സീനിയർ വെറ്റിനറി സർജൻ തസ്തികയായി ഉയർത്തികൊണ്ട് വെറ്റിനറി ഹോസ്പിറ്റൽ നിലവിൽ വന്നു. ആരംഭത്തിൽ പഴയകുന്നുമ്മൽ, മടവൂർ പള്ളിക്കൽ, കിളിമാനൂർ തുടങ്ങിയ പഞ്ചായത്തുകൾ വരെ പ്രവർത്തനം വ്യാപിച്ചിരുന്നു. മടവൂർ, കിളിമാനൂർ, പള്ളിക്കൽ തുടങ്ങിയ പ്രദേശത്ത് പുതിയ മൃഗാശുപത്രികൾ സ്ഥാപിതമായതോടെ പഴയകുന്നുമ്മൽ പഞ്ചായത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. പഴയകുന്നുമ്മൽ പഞ്ചായത്തിൽ മറവക്കുഴിയിലും അടയമണിലുമായി രണ്ട് ബീജസങ്കലന ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഈ ഉപവാസ കേന്ദ്രങ്ങളിൽ നിന്നും ബീജ സങ്കലന പ്രവർത്തനങ്ങളും കന്നുകാലികൾക്ക് പ്രഥമ ചികിത്സാ സൗകര്യങ്ങളും എത്തിക്കുന്നുണ്ട്.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന മൂന്ന് Apcos സഹകരണ സംഘങ്ങൾ (അടയമൺ, പഴയകുന്നുമ്മൽ, തട്ടത്തുമല) എന്നീ സ്ഥലങ്ങളിൽ ഉണ്ട്. ഒരു ഡയറി ഫാമും ഒരു എഗ്ഗർ നഴ്സറിയും ഒരു ബോയിലർ ഫാമും ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

1. 1991-92 കാലയളവിൽ പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം പാപ്പാല കടപ്രവാരം ഹരിജൻ കോളനിയിൽ 15 കോഴിവളർത്തൽ യൂണിറ്റ് ആരംഭിക്കുകയുണ്ടായി. (ഒരു യൂണിറ്റ് 11 കോഴി 14കിലോ തീറ്റ)

2. ഡയറി സ്കീം പഴയ കുന്നുമ്മൽ പഞ്ചായത്ത് - 5 യൂണിറ്റ് (Rs. 4225 x 5 = 22625)

3.ആടുവളർത്തൽ പദ്ധതി 8 യൂണിറ്റ് ( 1 യൂണിറ്റ് 3 ആടു വീതം)

1992-93 ൽ വട്ടപ്പച്ച ഹരിജൻ കോളനിയിൽ 10 യൂണിറ്റ് ആടു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുയുണ്ടായി. 1993-94ൽ അതോടൊപ്പം തന്നെ വീട്ടു വളപ്പിൽ കോഴി വളർത്തൽ പതിനഞ്ച് യൂണിറ്റ് ആരംഭിക്കുകയുണ്ടായി (7 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 15 യൂണിറ്റ്) 1991-95 കാലയളവിൽ വർഷത്തിൽ 2 വീതം 10 ഗോ രക്ഷാ ക്യാമ്പുകൾ നടത്തുകയും സ്പെഷ്യൽ ലൈവ് സ്റ്റോക്ക് പദ്ധതി അനുസരിച്ച് 1000 കോഴിക്കുഞ്ഞുങ്ങളെ (45 മുതൽ 60 ദിവസം പ്രായമുള്ളത്) 7 പിഗ്ഗറി യൂണിറ്റ് പഞ്ചായത്തിൽ ആരംഭിച്ചു. മൂന്ന് മാസം പ്രായമുള്ള 2 പന്നിക്കുട്ടികൾ വീതം 300 രൂപാവിലയ്ക്ക് നൽകി ഈ കാലയളവിൽ 550 പശുക്കളെ I.R.D.P പദ്ധതി പ്രകാരം വിവിധ ബാങ്കുകളുടെയും സാമ്പത്തിക സഹായത്തോടെ ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 24 മണിക്കൂറും പ്രവർത്തിക്കുന്നതും ആധുനിക ലബോറട്ടറി സൗകര്യങ്ങളും രോഗം ബാധിച്ച മൃഗങ്ങളെ സൗജന്യ നിരക്കിൽ ചികിത്സിക്കുന്നതിനുള്ള സൗകര്യമുള്ളതുമായ ആശുപത്രി വേണം. ഫോണും വാഹനവും ഉണ്ടാകണം.

2. എല്ലാ വാർഡുകളിലും മിൽക്ക് സൊസൈറ്റികൾ സ്ഥാപിക്കുക.

3. ഇപ്പോഴുള്ള ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിച്ച് പോളിക്ലിനിക്ക് ആയി ഉയർത്തുക.

4. പൗൾട്രി സഹകരണ സംഘങ്ങൾ ആരംഭിക്കുക.

5. സ്ലാട്ടർ ഹൗസ് ആധുനിക സൗകര്യങ്ങളോട് കൂടി വിപുലപ്പെടുത്തുക

6. കാലിത്തീറ്റ സൗജന്യ നിരക്കിൽ മിൽക്ക് സൊസൈറ്റി വഴി വിതരണം ചെയ്യുക

7. കോൾഡ് സ്റ്റോറേഡ് സ്ഥാപിച്ച് കോഴി, ബീഫ്, മട്ടൻ വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പാടാക്കുക

8. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർശകർക്ക് സാമ്പത്തിക

സഹായം നൽകുന്നുസ
9. ആടുവളർത്തൽ വില്ലേജുകൾ സ്ഥാപിക്കുന്നതിന് ആട്ടിൻ കുട്ടികളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക
10. കോഴി വളർത്തൽ മുട്ടയും മാംസത്തിനും വേണ്ടി കർഷകർക്ക് സാമ്പത്തിക സഹായം നൽകുക. ഉല്പ്പന്നങ്ങൾ പൗൾട്രിസഹകരണ സംഘങ്ങൾ ശേഖരിക്കുക വിതരണ ശൃംഖല സ്ഥാപിക്കുക
11. കന്നുകുട്ടി പരിപാലനം, നിലവിലുള്ള സ്ഥിതി വിപുലീകരിക്കുക
12. കന്നു കുട്ടികൾക്ക് സൗജന്യ ചികിത്സ, തീറ്റ സൗകര്യം ഏർപ്പെടുത്തുക. സംഘങ്ങൾ വഴി മാംസം വിൽക്കുക
13. പാലിന് ഉയർന്ന വില നൽകുക, തീറ്റവില കുറയും
14. പിഗ്ഗറി യൂണിറ്റുകൾ വ്യാപിപ്പിക്കുക
15. എഗ്ഗർ നഴ്സറി ആരംഭിക്കുക
16. കർഷകന്റെ വീട്ടുപടിക്കൽ ചികിത്സയും ബീജസങ്കലന സൗകര്യവും എത്തിക്കുക
17. സൗജന്യ നിരക്കിൽ മൃഗചികിത്സ സൗകര്യപ്പെടുത്തുക
18. വാർഡുകളിലെ മിൽക്ക് സൊസൈറ്റികളും മൃഗാശുപത്രിയും തമ്മിൽ ഫോൺ വഴിയോ ഇന്റർകോം വഴിയോ ബന്ധപ്പെടുത്തി അടിയന്തിര ചികിത്സാ സൗകര്യം ക്രമീകരിക്കുക
19. കോഴി-താറാവ് കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
20. എബ്രിയോ ട്രാൻസ്ഫർ ടെക്നോളജി ഉപയോഗിച്ച് കൂടുതൽ പാലുല്പാദനക്ഷമതയുള്ള പശുക്കളെ ഉല്പാദിപ്പിക്കുക
21. തീറ്റപുൽകൃഷി വിപുലീകരണത്തിന് നടപടി സ്വീകരിക്കുക
22. സഹകരണ സംഘങ്ങൾ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് തീറ്റയുത്പാദനം നടത്തി വിതരണം ചെയ്യുക
23. എല്ലാ വിഭാഗത്തിലും സാമ്പത്തിക പിന്നോക്കം നിൽക്കുന്നവർക്ക് I.R.D.P സഹായം എത്തിക്കുക.
24. പേ വിഷബാധ നിർമ്മാർജനം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുക
25. കന്നുകാലികൾക്ക് രോഗപ്രതിരോധ കുത്തിവെയ്പ് നൽകുക

മൃഗസംരക്ഷണ മേഖല എന്നു വച്ചാൽ പശു വളർത്തലും പാലുൽപ്പാദനവും മാത്രമാണെന്ന് അബദ്ധധാരണ നമ്മുടെ സംസ്ഥാനത്തിന്റെ ഗവർമെണ്ട് തലം തൊട്ട് താഴെ തട്ടു വരെയുണ്ട്. ഈ ധാരണ തിരുത്തേണ്ടിയിരിക്കുന്നു. ആയതിലേക്ക് മൃഗസംരക്ഷണമേഖലയുടെ മുഴുവൻ സാദ്ധ്യതകളും കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

1. പോഷകപ്രദാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം
2. വ്യവസായ ആവശ്യത്തിനുള്ളതുകൽ, എല്ല്, ജെലാറ്റിൻ ഒസിൻ കൊഴുപ്പ്
3. ഔഷധവ്യവസായം, ഹോർമോൺ, വാക്സിൻ, എൻസൈമുകൾ മുതലായവ
4. പരീക്ഷണശാലയ്ക്കുള്ള മൃഗങ്ങൾ Specific Pathogin free egg
5. ഊർജ്ജസ്രോതസ്സ്
6. പേവിഷ ബാധാ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശുദ്ധമായ മാസോൽപാദനം തുടങ്ങിയ പൊതുജനാരോഗ്യം സംബന്ധിയായ പ്രവർത്തനങ്ങൾ
7. തൊഴിൽ സാദ്ധ്യതകൾ, വരുമാന വർദ്ധനവ്
8. കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കർഷകരുടെ കയ്യിൽ ഭൂരിഭാഗവും ആയതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തമാക്കും.
9. ഈ മേഖലയിൽ 60% അധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

1,55,000 ലിറ്റർ പാൽ വിതരണം ചെയ്യുന്നു. ഉൽപാദകർ ഹോട്ടലുകളിലും അടുത്ത വീടുകളിലും വിൽക്കുന്ന പാൽ 7200 കി.ഗ്രാം ആണ്. ഉൽപാദകന്റെ വീടുകളിൽ മാത്രം 3600കി.ഗ്രാം പാൽ ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിലെ മൊത്തം പാലുൽപ്പാദനം 22800 കി.ഗ്രാം ആണ്. ഈ പഞ്ചായത്തിൽ പബ്ലിക് മാർക്കറ്റിൽ കഴിഞ്ഞ 2 വർഷമായി ഒരു അറവ് ശാല പ്രവർത്തിക്കുന്നുണ്ട്. ഈ അറവു ശാല നവീകരിക്കേണ്ടിയിരിക്കുന്നു. ഈ അറവു ശാലയിൽ പ്രതിമാസം ഉൽപ്പാദിപ്പിക്കപ്പെടുന്ന മാസം ത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

ആടുകളുടെ എണ്ണം പ്രതിവർഷം = 72x15x100
= 1080000.00
2. പശു, എരുമ, പോത്ത് = 600 x 100 x 50 = 3000000.00
3. മുരിക്കുട്ടികൾ = 120 x 50 x 40 = 240000.00
ഉൽപ്പാദിപ്പിക്കുന്ന മാംസം = 76800 കി.ഗ്രാം
മാംസത്തിന്റെ മൂല്യം = 4320000 രൂപാ

മാംസ്യോൽപ്പാദനത്തിനുള്ള 80-90% മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നതാണ്. തൻമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം 3479040 രൂപയാണ്. മാംസ്യോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി ആടു വളർത്തൽ, മുയൽ വളർത്തൽ, പന്നിവളർത്തൽ കാളകുട്ടി പരിപാലനം എന്നിവക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം മാംസ്യോൽപ്പാദന സഹകരണസംഘങ്ങൾ രൂപീകരിച്ചും ശാസ്ത്രീയ അറുവശാലകൾ ബ്ലോക്കു തലത്തിൽ സ്ഥാപിച്ച് ശാസ്ത്രീയമായ പരിശോധന നടത്തിയ മാംസം ഉപോൽപ്പന്നസംസ്കരണശാലയിലൂടെ വിൽക്കുകയും കർഷകർക്ക് പരിശീലനംസ വിജ്ഞാനവ്യാപനം തുടങ്ങിയവ നൽകുകയും ചെയ്യേണ്ടിയിരിക്കുന്നു.

ബ്രോയിലർ കോഴി ഇറച്ചി

പഞ്ചായത്തിൽ ഉപയോഗിക്കുന്ന ബ്രോയിലർ ചിക്കൻ കൂടുതലും മറ്റു സംസ്ഥാനങ്ങളിൽ നിന്നും

എത്തിച്ചേരുന്നതാണ്. ആയതിനാൽ ബ്രോയിലർ കോഴിവളർത്തൽ പദ്ധതി നടപ്പാക്കേണ്ടിയിരിക്കുന്നു.

മുട്ട ഉൽപ്പാദനത്തിൽ നാം വളരെ പിന്നോക്കം പോയിരിക്കുന്നു. ആഭ്യന്തര ഉൽപ്പാദനം 862200 മുട്ട യാണ് മൂല്യം 862200 രൂപാ പുറമേ നിന്നും മുട്ട ഇറക്കുമതി ചെയ്യുന്നു. ആയതിനാൽ ഈ മേഖലയിൽ സ്വയം പര്യാപ്തത ആവശ്യമാണ്. ആയതിലേക്കായി സഹകരണസംഘങ്ങൾ രൂപീകരിച്ച് കോഴി വളർത്തലിൽ പരിശീലനം നൽകി കോഴിക്കുഞ്ഞുങ്ങളേയും,തീറ്റയും നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. കാട, മുയൽ.താറാവ് വളർത്തലിൽ താൽപര്യമുള്ള വരെ കണ്ടുപിടിച്ചും കുഞ്ഞുങ്ങളെ നൽകി പരിശീലിപ്പിച്ചും വിപണനശൃംഖല വികസിപ്പിക്കേണ്ടതാണ്.

തുകൽ ഉൽപ്പാദനം / അറവുശാല ഉപോൽപ്പന്നങ്ങൾ

അറവു ശാലയിൽ നിന്നും കാള, പശു, എരുമ എന്നിവയുടെ തൊലി വിൽക്കുന്ന വകയിൽ 43200 രൂപായും ആട്ടിൻതൊലി വിൽക്കുന്ന വകയിൽ 8640000 രൂപായും ഒരു വർഷം ലഭിക്കുന്നുണ്ട്. ആയതിനാൽ തുകൽ സംസ്കാരണത്തിനും മാംസോൽപ്പന്ന സംസ്കരണത്തിനും സാദ്ധ്യതയുണ്ട്.

ജൈവവളം

കന്നുകാലികളിൽ നിന്നും ലഭിക്കുന്ന ചാണകം ജൈവവളമായി ഉപയോഗിക്കാം. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുവാനും കഴിയുന്നു. കാളകൾ, പോത്തുകൾ ഇവയെ നിലമൊരുക്കാനും വണ്ടി വലിക്കാനും ഉപയോഗിച്ചുകൊണ്ട് മൃഗശക്തി കൂടുതൽ ചൂഷണം ചെയ്യുന്നതിന് കർഷകരെ കൂടുതൽ പ്രേരിപ്പിക്കേണ്ടിയിരിക്കുന്നു. എല്ലാ തുറകളിലും കർഷകർക്ക് പരിശീലനം നൽകുന്നതിലേക്കായി L.M..C യിൽ പ്രത്യേക സൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

കന്നുകാലികളുടെ ആക്സ്മിക മരണമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് സമഗ്ര കന്നുകാലി ഇൻഷുറൻസ് (മാസ്റ്റർ പോളിസി) ഏർപ്പെടുത്തേണ്ടതാണ്)

വന്ധ്യതാ നിവാരണം

പശുക്കളിലും കിടാരികളിലും ഉണ്ടാകുന്ന വന്ധ്യത കണ്ടുപിടിച്ച് ചികിൽസിക്കുവാനുള്ള പ്രത്യേക സെൽ മൃഗാശുപത്രിയോടൊപ്പം ആരംഭിക്കേണ്ടതാണ്.

പേവിഷബാധ നിർമ്മാർജ്ജനം

പഞ്ചായത്ത് മൊത്തത്തിൽ Rabion free zone ആക്കിമാറ്റുന്ന സാമൂഹിക സംഘടനകളുടെയും, നാട്ടുകാരുടെയും പങ്കാളിത്തത്തോടു കൂടി അലഞ്ഞു തിരിയുന്ന നായ്ക്കളെ കൊല്ലുന്നതിനും വീട്ടിൽ വളർത്തുന്ന പട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തി ലൈസൻസ് നിർബന്ധിതമാക്കുന്നതിനും നടപടി ഉണ്ടാവണം. പേവിഷ നിർമ്മാർജനത്തിനുള്ള സമഗ്ര പദ്ധതി ആവിഷ്കരിക്കേണ്ടയിരിക്കുന്നു.

*മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കും അംഗീകാരം നൽകണം*

മൃഗസംരക്ഷണ മേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കുകയും പഞ്ചായത്ത്, ജില്ലാ, സംസ്ഥാന അവാർഡ്കൾ ഏർപ്പെടുത്തുകയും വേണം.

*മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ*

1. ഗുണനിലവാരമുള്ള തീറ്റയുടെ അനിയന്ത്രിതവിലയും ഗുണനിലവാര നിർമ്മാണലബോറട്ടിറികളുടെ അഭാവവും
2. ഉൽപ്പാദകന് കിട്ടുന്ന പാൽവില ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭിക്കുന്നില്ല.
3. വിപണനരംഗത്തെ അപര്യാപ്തത
4. വായ്പ നൽകുന്നതിനുള്ള ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത
5. ഭാരിച്ച ചികിൽസാ ചിലവ്
6. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത
7. ചുരുങ്ങുന്ന തീറ്റപുൽകൃഷി
8. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം
9 അശാസ്ത്രീയമായ മാംസോൽപ്പാദന രീതികൾ
10. വിവിധ ഏജൻസികളുടെ മൃഗസംരക്ഷണപ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ
11. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിൽസ
12. ഈ മേഖലയിലെ കുറഞ്ഞ വനിതാ പങ്കാളിത്തം
13. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രികൾ
14. സമഗ്രപേവിഷനിയന്ത്രണത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം

*സാദ്ധ്യതകൾ :*

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസർങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.
2. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുക.
3. വർഗ്ഗോദ്ധാരണത്തിനു വേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസങ്കലകേന്ദ്രങ്ങൾ ആരംഭിക്കുക
4. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ

ജസംവിതരണസൗകര്യം ഉറപ്പാക്കുകയും വേണം.

5. മൃഗസംരക്ഷണമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായ നടപ്പാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

6. ചികിൽസാ രംഗം രജിസ്ട്രേഷൻ ഉള്ളവർക്കു മാത്രമായി നിജപ്പെടുത്തുക

7. വനിതാസംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുക

8. മൃഗാശുപത്രി വികസനസമിതി രൂപീകരിക്കുക

9. സമഗ്രപേ വിഷനിയന്ത്രണനയം ഉണ്ടാക്കുക

10. മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിച്ച് നൽകുക

***നടപ്പുപദ്ധതികൾ, പോരായ്മകൾ, വേണ്ട മാറ്റങ്ങൾ***

*1.പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി*

ഈ പദ്ധതിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്കു മാത്രമേ കിട്ടുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുകുട്ടികളേയും എരുമക്കുട്ടികളേയും ഉൾപ്പെടുത്തുകയും കാലിത്തീറ്റ വില വർദ്ധനവ് അനുസരിച്ച് സബ് സിഡിസഹായം വർദ്ധിപ്പിക്കുകയും വേണം.

2. *പേവിഷ നിയന്ത്രണ പദ്ധതി*

പേ വിഷ നിയന്ത്രണപദ്ധതി നിർബന്ധമാക്കുക

3. *കാലിരോഗ നിയന്ത്രണ പദ്ധതി*

ഇതിന്റെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകർക്കും പ്രയോജനപ്പെടുത്തുക

4. *ഊർജ്ജിത പന്നി വളർത്തൽ പദ്ധതി*

പന്നികളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളിലെ ആശ്രയിക്കാതെ സ്വകാര്യമേഖലയിൽ നിന്നും പ്രാദേശിക ജീവിത രീതിക്കനുസൃതമായും പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. *ആടുവളർത്തൽ പദ്ധതി*

നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുക സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൾ വഴി ഇതിനു വേണ്ട പച്ചിലത്തീറ്റ നൽകുക

6. ***ഇറച്ചിക്കോഴി വളർത്തൽ പദ്ധതി***

തികച്ചും അസംഘിടതമാണ് ഈ മേഖല. കോഴിക്കുഞ്ഞുങ്ങളുടെയും തീറ്റയുടെയും അമിതവിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും തീറ്റയും കുറഞ്ഞ് വിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.

7. *എഗ്ഗർ നഴസ്റി*

നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സർക്കാർ ഫോമുകളിൽ നിന്നും ലഭ്യമാക്കണം. ഈ പദ്ധതി മറ്റു മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി നടത്തണം.

8. **അടുക്കള മുറ്റത്തെ കോഴിവളർത്താൽ**

ആവശ്യമുള്ളവർക്കുവേണ്ടി രണ്ടു മാസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകണം.

9. **ബീജസങ്കലന സൗകര്യങ്ങൾ**

വർഗ്ഗോദ്ധാരണ ശേഷിയുള്ള 500 പശുക്കൾക്ക് എന്ന കണക്കിൽ കൃത്രിമ ബീജസങ്കലനം കേന്ദ്രങ്ങൾ സ്ഥാപിക്കുക

ഈ മേഖലയിൽ വനിതാ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി ചില നിർദ്ദേശങ്ങൾ

1. മഹിളാ സംഘങ്ങൾ വഴി പശു വളർത്തൽ പദ്ധതി ആരംഭിക്കുക

2. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് – ചെറുകിട ഇറച്ചി കോഴി വളർത്തൽ യൂണിറ്റ് മഹിളാ സംഘടനകൾ വഴി നടപ്പാക്കുക

3. സംസ്കരിച്ച കോഴി ഇറച്ചി, മുട്ട, കോഴി ഇറച്ചിയും ഉപയോഗിച്ചുണ്ടാക്കാവുന്ന വിഭവങ്ങൾ വനിതാസംഘങ്ങൾ വഴി വിതരണം ചെയ്യാവുന്നതാണ്.

4. ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി മൃഗാശുപത്രികൾക്ക് ആവശ്യമുള്ള മരുന്ന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് വാങ്ങി നൽകേണ്ടതാണ്.

***പെൻഷൻ പദ്ധതി***

കറവപ്പശുക്കൾക്ക് രോഗത്തിന് നിദാനമാകുന്നത് പലപ്പോഴും കറവക്കാരാണ്. അതിനാൽ കറവക്കാർക്ക് ശാസ്ത്രീയമായ വിദ്യാഭ്യാസം ശുചിത്വാപാലനബോധവൽക്കരണവും നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. അതു പോലെ 55 വയസ്സിന് മേൽ പ്രായമുള്ള കറവക്കാർക്ക് പെൻഷൻ ആനുകൂല്യത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണം. അവർക്കു വേണ്ട അടിസ്ഥാന

**അനുബന്ധം 1**

| ഇനം | ജനിച്ച കുട്ടികളുടെ എണ്ണം 1995-96 | |
|---|---|---|
| | ആൺ | പെൺ |
| പശു | 1275 | 825 |
| എരുമ | 286 | 230 |

ചികിത്സാ സൗകര്യവും മറ്റാനുകൂല്യങ്ങളും പഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്.

മറ്റുചില പദ്ധതികൾ

കാലിവളർത്തലും പാലുൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്തിലെ ഓരോ വാർഡിലും ഒന്നു വീതം പാൽ സൊസൈറ്റിയും ആവശ്യമായ പാൽ സംഭരണ ശാലകളും സ്ഥാപിക്കണം.

കോഴിക്കൃഷി പരിപോഷിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ 3 പ്രധാന മേഖലകൾ കേന്ദ്രമാക്കി കോഴിമുട്ട സംഭരണ വിതരണ കേന്ദ്രം (സഹകരണ സംഘം) സ്ഥാപിക്കുക. മുട്ട സംഭരണം, വിപണനം, കോഴിത്തീറ്റ ലഭ്യമാക്കൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ഇൻഷുറൻസ് സംവിധാനങ്ങൾ തുടങ്ങി കോഴിക്കൃഷിയുമായി ബന്ധപ്പെട്ട ചുമതലകൾ ഈ സംഘത്തിൽ നിക്ഷിപ്തമായിരിക്കണം. തേനീച്ച വളർത്തൽ, മുയൽകൃഷി സംബന്ധമായ പ്രവർത്തനങ്ങളും ഈ സംഘത്തിനും ചെയ്യാവുന്നതാണ്.

മൃഗങ്ങൾക്കു പടർന്നു പിടിക്കാറുള്ള രോഗങ്ങൾ തടയുന്നതിന് പ്രതിമാസ മെഡിക്കൽ ക്യാമ്പ് വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക

എല്ലാ വാർഡുകളിലും പന്നി വളർത്തൽ യൂണിറ്റ് ആരംഭിക്കണം. പഞ്ചായത്തിലെ ആടുമാടുകളെ ഇൻഷുറൻസ് ചെയ്യുന്ന പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കണം. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ കേന്ദ്രമാക്കി Goat Villages സ്ഥാപിക്കുക



## ക്ഷീരവികസനം

പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കുക, പാലുൽപാദനം കൂടുതൽ ലാഭകരമാക്കുക ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കർഷകർക്ക് എത്തിക്കുക, ക്ഷീരസഹകരണ മേഖല ശക്തമാക്കുക, പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, പുൽകൃഷി പ്രോൽസാഹിപ്പിക്കുക, ദുർബല വിഭാഗത്തിലുള്ള കർഷകർക്ക് പരമാവധി സഹായം എത്തിക്കുക, അഭ്യസ്ത വിദ്യരായ വനിതകൾക്ക് സ്വയം തൊഴിൽ സാദ്ധ്യതകൾ പ്രായോഗികമാക്കുക, ഗ്രാമീണ ജനങ്ങളുടെ ആരോഗ്യപരമായ ഭക്ഷണക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക, പാൽ ഉൽപാദകർക്ക് പരമാവധി വില ലഭ്യമാക്കുക തുടങ്ങിയവയാണ് ക്ഷീരവികസനവകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. ജനകീയ അടിത്തറയോടെ പ്രവർത്തിക്കാൻ ക്ഷീരസഹകരണ സംഘങ്ങളുടെ ഭരണ നിയന്ത്രണവും ക്ഷീരവികസന വകുപ്പൽ നിക്ഷിപ്തമായിരിക്കുന്നു.

ക്ഷീരവികസന ഓഫീസ് (ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്) 17.4.1989 മുതൽ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. കിളിമാനൂർ ബ്ലോക്കലെ 8 പഞ്ചായത്തുകളിലുമായി പ്രവർത്തനം വ്യാപിച്ചിരിക്കുന്നു. ഒരു ഡെയറി എക്സ്റ്റൻഷൻ ഓഫീസും രണ്ട് ഡെയറി ഫാം ഇൻസ്പെക്ടർമാരും സേവനമനുഷ്ഠിക്കുന്നു.

പഞ്ചായത്തിൽ 3 ആനന്ദ് മാതൃകാ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചവരുന്നു.

1. കിളിമാനൂർ ക്ഷീരോൽപാദക സഹകരണ സംഘം Ltd.No.T.161(D) APCOS
2. തട്ടത്തുമല ക്ഷീരോൽപാദക സഹകരണ സംഘം Ltd.No.T.50(D) APCOS
3. അടയമൺ ക്ഷീരോൽപാദക സഹകരണ സംഘം Ltd.No.T.163(D) APCOS

ക്ഷീരസംഘങ്ങൾ മുഖേന പുൽവിത്ത്, കാലിത്തീറ്റ വിളകളായ ചോളം, വൻപയർ എന്നിവയുടെ വിത്തിനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തിവരുന്നു. രാസവള സബ്സിഡി നൽകി വരുന്നു. കൂടാതെ ക്ഷീരകർഷകർക്ക് ധാതു ലവണ മിശ്രിതം, മീനെണ്ണ, ശുദ്ധമായ പാലുൽപാദന കിറ്റ് എന്നിവ സൗജന്യനിരക്കിൽ വിതരണം നടത്തുന്നു ക്ഷീരകർഷക സമ്പർക്ക പരിപാടികൾ, കന്നുകാലി പ്രദർശനങ്ങൾ, ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം ഇവ സംഘടിപ്പിച്ചവരുന്നു. മാതൃകാ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നവർക്ക് 7000/- രൂപ ധനസഹായം നൽകി വരുന്നു. മാതൃകാ കാലി തൊഴുത്തുകൾ നിർമ്മിക്കുന്നവർക്ക് 1250/- രൂപ ധനസഹായം നൽകി വരുന്നു. വ്യവസായികാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നവർക്ക് 15000/- രൂപ ധനസഹായം നൽകിവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തെരഞ്ഞെടുത്ത കോളനികളിൽഡയറി യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. അഭ്യസ്ഥവിദ്യരായ യുവതികൾക്ക് ക്ഷീരോൽപന്ന നിർമ്മാണ വിപണന യൂണിറ്റുകൾ സ്ഥാപിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 21750/- രൂപ ധനസഹായം നൽകി വരുന്നു.

വ്യാവസായികടിസ്ഥാനത്തിലുള്ള രണ്ട് പുൽ കൃഷി തോട്ടങ്ങൾ ഇപ്പോൾ നിലവിലുണ്ട്. SCA പ്രകാരം 1992-93 വർഷം പട്ടപ്പച്ച IHDP കോളനിയിലെ 10 ഉപഭോക്താക്കൾക്ക് ഡയറി യൂണിറ്റിന് 4420/- രൂപ പ്രകാരം 44200/- രൂപ ധനസഹായം നൽകുകയുണ്ടായി. 1993-94, 1995-96

വർഷങ്ങളിൽ ഓരോ മാതൃകാ ഡെയറി യൂണിറ്റുകൾക്ക് 7000/- രൂപ വീതം ധനസഹായം നൽകി.

1995 വർഷം 3 ക്ഷീര സഹകരണ സംഘങ്ങളിലുമായി 183952 ലിറ്റർ പാൽ ശേഖരിക്കുകയുണ്ടായി. ഇതിൽ 77142 ലിറ്റർ പാൽ സംഘങ്ങൾ പ്രാദേശിക വിൽപന നടത്തി. 106809 ലിറ്റർ പാൽ മിൽമയിലേക്ക് അയക്കുകയുണ്ടായി പ്രതിദിനം ഉല്പാദകർ ഹോട്ടലുകളിലും അടുത്ത വീടുകളിലും വിൽക്കുന്ന പാൽ 7200 Kg ആണ്. ഉല്പാദകന്റെ വീടുകളിൽ മാത്രം 3600 ℓ പാൽ ഉപയോഗിക്കുന്നു.

*സാദ്ധ്യതകൾ*

1. എല്ലാ പഞ്ചായത്തുകളിലും ക്ഷീരവികസന ഓഫീസുകൾ സ്ഥാപിക്കുക. നിലവിലുള്ള ഓഫസ് ബ്ലോക്ക് തല ഓഫീസായി നിലനിർത്തുക. വാഹന സൗകര്യം ഏർപ്പെടുത്തക.

2. വ്യാവസായികാടിസ്ഥാനത്തിലുള്ള പുൽ കൃഷിക്ക് പ്രാധാന്യം നൽകുക.

3. 25 സെന്റ് സ്ഥലത്ത് ഇടവിളയായി പുൽകൃഷി ചെയ്യുന്ന മാതൃകാ പുൽകൃഷി തോട്ടങ്ങൾക്ക് ധനസഹായം നൽകണം.

4. കൂടുതൽ മാതൃകാ ഡയറി യൂണിറ്റുകൾ സ്ഥാപിച്ച് പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കണം.

5. മാതൃകാ കാലി തൊഴുത്ത് നിർമ്മിക്കുന്നവർക്ക് നിലവിലുള്ള ധനസഹായം വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് ലഭ്യമാക്കണം.

6. പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ദുർബല വിഭാഗത്തിലുള്ളവർ, വനിതകൾ എന്നിവർക്ക് പശുവാങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം ലഭ്യമാക്കണം.

7. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് അളക്കുന്ന പാലിന്റെ അനുപാതത്തിൽ കാലിത്തീറ്റ സബ്സിഡി നൽകുന്നത് കൂടുതൽ പേരെ സഹകരണ മേഖലയിലേക്ക് ആകർഷിക്കാനുതകുന്നതാണ്.

8. പ്രൈമറി തലത്തിലെ വിദ്യാർത്ഥികളുടെ ബുദ്ധിപരവും ശാരീരികവുമായ വളർച്ചയ്ക്ക് ക്ഷീര സംഘങ്ങളിലൂടെ പാലും പാലുൽപന്നങ്ങളും വിതരണം നടത്തുവാൻ CDS മുഖേന ധനസഹായം ലഭ്യമാകണം.

9. സ്വാശ്രയ ഡയറി പഞ്ചായത്തായി ഉയർത്തുന്നതിലേക്കും കൂടുതൽ ക്ഷീരകർഷകരെ സഹകരണ മേഖലയിൽ കൊണ്ടുവരുന്നതിലേക്കും പാൽസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിച്ച് പഞ്ചായത്തിൽ എല്ലാപേർക്കും ഗുണമേൻമയുള്ള പാൽ ലഭ്യമാക്കണം.

10. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നിലവിലുള്ള ധനസഹായം വർദ്ധിപ്പിച്ച് കൂടുതൽ പാലുൽപന്ന യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

11. പഞ്ചായത്തിലെ 2,8,9 വാർഡുകളിൽ ക്ഷീര സംഘങ്ങൾ രൂപീകരിച്ച് പാൽ ഉൽപാദന മേഖല ശക്തിപ്പെടുത്തണം.

12. നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കണം.

13. ക്ഷീരസംഘങ്ങൾ മുഖേന തുടർന്നും ധാതുലവണ മിശ്രിതം, മീനെണ്ണ ശുദ്ധമായ. പാലുൽപാദന കിറ്റുകൾ എന്നിവ സൗജന്യ നിരക്കിൽ വിതരണം നടത്തണം.

14. ക്ഷീരസംഘങ്ങൾ മുഖേന പച്ചപുൽ, വൈയ്ക്കോൽ, പ്രാദേശികമായിലഭ്യമായ അസംസ്കൃത സാധനങ്ങൾ എന്നിവ ശേഖരിച്ച് സൗജന്യ നിരക്കിൽ വിതരണം നടത്തണം.

15. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികൾ പുൽകൃഷി ചെയ്യുന്നതിലേക്ക് ഉപയോഗപ്പെടുത്തുക.

16. ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാല് പ്രാദേശികമായി കൂടുതൽ വിൽപന നടത്തി ഉൽപാദകന് കൂടുതൽ വില ലഭ്യമാക്കണം. ഉൽപന്നങ്ങൾ നിർമ്മിച്ച് വിറ്റഴിക്കുകയും കൂടുതൽ ലാഭമുണ്ടാക്കുകയും ചെയ്യാം. ഇതിലൂടെ കൂടുതൽ കർഷകരെ പാലുൽപാദന മേഖലയിലേക്ക് കൊണ്ടുവരാനും സാധിക്കുന്നതാണ്.

***ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ സംക്ഷിപ്തമായി വിവരിക്കുന്നു.***

1. എല്ലാവാർഡുകളിലും മിൽക്ക് സൊസൈറ്റികൾ സ്ഥാപിക്കുക, ആവശ്യാനുസരണം.

2. കാലിത്തീറ്റ സൗജന്യ നിരക്കിൽ മിൽക്ക് സൊസൈറ്റി വഴി വിതരണം നടത്തുക.

3. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക

4. പാലിന് ഉയർന്ന വില നൽകുക, തീറ്റവില കുറക്കുക.

5. തീറ്റ പുൽ കൃഷി വിപുലീകരണത്തിന് നടപടികൾ സ്വീകരിക്കുക.

6. സഹകരണ സംഘങ്ങൾ ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് തീറ്റയുൽപാദനം നടത്തി വിതരണം നടത്തുക.

**ക്ഷീരവികസന മേഖലയിലെ പ്രശ്നങ്ങൾ**

1. ക്ഷീരവികസന ഓഫീസിന്റെ പ്രവർത്തനം 8 പഞ്ചായത്തുകളിലുമായി വ്യാപിച്ചിരിക്കുന്നു. എന്നാൽപ്രവർത്തനം വിപുലപ്പെടുത്താൻ മതിയായ ഉദ്യോഗസ്ഥരുടെ എണ്ണം കുറവാണ്.

2. പച്ചപുല്ലിന്റെയും, വൈയ്ക്കോലിന്റെയും ലഭ്യതക്കുറവ്

3. സമീകൃത കാലിതീറ്റയുടെ വില വർദ്ധനവ്

4. ക്ഷീരസംഘങ്ങളും സംസ്കരണശാലകളും തമ്മിലുള്ള ദൂരക്കൂടുതൽ

5. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പാലിന്റെ ലഭ്യതക്കുറവ്.

***ഉൾനാടൻ മത്സ്യബന്ധനം***

**ഉൾനാടൻ മത്സ്യബന്ധനത്തിനും നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട് ജല ഉറവിടങ്ങൾ വിപുലീകരിച്ച് മത്സ്യ കൃഷി നടത്താം. ആദായകരമായ ഒരു തൊഴിൽ എന്ന നിലയ്ക്ക് ഇതിന് മതിയായ പ്രാധാന്യം നൽകണം.**

# വിദ്യാഭ്യാസം



വിദ്യാഭ്യാസം മാർക്കു നേടുന്നതിനും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നതിനും വേണ്ടി മാത്രമുള്ളതാണെന്ന പരിമിതമായ ധാരണ മാറ്റേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്തെ പുരോഗതിയും ജയപരാജയങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്താവുന്നതല്ല. വിദ്യാഭ്യാസം കൊണ്ടുള്ള പ്രയോജനം ലക്ഷ്യം എന്നിവയെ സംബന്ധിച്ചുള്ള പരമ്പരാഗത ധാരണകൾ മാറി വരേണ്ടതുണ്ട്. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന് പലപോരായ്മകളുമുണ്ട്. പരീക്ഷയെയും മാർക്കിനെയും മാത്രം മുൻനിർത്തിയുള്ള അദ്ധ്യാപന രീതി തന്നെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയ്ക്കുകയാണു ചെയ്തിട്ടുള്ളത്. പാഠപുസ്തകങ്ങളിൽ നിന്നും പരീക്ഷക്കു ചോദിക്കാവുന്ന ചോദ്യോത്തരങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പഠനരീതി തന്നെ ഒരു വിലയ പോരായ്മയാണ്. നിലവിലുള്ള പാഠഭാഗങ്ങൾ തയ്യാറാക്കി ഉൾപ്പെടുത്തിയിരിക്കുന്നതിലും അപാകതകളുണ്ട്. വിവിധ വിഷയങ്ങളിൽ ഭാരവും വലിപ്പവുമുള്ള പുസ്തകങ്ങൾ പഠിച്ച് പത്താം തരം കഴിയുമ്പോഴും ഒരു വിദ്യാർത്ഥി അത്യാവശ്യം അറിഞ്ഞിരിക്കേണ്ട വലതും പഠിച്ചിട്ടുണ്ടാവില്ല. സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മാത്രമല്ല കോളജു വിദ്യാഭ്യാസത്തിന്റെ സ്ഥിതിയും ഇതിൽ നിന്നും വിഭിന്നമല്ല. കൂടുതൽ സാമൂഹ്യബോധവും, നേതൃത്വവാസനയും, തൊഴിൽവൈദഗ്ധ്യവുമുള്ള ഒരു തലമുറയെ സൃഷ്ടിക്കാനുതകും വിധം പാഠ്യപദ്ധതികളും പരീക്ഷാസമ്പ്രദായങ്ങളും പരിഷ്കരിക്കേണ്ടിയിരിക്കുന്നു. 'കാണാപാഠം രീതി' മാറണം. കാര്യങ്ങൾ മനസ്സിലാക്കി പഠിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയണം. എഴുത്ത് പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് മാത്രമാകരുത്, അറിവിന്റെ മാനദണ്ഡം. എഴുത്തുപരീക്ഷയോടൊപ്പം വാച്യപരീക്ഷയും തൊഴിൽ പരീക്ഷയും മറ്റുമുണ്ടാകണം. സ്കൂളുകളിലൂടെയും കോളജുകളിലൂടെയും മറ്റും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിൽ മാത്രം ഒതുക്കി നിർത്താവുന്നതല്ല വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ. വിവിധ വിഷയങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിലും അത്യാവശ്യം അറിവു പകർന്നുകൊടുക്കുന്നതിലുള്ള വിദ്യാഭ്യാസപരിപാടികളും അവിഷ്ക്കരിച്ചു നടപ്പിൽ വരുത്തേണ്ടതുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ തന്നെ വിദ്യാഭ്യാസരംഗത്ത് പല പ്രശ്നങ്ങളുമുണ്ട്. പഞ്ചായത്തു പ്രദേശത്തിലെ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുണപരമായ പല മാറ്റങ്ങളും വരുത്തേണ്ടതായിട്ടുണ്ട്. നമ്മുടെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസപരമായ എല്ലാ പ്രവർത്തനങ്ങളിലും ശരിയായ ജനകീയ ഇടപെടൽ അനിവാര്യമാണ്. സമസ്തമേഖലകളിലുമെന്നപോലെ വിദ്യാഭ്യാസമേഖലയിലും വമ്പിച്ച ജനകീയ ഇടപെടലുകളും ജനപങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതു

ണ്ട്. പഞ്ചായത്തു പ്രദേശത്തെ വിദ്യാഭ്യാസമേഖലയുടെ വികസനത്തിനു വേണ്ടിയുള്ള കർമ്മ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിന് പഞ്ചായത്തിൽ മൊത്തത്തിൽ ഒരു പഞ്ചായത്തു വിദ്യാഭ്യസ വികസന സമിതി രൂപീകരിക്കണം. ഓരോ സ്കൂളുകളിലും പി.ടി.എ ക്കു പുറമെ പ്രാദേശികമായി നാട്ടുകാരുടേതായ ഓരോ വിദ്യാലയസമിതികൾ ഉണ്ടാക്കണം. പഞ്ചായത്തു വിദ്യാഭ്യാസ വികസന സമിതിയുടെ സ്വതന്ത്ര ചുമതലയുള്ള ഘടകയൂണിറ്റുകളെന്ന നിലയിലും പ്രാദേശികവിദ്യാലയ സമിതികൾക്ക് പ്രവർത്തിക്കാവുന്നതാണ്. വിദ്യാലയ സമിതികൾ മാസംതോറും യോഗം ചേരണം. ഓരോ പരീക്ഷയ്ക്കും മുന്നോടിയായി വിദ്യാലയസമിതി നിർബന്ധമായും യോഗം ചേരണം. സ്കൂളിലെ പഠനനിലവാരം, സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങി സ്കൂളിന്റെ എല്ലാ ക്ഷേമപ്രവർത്തനങ്ങളിലും പി.ടി.എ ക്കെന്ന പോലെ വിദ്യാലയസമിതിക്കും ഉത്തരവാദിത്വമുണ്ടാകണം. ഹെഡ്മാസ്റ്റർ, അദ്ധ്യാപക പ്രതിനിധികൾ, പി.ടി.എ പ്രതിനിധികൾ വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരും വിദ്യാലയ സമിതിയിൽ ഉണ്ടാകണം. മാസം തോറും സ്കൂളിലെ കുട്ടികളുടെ പഠനനിലവാരം, ഹാജർനിലവാരം എന്നിവ ക്ലാസ് തിരിച്ച് സമിതിയോഗത്തിൽ ചർച്ചാവിഷയമാക്കണം. പോരായ്മകൾ ശ്രദ്ധയിൽ പെടുത്തണം. സമയോചിതമായി സ്കൂളുകളിൽതന്നെ ഏതെങ്കിലും വിഷയത്തെ അടിസ്ഥാനമാക്കിയുള്ള സമാന്തരക്ലാസുകൾ സംഘടിപ്പിക്കണം. അദ്ധ്യാപകർക്ക് മനഃപരിശീലനത്തിന് സ്ഥിരമായ സാവിധാനം ഉണ്ടാകണം.വിദ്യാലയ സമിതി യോഗത്തിനു മുമ്പാകെ സ്കൂളിലെ ഏതൊരദ്ധ്യാപകനെ/അദ്ധ്യാപികയെ ക്ഷണിച്ചാലും എത്തിച്ചേരണ്ടതാണ്. അദ്ധ്യാപകരുടെ കൃത്യനിഷ്ഠത, പെരുമാറ്റം, അദ്ധ്യാപനശേഷി മുതലായവ വിദ്യാലയസമിതി പരിശോധിക്കണം.ഇടയ്ക്കിടെ കുട്ടികളുടെ നിലവാരം നേരിട്ട് പരീക്ഷിച്ചറിയണം. കൂടാതെ അക്ഷരക്ലാസുകൾ യഥാസമയം സംഘടിപ്പിച്ച് കുട്ടികൾക്കിടയിലെ നിരക്ഷരത പരിഹരിക്കണം.

സ്കൂൾ കുട്ടികളുടെ സാഹിത്യ വാസന പ്രോത്സാഹിപ്പിക്കുന്നതിന് കയ്യെഴുത്തു മാസികകൾ തുടങ്ങണം. ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്കെന്നപോലെ വർഷംതോറും എറ്റവും നല്ല വിദ്യാർഥി സാഹിത്യകാരനും (സാഹിത്യകാരിക്കും) അവാർഡ് ഏർപ്പെടുത്തണം. താല്പര്യമുള്ള കുട്ടികൾക്ക് സംഗീതത്തിലും മറ്റ് കലകളിലും പരിശീലനം നൽകാൻ കഴിയണം.

വിദ്യാഭ്യാസരംഗത്ത് മഹത്തായ ഒരു പാരമ്പര്യം നമ്മുടെ പഞ്ചായത്തിന് അവകാശപ്പെടാവുന്നതാണ്. നാടിന്റെ പുരോഗതിയിൽ ബദ്ധശ്രദ്ധരായിരുന്ന നാട്ടുകാരുടെ ഐക്യബോധത്തിന്റേയും, അർപ്പണബോധത്തിന്റേയും, അക്ഷീണപ്രവർത്തനങ്ങളുടേയും ഫലമാണ് നമ്മുടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ച് പുരോഗമിച്ച് നിലനിൽക്കുന്ന വിദ്യാലയങ്ങൾ സ്ഥാപനകാലത്ത് മിക്ക സ്കൂളികൾക്കും സ്വന്തമായ സ്ഥലമോ, സുരക്ഷിമായ കെട്ടിടങ്ങളോ, വേണ്ടത്ര പഠനോപകരണങ്ങളോ ഉണ്ടായിരുന്നില്ല നാട്ടുകാരുടെ പരിശ്രമങ്ങൾ കൊണ്ട് അനനത്തെ ദുരവസ്ഥകളിൽ നിന്നും വിദ്യലയങ്ങളെ ഗണനീയമായ പുരോഗതിയിലേക്ക് നയിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ സ്കൂളുകൾക്കും സ്വന്തമായ സ്ഥലമുണ്ട്. കെട്ടിടങ്ങളുടെ കാര്യത്തിലും ചെറുതല്ലാത്ത പുരോഗതിയുണ്ടായെങ്കിലും അപര്യാപ്തതകൾ നിലനിൽക്കുകയാണ് പഠനോപകരണങ്ങളുടെയും മറ്റു ഭൗതിക സാഹചര്യങ്ങളുടെയും കാര്യത്തിലും പൂർണ്ണത കൈവരിച്ചിട്ടില്ല. അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ട്. ഗവഃ സ്കൂളായ കിളിമാനൂർ ൌൺ യു.പി.എസ് ആണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ. യു.പി.എസ് ആയി ആരംഭിച്ച തട്ടത്തുമല സ്കൂൾ കാലക്രമേണ ഹൈസ്കൂളായി ഉയർന്നു. ഇതാണ് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ഏക ഹൈസ്കൂൾ. എന്നാൽ പഞ്ചായത്തിന്റെ വടക്കു പകുതി വരുന്ന ഭാഗത്തുള്ള കുട്ടികൾക്ക് മാത്രമാണ് ഇത് കൂടുതൽ പ്രയോജനപ്പെടുന്നത്. എങ്കിലും സമീപത്തുള്ള കിളിമാനൂർ, നിലമേൽ, കടയ്ക്കൽ പഞ്ചായത്തുകളിലെ നല്ലൊരു വിഭാഗം കുട്ടികൾ തട്ടത്തുമല സ്കൂളിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. പഴയകുന്നുമ്മേൽ പഞ്ചായത്തിന്റെ തെക്കേ പകുതി ഭാഗങ്ങളിലുള്ള കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കിളിമാനൂർ പഞ്ചായത്തിലെ സ്കൂളുകളെയാണ് ആശ്രയിക്കുന്നത്. തൊളിക്കുഴി എസ്.വി.എൽ.പി.എസ്, അടയമൺ ഗവ:എൽ.പി.എസ്, പാപ്പാല ഗവ: എൽ.പി.എസ്, അടയമൺ പ്രൈവറ്റ് യു.പി.എസ്, എന്നിവയാണ് പഞ്ചായത്തിലെ മറ്റു സ്കൂളുകൾ. കിളിമാനൂർ ടൗണിൽ ഉള്ള വയുൾപ്പെടെ നമ്മുടെ പഞ്ചായത്തിൽ 12-ഓളം പാരലൽ കോളജുകൾ ശ്രദ്ധാർഹമായ സേവനമാണ് നടത്തുന്നത്. അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായ ചെറുപ്പക്കാർ ഈ രംഗത്ത് കാര്യമായ സംഭാവനയാണ് നൽകുന്നത്. തൊഴിൽരഹിതരായ അഭ്യസ്ഥവദ്യരിൽ നല്ലൊരു വിഭാഗത്തിന്റെ ആശ്വാസകേന്ദ്രങ്ങളാണ് പാരലൽ കോളജുകൾ. ഈ മേഖലയിൽ പ്രി. പ്രൈമറി ക്ലാസുമുതൽ കോളജു ക്ലാസുകൾ വരെ നടത്തിവരുന്നു. കിളിമാനൂർ ഗോദവർമ്മ വിലാസം ഗ്രന്ഥശാല, തട്ടത്തുമല കെ.എം.ലൈബ്രറി, അടയമൺ പുലരി, വായനശാല, തൊളിക്കുഴി ജനത വായനശാല തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങൾ അനൗ

പചാരിക വിദ്യാഭ്യാസരംഗത്ത് മഹനീയമായ സേവനം പാരമ്പര്യം നിലനിർത്തിപ്പോരുന്നു. കൂടാതെ സാക്ഷരതായജ്ഞത്തിലൂടെ 97 ശതമാനം സാക്ഷരത നേടിയിട്ടുള്ള പഞ്ചായത്തുമാണ് നമ്മുടേത്. ഇന്ന് സാക്ഷരതാപ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്.

പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള വികസന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു. ചില വികസനാവശ്യങ്ങൾ പ്രശ്നരൂപത്തിൽ അവതരിപ്പിക്കാതെയും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

***പ്രശ്നങ്ങൾ:-***

1. കിളിമാനൂരിൽ ഒരു കോളേജ് ഇല്ല.
2. കിളിമാനൂരിൽ ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഇല്ല.
3. മഞ്ഞപ്പാറ മേഖലയിൽ സ്കൂൾ ഇല്ല.
4. വണ്ടന്നൂർ മേഖലയിൽ സ്കൂൾ ഇല്ല.
5. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ തട്ടത്തുമല ഗവ: ഹൈസ്കൂളിൽ സ്ഥല സൗകര്യമുണ്ടെങ്കിലും +2 കോഴ്സ്, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നിവയില്ല
6. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ വടക്കരികിൽ തട്ടത്തുമലയിലാണ് സ്ഥിതി ചെയ്യുന്നത്. മറ്റു ഭാഗങ്ങളിലുള്ള കുട്ടികളിൽ നല്ലൊരു പങ്കും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ദൂരമുള്ള സമീപ പഞ്ചായത്തിലെ സ്കൂളുകളെയാണ് ആശ്രയിക്കുന്നത്.
7. തട്ടത്തുമല ഗവ: ഹൈസ്കൂളിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. പഠനനിലവാരം മെച്ചപ്പെടേണ്ടതുമുണ്ട്. വിജയശതമാനം കുറവാണ്. ഇവിടെ ആവശ്യത്തിന് അനുസരിച്ച് ഫർണീച്ചറുകൾ, പഠനോപകരണങ്ങൾ, പാചകമുറി, കക്കൂസ്, മൂത്രപ്പുര, ജലവിതരണം എന്നിവയില്ല. കളിസ്ഥലത്തിന്റെ വിസ്തൃതി പരിമിതമാണ്. വഴിസൗകര്യം കൂടുതൽ മെച്ചപ്പെടുത്തണം. ചുറ്റുമതിൽ പൂർണ്ണമല്ല.
8. അടയമൺ ഗവ: എൽ.പി.എസിൽ ഇനിയും വൈദ്യുതിയെത്തിയിട്ടില്ല. ആഴം കൂടിയ കിണറാണുള്ളതെങ്കിലും പമ്പുസെറ്റില്ല. യഥാസമയം അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. ചുറ്റുമതിലില്ല. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളാണ്. രക്ഷകർത്താക്കളുടെ ഉദാസീനത കാരണം കുട്ടികൾ ഇടയ്ക്കിടെ പഠനം നിർത്തുന്ന പ്രവണതയുണ്ട്.
9. നമ്മുടെ പഞ്ചായത്തിൽ പഠന നിലവാരത്തിൽ മുന്നിൽ നിൽക്കുന്ന കിളിമാനൂർ ടൗൺ യു.പി.എസിൽ അക്കാഡമിക് സൗകര്യങ്ങൾ കുറവാണ്. ആവശ്യത്തിന് കെട്ടിടങ്ങൾ, കളിസ്ഥലം, ഫർണീച്ചർ, സ്റ്റാഫ്റൂം ഇവയില്ല. ചുറ്റുമതിൽ പൂർണ്ണമല്ല.
10. പാപ്പാല ഗവ: എൽ.പി.എസിന് ഏറെ പരാധീനതകൾ ഉണ്ട്. ചുറ്റുമതിൽ ഇല്ല. സാമൂഹ്യവിരുദ്ധശല്യം അനുഭവപ്പെടുന്നു. പൈപ്പ് അത്യാവശ്യമാണ്. പാചകമുറിയും ഇല്ല. പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾ ധാരാളം പടിക്കുന്ന സ്കൂളാണ്. പഠനോപകരണങ്ങൾ, ലൈബ്രറി, ലാബ്, ഫർണീച്ചറുകൾ എന്നിവയിൽ അപര്യാപ്തത നിലനിൽക്കുന്നു.
11. അടയമൺ മാനേജ്മെന്റ് യു.പി.എസിൽ വാഹനം ചെല്ലാനുള്ള വഴി സൗകര്യം ഇല്ല. വൈദ്യുതിയില്ല. കുന്നിൽമുകളിൽ സ്ഥിതിചെയ്യുന്ന സ്കൂളിലെ കളിസ്ഥലം മണ്ണൊലിപ്പു മൂലം നശിക്കുന്നു. ഫർണീച്ചറുകൾ, പഠനോപകരണങ്ങൾ, ലാബ്, ലൈബ്രറി സൗകര്യങ്ങളിൽ പോരായ്മകളുണ്ട്.
12. മാനേജുമെന്റ് സ്കൂളായ തൊളിക്കുഴി എസ്.വി.എൽ.പി എസിൽ ക്ലാസ്മുറികൾ വേർതിരിക്കുന്നതിനുള്ള സംവിധാനമില്ല. ഫർണീച്ചർ റിപ്പയറിംഗ് വളരെക്കാലമായി നടക്കാത്തതിനാൽ കുട്ടികൾ ഇരിക്കാൻ ബുദ്ധിമുട്ടുന്നു. സ്കൂളിലേയ്ക്കുള്ള വഴി ഇടുങ്ങിയതാണ്. ചുറ്റുമതിലില്ല. ലൈബ്രറി, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടണം. സ്കൂളിൽ കുട്ടികൾ കൂടി വരുന്നുണ്ട്.എന്നാൽ മാനേജ്മെന്റിന്റെ പ്രവർത്തനം നിർജ്ജീവമാണ്.
13. സ്കൂളുകളിലൂടെ കുട്ടികളുടെ സ്വഭാവ രൂപീകരണം ശരിയായി നടക്കുന്നില്ല.
14. കുട്ടികൾക്ക് സ്വന്തം പ്രദേശത്തെക്കുറിച്ച് അറിവു പകരുന്നതിന് നിലവിലുള്ള സിലബസുകളിൽ സ്ഥാനമില്ല.
15. പാഠപുസ്തകങ്ങൾ കാണാപ്പാഠം പഠിപ്പിക്കുന്ന രീതിയല്ലാതെ ഒരു കൈത്തൊഴിലുപോലും കുട്ടികളെ പഠിപ്പിക്കുന്നില്ല.
16. വാച്യപരീക്ഷയുടെ അഭാവം.
17. കലാ-സാഹിത്യ പരിപോഷണത്തിന് കാര്യമായ പ്രധാന്യം ലഭിക്കുന്നില്ല.
18. കായികക്ഷമത വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.
19. മോഡറേഷൻ സമ്പ്രദായം പഠിക്കാനുള്ള ഉത്സാഹത്തെ മന്ദീഭവിപ്പിക്കുന്നു.
20. നിലവിലുള്ള പഠന രീതി ഉല്ലാസകരമല്ല.
21. വിദ്യാഭ്യാസ രംഗത്ത് ജനകീയ ഇടപെടൽ ആവശ്യമാണ്. പഞ്ചായത്തിൽ മൊത്തത്തിൽ വിദ്യാഭ്യാസ വികസന സമിതിയുടേയും സ്കൂളുകളുള്ള സ്ഥലങ്ങളിൽ പ്രാദേശിക വിദ്യാലയ സമിതികളുടെയും ആവശ്യമുണ്ട്.

***പരിഹാരനിർദ്ദേശങ്ങൾ:-***

1. ഉപരിപഠന സൗകര്യത്തിന് കിളിമാനൂരിൽ ഒരു ഗവ: കോളേജ് സ്ഥാപിക്കണം.
2. മഞ്ഞപ്പാറയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കണം. 1980 ൽ മഞ്ഞപ്പാറ കുതിരത്തടത്തിൽ ഒരു ഗവൺമെന്റ് സ്കൂൾ അനുവദിച്ചെങ്കിലും നടപ്പായില്ല.
4. വണ്ടന്നൂരിൽ ഒരു എൽ.പി.സ്കൂൾ സ്ഥാപിക്കണം.

5. തട്ടത്തുമല ഗവ: ഹൈസ്കൂളിൽ +2 കോഴ്സും, വൊക്കേഷണൽ ഹയർസെക്കണ്ടറിയും ആരംഭിക്കണം. ഇതിനുള്ള സൗകര്യം ഇവിടെയുണ്ട്.

6. അടയമൺ മേഖലയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണം.

7. തട്ടത്തുമല ഗവ: ഹൈസ്കൂളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ആവശ്യത്തിനനുസരിച്ച് ഫർണീച്ചറുകൾ, പഠനോപകരണങ്ങൾ ഇവ നിർമ്മിച്ചു നൽകാൻ കഴിയണം. ഒരു പാചകമുറി നിർമ്മിക്കണം. രണ്ട് കക്കൂസുകളും, രണ്ട് മൂത്രപ്പുരകളും കൂടി നിർമ്മിക്കണം. ജലലഭ്യതയിലെ അപാകതകൾ പരിഹരിക്കണം. കളിസ്ഥലം നിർമ്മിക്കണം. ചുറ്റുമതിൽ പൂർണ്ണമാക്കണം. എം.സി. റോഡിൽ നിന്നും സ്കൂളിന്റെ മുന്നിനില കെട്ടിടം വരെയുള്ള വഴി ടാർ ചെയ്യണം. പഠന നിലവാരം മെച്ചപ്പെടുത്തണം. കമ്പ്യൂട്ടർ കോഴ്സ് തുടങ്ങണം.

8. അടയമൺ ഗവ: എൽ.പി.എസിൽ വൈദ്യുതിയെത്തിക്കണം. ആഴം കൂടിയ കിണറായതിനാൽ ഉടൻ പമ്പു സെറ്റ് സ്ഥാപിക്കേണ്ടതുണ്ട്. കക്കൂസും, മൂത്രപ്പുരയും അത്യാവശ്യം. പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ചുറ്റുമതിൽ നിർമ്മിക്കണം. കെട്ടിടത്തിന്റെയും ഫർണീച്ചറുകളുടേയും അറ്റകുറ്റപ്പണികൾ നടത്തണം. കുട്ടികൾ ഇടയ്ക്കിടെ പഠനം നിർത്തുനനതു തടയാൻ കുട്ടികളിലും രക്ഷാകർത്താക്കളിലും ബോധവൽക്കരണം നടത്തണം. പഠന നിലവാരം ഉയർത്തനം. ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി.എസ് ആക്കണം.

9. കിളിമാനൂർ ടൗൺ യു.പി.എസിൽ അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ആവശ്യത്തിന് കെട്ടിടം നിർമ്മിക്കണം. കളിസ്ഥലം നിർമ്മിക്കണം, ചുറ്റുമതിൽ പൂർണ്ണമാക്കണം ഇത് ഹൈസ്കൂളായി ഉയർത്തണം.

10. പാപ്പാല ഗവ: എൽ.പി.എസിൽ ചുറ്റുമതിൽ നിർമ്മിക്കണം. സാമൂഹ്യ വിരുദ്ധശല്യം അവസാനിപ്പിക്കുവാൻ നടപടികൾ ഉണ്ടാകണം. പൈപ്പ് അടിയന്തിരമായി സ്ഥാപിക്കണം. പാചകമുറി നിർമ്മിക്കണം. പഠനോപകരണങ്ങൾ, ലൈബ്രറി, ലാബ്, ഫർണീച്ചറുകൾ മുതലായവയുടെ അപര്യാപ്തതകൾ പരിഹരിക്കണം. ഇരുനില കെട്ടിടം നിർമ്മിച്ച് സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി.എസ് ആക്കണം.

11. അടയമൺ മാനേജ്മെന്റ് യു.പി.എസിൽ വാഹനം ചെല്ലാൻ കഴിയുന്നവിധത്തിൽ വഴി സൗകര്യമുണ്ടാക്കണം. വൈദ്യുതിയെത്തിക്കണം. കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന സ്കൂളിന്റെ കളിസ്ഥലം മണ്ണൊലിപ്പു മൂലം നശിക്കുന്നതു തടയണം. ഫർണീച്ചറുകൾ, പഠനോപകരണങ്ങൾ, ലാബ്, ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

12. മാനേജ്മെന്റ് സ്കൂളായ തൊളിക്കുഴി എസ്.വി.എൽ.പി എസിൽ ക്ലാസ് മുറികൾ വേർതിരിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഫർണീച്ചർ റിപ്പയറിംഗ് നടത്തണം. സ്കൂളിലേക്കുള്ള ഇടുങ്ങിയ വഴിയുടെ വിസ്തൃതി വർദ്ധിപ്പിക്കണം. ലൈബ്രറി, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടണം. സ്കൂളിന്റെ വികസനാവശ്യങ്ങളിൻമേൽ മാനേജ്മെന്റ് കൂടുതൽ ശ്രദ്ധചെലുത്തുന്നതിന് നടപടികളുണ്ടാകണം.

13. കുട്ടികളിൽ ശരിയായ സ്വഭാവ രൂപീകരണത്തിനു വേണ്ടി ആഴ്ചയിൽ ഒരു പീരീഡ് ഉണ്ടാകണം

14. പുസ്തകത്തിലൂടെ പല ലോക കാര്യങ്ങളും കുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ സ്വന്തം പ്രദേശത്തെക്കുറിച്ചും സമീപ പ്രദേശത്തെക്കുറിച്ചും കുട്ടികൾ വേണ്ടത്ര മനസ്സിലാക്കുന്നില്ല. അതിനാൽ പാഠപുസ്തകങ്ങളിലെ സിലബസിൽ പ്രാദേശിക പഠനം അനുബന്ധമായി ചേർക്കണം. ഇത് 9–ാം ക്ലാസ് വരെ മതിയാകും. പത്താം ക്ലാസിലെ പൊതു പരീക്ഷയിൽ പ്രാദേശിക പാഠങ്ങളിൽ നിന്ന് ചോദ്യങ്ങൾ ചോദിക്കാനും, മാർക്കിടുവാനും ബുദ്ധിമുട്ടുണ്ടാകും. അതിനാൽ 9–ാം ക്ലാസ് വരെയെങ്കിലും കുട്ടികൾക്ക് സ്വന്തം പഞ്ചായത്ത് ബ്ലോക്ക് പ്രദേശങ്ങളെക്കുറിച്ചും സമീപ പഞ്ചായത്ത് ബ്ലോക്ക് പ്രദേശങ്ങളെക്കുറിച്ചും പഠിക്കുവാൻ അവസരമുണ്ടാകണം. സ്ഥലങ്ങളുടെ പ്രത്യേകതകൾ, ചരിത്രപ്രാധാന്യങ്ങൾ, മണ്ണിന്റെയും കൃഷിയുടെയും സ്വഭാവങ്ങൾ, ഗതാഗതം, സംസ്കാരം മുതലായവയെക്കുറിച്ചൊക്കെ പഠിപ്പിക്കണം. ഇതിന് ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പഠനപര്യടനങ്ങളും സംഘടിപ്പിക്കണം. സ്വന്തം പഞ്ചായത്തിന്റെ ആസ്ഥാന പട്ടണം പോലും ശരിക്കു കണ്ടിട്ടില്ലാത്ത കുട്ടികളെ ഊട്ടിയിലും കൊടൈക്കനാലിലും മറ്റും ടൂറിനു കൊണ്ടു പോകുന്നതിൽ യാതൊരർഥവുമില്ല. ആദ്യം സ്വന്തം ദേശം കണ്ടറിയട്ടെ. പുറംലോകം പിന്നെ കാണാം.

15. ഓരോ കുട്ടിയെയും എന്തെങ്കിലും ഒരു തൊഴിലുകൂടി സ്കൂളുകളിൽ പഠിപ്പിക്കണം.

16. എഴുത്ത് പരീക്ഷയോടൊപ്പം വാച്യ പരീക്ഷകളും, തൊഴിൽ പരീക്ഷയും മറ്റും ഏർപ്പെടുത്തണം.

17. കുട്ടികളുടെ കലാസാഹിത്യവാസനകൾ പരിപോഷിപ്പിക്കുന്നതിന് സാഹിത്യസമിതികൾ സ്കൂളുകളിൽ രൂപീകരിക്കണം. കൈയ്യെഴുത്ത് മാസികകൾ തുടങ്ങണം. വർഷം തോറും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്കെന്നപോലെ ഏറ്റവും നല്ല വിദ്യാർത്ഥി സാഹിത്യകാർക്കും അവാർഡുകൾ ഏർപ്പെടുത്തണം. സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് കവിയരങ്ങ്, കഥയരങ്ങ് തുടങ്ങിയവ സംഘടിപ്പിക്കണം. സംഗീതം, നൃത്തം, നാട്യം തുടങ്ങിയ വിവിധ കലകൾ പരിശീലിപ്പിക്കുന്നതിന് സ്കൂളുകളിൽ സംവിധാനമുണ്ടാകണം. ആഴ്ചയിൽ ഒരു ദിവസം കലാസാഹിത്യ പീരീഡ് ഉണ്ടാകണം (സാധാരണ പഠന സമയം കഴിഞ്ഞ് ഒരു മണിക്കൂർ

(ആഴ്ചയിൽ ഒരു ദിവസം) ഇതിനെ ടുത്താലും മതിയാകും).

18. കൂടുതൽ കായികോപകരണങ്ങൾ സ്കൂളുകളിൽ ഉണ്ടാകണം. ഓരോ ക്ലാസിലും മാസത്തിൽ ഒരു ദിവസം അവസാനത്തെ രണ്ട് മണിക്കൂർ കായിക പ്രവർത്തനങ്ങൾക്ക് കണ്ടെത്തണം.

19. ചാറയത്ത് ഒരു ഗവ: എൽ.പി., സ്കൂൾ സ്ഥാപിക്കണം.

20. എല്ലാ എൽ.പി.സ്കൂളുകളിലും പ്രീ.പ്രൈമറി ആരംഭിക്കണം.

21. സ്കൂൾ കോംപ്ലക്സുകൾ സ്ഥാപിക്കണം.

22. വിദ്യാഭ്യാസ രംഗത്ത് ശരിയായ ജനകീയ ഇടപെടൽ ആവശ്യമാണ്. പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കണം, സ്കൂളുകൾ ഉള്ള സ്ഥലങ്ങളിൽ പ്രാദേശിക വിദ്യാലയ സമിതികൾ രൂപീകരിക്കണം.

23. പഠനരീതി കൂടുതൽ ഉല്ലാസകരമാക്കുന്നതിനും അതിലൂടെ കുട്ടികൾക്ക് പഠിക്കാനുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തണം.

24. സാക്ഷരതാ പ്രവർത്തനം സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുക.

## സാക്ഷരത

വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉണ്ടാകണമെങ്കിൽ അവർ സാക്ഷരരായിരിക്കണമെന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് 1990-91 കാലഘട്ടങ്ങളിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാർ സാക്ഷരതാ യജ്ഞം എന്ന മഹത്തായ പരിപാടിക്ക് തുടക്കം കുറിച്ചത്. ലോകത്ത് ആദ്യമായാണ് ജനങ്ങളുടെ സഹകരണത്തോട് കൂടി ഇത്തരത്തിൽ ഒരു പരിപാടി നടപ്പാക്കിയത്. ഇപ്പോൾ മഹത്തായ മറ്റൊരു പരിപാടിക്ക് വീണ്ടും തുടക്കം കുറിച്ചിരിക്കുകയാണല്ലോ.

കേരളം ഒരു സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കുവാനുള്ള ഇടതുപക്ഷ സർക്കാരിന്റെ 1990-91 കാലത്തെ പ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്ത് സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. K.M. ജയദേവൻ മാസ്റ്ററുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് കമ്മിറ്റി കേരള സർക്കാരിന്റെ ഈ മഹത്തായ പരിപാടിക്ക് എല്ലാവിധ പ്രവർത്തനങ്ങളും സംഘടിപ്പിച്ച് ഒന്നാം ഘട്ടം വിജയിപ്പിക്കുക തന്നെ ചെയ്തു. 1990 ഏപ്രിൽ 8-ാം തീയതി ഒരൊറ്റ ദിവസം കൊണ്ട് കേരളത്തിലെ മുഴുവൻ നിരക്ഷരരേയും സർവ്വെയിലൂടെ കണ്ടെത്താൻ നമ്മുടെ പഞ്ചായത്തിനും കഴിഞ്ഞിട്ടുണ്ട്. ആകെ ജനസംഖ്യയായ 21951 ൽ 3413 നിരക്ഷരർ ആണെന്ന് കണ്ടെത്തി. അതിൽ 5 വയസ്സിന് മുകളിൽ 60 വയസ്സിന് താഴെ പ്രായമുള്ളവർ 2697 ആണെന്ന് കണ്ടുപിടിച്ചു. ചില ഭാഗങ്ങളിൽ കണ്ട അപാകത പരിഹരിക്കാൻ രണ്ടാമതു നടത്തിയ സർവ്വേയിൽ 136 പേർ കൂടി നിരക്ഷരർ ആണെന്ന് മനസ്സിലാക്കി. അങ്ങനെ മന്ദബുദ്ധികൾ, നിത്യരോഗികൾ, കണ്ണുകാണാത്തവർ, കേൾക്കാൻ കഴിയാത്തവർ തുടങ്ങിയ 963 പേരെ ഒഴിവാക്കുയതിനുശേഷം 1870 പേരാണ് ക്ലാസ്സുകളിൽ എത്തിക്കേണ്ടതെന്ന് കണ്ടെത്തി. അതിൽ 1721 പേരെ 259 സാക്ഷരതാ ക്ലാസ്സുകളിൽ എത്തിക്കുവാൻ കഴിഞ്ഞു. ശ്രമകരമായ ഒന്നാംഘട്ടം അവിടെ അവസാനിച്ചു. സാക്ഷരതാ സർവ്വയെ തുടർന്ന് നിരക്ഷരരെ പഠിപ്പിക്കാനുള്ള ഇൻസ്ട്രക്ടർമാരെ കണ്ടെത്തി . വിദ്യാഭ്യാസമുള്ള യുവതീയുവാക്കളുടെ ഭാഗത്ത് നിന്നും നല്ല പ്രതികരണമായിരുന്നു. വിശേഷിച്ചും യുവതികളുടെ പക്ഷത്ത് നിന്നും നിരക്ഷരരിൽ ഭൂരിപക്ഷം സ്ത്രീകളായിരുന്നു.

ജനങ്ങളെ ഈ മഹത്തായ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനും നിരക്ഷരരെ ക്ലാസ്സുകളിൽ എത്തിക്കുന്നതിനും വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. വിളംബര ജാഥകൾ, കലാപരിപാടികൾ, അക്ഷരജാഥകൾ തുടങ്ങിയവ നടത്തി. വാർഡുകൾ തോറും കുടുംബ സദസ്സുകൾ, സാക്ഷരതാ പ്രവർത്തകരുടേയും പഠിതാക്കളുടേയും ഓണാഘോഷ പരിപാടികൾ, ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് 300 ൽ പരം സാക്ഷരതാ പ്രവർത്തകരും പഠിതാക്കളും പങ്കെടുത്ത സാക്ഷരതാ പ്രതിജ്ഞ, ശാസ്ത്ര പ്രദർശനങ്ങൾ, അക്ഷര സദസ്സുകൾ, ഗ്രാമ പാർലമെന്റ്, അക്ഷരോത്സവം, കണ്ണു പരിശോധനാ ക്യാമ്പ് കണ്ണട വിതരണം എന്നിവ നടത്തി. കണ്ണടകൾ, സ്ലേറ്റ്, ബ്ലാക്ക്ബോർഡ്, ചോക്ക്, പെൻസിലുകൾ എന്നിവ സംഭാവനയായി ലഭിച്ചതാണ്. സാക്ഷരതാ യജ്ഞത്തെ തുടർന്ന് നടന്ന മൂല്യനിർണ്ണയത്തിൽ 220 കേന്ദ്രങ്ങളിലായി 1074 പേർ പങ്കെടുത്തു. അതിൽ 1017 പേർ വിജയിച്ചതായി കണ്ടെത്തി. അതോടെ നമ്മുടെ പഞ്ചായത്തിലെ സാക്ഷരതാ ശതമാനം 92 ആയി ഉയർന്നു. തുടർന്ന് അന്നത്തെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ഭാർഗ്ഗവീ തങ്കപ്പന്റെ അദ്ധ്യക്ഷതയിൽ അന്നത്തെ നിയമസഭാ സ്പീക്കർ വർക്കല രാധാകൃഷ്ണൻ നമ്മുടെ പഞ്ചായത്ത് 100% സാക്ഷരത നേടിയ പഞ്ചായത്തായി പ്രഖ്യാപിച്ചു. രണ്ടാം ഘട്ടം ആരംഭിക്കുന്നത് വൈകിടയതു കാരണം സാക്ഷരതാ പ്രവർത്തനം അക്ഷരസംഘങ്ങൾ ഇല്ലാതാവുകയും നവസാക്ഷരരുടെ താല്പര്യം കുറയുകയും ചെയ്തു. പിന്നീട് പഞ്ചായത്ത് സമിതികളും, വാർഡ് സമിതികളും പുനസംഘടിപ്പിച്ചു. 140 സാക്ഷരതാ ക്ലാസുകളും അക്ഷരസംഘങ്ങളും തുടങ്ങാൻ കഴിഞ്ഞു. നവസാക്ഷരരെ ആകർഷിക്കാൻ വേണ്ടി കലാജാഥകൾ, അക്ഷരസംഗമം, അക്ഷര പൂക്കളം, വിളംബരജാഥകൾ കഥാപ്രസംഗം തുടങ്ങിയവ സംഘടിപ്പിച്ചെങ്കിലും, ജനപങ്കാളിത്തം ഉണ്ടാക്കാൻ കഴിയാത്തതുകൊണ്ട് ഉദ്ദേശിച്ച തരത്തിൽ പ്രവർത്തനം വിജയിപ്പിക്കാൻ കഴി

ഞ്ഞില്ല. അതുകൊണ്ട് സാക്ഷരതാ പ്രവർത്തനം നാമാവശേഷമായിപപോയിരുന്നു. നവസാക്ഷരരിൽ ഭൂരിപക്ഷം പേരും വീണ്ടും നിരക്ഷരതയിലേക്കു പോയി.

# ആരോഗ്യരംഗം



## ആരോഗ്യചരിത്രം

ആരോഗ്യപരമായി ഉയർന്ന ഒരു കൂട്ടം ജനങ്ങളായിരുന്നു നമ്മുടെ പഞ്ചായത്തിന്റെ സമ്പത്ത്. ജനങ്ങളിൽ അധികവും കഠിനാധ്വാനികളായിരുന്നതുകൊണ്ട് തന്നെ ആരോഗ്യമുള്ള ശരീരത്തിന് ഉടമകളായിരുന്നു. മാത്രമല്ല ആധുനിക കാലത്തിലേത് പോലെ വാഹന സൗകര്യങ്ങളൊന്നും ഇല്ലായിരുന്നത് കൊണ്ട് തന്നെ അനേകം നാഴികകൾ ഇവർ നടന്ന് സഞ്ചരിച്ചിരുന്നു. ഇതും അവരുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തി. രോഗങ്ങളിൽ നിന്നും ഒരു പരിധി വരെ ചെറുത്തു നിൽക്കാൻഈ ആരോഗ്യസ്ഥിതി അവരെ സഹായിച്ചു. പ്രകൃതിയുമായി താതാത്മ്യം പ്രാപിച്ചുള്ള ഒരു ജീവിതചര്യ ആയിരുന്നു അവർക്ക് ഉണ്ടായിരുന്നത്. ആധുനിക മനുഷ്യന്റെ ആരോഗ്യത്തിന് വെല്ലുവിളി ഉയർത്തുന്ന തരത്തിലുള്ള കൃഷി ഇടങ്ങളിൽ രാസവള കീടനാശിനി പ്രയോഗങ്ങൾ അന്ന് ഉണ്ടായിരുന്നില്ല . ജൈവ വളങ്ങളെ ആശ്രയിച്ചായിരുന്നു അന്ന് ഭക്ഷ്യോത്പാദനം നടത്തിയിരുന്നത്. പൊക്കാട (ചിക്കൻ പോക്സ്) വസൂരി മലമ്പനി, സന്നിപാതജ്വരം എന്നിവയായിരന്നു അന്ന് ബാധിച്ചിരുന്ന മാരക രോഗങ്ങൾ. ആ കാലഘട്ടത്തിലെ 75% ആൾക്കാരും ആയുർവേദ ചികിത്സയെ ആശ്രയിച്ചിരുന്നു. ചതെറിയ മുറിവുകളിൽ പച്ചമരുന്ന് വെച്ച് കെട്ടി സ്വയം ചികിത്സിക്കുന്ന രീതിയും അന്നുണ്ടായിരുന്നു. മന്ത്രവാദത്തിലൂടെയും മറ്റും അസുഖങ്ങൾ ഭേദപ്പെടുത്താം എന്ന അന്ധവിശ്വാസം വെച്ച് പുലർത്തിയവരും അന്ന് ധാരാളമുണ്ടായിരുന്നു. 1947 – വരെ ബ്രിട്ടീഷ് ഗവൺമെന്റ് നടത്തിയിരുന്ന ഒരു മിഷൻ ആശുപത്രി വാമനപുരത്തുണ്ടയിരുന്നു. നമ്മുടെ പഞ്ചായത്തിലെ ആൾക്കാർ ഈ ആശുപത്രിയിൽ ചികിത്സക്കായി പോയിരുന്നു. 1947 – നു ശേഷം ഈ ആശുപത്രി ബ്രിട്ടീഷുകാർ ഇന്ത്യാഗവൺമെന്റിന് കൈമാറുകയുണ്ടായി കിളിമാനൂർ കേന്ദ്രമായി ഒരു അലോപ്പതി ആശുപത്രി മാത്രമേ അന്ന് ഉണ്ടായിരുന്നുള്ളു; അതും സ്വകാര്യമേഖലയിൽ. ഭൂരിപക്ഷം ആൾക്കാരും ആയുർവേദ ചികിത്സയെ ആണ് ആശ്രയിച്ചിരുന്നത്. എന്ന് മുൻപ് പറഞ്ഞുവല്ലോ ? ഇതിൽ പ്രധാനപ്പെട്ട ആയുർവ്വേദ വൈദ്യന്മാരായിരുന്നു അടയമണിലെ ഗോവിന്ദൻ വൈദ്യൻ, മാധവൻ കുട്ടി വൈദ്യർ കുഞ്ഞു കൃഷ്ണൻ വൈദ്യർ,കണിയാം പറമ്പിലെ കേശവൻ വൈദ്യൻ, കാഞ്ഞിരത്തും പറമ്പിലെ നാണു വൈദ്യർ ച അബുത്താലി വൈദ്യർ മുതലായവർ

1948 നു ശേഷമാണ് വാക്സിനേഷൻ സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത്. പിന്നീട് ഇങ്ങോട്ട് ആരോഗ്യരംഗത്ത് അഭൂതപൂർവ്വമായ മുന്നേറ്റമാണ് ഉണ്ടായത്. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ ആധുനിക ചികിത്സാ സൗകര്യങ്ങളോട് കൂടിയ ആശുപത്രികളും നിലവിൽ വന്നു.

**പഞ്ചയാത്തിലെ ഇന്നത്തെ സ്ഥിതി**

പഴയ കുന്നുമ്മേൽ പഞ്ചായത്തിൽ ആരോഗ്യ രക്ഷാ രംഗത്ത് ഗണനീയമായ പുരോഗതികൾ ഉണ്ടാ യിട്ടുണ്ടെങ്കിലും നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾക്ക് ഏറെ പരിമിതികളും പരാധീനതകളുമുണ്ട്. പൊതുവെ പറഞ്ഞാൽ ഈ രംഗത്തെ അപര്യാപ്തതകൾ പരി ഹരിക്കുന്നതിന് ഇനിയും ഒട്ടേറേ കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട് സർക്കാർ നിയന്ത്രണത്തിലുള്ളതും സ്വകാര്യമേഖലയിലുള്ളതുമായ ഏതാനും ആശുപത്രികൾ പഞ്ചായത്തു പ്രദേശത്തുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യങ്ങളുടെ അപര്യാപ്തതകൾ വളരേയേറേയുണ്ട്. അടയമൺ കേന്ദ്രമാക്കി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും അതിന്റെ കീഴിൽ 5 ഓളം സബ്

സെന്ററുകളും ഉണ്ട്. എന്നാൽ സബ്ബ് സെന്ററുകൾ തികച്ചും നിർജ്ജീവമായ അവസ്ഥയിലാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല. ലാബ് സൗകര്യം ഇല്ല. ആവശ്യത്തിനുള്ള കെട്ടിടങ്ങളും ആധുനികവും അത്യാവശ്യവുമായ യന്ത്രസംവിധാനങ്ങളും ഏർപ്പെടുത്തി പഞ്ചായത്തിന്റെ ഒരു പ്രധാന ആരോഗ്യകേന്ദ്രമായി അടയമൺ പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി വളർത്തിയെടുക്കണം. സർക്കാർ നിയന്ത്രണത്തിൽ ഒരു ആയുർവ്വേദ ആശുപത്രിയുണ്ട്. ഇവിടെ കാര്യമായ ചികിത്സാ സംവിധാനങ്ങൾ ഇല്ല. സ്വന്തമായി കെട്ടിടവും ഇല്ല. ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു ഹോമിയോ ആശുപത്രി പഞ്ചായത്തിൽ ആവശ്യമാണ്.

സ്വകാര്യമേഖലയിലുള്ള 9 ഓളം ആശുപത്രികളിൽ കിളിമാനൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന 4 എണ്ണം പല ആധുനിക സൗകര്യങ്ങളും ഉള്ളവയാണ്. ചെറിയ ഹോമിയോ, ആയുർവ്വേദ ആശുപത്രികളും വൈദ്യശാലകളും . സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ആധുനിക സൗകര്യങ്ങളോട് കൂടിയ സർക്കാർ ആശുപത്രികളുടെ അഭാവത്തിൽ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. സ്വകാര്യ ആശുപത്രികളിലെ അധികബില്ല് സാധാരണക്കാന് താങ്ങാവുന്നതല്ല. എങ്കിലും ഈ രംഗത്തെ സേവനം അവഗണിക്കാനാവുന്നതല്ല. സ്വകാര്യ ആശുപത്രികളിൽ പഞ്ചായത്തിന് ഏതെങ്കിലും തരത്തിൽ ഇടപെടാവുന്ന നിയന്ത്രണാധികാരം ഏർപ്പെടുത്തുന്നത് ഈ രംഗത്തെ പല പ്രശ്നങ്ങൾക്കും പരിഹാരമാകും. ഏതായാലും ആരോഗ്യ പരിപാലന രംഗത്ത് ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ അത്യാവശ്യമാണ്.

***ചില നിർദ്ദേശങ്ങൾ***

ആരോഗ്യ രക്ഷാരംഗത്ത് ഭാരിച്ച ചെലവൊന്നും ഇല്ലാതെ തന്നെ ദീർഘ വീക്ഷണത്തോടും തികച്ചും ജനപങ്കാളിത്തത്തോടും കൂടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചില കർമ്മ പരിപാടികൾക്ക് രൂപം നൽകാവുന്നതാണ്. പഞ്ചായത്തിൽ ഒരു പൊതു ആരോഗ്യ പരിപാലന സമിതി ഉണ്ടാവണം. പഞ്ചായത്ത് കമ്മിറ്റി പ്രതിനിധികൾ ആരോഗ്യ മേഖലയിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ, ജില്ലാ റിസോഴ്സ് പേഴ്സൺമാർ, പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാരിൽ നിന്നുള്ള പ്രതിനിധികൾ തുടങ്ങിയവർ, സന്നദ്ധാ സംഘടനാ പ്രതിനിധികൾ, കലാ സാംസ്കാരിക മേഖലയിൽ നിന്നുള്ള പ്രതിനിധികൾ, ജന പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന കാര്യമായ ഒരു സമിതി ആയിരിക്കണം അത്. ആരോഗ്യ രക്ഷാ രംഗത്തെ വികസന നേതൃത്വം ഈ സമിതിയിൽ നിക്ഷിപ്തമായിരിക്കും. ഈ പഞ്ചായത്ത് ആര്യോഗ്യപരിപാലന സമിതിക്ക് പഞ്ചായത്തിൽ ആവശ്യമായ മേഖലകളിൽ ഘടകങ്ങൾ രൂപീകരിക്കാം. ഉദാഹരണത്തിന് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പ്രസ്തുത സ്ഥലവാസികളുടേതായ ഒരു ആരോഗ്യ പരിപാലന സമിതി രൂപീകരിക്കുക, ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ സംഘ ടിപ്പിക്കുക മത്രമല്ല, ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ആവശ്യമായ ഇടപെടലുകൾ ഈ സമിതികൾ നടത്തണം ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനും ആശുപത്രിയുടെ സേവനം ജനങ്ങൾക്ക് ശരിക്കും പ്രയോജനപ്പെടുത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ഈ സമിതി ആവിഷ്കരിക്കണം. അതുപോലെ ആ പ്രദേശത്തെ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്ക് ആകെ ഈ സമിതി നേതൃത്വം നൽകണം.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രത്യേകിച്ച് കോളനികളുള്ള സ്ഥലങ്ങളിൽ ആരോഗ്യ സമിതികൾ രൂപീകരിക്കണം. കോളനികളിലെ പ്രതിനിധികളെ കൂടുതലായി ഉൾ ക്കൊള്ളിച്ച് ആയിരിക്കണം സമിതി രൂപീകരിക്കേണ്ടത്. രണ്ട് മാസത്തിൽ ഒരിക്കൽ എങ്കിലും ആരോഗ്യ ക്ലാസ്സുകൾ നടത്തുക രക്തം, കഫം, മലം, മൂത്രം മുതലായവ പരിശോധി ക്കുക, പരിസര ശുചിത്വം ഉറപ്പ് വരുത്തുക, ശുചീകരണ വാരാചരണങ്ങൾ സംഘടിപ്പിക്കുക, കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക. തുടങ്ങിയുള്ള പ്രവർത്തനങ്ങൾ സമിതിയുടെ നേതൃത്വത്തിൽ നടത്തണം. പഞ്ചായത്ത് കമ്മിറ്റി പ്രതിനിധികൾ, ഡി.ആർ.പി - എൽ.ആർ.പി. പ്രതിനിധികൾ എന്നിവർ ഈ കമ്മിറ്റിയിൽ ഉണ്ടാവണം. ഇത്തരം പ്രാദേശിക ആരോഗ്യപരിപാലന സമിതിയുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരോഗ്യ പരിപാലന സമിതി ഏകോപിപ്പിക്കണം. അതായത് പഞ്ചായത്ത് ആരോഗ്യ പരിപാലന സമിതിയുടെ സ്വതന്ത്രചുമതല ഉള്ള ഘടകങ്ങൾ ആയിരിക്കണം പ്രാദേശിക സമിതികൾ

സ്കൂളുകളിൽ പ്രത്യകം ആരോഗ്യ സമിതിൾ രൂപവൽക്കരിക്കണം; അധ്യാപകർ കുട്ടികളുടെ പ്രതിനിധികൾ പി.ടി.എ കമ്മിറ്റി, പ്രതിനിധികൾ നാട്ടുകാരുടെ പ്രതിനിധികൾ,സ്ത്രീകളുടെ പ്രത്യേകിച്ച് അമ്മമാരുടെ പ്രതിനിധികൾ, സന്നദ്ധാ സംഘടനാ

പ്രതിനിധികൾ, പ്രദേശത്തെ സാംസ്കാരിക സംഘടനാ പ്രതിനിധികൾ, ഡി.ആർ.പി. എൽ.ആർ.പി. പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്താം.

ആവശ്യമെങ്കിൽ ഓരോ വാർഡിലും വാർഡ് തല ആരോഗ്യ പരിപാലന സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ് ഇവയും പഞ്ചായത്ത് ആരോഗ്യ സമിതികളുടെ സ്വതന്ത്രചുമതലയുള്ള ഘടകങ്ങൾ ആയിരിക്കണം. പ്രാദേശിക ആരോഗ്യസമിതികളിൽ ഉൾപ്പെടുത്താവുന്ന അംഗങ്ങളെ സംബന്ധിച്ചും മുൻപ് സൂചിപ്പിച്ച മാനദണ്ഡങ്ങൾ തന്നെ സ്വീകരിക്കാം. (കോളനി കേന്ദ്രീകരിച്ചുള്ള ആരോഗ്യ സമിതികുടെ നിർദ്ദേശങ്ങൾ നോക്കുക) വാർഡ് സമിതിയുടെ പ്രവർത്തനമേഖല ഒരു വാർഡ് മൊത്തത്തിൽ ആയിരിക്കും പ്രാദേശികമായ ആവശ്യങ്ങൾ. അനുസരിച്ച് പ്രവർത്തന മേഖല വിപുലപ്പെടുത്താവുന്നതാണ്.

പഴയകുന്നുമ്മൽ പഞ്ചായത്തിലെ ഒരു പ്രധാനകേന്ദ്രമായ കിളിമാനൂർ ൗണിൽ ഒരു ൗൺ ആരോഗ്യസമിതിയും ൗൺ വികസന സമിതിയും രൂപീകരിക്കേണ്ടതുണ്ട്. വികസിച്ച് കൊണ്ടിരിക്കുന്ന ഒരു പട്ടണം എന്ന നിലയിൽ ധാരാളം ആരോഗ്യ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകാം. അവ പരിഹരിക്കുന്നതിന് ൗണിൽ ഒരു ആരോഗ്യസമിതി അത്യാവശ്യമാണ്. നേരത്തെ സൂചിപ്പിച്ച പ്രാദേശിക സമിതിയുടെ പ്രവർത്തനങ്ങൾ എല്ലാം ൗൺ സമിതിക്ക് ഉണ്ടാവണം.

മേൽ പറഞ്ഞ സമിതികൾ സ്ഥിരം സംവിധാനത്തിലുള്ളതായിരിക്കണം. കാലാ കാലങ്ങളിൽ ആവശ്യമുള്ള ആളുകളെ കോ-ഓപ്റ്റ് ചെയ്യണം. എന്നാൽ ഈ സമിതികളുടെ യോഗങ്ങളിൽ സമിതി അംഗങ്ങൾ മാത്രമേ പങ്കെടുക്കാവൂ എന്ന് ശഠിക്കേണ്ട ആവശ്യമില്ല. താല്പര്യമുള്ള എല്ലാ പേർക്കും സമിതി യോഗങ്ങളിൽ പങ്കെടുക്കാം.

പ്രാഥമിക ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട ആരോഗ്യ സമിതിക്ക് ആശുപത്രിയിൽ ചികിത്സക്ക് എത്തുന്നവരിൽ ശേഷിയുള്ളവരിൽ നിന്ന് മിതമായ സംഭാവനകൾ പിരിക്കാവുന്നതാണ്. എന്നാൽ ഒരിക്കലും ഇത് നിയമമാകരുത്. ഫീസും ആകരുത്. ശേഷിയും സന്മനസും ഉള്ളവർ ആശുപത്രി വികസനത്തിന് കഴിയുന്ന സംഭാവനകൾ നല്കുന്നുവെങ്കിൽ സ്വീകരിക്കണം. ആരോഗ്യ രക്ഷാരംഗത്തെ പ്രവർത്തനങ്ങളിലും റിസോഴ്സ് പേഴ്സൺമാരുടെ സേവനങ്ങൾ തുടർന്നും പ്രയോജനപ്പെടുത്തണം അവർക്ക് തുടർന്നും വിവിധ വിഷയങ്ങളിൽ പരിശീലനം നല്കണം.

പഞ്ചായത്ത് പ്രദേശത്ത് ധാരാളം ആളുകൾ കൂടുന്ന പ്രധാന ജംഗ്ഷനുകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം അവ ഉപയോഗിക്കുന്നതിന് ചെറിയ ഫീസ് ഈടാക്കുന്നതിലൂടെ അവയുടെ ശുചീകരണം മുതലായ പ്രവർത്തനങ്ങൾക്ക് ചെറിയ വരുമാനം ഉണ്ടാക്കാവുന്നതാണ്. ഇത് പഞ്ചായത്തിനും ചെറിയ വരുമാനം പ്രദാനം ചെയ്യും.

വീടുകളുടെ പരിസരശുചീകരണം പരിശോധിക്കുന്നതിന ആരോഗ്യസമിതി പ്രതിനിധികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവർ ആറുമാസത്തിലൊരിക്കൽ ഭവന സന്ദർശനം നടത്തണം. ഇതിന്റെ റിപ്പോർട്ടുകൾ പഞ്ചായത്തിൽ ശേഖരിച്ച് വെയ്ക്കണം. സ്ഥല സൗകര്യമുള്ള എല്ലാവീടുകളിലും കമ്പോസ്റ്റ് കുഴികൾ ഉറപ്പ് വരുത്തണം. ഇവയിൽ നിക്ഷേപിക്കുന്ന കമ്പോസ്റ്റ് വളങ്ങൾ പഞ്ചായത്തിന് നിശ്ചിത വിലയ്ക്ക് ശേഖരിച്ച് ലാഭത്തിന് വില്ക്കാവുന്നതാണ്.

രക്തദാനം, നേത്രദാനം എന്നിവക്കായി ജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഒരു ഏജൻസി ഉണ്ടാകണം. (ഇപ്പോൾ രക്തനേത്രദാനം സംബന്ധിച്ച ചുമതലകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനാണ് ഉള്ളത്.) എന്നാൽ നേത്രദാനത്തിന് സമ്മതപത്രം നല്കുന്നവർ മരണപ്പെടുമ്പോൾ ഡോക്ടർമാരെ അറിയിച്ച് കണ്ണുകൾ എടുത്ത് പ്രയോജനപ്പെടുത്താൻ ഈ ഏജൻസിക്ക് ഉത്തരവാദിത്വമുണ്ട്. നേത്രദാനത്തിനുള്ള സമ്മതപത്രം ഇനിമുതൽ പഞ്ചായത്ത് മുഖാന്തിരം ശേഖരിക്കണം. സന്നദ്ധരുടെ കണ്ണുകൾ മരണശേഷം ദാനം ചെയ്യാതിരിക്കുന്നത് ഒഴിവാക്കാൻ സംവിധാനം ഉണ്ടാകണം. ഡെഡ്ബോഡി മെഡിക്കൽ വിദ്യാർത്ഥികക്ക് ദാനം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അതിനും പഞ്ചായത്ത് മുഖാന്തിരം അവസരം ഉണ്ടാകണം. 6 മാസത്തിലൊരിക്കൽ സൗജന്യനിരക്കിൽ രക്തം,കഫം, മലം മൂത്രം എന്നിവ പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു മെഡിക്കൽ ലബോറട്ടറി സ്ഥാപിക്കുന്നത് നന്നായിരിക്കും. 6 മാസത്തിലൊരിക്കൽ വീതം പഞ്ചായത്തിലെ ഏതെങ്കിലും ഒരു കേന്ദ്രത്തിൽ സൗജന്യ മെഡിക്കൽ പരിശോധന ക്യാമ്പ് സംഘടിപ്പിക്കണം. ഇക്കാര്യങ്ങളെല്ലാം മേൽ സൂചിപ്പിച്ച പഞ്ചായത്ത് മെഡിക്കൽ ഏജൻസി ചുമതല എടുത്ത് ചെയ്യണം. ഈ ഏജൻസിയുടെ രൂപീകരണത്തിനും ഇതിന്റെ ഘടന എങ്ങനെയുള്ളതും ആയിരിക്കണം എന്നതിനെ സംബന്ധിച്ചും ആലോചിച്ച് തീരുമാനിക്കണം. ഇതും ജനകീയ പങ്കാളിത്തത്തോടെ

ഉള്ളതായിരിക്കണം. ആദർശമൂല്യങ്ങൾ ഉള്ളവരായിരിക്കണം ഇതിന്റെ ചുമതലക്കാരായി വരേണ്ടത്. നേത്രദാനം, ഡെഡ് ബോഡി ദാനം മുതലായവയിൽ വിശ്വാസപരമായ ഇടപെടലുകൾ നടക്കാൻ ഇടയുള്ളത് കൊണ്ടാണ് ആദർശമൂല്യമുള്ളവരെ ഇതിന്റെ ചുമതലകൾ ഏൽപ്പിക്കണം എന്നു പറയുന്നത്.

ആരോഗ്യരക്ഷാ രംഗത്തെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു നിശ്ചിത തുക മാറ്റിവയ്ക്കണം. ഒരു നിശ്ചിത കാലാവധി വച്ച് (ഉദാ: '6' മാസം) ഡോക്ടർമാരുടെ ഭവനസന്ദർശന പരിപാടി സംഘടിപ്പിക്കണം. വാർധക്യം, അന്ധത, തളർവാതം തുടങ്ങിയ രോഗങ്ങൾ ബാധിച്ചു പുറത്തിറങ്ങാൻ പറ്റാത്തവരുള്ള വീടുകളിലാണ് ഭവനസന്ദർശനം അത്യാവശ്യമായിട്ടുള്ളത്. അത്തരം രോഗികൾക്ക് വൈദ്യോപദേശം നൽകുന്നതിനും ചികിത്സിക്കുന്നതിനും ഇത് ആവശ്യമാണ്. അങ്ങനെ അവശരുടെ അരികൽ ആശ്വാസവുമായി ഡോക്ടർമാരും ആരോഗ്യരക്ഷാപ്രവർത്തകരും എത്തണം. ഇതിനു വേണമെങ്കിൽ ഒരു നിശ്ചിത ഫീസ് പഞ്ചായത്ത് ഡോക്ടർമാർക്ക് നൽകണം.

ഇടയ്ക്കിടെ കോളനി പ്രദേശങ്ങളിലും ജംഗ്ഷനുകളിലും മൈക്ക് വച്ച് പൊതുയോഗങ്ങൾ സംഘടിപ്പിച്ച് ആരോഗ്യരക്ഷാസംബന്ധമായ ബോധവക്കരണം നടത്തണം. പുതിയ രോഗങ്ങൾ, പകർച്ച വ്യാധികൾ മുതലായവയെക്കുറിച്ച് ജനങ്ങൾക്ക അറിവു പകരാനും മുൻകരുതലുകൾ എടുക്കാനും ഇത്തരം ബോധവൽക്കരണ ക്ലാസ്സുകൾ പ്രയോജനപ്പെടും.ഇത്തരം യോഗങ്ങൾ നടത്തണമെങ്കിൽ പഞ്ചായത്തിന് സ്വന്തമായി ഒരു മൈക്കും 2 ബോക്സും ഉണ്ടായിരിക്കണം. ഇതിനായി നിശ്ചിത തുക മാറ്റിവയ്ക്കണം. അത്യാവശ്യം സന്നദ്ധസംഘടനകൾക്കുംമറ്റും വാടകയക്ക് മൈക്ക് സെറ്റ് കൊടുത്ത് വരുമാനം ഉണ്ടാക്കാവുന്നതാണ്. എല്ലാറ്റിനുമുപരി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനും ആരോഗ്യസമിതികൾ ശ്രദ്ധിക്കണം.

*ആരോഗ്യമേഖലയിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ നിലവിലുള്ള പ്രശ്നങ്ങളേയും പരിഹാരമാർഗ്ഗങ്ങളേയും ഗ്രാമസഭാ ചർച്ചകളെ ആധാരമാക്കി താഴെ പ്പറയുംവിധം സംഗ്രഹിക്കാം.*

1. പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആരോഗ്യപരിപാലന രംഗത്ത് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.
2. പഞ്ചായത്തിന്റെ ഒരു കോണിൽ അടയമണിൽ സ്ഥിതിചെയ്യുന്ന ഒരേ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും അതിന്റെ കീഴിലുള്ള സബ് സെന്ററകളും മാത്രമാണുള്ളത്. ഇവയുടെ പ്രവർത്തനങ്ങൾതന്നെ പോരായ്മകൾ നിറഞ്ഞതാണ്. ഇവയുടെ കാര്യക്ഷമത പൂർണ്ണമായും തൃപ്തികരമല്ല. സബ് സെന്ററകളുടെ പ്രവർത്തനം നിർജ്ജീവമാണ്.
3. ശുചിത്വപരിപാലനരംഗത്ത് നിലവിലുള്ള അവസ്ഥ ശോചനീയമാണ്.
4. ആരോഗ്യവിഷയങ്ങളിൽ ശരിയായ ബോധവൽക്കരണത്തിന്റെ അഭാവം നിലവിലിരിക്കുന്നു.
5. ശുദ്ധജലക്ഷാമം, ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.
6. ആധുനിക ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത, ഭാരിച്ച ഔഷധവില, പരിശോധനച്ചിലവ് എന്നിവ സൗജന്യചികത്സാ സൗകര്യങ്ങളുടെ അഭാവത്തിൽ സാധാരണക്കാരന് താങ്ങാവുന്നതല്ല.
7. കുട്ടികൾക്ക് ആവശ്യമായ പോഷകാഹാരത്തിന്റെ ലഭ്യതയില്ലായ്മ.
8. ഹോട്ടലുകളിലെ ആഹാരസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമല്ല.
9. കിളിമാനൂർ ടൗണിലും ആറ്റു പ്രദേശത്തും മലിനീകരണം ഗുരുതരമായി ഭീഷണി ഉയർത്തുന്നു.
10. പഞ്ചായത്തുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ ഇല്ല.
11. വീടുകളിലെ ശുചിത്വപരിപാലനം പരിശോധിക്കുവാനും ബോധവത്കരിക്കുവാനും സംവിധാനങ്ങളില്ല.
12. ഓടകളിൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് ശുചിത്വ പരിപാലന രംഗത്തെ ഒരു പ്രശ്നമാണ്. ഓട നിർമ്മാണത്തിലെ തത്വദീക്ഷയില്ലായ്മയാണ് ഇതിന് കാരണം.
13. കിളിമാനൂർ ടൗണിലെ മാലിന്യങ്ങൾ മുഴുവൻ ആറ്റുവക്കിലാണ് നിക്ഷേപിക്കുന്നുത്. ഇതിനടുത്താണ് പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. കന്നുകാലികളെ കുളിപ്പിക്കുന്നതും ആളുകൾ കുളിക്കുന്നതും പമ്പു ഹൗസിന് സമീപമാണ്. ഇതിലെ വെള്ളമാണ് പൊതു ടാപ്പിലൂടെ വിതരണം ചെയ്യുന്നത് പരിശോധനയിൽ മൃഗങ്ങൾ ക്കുപോലും ഉപയോഗിക്കാൻ കൊള്ളാത്ത ജലമാണിതെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ വെള്ളമാണ് ആളുകൾ കുടിക്കുന്നത്.
14. പഴയകുന്നുമ്മേൽ പഞ്ചായത്ത് വക ആയുർവ്വേദാശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല.
15. പഞ്ചായത്തിൽ ഹോമിയോ ആശുപത്രി ഇല്ല.
16. മലിനജലം കെട്ടിക്കിടക്കുന്നത് കൊതുകുകളെ പെറ്റുപെരുകാൻ സഹായിക്കുന്നു.
17. പഞ്ചായത്തിലുള്ള പല പൊതുകിണറുകളിലേയും ജലം ഉപയോഗിക്കാൻ യോഗ്യമല്ലാത്ത

വിധത്തിലാണ്.

18. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃത മാർക്കറ്റുകളും വഴിവാണിഭവും നടക്കുന്നുണ്ട്. ഇതു പലപ്പോഴും മലിനീകരണത്തിനും അപകടത്തിനും കാരണമാകാറുണ്ട്

19. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല.

20. പഞ്ചായത്തിൽ ഏകദേശം 5000 വീടുകളിൽ കക്കൂസുകളില്ല.

21. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സ്മാർക്ക് ഫീൽഡിൽ തങ്ങാൻ സൗകര്യങ്ങളില്ല.

***പരിഹാരനിർദ്ദേശങ്ങൾ***

1. കിളിമാനൂർ ടൗൺ കേന്ദ്രീകരിച്ച് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കുക

2. അടയമണിലെ പഞ്ചായത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം എത്രയും വേഗം ഗവ. കെട്ടിടത്തിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കുക.

3. അടയമൺ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.

4. നിർജ്ജീവമായ സബ് സെന്ററുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ കർശന നടപടി സ്വീകരിക്കുക

5. പ്രധാന ജംഗ്ഷനുകളിൽ വേസ്റ്റ് ബോക്സുകൾ സ്ഥാപിക്കുക

6. ആരോഗ്യ സെമിനാറുകൾ സംഘടിക്കുക

7. ആരോഗ്യക്ഷേമ രംഗത്തെ ഉദ്യോഗസ്ഥരുടെ സാമൂഹ്യബോധം വർധിപ്പിക്കാൻ ഉതകുന്ന ക്ലാസ്സുകൾ നൽകുകയും കാലാകാലങ്ങളിൽ നിർബന്ധിത ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും ചെയ്യണം.

8. പഞ്ചായത്തിന്റെയോ, സർക്കാരിന്റെയോ ഉടമസ്ഥതയിൽ ഒരു മെഡിക്കൽ ലാബും ഒരു ന്യായ വില മെഡിക്കൽ സ്റ്റോറും സ്ഥാപിക്കുക

9. നിർദ്ധനരായവർക്ക് ചികിത്സാ സഹായങ്ങൾ ലഭ്യമാക്കുക

10. കുട്ടികൾക്ക് വേണ്ടത്ര പോഷകാഹാരങ്ങൾ വിദ്യാലയങ്ങൾ വഴി വിതരണം ചെയ്യുക.

11. ഹോട്ടലുകളിലെ ആഹാരസാധനങ്ങളുടെ ഗുണനിലവാരം യഥാസമയം പരിശോധിച്ച് നടപടി സ്വീകരിക്കുക.

12. ഹോട്ടലുകളിലെ ശുചീകരണ ചുമതല ഹെൽത്ത് ഇൻസ്പെക്ടർമാരെ ഏൽപ്പിക്കുക.

13. കിളിമാനൂർ ഫുഡ് ഇൻസ്പെക്ടർമാരുടെ സേവനം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകത്ത ക്കവിധം ആറ്റിങ്ങലിൽ സ്ഥിതി ചെയ്യുന്ന ഓഫീസ് കിളിമാനൂരിലേക്ക് മാറ്റി സ്ഥാപിക്കുക.

14. പൊതു ചന്തയിലെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ വേണ്ട നടപടി എടുക്കുകയും അറവുശാലകൾ നവീകരിക്കുകയും അവശിഷ്ടങ്ങൾ യഥാ സമയം നീക്കം ചെയ്യുകയും ചെയ്യുക.

15. ഓടകളിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ വേണ്ട നടപടിൾ സ്വീകരിക്കുക

16. തട്ടത്തുമല, അടയമൺ,കിളിമാനൂർ എന്നിവിടങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക

17. കിളിമാനൂർ ജംഗ്ഷനിലെ ഓടകൾക്ക് മുകളിലുള്ള തകർന്ന സ്ലാബുകൾ പരിസരമലിനീകരണത്തിനും ഒപ്പം അപകടങ്ങൾക്കും കാരണമാകുന്നു.. ഇത് പരിഹരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുക.

18. വീടുകളിൽ ശുചിത്വ പരിശോധനക്ക് സംവിധാനം ഉണ്ടാക്കുക.

19. പഴയകുന്നുമ്മേൽ പഞ്ചായത്തിലെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദാശുപത്രിക്ക് കെട്ടിടം നിർമ്മിക്കുകയും രോഗികളെ കിടത്തി ചികിത്സിക്കാൻ വേണ്ട സംവിധാനം നടപ്പാക്കുകയും ചെയ്യുക.

20. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി അനുവദിക്കുക

21. പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്ന ആറ്റുപ്രദേശം നിശ്ചിത ദൂരം നിരോധിത മേഖലയാക്കുക.

22. അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ കൊല്ലുകയും നായ്ക്കളെ വളർത്തുന്നവർക്ക് ലൈസൻസ് നൽകുകയും ചെയ്യുക

23. കൊതുക് നിവാരണം നടപ്പിലാക്കുക

24. എല്ലാ പ്രധാന ജംഗ്ഷനിലും ആരോഗ്യ വാർത്താബോർഡുകൾ സ്ഥാപിക്കുക

25. കുടുംബക്ഷേമകേന്ദ്രം ഇല്ലാത്ത എല്ലാ വാർഡിലും കുടുംബക്ഷേമകേന്ദ്രം സ്ഥാപിക്കുക.

26. പഞ്ചായത്തിലുള്ള എല്ലാ പൊതുകിണറുകളും മൂന്നുമാസത്തിലൊരിക്കൽ ശുദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

27. പഞ്ചായത്തിലെ അനധികൃത മാർക്കറ്റുകൾ നിർത്തലാക്കുക.

28. ആരോഗ്യകേന്ദ്രങ്ങൾ വഴി പ്രതിരോധ കുത്തിവെയ്പുകൾ നൽകുക

29. പഞ്ചായത്തിലെ സ്കൂളുകളിൽ മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തുക.

30. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക

31. പഞ്ചായത്തിലെ നിർദ്ധനരായ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മക്കാൻ ധനസഹായം നൽകുകയും അവ വേണ്ടവിധം ഉപയോഗിക്കുന്നുവോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും വേണം.

32. പഞ്ചായത്തിലെ ക്ഷയം, കുഷ്ടം തുടങ്ങിയ രോഗമുള്ളവരെ കണ്ടുപിടിച്ച് അവർക്കു വേണ്ടുന്ന മരുന്നുകളും നിർദ്ദേശങ്ങളും നൽകുക

33. പഞ്ചായത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അവരവരുടെ പ്രവർത്തന മേഖലകളിൽ സർക്കാർ കെട്ടിടങ്ങളും

ഫർണീച്ചർ സൗകര്യങ്ങളും ലഭ്യമാക്കുക.

34. ഡോക്ടർമാരുടെ ഭവനസന്ദർശന പരിപാടികൾ സംഘടിപ്പിക്കുക. പ്രത്യേകിച്ചും വാർധക്യം, അന്ധത, തളർവാതം തുടങ്ങിയവ ബാധിച്ച് വീട്ടിന് പുറത്തിറങ്ങാൻ കഴിയാത്തവർ ഉള്ള ഭവനങ്ങളിൽ. അങ്ങനെ അവശരുടെ അരികിലേക്ക് ആശ്വാസവുമായി ഡോക്ടർമാരും, ആരോഗ്യരക്ഷാപ്രവർത്തകരും എത്തണം. രോഗികൾക്ക് വേണ്ട ചികിത്സയും വൈദ്യോപദേശവും നൽകണം.

35. ജനന-മരണക്കണക്കുകൾ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കൂടി അറിയിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

37. കിളിമാനൂർ ടൗൺ ആരോഗ്യ പരിപാലന സമിതി രൂപീകരിക്കുക.

38. പഞ്ചായത്ത് ആരോഗ്യപരിപാലസമിതികളും പ്രാദേശിക ആരോഗ്യ പരിപാലനസമിതികളും രൂപീകരിക്കുക

39. പഴയകുന്നുമ്മൽ പഞ്ചായത്തിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കുക.

40. ലൈംഗിക രോഗങ്ങൾ പകരുന്നത് തടയാൻ കോണ്ടം ഉപയോഗിക്കുന്നതിന്റെ പ്രയോജനത്തെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക.

## കുടിവെള്ളം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കിണറുകൾ,കുളങ്ങൾ,തോടുകൾ, കുഴൽകിണറുകൾ, പൈപ്പുവെള്ളം എന്നിവയിൽ നിന്നാണ് കുടിവെള്ളം ലഭ്യമാകുന്നത്. എന്നാൽ നിലവിലുള്ള ഈ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ജലം പഞ്ചായത്തു പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മതിയാകുന്നില്ല. പൊതുവിൽ നിമ്നോന്നതമായ ഭൂപ്രകൃതിയാണ് പഞ്ചായത്തിനുള്ളത്. ഉയർന്ന പ്രദേശങ്ങളിലാണ് കുടിവെള്ളക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്നത്. എന്നാൽ താഴ്ന്ന പ്രദേശങ്ങളിലും ജലദൗർലഭ്യം കാര്യമായി അനുഭപ്പെടുന്നുണ്ട്. നിലവിലുള്ള പല ജലഉറവിടങ്ങളും ഉപയോശൂന്യമായി കിടക്കുന്നുവെന്നുള്ളത് ഈ പ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കുന്നു. പൊതുകിണറുകളും, കുളങ്ങളും കുഴൽകിണറുകളും മാത്രമല്ല, സ്വകാര്യകിണറുകളും കുളങ്ങളും ധാരാളം ഉപയോഗശൂന്യമായി കിടപ്പുണ്ട്. പൊതുകിണറുകളും കുളങ്ങളും യഥാസമയം വൃത്തിയാക്കുന്നതിനോ മലിനപ്പെടാത്തവിധത്തിലുള്ള ഉപയോഗം ഉറപ്പുവരുത്തുന്നതിനോ കഴിയുന്നില്ല.ചില പ്രദേശങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗ്യമല്ല. വെള്ളമുള്ള കുഴൽകിണറുകളിലെ ജലത്തിന്റെ പ്രയോജനമാകട്ടെ വളരെ കുറച്ചുപേർക്കേ ലഭിക്കുന്നുള്ളു. ഇറയ്ക്കാതെയും ഉപയോഗിക്കാതെയും കിടക്കുന്ന വെള്ളമുള്ള സ്വകാര്യ കിണറുകളും ഉണ്ട്. കുളങ്ങളാകട്ടെ പലതും കന്നുകാലിളെ ഇറക്കി കുളിപ്പിക്കുന്നതിനും ഓല കുതിർക്കുന്നതിനും മറ്റും ഉപയോഗിച്ച് മലിനപ്പെടുത്തുന്നുണ്ട്.കിണറുകളും കുളങ്ങളും നിർമ്മിച്ചാൽ ജലലഭ്യത ഉറപ്പുള്ള സ്ഥലങ്ങൾ ധാരാളമുണ്ട്. എന്നാൽ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്ന കിണറുകളോ, കുളങ്ങളോ നിമ്മിക്കാനും കഴിയില്ല. വ്യക്തികളുടെ സൻമനസ്സും സഹായവുമുണ്ടായാൽ ഒരു പരിധിവരെ പല പ്രദേശത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ജലലഭ്യതയുള്ള സ്വകാര്യ ഭൂമികളിൽ ഭൂ ഉടമസ്ഥന് സ്വീകാര്യമായ വ്യവസ്ഥകളോടെ പൊതുകിണറുകളും, കുളങ്ങളും മറ്റും നിർമ്മിക്കുന്നതിന് സാധിച്ചാൽ കുറെയൊക്കെ കുടിവെള്ള പ്രശ്നം പരിഹരിക്കാം. ഇങ്ങനെ പൊതുജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് വസ്തു ഉടമയ്ക്ക് ഏതെങ്കിലും തരത്തിലുള്ള പ്രയോജനം ഉറപ്പുവരുത്തിയാൽ ഇത് സാധ്യമാക്കാവുന്നതേയുള്ളു. ഉദാഹരണത്തിന് ഒരു വ്യക്തിയുടെ വസ്തുവിൽ ഒരു പൊതുകുളം നിർമ്മിച്ച് പൊതുജനങ്ങൾ ഉപയോഗിക്കുന്നതിലേക്ക് പഞ്ചായത്ത് ഒരു നിശ്ചിത വാടക ഉടമസ്ഥന് നൽകുക. കിണർ, കുളം ഇവ നിർമ്മിക്കുന്നതിന് ഈ മാർഗ്ഗം അവലംബിക്കവുന്നതേയുള്ളു. വലിയ കുളങ്ങൾ നിർമ്മിച്ച് ചെറിയൊരു പ്രദേശത്തേക്ക് പൈപ്പ് വഴി ജലം എത്തിക്കാനുള്ള സൗകര്യങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്. പൊതു ഉടമസ്ഥതയിലും സ്വകാര്യഉടമസ്ഥതയിലുമുള്ള ജലഉറവിടങ്ങൾ രണ്ടുമാസത്തിൽ ഒരിക്കൽ എങ്കിലും പരിശോധിച്ച് ശുദ്ധീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുംസ്ഥിരം സംവിധാനമുണ്ടാകണം.

നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളത്തിനായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് കിണറുകളെയാണ്. എന്നാൽ വേനൽകാലങ്ങളിൽ മിക്ക കിണറുകളും വറ്റിപ്പോകുന്ന സ്ഥിതിയാണ് ഉള്ളത്. പഞ്ചായത്തിൽ വിളയ്ക്കാട്ടുകോണം, വല്ലൂർ, തട്ടത്തുമല ലക്ഷംവിട് കോളനി, മണലേത്തുപ്പച്ച, നെടുമ്പാറ, നെടുമ്പാറ ലക്ഷംവിട്കോളനി, പോട്ടലിൽ, വാഴോട്, പറണ്ടക്കുഴി, തൊളിക്കുഴി മാസ്റ്റർ കോളനി, ചാവേറ്റിക്കാട് ഹരിജൻ കോളനി,

വട്ടലിൽ ഹരിജൻ കോളനി, കൊപ്പം, പുലിയം, മുളയ്ക്കലത്തുകാവ്, ചെറുനാരകംകോട് ലക്ഷംവീട് കോളനി, തൊളിക്കുഴി മാർക്കറ്റ് കാമ്പൗണ്ട്,ചെക്കിട്ടമൂല, കിളിമാന്നൂർ ആയുർവ്വേദ ആശുപത്രി കോമ്പൗണ്ട്, പയ്യനാട് ഹരിജൻ കോളനി, പയ്യനാട് ഗിരിജൻ കോളനി, മൂങ്ങാക്കുഴി, ഇടക്കുന്നു, കാനാറ, തുണ്ടിൽക്കട, നെടുംപച്ച, ചിറ്റിലഴികം, ഇടക്കുന്ന് കോളനി എന്നീ സ്ഥലങ്ങളിൽ പൊതുകിണറുകൾ നിലവിലുണ്ട്. ഇവയിൽ പഴയകുന്നുമ്മേൽ, വിളയ്ക്കാട്ട്കോണം, തട്ടത്തുമല ലക്ഷം വീട്കോളനി, വല്ലൂർ, നെടുമ്പാറ ലക്ഷംവീട്കോളനി, കൊപ്പം, ചെറുനാരകംകോട് ലക്ഷംവീട്കോളനി മാസ്റ്റർ കോളനി, വട്ടലിൽ, മൂങ്ങാകുഴി, മത്തിൽകുന്ന്, എന്നിവിടങ്ങളിലെ കിണറുകളിൽ വേനൽക്കാലത്ത് ആവശ്യത്തിന് കുടിവെള്ളം ലഭ്യമല്ല.

കുടിവെള്ളം ആവശ്യത്തിന് ലഭ്യമല്ലാത്ത ഇത്തരം കിണറുകൾ കൂടുതൽ ആഴത്തിൽ കുഴിപ്പിച്ച് ജലലഭ്യത ഉറപ്പുവരുത്താനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ആഴം വർദ്ധിപ്പിക്കുന്നതിലൂടെ ജലം ലഭ്യമാകുമെങ്കിൽ അത്തരം കിണറുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൊതുകുളങ്ങളും ഉപയോ ഗപ്പെടുത്താനാവും. ഏഴരമൂഴി, പറണ്ടക്കുഴി, മണലേത്തു പച്ച, മഹാദേവേശ്വരം എന്നിവിടങ്ങളിൽ പൊതുകുളങ്ങൾ നിലവിലുണ്ട്. ഇതിൽ ഏഴരമൂഴികുളം പുനഃരുദ്ധരിച്ച് കുടിവെള്ളം ലഭ്യമാക്കുകയാണെങ്കിൽ ഈ പ്രദേശത്തും കടമ്പ്രവാരം, പാപ്പാല, വല്ലൂർ എന്നീ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. പറണ്ടക്കുഴി പഞ്ചായത്ത്കുളം പുനരുദ്ധരിച്ച് പറണ്ടക്കുഴി പ്രദേശത്തെ നൂറിൽപരം വീടുകൾക്ക് പ്രയോജനകരമാക്കാൻ കഴിയും. മണലെത്തുപച്ചയിലെ പൊതുകുളം ശുദ്ധീകരിച്ച് മണലേത്തുപച്ച ഹരിജൻ കോളനിയിലും സമീപത്തെ നൂറോളം വീടുകളിലും വിതരണംചെയ്തു ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

നമ്മുടെ പഞ്ചായത്തിൽ 14 കുഴൽകിണറുകൾ നിലവിൽ ഉണ്ടെങ്കിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇവ വേണ്ടത്ര പര്യാപ്തമാകുന്നില്ല. ഇതിന് മുഖ്യകാരണം കുടിവെള്ളക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളിലല്ല നിർമ്മിച്ചിട്ടുള്ളത് എന്നതാണ്. അതിനാൽ ഗ്രൗണ്ട്വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ശാസ്ത്രീയമായ സർവേനടത്തി കുഴൽകിണറുകൾ കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക. നിലവിലുള്ള കുഴൽകിണറുകളിൽ പലതിലും ഇരുമ്പ്പൈപ്പ് ഉപയോഗിച്ചിരിക്കുന്നതിനാലൽ ഇവയിലെ ജലം ഉപയോഗ്യമല്ല. കാനാറ,തുണ്ടിൽക്കട, വയ്യാറ്റിൻകര, നെല്ലിക്കുന്ന്, കൊപ്പം, മുളയ്ക്കലത്തുകാവ്, മിഷ്യൻകുന്ന്, വയ്യറ്റിൻകര, അടയമൺ എന്നിവിടങ്ങളിലെ പൈപ്പ് മാറ്റു പി.വി.സി. പൈപ്പ് സ്ഥാപിച്ചാൽ ഇവയിലെ ജലം ഉപയോഗ്യമാക്കാം.

ഒന്നാം വാർഡിൽ വട്ടപ്പാറ, പറയംകാട്, കുന്നുമ്മൽ, തോപ്പിൽ, കുന്നുവിള, ചെക്കിട്ടമൂല എന്നീ മേഖലകളിലാണ് ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം ഉള്ളത്. രണ്ടാം വാർഡിൽ തോപ്പിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനി, നെല്ലിക്കുന്ന് പട്ടികവർഗ്ഗകോളനി, മങ്കാട് പ്രദേശം, മൈലക്കുന്ന് എന്നിവ കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങളാണ്. മൂന്നാം വാർഡിൽ പറകോണം, ചാക്കുടി, കല്ലറക്കോണം, ഇടക്കരിക്കകം എന്നിവ കുടിവെള്ളക്ഷാമം ഉള്ള സ്ഥലങ്ങളാണ്. നാലാം വാർഡിൽ പറണ്ടക്കുഴി, ചോറോട്ടുകുഴി, പെരുകുന്നം വേടർ കോളനി, പറണ്ടക്കുഴി ഹരിജൻ കോളനി എന്നിവിടങ്ങളിലും കുടിവെള്ളക്ഷാമം ഉണ്ട്. അഞ്ചാം വാർഡിൽ പോട്ടലിൽ ഷെഡ്ഡിൽകട, നെടുമ്പാറലക്ഷം വീട്, വട്ടപ്പച്ച ഐ.എച്ച്.ഡി.പി.കോളനി, ചാറയം, മൂതുകുറുഞ്ഞി, ചിന്താണിക്കോണം, ചെമ്പകശ്ശേരി, മണലേത്തുപ്പച്ച, എന്നീ മേഖലകളിൽ കുടിവെള്ളക്ഷാമം ഉണ്ട്. 6-ാം വാർഡിൽ നെല്ലിക്കുന്ന്, കൊപ്പം, ചെറുനാരകംകോട്, ചെറുനാരകംകോട് ലക്ഷം വീട് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്. 7-ാം വാർഡിൽ തോപ്പിൽ മിഷ്യൻകുന്ന്, വട്ടലിൽ, പറപ്പമൺ പ്രദേശങ്ങളിലാണ് കുടിവെള്ളക്ഷാമം ഉള്ളത്. 8-ാം വാർഡിൽ ചെമ്പരംകോണം, വണ്ടന്നൂർ, വട്ടലിൽ, കേളന്റെമൂല, മൂങ്ങാക്കുഴി ഹരിജൻകോളനി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. 9-ാം വാർഡിൽ മത്തിൽകുന്ന് , തുണ്ടിൽക്കട, വിളയിൽ പ്രദേശം, പാപ്പാല എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്. 10-ാം വാർഡിൽ കുഴിവിള, ചേണിക്കുഴി, ചിറ്റിലഴികം, ഇരട്ടച്ചിറ, കുതിരത്തടം, ചോറാട്ടുകുന്ന്, മഞ്ഞപ്പാറ, ചരുപാറ എന്നീ പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ട്.

കേന്ദ്രഗവൺമെന്റിന്റെ C.A.R.W.S.S. സ്കീം പ്രകാരം ഒരു വൻകിട കുടിവെള്ള വിതരണപദ്ധതി നടപ്പിലാക്കുന്നതിന് മൂന്നേകാൽ കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റിയാണ് ഈ പദ്ധതി ഏറ്റെടുത്തിരിക്കുന്നത്. പഴയകുന്നുമ്മേൽ, കിളിമാന്നൂർ, മടവൂർ എന്നീ പഞ്ചായത്തുകൾക്ക് ഒരു പോലെ പ്രയോജനപ്പെടുന്ന ഒരു

പദ്ധതി ആണ് ഇത്. വാമനപുരം ആറ്റിലെ വെള്ളമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്. പുളിമാത്ത് പഞ്ചായത്തിൽ വാമനപുരം നദീതീരത്ത് 11 സെന്റ് ഭൂമി വെൽകം പമ്പ്ഹൗസ് നിർമ്മിക്കുന്നതിന് വേണ്ടി പഴയകുന്നുമ്മേൽ, കിളിമാന്നൂർ, മടവൂർ പഞ്ചായത്തുകൾ സംയക്തമായി വാങ്ങി നൽകിയിട്ടുണ്ട്. ഇനി ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് ഒന്നേകാൽ ഏക്കർ സ്ഥലം വെൽകം പമ്പ്ഹൗസ് പരിസരത്ത് ഈ പഞ്ചായത്തുകൾ തന്നെ സംയുക്തമായി വാങ്ങി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറേണ്ടതുണ്ട്. പഴയകുന്നുമ്മൽ പഞ്ചായത്തിൽ ഇരട്ടച്ചിറയിൽ 25 സെന്റ് പുരയിടവും കുതിരത്തടത്തിലും തട്ടത്തുമലയിലും 10 സെന്റ് വീതം സ്ഥലവും സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുന്നതിലേക്ക് പഞ്ചായത്ത് വാങ്ങി നൽകണം. ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ഏറെക്കുറെ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകരമാകും.

എന്നാൽ മൂന്നേകാൽ കോടിരൂപ കേന്ദ്രഗവൺമെന്റ് ഈ പദ്ധതിക്ക് നീക്കി വച്ചിട്ട് സ്ഥലം എടുത്ത് നൽകാനുള്ള ചുമതല സാമ്പത്തിക പരാധീനതയുള്ള പഞ്ചായത്തുകളുടെ ചുമലിൽ കെട്ടിവയ്ക്കുന്നത് ആശ്വാസ്യമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. മേൽപറഞ്ഞ മൂന്ന് പഞ്ചായത്തുകളും സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടുന്ന അവസ്ഥയിൽ ഇതിന്റെ പ്രായോഗികത ദുഷ്കരമാവുകയാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥലം എടുപ്പുകൂടി ഈ പദ്ധതിയുടെ ഭാഗമാക്കി തുക നീക്കി വയ്ക്കുന്നതായിരുന്നു ഉചിതം. പഞ്ചയത്തുകളുടെ നിസഹായവസ്ഥയുംപദ്ധതി നടപ്പിലാക്കുന്നത് പരാജയപ്പെട്ടാൽ ആരെ കുറ്റപ്പെടുത്താനാവും ? ഇത് ഉന്നതതലത്തിൽ ചർച്ചക്ക് വിധേയമാക്കേണ്ടതാണ്. മൂന്നേകാൽ കോടി, എന്ന ഒരു വലിയ തുക പദ്ധതിക്ക് വേണ്ടി ചെലവഴിക്കാമെങ്കിലൽ സ്ഥലം എടുപ്പിനുള്ള തുകകൂടി കേന്ദ്രഗവൺമെന്റിന് നൽകാവുന്നതേയുള്ളു. എന്നാൽ ഇത് അസാദ്ധ്യമാകുകയാണെങ്കിൽ പിന്നെ എത്രബുദ്ധിമുട്ടിയും നിർദ്ദിഷ്ഠ സ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് നൽകണം. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻഗണന കൊടുത്ത് കൊണ്ട് നമ്മുടെ പഞ്ചായത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുക.

കിണർ, കുളം, കുഴൽകിണർ ഇവ നിർമ്മിക്കാൻ കഴിയാത്ത ഉയർന്ന പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വാമനപുരം പദ്ധതിയ്ക്ക് മാത്രമെ കഴിയു.

*കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് ഗ്രാമസഭാ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.*

1. 1-ാം വാർഡിൽ കുന്നുമ്മേൽ പ്രദേശത്ത് കുളം കുഴിക്കുക. വലിയപാറയ്ക്ക് സമീപമുള്ള വാട്ടർ ടാങ്കിന്റെ ശേഷി വർദ്ധിപ്പിക്കുക.

2. 2-ാം വാർഡിൽ നെല്ലിക്കാടിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ചെവളമടം നാഗരുകാവിലെ കുളത്തിൽ കിണർ കുഴിച്ച് നെല്ലിക്കാടിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുക.മങ്കാട് പ്രദേശത്തേക്ക് പൈപ്പ് ലൈൻ നീട്ടി കുടിവെള്ള പ്രശ്നം പരിഹരിക്കുക. ആയിരവല്ലി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരി ക്കുന്ന തിന് മഹാദേവേശ്വരം വരെയുള്ള പൈപ്പു ലൈൻ തോപ്പിൽ വരെ നീട്ടുക. ഗുരുദേവ് I.T.C മുന്നിലുള്ള പൈപ്പ്ലൈൻ മൈലക്കുന്നിലേക്ക് നീട്ടുക.

3. 3-ാം വാർഡിൽ കല്ലറക്കോണം ഭാഗത്ത് ഒരു പൊതുകുളം നിർമ്മിച്ച് മിനിവാട്ടർ സപ്ലേസ്കീം നടപ്പിലാക്കുക. (ഇവിടെ പുറമ്പോക്ക് ഭൂമി ലഭ്യമാണ്) ഏഴരമൂഴി, മണലേത്തുപച്ച എന്നിവിടങ്ങളിലെ പഞ്ചായത്തുകുളം പുനരുദ്ധരിക്കണം. പറക്കോണം, വല്ലൂർ,കല്ലറക്കോണം എന്നിവിടങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കണം. തട്ടത്തുമല, ഇടക്കരിക്കകം, തോട്ടിൽമുക്ക് റോഡിലൂടെ വാട്ടർ സപ്ലേ അനുവദിക്കുക. നിലവിലുള്ള കുഴൽ കിണറുകൾ ഉപയോഗ്യമാക്കുക. കൂടുതൽ പൊതുകിണറുകളും കുളങ്ങളും നിർമ്മിക്കുക.

4. പറണ്ടക്കുഴി, പൂത്തോറ്റുകാട്, വാഴോട്, വട്ടപ്പാറ പ്രദേശങ്ങളിൽ വെള്ളമെത്തിക്കാൻ ചേറാട്ടുകുഴിയിൽ P.V.C പൈപ്പ് ഉപയോഗിച്ച് കുഴൽ കിണർ നിർമ്മിക്കുക, ഉപയോഗശൂന്യമായ കിണറുകൾ, കുഴൽകിണറുകൾ, കുളങ്ങൾ ഇവ പുനരുദ്ധരിക്കുക, പറണ്ടകുഴിയിൽ ഒരു വലിയ കുളം നിർമ്മിക്കുക.

5. 5-ാം വാർഡിൽ ഷെഡ്ഡിൽക്കടയിൽ കുഴൽ കിണർ നിർമ്മിക്കണം. പോട്ടലിലും കുഴൽ കിണർ നിർമ്മിക്കുക. വട്ടക്കൈത, മണലേത്തുപച്ച, ചെമ്പകശ്ശേരി എന്നിവിടങ്ങളിൽ പൊതു കിണറുകൾ നിർമ്മിക്കുക. ചിന്തണിക്കോണത്ത് കുളം നിർമ്മിക്കുക.

6. അടയമൺ എൽ.പി. സ്കൂളിന്റെ വടക്ക് മുകൾ ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൊതുകിണർ സ്ഥാപിക്കണം. കിണർ കുഴിക്കുന്നതിന് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. പൊതുജനസഹായത്തോടെ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കുക. ചെറുനാരകംകോട് പ്രദേശത്ത് ഒരു പൊതു കിണർ കുഴിക്കുകയും ചെയ്യുക.

7. 7-ാം വാർഡിൽ മുള്ളൻകുഴിയിൽ കുളംകുഴിച്ച് വെള്ളം പമ്പ് ചെയ്ത് വാർഡിലെ ഏറ്റവും ഉയർന്ന പ്രദേശമായ തോപ്പിൽ ഓവർടാങ്ക് നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുക.

8. 8-ാം വാർഡിൽ വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുക. ചെമ്പരംകോണം കുന്നിൽ പഞ്ചായത്ത് കിണർ അനുവദിക്കുക. ആവശ്യമായ സ്ഥലം ലഭ്യമാകുന്നതാണ്. വട്ടലിൻ കോളനിയിൽ കുഴൽ കിണർ സ്ഥാപിക്കുക. കേളന്റെമൂല ഹരിജൻ കോളനിയിൽ കിണർ കുഴിക്കുക. മൂങ്ങാക്കുഴി ഹരിജൻ കോളനിയിൽ കിണർ സ്ഥാപിക്കുക.

9. 9-ാം വാർഡിൽ നിലവിലുള്ള പൈപ്പ് ലൈൻ വാർഡിലെ മുഴുവൻ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുക. തുണ്ടിൽക്കടയിൽ 250 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക

10. 10-ാം വാർഡിൽ പൈപ്പ് ലൈൻ എത്താത്ത സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. ഹരിജൻ കോളനികളിൽ കിണർ കുഴിക്കുക. കുതിരത്തടം, ചോറാട്ടുകുഴി, ഇടക്കുന്നു എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കുക. വാമനപുരം നദിയിൽ നിന്നും ജലം ശേഖരിച്ച് പഞ്ചായത്തിലെത്തിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ലോകബാങ്ക് സഹായത്തോടെ പദ്ധതി തയ്യാറാക്കുക.

I.H.D.P. കോളനി ആയി പ്രഖ്യാപിച്ചിട്ടുള്ള ചാവേറ്റിക്കാട് ഹരിജൻകോളനിയും സർക്കാർ നടപ്പിലാക്കൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ 16,92000 രൂപ കുടിവെള്ളലഭ്യതയ്ക്കായി മാറ്റി വച്ചിട്ടിണ്ട്. ജലസേചന കിണറുകൾ നിർമ്മിക്കുക, പൊതുകിണർ നിർമ്മിക്കുക, കിണറുകളുടെ പുനരുദ്ധാരണം ശുദ്ധജലവിതരണം എന്നിവയക്കാണ് തുക നീക്കിവച്ചിട്ടുള്ളത്. കോളനിയ്ക്ക് സമീപമുള്ള നീരുറവയിൽ നിന്നും വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് സങ്കേതത്തിൽ വിതരണം നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് കേരളാ വാട്ടർ അതോറിറ്റി അനുയോജ്യമായ ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

കിളിമാനൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് നിലവിലുള്ള ശുദ്ധജലവിതരണ ശൃംഖലയിൽ ഉൾപ്പെടുത്തി തുണ്ടിൽക്കട കോളനി, ചിറ്റലഴികം കോളനി, വട്ടപ്പാറ കോളനി, എന്നിവിടങ്ങളിലേക്ക് കുടിവെള്ളവിതരണം ദീർഘിപ്പിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് നടപ്പിലാക്കിയാൽ ഈ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

### കുളങ്ങളും കിണറുകളും പഞ്ചായത്ത് ഉടമസ്ഥതയിൽ

| | |
|---|---|
| കുളങ്ങൾ | 5 എണ്ണം |
| കിണറുകൾ | 19 എണ്ണം |

### ഊറ്റുകുഴികൾ

| | |
|---|---|
| കുനാംകുനിച്ചി | വാർഡ് - VI |
| ശാസ്താംപൊയ്ക | വാർഡ് - IV |
| ഏഴരമുഴി | വാർഡ് - III |

# വ്യവസായം



സമ്പന്നമായ ഒരു കാർഷിക അടിത്തറയുള്ള പഴയ കുന്നുമ്മേൽ പഞ്ചായത്ത് പ്രദേശത്ത് കുടിൽ–ചെറുകിട വ്യവസായങ്ങൾക്കും മറ്റു പരമ്പരാഗത വ്യവസായങ്ങൾക്കുമെന്ന പോലെ ആധുനിക വ്യവസായങ്ങൾക്ക് പോലും ആരംഭിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളും മനുഷ്യവിഭവശേഷിയും ഉണ്ട്. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിൽ രഹിതർ പഞ്ചായത്തിൽ ധാരാളമുണ്ട്. ഉൽപാദനപരമായ തൊഴിലുകളിൽ ഏർപ്പെടുന്നതിന് ഇവർക്ക് അവസരമുണ്ടാക്കണമെങ്കിൽ വ്യവസായങ്ങൾ ആരംഭിച്ചേ മതിയാകൂ. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്ത് രൂപീകരണ കാലം മുതൽ ഇന്നോളം അമ്പതു പേർക്കെങ്കിലും തൊഴിലെടുക്കാൻ കഴിയുന്ന വ്യവസായങ്ങൾ ഉണ്ടായിട്ടില്ല എന്നത് ഖേദകരമായ വസ്തുതയാണ്. ഇവിടെ ആകെയുള്ളത് ഒരു കശുവണ്ടി ഫാക്ടറി മാത്രമാണ്.

1960- കാലഘട്ടത്തിൽ കിളിമാനൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് ആരംഭിച്ച കാഷ്യൂഫാക്ടറിയുടെ ഇന്നത്തെ പ്രവർത്തനം വളരെ പരിതാപകരമാണ്. ആണ്ടിൽ വിരലിലെണ്ണാവുന്ന ദിവസങ്ങളിൽ മാത്രമേ ഫാക്ടറി പ്രവർത്തിക്കുന്നുള്ളൂ. കിളിമാനൂർ ജംഗ്ഷന്റെഹൃദയഭാഗത്ത് കശുവണ്ടി ഫാക്ടറി പ്രവർത്തിക്കുന്നതുകൊണ്ട് ഫാക്ടറിയിൽ നിന്ന് ഉയരുന്ന പുകയും മറ്റും കടുത്ത പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പ്രസ്തുത കാഷ്യുഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം കോർപ്പറേഷനിൽ നിന്നും ഏറ്റുവാങ്ങി വിശാലമായ ഒരു വാഹനത്താവളവും അതിനോടനുബന്ധിച്ച് ഒരു ഷോപ്പിംഗ് കോംപ്ലക്സ് സമുച്ചയവും മറ്റും നിർമ്മിക്കാവുന്നതാണ്. പകരം കശുവണ്ടി ഫാക്ടറി പഞ്ചായത്തിലെ തന്നെ വാഹന സൗകര്യമുള്ളതും അതുപോലെ ആധുനികവുമായി സജ്ജീകരിച്ചതുമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ചില കാലങ്ങളിൽ അവിടവിടെയായി ചില ചെറുകിട വ്യവസായ യൂണിറ്റുകളും മറ്റും പൊട്ടി മുളയ്ക്കാറുണ്ടെങ്കിലും വളരെ താമസിയാതെ തന്നെ അടച്ചുപൂട്ടുന്ന ഒരവസ്ഥയാണ് നിലനിൽക്കുന്നത്. ഇതിന്റെ കാരണങ്ങൾ മനസ്സിലാക്കി പരിഹരിക്കുവാൻ കൂട്ടായ പരിശ്രമം അത്യാവശ്യമാണ്.

സർക്കാർ സർവീസുകളും ഗൾഫു നാടുകളിലും മറ്റും പണിയെടുക്കുന്നവരെ ഒഴിച്ച് നിർത്തിയാൽ പഞ്ചായത്തിലെ പിന്നീടുള്ള തൊഴിൽ മേഖലകൾ പ്രധാനമായും കൂലിപ്പണി, കെട്ടിടനിർമ്മാണം, വാഹനങ്ങളിലെ ഡ്രൈവർ, കണ്ടക്ടർ ജോലികൾ, പാറക്കോറിയങ്ങളിലെ പണികൾ മുതലായവയാണ്. ഇവയൊന്നും തന്നെ വ്യാവസായിക അടിത്തറയുള്ളതോ പ്രത്യുൽപ്പാദനപരമാണെന്നോ പറയനാകില്ല.

സ്ത്രീ തൊഴിലാളികളുടെ അവസ്ഥ പരിശോധിച്ചാൽ മേൽപ്പറഞ്ഞ കശുവണ്ടി ഫാക്ടറിയിലും ചുരുക്കം ചിലർ തയ്യൽ, മെറ്റൽ നിർമ്മാണം, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളതല്ലാതെ എടുത്തുപറയത്തക്ക വ്യവസായ സംരംഭങ്ങളോ, തൊഴിൽ മേഖലകളോ പഞ്ചായത്തിൽ ഇല്ല. അതുപൊലെ, വേതനവ്യവസ്ഥകളിലും സ്ത്രീ തൊഴിലാളികൾ പുരുഷ തൊഴിലാളികളേക്കാൾ പിന്നിലാണ്. അതുകൊണ്ട് തന്നെ പരമ്പരാഗത വ്യവസായങ്ങളെ പരിപോഷിപ്പിച്ചും ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും നമ്മുടെ വ്യവസായ മേഖല പുഷ്ടിപ്പെടുത്താവുന്നതാണ്. കൂടാതെ 450 ഹെക്ടറോളം ഭൂമി റബ്ബർ കൃഷി ചെയ്യുകയും ഏകദേശം 400 ഓളം പേർ ഈ മേഖലയിൽ പണിയെടുക്കുകയും ചെയ്യുന്നത് കൊണ്ട് റബ്ബർ അസംസ്കൃത വസ്തുവായി ഉയോഗിച്ച് ഇടത്തരം വ്യവസായയൂണിറ്റുകൾ ആരംഭിക്കാം. അതുപോലെ ധാരാളം പാറക്കൂട്ടങ്ങൾ നിറഞ്ഞ പഞ്ചായത്തിൽ മാർബിൾ നിർമ്മാണം, ശിൽപ്പനിർമ്മാണം തുടങ്ങിയവയ്ക്കും വമ്പിച്ച സാധ്യതകൾ ഉണ്ട്.

ഏത് വ്യവസായം തുടങ്ങണമെന്നോ എങ്ങനെ തുടങ്ങണമെന്നോ ഉള്ള ആശയ വ്യക്തതയില്ലാത്തതും ശരിയായ തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കാത്തതും പഞ്ചായത്തിലെ വ്യവസായ ശുഷ്കതയ്ക്ക്

പ്രധാനപ്പെട്ട കാരണങ്ങളാണ്. ഇതിന് വേണ്ടി വ്യവസായ വകുപ്പും,, പഞ്ചായത്ത് സമിതികളും, ബാങ്കിംഗ് സ്ഥാപനങ്ങളും ശരിയായ ബോധവത്ക്കരണവും വായ്പാ സൗകര്യങ്ങളും തൊഴിൽ പരിശീനലവും നൽകേണ്ടത് അത്യാവശ്യമാണ്. ഇതിനുവേണ്ടി പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നമ്മുടെ ഭൗതിക സാഹചര്യങ്ങൾക്ക് അനുസൃതമായി വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. ഇത് വിപുലമായ സൗകര്യങ്ങൾ ഉള്ളതാകണം. ഈ കേന്ദ്രങ്ങൾ വെറും പരിശീലന കേന്ദ്രങ്ങൾ മാത്രമാവാതെ ചില പ്രധാന വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുകൾ ലഭ്യമാക്കുന്നതും സംസ്കരിച്ച വസ്തുകൾ ശേഖരിച്ച് വിതരണം ചെയ്യുന്നതുമായ ഒരു കേന്ദ്രവും കൂടിയാകണം.

വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത വ്യവസായ സംരംഭകരെ വളരെയധികം നിരാശ ബോധത്തിലേക്ക് നയിക്കുന്ന ഒരു പ്രതിബന്ധമാണ്. വായ്പകൾ ലഭ്യമാക്കുന്നതിലുള്ള നൂലാമാലകൾ ഒഴിവാക്കുകയും തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങൾ തന്നെ ഈടായി കണക്കാക്കി വായ്പകൾ നൽകുകയും ചെയ്യണം.

ഇടത്തരംവ്യവസായങ്ങൾക്ക് പോലും പൂർണ്ണമായ ഉത്പാദന ക്ഷമതയുണ്ടാക്കുന്നതിനാവശ്യമായ വൈദ്യുതി ലഭ്യത പഞ്ചായത്തിൽ ഇല്ലാ എന്നുള്ളത് എടുത്തു പറയേണ്ട മറ്റൊരു പ്രതിസന്ധിയാണ്.

കിളിമാനൂർ ആസ്ഥാനമായി ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത 110 K.V സബ്ബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യുകയാണെങ്കിൽ കിളിമാനൂർ,പഴയകുന്നുമ്മേൽ, മടവൂർ, പുളിമാത്ത് തുടങ്ങിയ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും ചെറുകിട ഇടത്തരം വ്യവസാങ്ങൾക്ക് ആവശ്യമായ വൈദ്യുതി എത്തിക്കാനും കഴിയും. ന്യൂനപക്ഷമായ സമ്പന്ന വിഭാഗം പഞ്ചായത്തിൽ ഗൾഫ് മലയാളികളാണ് എന്ന് പറയാം. ഇതിൽ നല്ലൊരു വിഭാഗവും പണം ആഡംബര പൂർണ്ണമായ കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുകയോ സ്ഥിരനിക്ഷേപം നടത്തുകയോ ചെയ്യുന്ന പ്രവണതയാണുള്ളത്.

വമ്പിച്ച തോതിലുള്ള ഈ പണം അനുയോജ്യമായ വ്യവസായ തുറകളിലേക്ക് തിരിച്ച് വിടാൻ കഴിഞ്ഞാൽ വ്യവസായ പുരോഗതി കൈവരിക്കുവാൻ കഴിയുമെന്നതിൽ തർക്കമില്ല.

കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കികൊണ്ട് പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുകയും പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി കരകൗശല വസ്തു നിർമ്മാണം എന്നിവ വാർഡുകൾ തോറും നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. കൂടാതെ ഈ വ്യാവസായിക ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കിളിമാനൂർ ജംഗ്ഷൻ കേന്ദ്രമാക്കിയോ, മാർക്കറ്റ് അടിസ്ഥാനമാക്കിയോ ഒരു വിപണന കേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ഈ കേന്ദ്രത്തിൽ സർക്കാർ ഉൽപ്പന്നങ്ങളും പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക വ്യാവസായിക ഉല്പന്നങ്ങളും വിറ്റഴിക്കാവുന്നതാണ്.

പഞ്ചായത്ത് കമ്മിറ്റിയും, പഞ്ചായത്ത് കമ്മിറ്റി രൂപീകരിക്കുന്ന ഒരു വിദഗ്ദ്ധ സമിതിയും കൂടി ചേർന്നുകൊണ്ട് പഞ്ചായത്തിലെ ചില കേന്ദ്രങ്ങളിൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കുവേണ്ടി പലതരത്തിലുള്ള വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ വ്യവസായങ്ങളുടെ സംഘാടനം ഈ വിദഗ്ദ്ധ സമിതി ഏറ്റെടുക്കണം. ഈ വിദഗ്ദ്ധ സമിതി പഞ്ചായത്തു കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരിക്കണം. പഞ്ചായത്തിന്റെ വിഭവശേഷിയെ വിദഗ്ദ്ധ പഠനത്തിന് വിധേയമാക്കി കൂടുതൽ പേർക്ക് തൊഴിൽ കിട്ടുന്ന തരത്തിലും ഉല്പാദനം,വിപണനം, ചോദനം എന്നിവയുടെ സാധ്യതകൾ പരിശോധിച്ചും വേണം വ്യവസായം ആരംഭിക്കാൻ.

ഗ്രാമസഭാ ചർച്ചകളെ അടിസ്ഥാനമാക്കി നമ്മുടെ പഞ്ചായത്തിൽ ഒരു പുത്തൻ വ്യവസായ സംസ്കാരത്തിന് ആവശ്യമായ ചില നിർദ്ദേശങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

9-ാം വാർഡിലെ കാനാറ പ്രദേശത്ത് പത്ത് ഏക്കർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന ഗവ. വക പാറക്കൂട്ടം പഞ്ചായത്ത് അക്വയർ ചെയ്തു നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്ന പാറക്വാറിയം ആരംഭിക്കുക. കൂടാതെ 1-ാം വാർഡിലെ വട്ടപ്പാറ പാറമട, രണ്ടാം വാർഡിലെ ഞാവേലിക്കോണം ഇവിടങ്ങളിലും പ്രസ്തുത സംരംഭം ആരംഭിക്കാവുന്നതാണ്. കാർഷിക മേഖലക്ക് പ്രാധാന്യമുള്ള കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാനമാക്കി പിക്കിൾസ്, മസാല, കറി പൗഡർ, പപ്പായ ഫ്രൂട്ടി യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. നാളികേരം ധാരാളമായി ഉല്പാദിപ്പിക്കുന്ന ഗ്രാമങ്ങൾ അടങ്ങിയ പഞ്ചായത്തിൽ നാളീകേര വികസന കോർപ്പറേഷന്റെ സഹായത്തോടെ ഒരു നാളീകേര സംസ്കരണകേന്ദ്രം സ്ഥാപിക്കണം.

കുരുമുളകിന്റെ ഉല്പാദനം കാര്യമായി നടക്കുന്ന പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ശാസ്ത്രീയമായി കുരുമുളക് സംസ്കരണത്തിനായി ഒരു "പെപ്പർ പ്രോസസിംഗ് യൂണിറ്റ്" ആരംഭിക്കാവുന്നതാണ്. ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് സഹകരണ അടിസ്ഥാനത്തിൽ ബീഡി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ഉല്പന്നത്തിന് ഒരു പ്രത്യേക നാമധേയം നൽകി വിപണനം ചെയ്യുകയും വേണം.

അതുപോലെ പഞ്ചായത്തിന്

ധനസഹായം നൽകുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് മുഖേനയോ ലഭിക്കുന്ന വായ്പ ഉപയോഗിച്ചോ, അൺടൈഡ് ഫണ്ട് ഉപയോഗിച്ചോ രണ്ടോ മൂന്നോ സർവ്വീസ് ബസുകൾ വാങ്ങുകയും പഞ്ചായത്ത് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന രീതിയിൽ പെർമിറ്റ് സംഘടിപ്പിക്കുകയും പഞ്ചായത്തിലെ തന്നെ തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ചുകൊണ്ടു അവരിൽ അർഹരായവരെ തെരഞ്ഞെടുത്ത് ഇതിൽ ജോലി നൽകുകയും സേവനവേതന വ്യവസ്ഥകൾ ക്ലിപ്തപ്പെടുത്തകയും വേണം. ഇതിൽ നിന്നും ലഭിക്കുന്ന ലാഭം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ് കൂടാതെ ഇതിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി പഞ്ചായത്ത് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ ഒന്നോ രണ്ടോ ഓഫീസ് ജീവനക്കാരെ ചുമതലപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കളുടെ അടിസ്ഥാനത്തിൽ (റബ്ബർ, പഴവർഗ്ഗങ്ങൾ, ഹോളോ ബ്രിക്സ് മെറ്റീരിയൽസ്, കാർഷികോല്പന്നങ്ങൾ എന്നിവ) വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

ഖാദി ഗ്രാമ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ കൈത്തറി, കരകൗശലവസ്തുക്കളുടെ നിർമ്മാണം, എന്നിവയുടെ ചെറുതല്ലാത്ത സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. മെത്തപ്പായ് നിർമ്മാണം വണ്ടന്നൂർ മിഷ്യൻകുന്ന് കേന്ദ്രമാക്കി ആരംഭിക്കാം. കാരണം പ്രസ്തുത സംരംഭങ്ങൾക്കാവശ്യമായ അസംസക്യത വസ്തുക്കൾ ഇവിടെ നിന്നു തന്നെ സംഘടിപ്പിക്കാവുന്നതാണ്. ചപ്പുചവറുകൾ ഉപയോഗിച്ച് വളം നിർമ്മാണം കിളിമാനൂർ ടൗൺ കേന്ദ്രമാക്കി ആരംഭിക്കാവുന്നതാണ്. സ്ഥിരമായി തൊഴിൽ ഇല്ലാത്തവരും വിദഗ്ദ്ധരുമായ ധാരാളം മരപ്പണിക്കാർ പഞ്ചായത്തു പ്രദേശങ്ങളിലുണ്ട്. അതുകൊണ്ടു തന്നെ സ്റ്റീൽ, വുഡൻ ഫർണിച്ചർ വ്യവസായങ്ങൾക്ക് സാധ്യതയുള്ള ഒരു പ്രദേശം കൂടിയാണിത്

ധാരാളം പാരലൽ കോളേജുകളും സ്കൂളുകളും അർദ്ധസർക്കാർ സ്ഥാപനങ്ങളും ബാങ്കിങ്ങ് സ്ഥാപനങ്ങളും ഉള്ള പഞ്ചായത്തിൽ ഓഫീസ് സ്റ്റേഷനറികൾ, ബുക് സ്റ്റാൾ, പേപ്പർമാർട്ട്, ബുക്ക് മേക്കിങ്ങ് ആന്റ് ബയന്റിംഗ് എന്നീ യൂണിറ്റുകൾ സ്ഥാപിച്ച് വിപണനം ചെയ്യുന്നതിനു വേണ്ടി ഒരു കേന്ദ്രവും ആരംഭിക്കാണം. ഭക്ഷ്യവകുപ്പിന്റെ സഹായത്തോടെ കിളിമാനൂർ കേന്ദ്രമാക്കി ഒരു ന്യായവില ഹോട്ടൽ ആരംഭിക്കേണ്ടതാണ്. കുഴിവിള ഭാഗത്ത് നിലവിലുള്ള പരമ്പരാഗത വ്യവസായമായ ചൂരൽ വ്യവസായം സാമ്പത്തിക സഹായം നൽകി പരിപോഷിപ്പിക്കണം.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മെഴുക്തിരി, സോപ്പ്, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും അവ പഞ്ചായത്തു തലത്തിൽ ശേഖരിച്ച് വിതരണം ചെയ്യുകയും ചെയ്യാം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള ഇഷ്ടിക നിർമ്മാണശാലകൾ വികസിപ്പിക്കുകയും പുതിയവ ആരംഭിക്കാൻ ധനസഹായം നൽകുകയും ചെയ്യുക.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ പഞ്ചായത്തിലെ വിവിധ ഗ്രാമങ്ങൾ കേന്ദ്രമാക്കി ആരംഭിക്കുമ്പോൾ ഒരു പുത്തൻ വികസന സംസ്കാരത്തിലൂടെ നാട് സമ്പന്നവും ഐശ്വര്യപൂർണ്ണമാവുമെന്നതിൽ തർക്കമില്ല.

# ഊർജ്ജം



പഴയകുന്നുമ്മൽ പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും പ്രധാന ഊർജ്ജസ്രോതസായി ഉപയോഗപ്പെടുത്തുന്നത് വൈദ്യുതിയും,വിറകും, തെങ്ങുല്പന്നങ്ങളും, റബർ കായതോടും, പെട്രോളിയം ഉൽപ്പനങ്ങളായ മണ്ണെണ്ണ, പെട്രോൾ, ഡീസൽ എൽ.പി.ജി. എന്നിവയും ആണ്. വളരെ കുറച്ച് ജനങ്ങൾ ബയോഗ്യാസും സൗരോർജ്ജവും പ്രയോജനപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ലാത്തതിനാൽ ഈ പ്രദേശത്തുള്ളവർ മണ്ണെണ്ണയെ ആണ് മുഖ്യമായും വെളിച്ചത്തിനായി ആശ്രയിക്കുന്നത്. 1985 കാലഘട്ടത്തോടെയാണ് നമ്മുടെ പഞ്ചായത്തിൽ പാചകത്തിന് എൽ.പി.ജി. ഉപയോഗിച്ചു തുടങ്ങിയത്. പഞ്ചായത്തിലെ തന്നെ ചെറിയ ശതമാനം ആളുകൾ മാത്രമേ ഇപ്പോഴും പാചകവാതകം ഉപയോഗിക്കുന്നുള്ളൂ. ഇവരാകട്ടെ സമൂഹത്തിൽ സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്നവരാണ്. ഇന്നും നിർദ്ധനരും അർദ്ധപട്ടിണിക്കാരും തിങ്ങിപ്പാർക്കുന്ന നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ഇതൊരു മരീചിക മാത്രമാണ്, എന്നാൽ വിറകിന്റെ ക്ഷാമമും രൂക്ഷവും.

വൈദ്യുതി ലഭിക്കാത്ത വീടുകളിൽ പ്രകാശ സ്രോതസ്സായി ആശ്രയിക്കുന്നത് മണ്ണെണ്ണവിളക്കുകളെയാണ്. പഞ്ചായത്തിലെ 15 ഓളം പൊതുവിതരണകേന്ദ്രം വഴിയാണ് മണ്ണെണ്ണയുടെ ഭൂരിഭാഗവും വിതരണം ചെയ്യുന്നത്. സമൂഹത്തിലെ ഇടത്തരം സാമ്പത്തിക സ്ഥിതിയുള്ള കുടുംബങ്ങളിൽ പാചകത്തിനും മണ്ണെണ്ണ ഉപയോഗിച്ചു വരുന്നു. വൈദ്യുതി കണക്ഷൻ ഉള്ള പല സ്ഥലത്തും ഇന്നും മണ്ണെണ്ണ വിളക്കുകളെയാണ് കൂടുതലായി ആശ്രയിച്ചു പോരുന്നത്. അത്രയ്ക്ക് രൂക്ഷമായ വൈദ്യുത ക്ഷാമമാണ് പഴയകുന്നുമ്മേൽ പഞ്ചായത്തിൽ നില നിൽക്കുന്നത്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി ആറ്റിങ്ങൽ 66 കെ.വി സബ് സ്റ്റേഷനിൽ നിന്നാണ് ലഭ്യമാകുന്നത്. കാനാറായിലെ 110 കെ.വി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്താൽ കിളിമാനൂർ നിയോജക മണ്ഡലത്തിലെ വോൾട്ടേജ് കുറവ് ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. ആറ്റിങ്ങൽ 66 കെ.വി സബ് സ്റ്റേഷനിൽ നിന്നും വരുന്ന വൈദ്യുതി വിതരണം ചെയ്യുന്നതിനായി നമ്മുടെ പഞ്ചായത്തിൽ 17 ട്രാൻസ്ഫോമറുകൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 7 മെർക്കുറി വേപ്പർ ലാമ്പുകളും 57 ട്യൂബും 694 ബൾബും തെരുവുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവ പലപ്പോഴും ബൾബില്ലാത്തതു മൂലമോ മറ്റോ ജനങ്ങൾക്ക് പ്രയോജനപ്പെടാറില്ല.

പാചകാവശ്യത്തിന് ബയോഗ്യാസ് ഉപയോഗിക്കുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്. പാചകാവശ്യത്തിനും പ്രകാശ സ്രോതസായും ബയോഗ്യാസ് ഉപയോഗിച്ചാൽ ഇപ്പോഴുള്ള വൈദ്യുതി ക്ഷാമവും അതിരൂക്ഷമായ വിറകിന്റെ ക്ഷാമവും ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. എല്ലാ വീടുകളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതു വഴി ഇപ്പോൾ നഷ്ടമായിപ്പോകുന്ന ബയോഗ്യാസ് നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ദക്ഷത കൂടിയ അടുപ്പുകൾ എല്ലാ വീടുകളിലും എത്തിക്കുന്നതു വഴി ഇന്ധന നഷ്ടം ലഘൂകരിക്കാം.

വാഹനങ്ങൾ പ്രധാനമായും പെട്രോൾ, ഡീസൽ എന്നിവയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. പഴയകുന്നുമ്മൽ പഞ്ചായത്തിൽ ഡീസൽ, പെട്രോൾ എന്നിവ വിൽക്കുന്നതിനായി 2 പമ്പുകളാണുള്ളത്. ഇവ രണ്ടിലും കൂടി പ്രതിദിനം 4000 ലിറ്റർ ഡീസലും 2000 ലിറ്റർ പെട്രോളും വിൽക്കുന്നുണ്ട്. നമ്മുടെ അടിസ്ഥാന ഊർജ്ജ സ്രോതസായ സൗരോർജ്ജത്തെ ഇത്രയും വികാസം പ്രാപിച്ച കാലഘട്ടത്തിലും നമുക്ക് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. സൗരോർജത്തെ പാചകത്തിനും തെരുവ് വിളക്ക് കത്തിക്കുന്നതിനും ഇലക്ട്രിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും മറ്റും ഉപയോഗിക്കുന്നത് വഴി ഇന്നുള്ള രൂക്ഷമായ ഊർജ്ജ പ്രതിസന്ധി നമുക്ക് ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. ഇവ കൂടാതെ നമുക്ക് കാറ്റിൽ നിന്നും മറ്റും വൈദ്യുതി ഉല്പാദിപ്പിച്ച് യന്ത്രസാമഗ്രികൾ

പ്രവർത്തിപ്പിക്കാൻ കഴിയും.

ഇന്ധനങ്ങൾ ഉല്പാദിപ്പിക്കുന്നതു പോലെ തന്നെ അതിനെ കാര്യക്ഷമമായി ഉപയോഗിക്കേണ്ടതും അത്യാവശ്യമാണ്. ഓരോ മാത്ര ഇന്ധനവും വിലപ്പെട്ടതാണ് എന്ന ബോധം ജനങ്ങളിൽ വളർത്തിയെടുത്താൽ അവർ അത് ശ്രദ്ധാപൂർവ്വം ഉപയോഗിക്കും, ഇന്ന് നാം ലാഭിക്കുന്ന ഊർജ്ജം നാളേക്ക് പ്രയോജനപ്പെടുത്താനും കഴിയും. അനാവശ്യമായി ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കാതിരുന്നാൽ വൈദ്യുതി നമുക്ക് ലാഭിക്കാൻ കഴിയും. ഇങ്ങനെയൊക്കെയാണെങ്കിലും കേരളത്തിൽ പുതിയ ചെറുകിട വൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ വൈദ്യുതിയുടെ കാര്യത്തിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയൂ.

***പരിഹാര നിർദ്ദേശങ്ങൾ***

1. അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കിളിമാനൂർ 110 കെ.വി സബ്സ്റ്റേഷൻ എത്രയും വേഗം കമ്മീഷൻ ചെയ്യുക.

2. പഞ്ചായത്തിലെ വൈദ്യുതി എത്തിച്ചേരാത്ത എല്ലാ പ്രദേശങ്ങളിലും എത്രയും വേഗം വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുക.

3. പഞ്ചായത്തിലെ എല്ലാ റോഡുകളും വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

4. പഞ്ചായത്തിലെ മിനിമം ഗ്യാരണ്ടി വ്യവസ്ഥയിലുള്ള എല്ലാ അപേക്ഷകർക്കും ഉടൻ വൈദ്യുത കണക്ഷൻ നൽകുക

5. അടയമൺ, കൊപ്പം ലൈനും, വടക്കേകോണം - കൊപ്പം ലൈനും, മുതുകുറിഞ്ഞി ലൈനുമായി ബന്ധിപ്പിക്കുക. ചെറുനാരകം കോട് – കൊപ്പം ലൈൻ അടയമൺ - കൊപ്പം ലൈനുമായും ബന്ധിപ്പിക്കുക.

6. പറപ്പമൺ, മിഷ്യൻകുന്ന് വൈദ്യുതി ലൈനുകൾ തമ്മിൽ ബന്ധിപ്പിക്കുക

7. തൊളിക്കുഴി വാർഡിൽ കൂടി കടന്നുപോകുന്ന നദിയിൽ മീൻമുട്ടി എന്ന സ്ഥലത്ത് ഒരു മിനി പവർ സ്റ്റേഷൻ സ്ഥാപിച്ച് പഞ്ചായത്തിന്റെ വൈദ്യുത ക്ഷാമം പരിഹരിക്കുക.

8. പഞ്ചായത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗ കോളനികളായ വട്ടപ്പാറ, മുളയറ, ചിന്താണിക്കോണം, മണലേത്തുപച്ച, കുളപ്പാറ, പുലിയം, വടക്കേക്കോണം, ചുറ്റിലഴികം, നെടുംപച്ച ചേറാട്ടുകുഴി, മറ്റത്തിൽകുന്ന് (കാനാറ),കദളിപ്പച്ച, കുഴിവിള, മുളങ്കുന്ന്, ചിറ്റിലഴികം, തോപ്പിൽ വണ്ടന്നൂർ, കടയാംകുഴി, തട്ടത്തുമല, കടമ്പ്രവാരം, പറണ്ടക്കുഴി, നെല്ലിക്കുന്ന്, പുലിപ്പാറ, ചെക്കിട്ടമൂല, വയ്യാറ്റിൻകര, മിച്ചഭൂമി,കുറവൻകുഴി, വേടർ കോളനി എന്നിവ വൈദ്യുതീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുക,

9. പഞ്ചായത്തിലെ എല്ലാ ലൈനുകളും ത്രീഫേസ് ആക്കുകയും വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്യുക.

10. പഞ്ചായത്തിലെ എല്ലാ തെരുവുവിളക്കുകളും സൗരോർജ്ജ വിളക്കുകളാക്കുക.

11. ആഹാരസാധനങ്ങൾ പാകം ചെയ്യുന്നതിന് ദക്ഷത കൂടിയ പാത്രങ്ങൾ ഉപയോഗിക്കുക

12. ഇന്ധന നഷ്ടം കുറക്കുന്നതിന് ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരണം അത്യന്താപേക്ഷിതമാണ്.

13. പൊതുവിതരണകേന്ദ്രം ഉടമകൾ കൃത്രിമമായി മണ്ണെണ്ണ ക്ഷാമമുണ്ടാക്കി ബ്ലാക്ക് മാർക്കറ്റിൽ വിൽക്കുന്നത് തടയാൻ നടപടി എടുക്കുക.

14. കാറ്റ്, സൗരോർജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പഞ്ചായത്തിൽ വ്യാപകമാക്കുക

15. പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ വ്യാപിപ്പിക്കുക

16. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചു മാറ്റുന്ന പ്രവർത്തനം കാര്യക്ഷമമാക്കുക.

17. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ കേന്ദ്രമാക്കി 1000 തെരുവ് വിളക്കുകൾ സ്ഥാപിക്കുക

18. കിളിമാനൂർ കെ.എസ്. ആർ.ടി.സി ജംഗ്ഷൻ മുതൽ പുതിയ കാവ് വരെ കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പ് സ്ഥാപിച്ച് റോഡു വെളിച്ചം കാര്യക്ഷമമാക്കുക

19. പഴവിള ജംഗ്ഷൻ ഇരട്ടച്ചിറ,എള്ളുവിള, തോപ്പിൽ, ഞാവേലിക്കോണം, പുളിമ്പള്ളിക്കോണം, ഉടയൻകാവ്, മറവക്കുഴി, പെരുങ്കുന്നം, വട്ടപച്ച, വണ്ടിത്തടം, ഇടയ്ക്കരിക്കകം, മുളയ്ക്കലത്ത് കാവ്, പോട്ടലിൽ, മണലേത്ത് പച്ച, കൊപ്പം, പുലിയം, മിഷ്യൻ കുന്ന്, തോപ്പിൻ വട്ടലിൽ, ഇടകുന്ന്, തെക്കുംപുറം, മഠത്തിൽ കുന്ന്,കാനാറ, പുലിപ്പാറ, കുഴിവിള, ചിറ്റിലഴികം, കുതിരത്തടം, ചാരുപാറ, മൊട്ടക്കുഴി, മഞ്ഞപ്പാറ, ചേറാട്ടുക്കുഴി എന്നിടങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക

20. ദുർബല വിഭാഗങ്ങൾക്ക് ഫ്രീ കണക്ഷൻ നൽകാൻ വേണ്ട നടപടി സ്വീകരിക്കുക.

21. പഞ്ചായത്തിൽ സമഗ്ര ഊർജ്ജാസൂത്രണ പരിപാടി തയ്യാറാക്കുക.

# സഹകരണമേഖല



കേരളസർക്കാർ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനമോ അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ സഹകരണമേഖലക്കുള്ള പങ്ക് അനന്തമാണ്. പരിമിതമായ വിഭവങ്ങൾ ആസൂത്രിതമായി ചെലവഴിക്കുക ഈ പ്രസ്ഥാനത്തിന്റെ മുഖമുദ്രയാണല്ലോ. ഈ ആശയത്തിലൂടെ ദുർബലരായ മനുഷ്യ സമൂഹത്തെ കൂടി സാമൂഹ്യ മുഖ്യധാരയിലേക്ക് ഉയർത്തുക. ഇതിനടിസ്ഥാനമാകുമ്പോൾ ഉദ്ദേശ്യപൂർത്തീകരണത്തിന് ഇന്ന് നിലവിലുള്ള സഹകരണ പ്രസ്ഥാനങ്ങളോ, സ്ഥാപനങ്ങളോ എത്രത്തോളം മുനിലെത്തുന്നു എന്ന് വളരെ ക്രിത്യമായി തന്നെ നാം വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

ഈ കാഴ്ചപ്പാട് മുൻനിർത്തികൊണ്ടാണ് പഴയക്കുന്നുമ്മേൽ പഞ്ചായത്ത് പ്രദേശത്തിലെ സഹകരണമേഖലയെ വിശകലനം ചെയ്യേണ്ടത്. പഴയ കുന്നുമ്മൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കാർഷിക ഗ്രാമവികസനബാങ്ക് , ഡി സ്ട്രിക്റ്റ് കോ ഓപ്പറേറ്റീവേ ബാങ്ക്, ഹൗസിംഗ് സഹരണസംഘം, ഹരിജൻ വ്യവസായ സഹകരണസംഘം, വനിതാ വ്യവസായ സഹകരണ സംഘം, മൾബറി സഹകരണസംഘം 3 APCOS സഹകരണസംഘംങ്ങൾ കൂടാതെ കിളിമാന്നൂർ, തട്ടത്തുമല പ്രദേശങ്ങളിലെ ദേശസാത്കൃതബാങ്ക് ശാഖകൾ,ഫെഡറൽ ബാങ്ക്, 2 സ്വകാര്യധനകാര്യ ബാങ്ക് ശാഖകൾ, കൂടാതെ 10 ഓളം ചിട്ടിസംഘങ്ങളും ചേർന്നതാണ് പഞ്ചായത്തിലെ എടുത്ത് പറയത്തക്ക ബാങ്കിംഗ്, സഹകരണ മേഖലകൾ.

ഇതിൽ കാര്യക്ഷമമായി ഇന്ന് പ്രവർത്തിക്കുന്ന പഴയകുന്നുമ്മൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കും, കിളിമാന്നൂർ കാർഷികഗ്രാമവികസന ബാങ്കുംപരിമിധികൾക്കുള്ളിൽ നിന്ന് കൊണ്ട് നിർവ്വഹിക്കുന്നതായി കാണുന്നു.

പഴയകുന്നുമ്മൽ കിളിമാന്നൂർ പഞ്ചാത്തുകൾ ചേർന്ന് കൊണ്ട് 'പെപ്പർ മാർക്കറ്റിംഗ് സൊ സൈറ്റി' യായിട്ട് ആരംഭിച്ച് കസ്തൂർബാ സഹകരണസംഘമാണ് പിൽക്കലത്ത് പഴയകുന്നുമ്മൽ സർവ്വീസ് സഹകരണസംഘമായും പിന്നീട് സർവ്വീസ് സഹകരണ ബാങ്കായും വളർന്ന് വികസിച്ച്. ഈ മേഖലയിൽ ഇന്ന് ജില്ലയിലെ 5 പ്രധാന ബാങ്കുകളിൽ ഒന്നാണ് ഇത്. ജില്ലയിൽ FACT യുടെ സെൻട്രൽ ഡിപ്പോ ഏറ്റെടുത്ത് നടത്തുന്ന ഏകസ്ഥാപനം എന്ന നിലയിലും ഇത് പ്രശസ്തമാണ്.

ബാങ്കിംഗ് സർവ്വീസ് കാർഷിക വായ്പകൾ, കാർഷികേതര വായ്പകൾ റബ്ബർ, കൊപ്ര സംഭരണം, കൂടാതെ സഹകരണമേഖലയിൽ മാവേലി സ്റ്റോർ, വളം ഡിപ്പോകൾ, ടെക്സ്റ്റയിൽ ഷോപ്പുകൾ എന്നിവയും ബാങ്കിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

ജനങ്ങൾക്ക് ബാങ്കിന്റെ പ്രവർത്തനങ്ങളിൽ വിശ്വാസ്യത നഷ്ടപ്പെടുന്ന പ്രവണതകൾ ഉണ്ടാകാറുള്ളത് സഹകരണരംഗത്തെ ഒരു പ്രതിഭാസമാണ്.

ചിറയിൻകീഴ് താലൂക്കിലെ പ്രധാനപ്പെട്ട കാർഷികഗ്രാമവികസന ബാങ്ക് ആസ്ഥാനം കിളിമാന്നൂരിലാണ് എന്നുള്ളത് പഞ്ചായത്തിലെ ജനങ്ങളെ സഹകരണ പ്രസ്ഥാനത്തോട് കൂടുതൽ അടുപ്പിയ്ക്കാൻ സഹായകരമാണ്.

കേന്ദ്രഗവൺമെന്റിന്റെ കാർഷിക വായ്പാ ഏജൻസിയായ NABARD ന്റെ കാർഷിക കാർഷികോൽപ്പന്ന വ്യവസായങ്ങൾക്ക് 12% പലിശ നിരക്കിൽ വായ്പാ വിതരണമാണ് ബാങ്കിന്റെ പ്രധാനപ്രവർത്തനം. വർക്കല, ആറ്റിങ്ങൽ, എന്നിവിടങ്ങളിൽ ബാങ്കിന്റെ ശാഖ പ്രവർത്തിക്കുന്നത് ഈ പ്രദേശങ്ങളിൽ കൂടി പ്രവർത്തനം വിപുലീകരിക്കന്നതിന് സ്ധ്യതയാണ്.

ചെറുകിടജലസേചന പദ്ധതികൾക്കും മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾക്കും ദീർഘകാല കാർഷിക വിളകൾക്കും, മൃഗസംരക്ഷണത്തിനും കാർഷിക യന്ത്രവത്കരണത്തിനും, ചെറുകിട വ്യവസായങ്ങൾക്കും, ചരക്കു വാഹനങ്ങൾക്കും ഭവനനിർമ്മാണ ത്തിനും, ആതുരസേവന രംഗത്തും മറ്റു ഈ ബാങ്ക് പലതരത്തിലുള്ള വായ്പകൾ ലഭ്യമാക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച വായ്പകൾ ഒക്കെതന്നെ വ്യക്തികൾക്കും, കൂട്ടായും നൽകു മെന്നത് എടുത്ത് പറയേണ്ട മറ്റൊരു സവിശേഷതയാണ്. ഹൗസിംഗ് സഹകരണസംഘം പഞ്ചായത്ത് ആസ്ഥാനത്ത് സ്ഥിതിചെയ്യന്നത് ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാണ്. ഈ സ്ഥാപനത്തിന്റെ

സേവനം ധാരാളം ജനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. തിരിച്ചടവിനനുസരിച്ച് പലിശയിൽ ഇളവുണ്ടാകുന്നത് ഒരു പ്രധാന നേട്ടമായിതന്നെ കണക്കാക്കാവുന്നതാണ്. എങ്കിലും ദുർബല ജനവിഭാഗങ്ങൾക്ക് കൂടി സംഘത്തിന്റെ സേവനം എത്തേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ അടയമൺതെട്ടത്തുമല പഴയകുന്നുമ്മൽ എന്നീ ഗ്രാമങ്ങൾ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തനം ഈ മേഖലയിൽ പല പരിവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. പ്രതിവർഷം 2,56,000 ലിറ്ററോളം പാൽ ഓരോ സംഘവും ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ആവശ്യത്തിനുള്ള കളക്ഷൻ സെന്ററുകളുടെയും മറ്റും അഭാവം ഈ മേഖലയെ പൂർണ്ണമായ ഉത്പാദനക്ഷമതയിലെത്തിക്കാൻ കഴിയാതെയാക്കുന്നു.

പഞ്ചായത്ത് കേന്ദ്രമായി നിലനിൽക്കുന്ന ഹരിജൻ, വ്യവസായ സഹകരണ സംഘത്തിന്റെയും , മൽബറി സഹകരണത്തിന്റെയും, റബർ കർഷക സഹകരണ സംഘത്തിന്റെയും, വനിതാ സഹകരണ സംഘങ്ങളുടെയും പ്രവർത്തനം ജീർണതയിലാണ് ഫണ്ട് കാര്യക്ഷമമാകാത്തതും മൽബറികൃഷി വിയപകമാകാത്തതും ഈ സംഘങ്ങളുടെ വളർച്ചയ്ക്ക് ഒരു പക്ഷെ വിഘാതമാകാം.

പഞ്ചായത്ത് കേന്ദ്രമാക്കി മൂന്ന് വാണിജ്യബാങ്കുകൾ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട ധനകാര്യസ്ഥാപനങ്ങളായി ഇത് വളർന്ന് വികസിച്ചിട്ടുണ്ട്. ഗൾഫ് മലയാളികളുടെ ബിസിനസ്കാരുടെയും മറ്റും വൻപിച്ച തുക ഈ ബാങ്കുകളാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ പരിപോഷിപ്പിക്കുന്നതിനോ വായ്പകൾ ലഭ്യമാക്കാനോ ഈ സ്ഥാപനങ്ങൾ തുനിയാതെ സംസ്ഥാനങ്ങൾക്ക് പുറത്തുള്ള വൻവ്യവസായ ലോബികൾക്കും മറ്റും വായ്പാ നൽകുന്ന പ്രവണതയാണ് ഇന്ന് നിലവിലുള്ളത്. ഇത് തിരുത്തപ്പെടേണ്ടതും പഞ്ചായത്തിലെ വ്യവയായ സംരഭകർക്കും മറ്റും വായ്പാ സൗകര്യങ്ങളെത്തിക്കേണ്ടതുമാണ്. അതുണ്ടാകാത്തപക്ഷം വൻപിച്ച ജനകീയ ഇടപെടൽ ഇക്കാര്യത്തിൽ അനിവാര്യമായിത്തീരും.

*ഗ്രാമസഭാചർച്ചകളിലൂടെയും മറ്റും ഉയർന്ന് വന്ന സഹക രണമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് താഴെ വിശകലനം ചെയ്യുന്നു.*

1. കിളിമാന്നൂർ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് ശാഖ പഞ്ചായത്തിന്റെ ഒരു ഭാഗത്തായതിനാൽ മുഴുവൻ സഹകാരികൾക്കും ബന്ധപ്പെടാൻ കഴിയുന്നില്ല.
2. വായ്പാ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ സങ്കീർണമാണ്.
3. ദുർബലജനവിഭാഗങ്ങൾക്ക് വായ്പകളോ മറ്റോ എടുക്കുന്നതിന് വായ്പക്ക് ഈട് നൽകാൻ കഴിയുന്നില്ല.
4. വാണിജ്യബാങ്കുകൾ കാർഷിക വ്യാവസായിക മേഖലകളിൽ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാധാരണ ജനങ്ങളെ ഇത് വേണ്ടത്ര രീതിയിൽ അറിയിക്കുകയോ, കൂടാതെ വായ്പ എടുക്കുക എന്നത് ഒരു കീറാമുട്ടിയായി മാറുകയും ചെയ്യുന്നു.
5. സഹകരണസംഘങ്ങളിൽ മെമ്പർഷപ്പ് വിതരണത്തിലെ പക്ഷപാതം.
6. ബാങ്കുകളെയും സഹകരണസ്ഥാപനങ്ങളെയുംപറ്റി ജനങ്ങൾക്ക് വേണ്ടത്ര ബോധവത്കരണമില്ലായ്മ.
7. സഹകരണബാങ്ക് ബ്രാഞ്ചുകളുടെ പോരായ്മ.
8. ക്ഷീരസംഘങ്ങളുടെ സംഭരണകേന്ദ്രങ്ങളുടെ അപര്യാപ്തത.
9. വിദേശമൂലധനം ഉത്പാദനരംഗങ്ങളിൽ ഉപയോഗിക്കാൻ കഴിയാതെ വരുന്ന അവസ്ഥ.
10. വായ്പകളിൽ ഉദാരവത്കരണമില്ലായ്മ.
11. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്ന് കയറാനുള്ള ആത്മധൈര്യമില്ലായ്മ.
12. ഡിപ്പാർട്ടുമെന്റൽ മേധാവിത്വം.

***ചില പരിഹാര നിർദ്ദേശങ്ങൾ***

കിളിമാന്നൂർ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് ശാഖകൾ തൊളിക്കുഴി, തട്ടത്തുമല പ്രദേശങ്ങളിൽ വ്യാപിപ്പിയ്ക്കണം.

2. ക്ഷീരസഹകരണസംഘങ്ങൾ വാർഡിന് ഒന്നുവീതം ഉണ്ടാകണം.
3. വിദേശ ഇൻഡ്യാക്കാരുടെ മൂലധനം ഉപയോഗിച്ച് അവർക്കോ അവരുടെ ബന്ധുക്കൾക്കു കൂടിയോ തൊഴിൽ പരിരക്ഷ ഉറപ്പ് നൽകികൊണ്ട് ഉത്പാദനമേഖലയിൽ പ്രയോജനപ്പെടുത്തണം.
4. കാർഷിക ഗ്രാമവികസനബാങ്ക് വഴി നൽകി കൊണ്ടിരിക്കുന്ന വായ്പകൾ വിപുലീകരിക്കുകയും വായ്പാ പരിധി ഒരു ലക്ഷം രൂപയിൽ നിന്നും 50 ലക്ഷം രൂപയാക്കി ഉയർത്തുകയും വേണം.
7. നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, മരണം, ആകസ്മികമായി ഉണ്ടാകുന്ന രോഗങ്ങൾ എന്നിവയ്ക്ക് വേണ്ടുന്ന ധനസഹായം യഥാസമയം തന്നെ നൽകാനുള്ള ഏർപ്പാടുണ്ടാക്കണം.
8. കാർഷിക ഗ്രാമവികസനബാങ്ക് പഞ്ചായത്ത്കൾക്ക് കൂടി ധനസഹായം നൽകാനുള്ള

വ്യവസ്ഥകൾ ഉണ്ടാകണം.

9. ബാങ്കുകളും സംഘങ്ങളും ജനങ്ങൾക്ക് നൽകുന്ന പദ്ധതികളെകുറിച്ച് യഥാസമയം അറിയിക്കുകയും, പദ്ധതിയെകുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക.

10. കാർഷികഗ്രാമ വികസന ബാങ്ക് പോലുള്ള സ്ഥാപനങ്ങൾക്ക് നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള അധികാരംകൂടി നൽകണം.

11. ക്ഷീരസഹകരണസംഘങ്ങളിൽ നിന്നും ശേഖരിക്കുന്ന പാൽ ഉപയോഗിച്ച് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പാൽ ഉൽപ്പന്ന വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.

12. വ്യവസായ വികസന ബാങ്ക് സ്ഥാപിയ്ക്കണം.

13. സഹകരണബാങ്കുകളിൽ പ്രായപൂർത്തിയായവർക്കെല്ലാം ഗുണഭോക്താക്കളാകാൻ വ്യവസ്ഥകൾ ഉദാരവത്കരിക്കണം.

14. സംഘങ്ങളുടെ പ്രവർത്തനം കൂടിതൽ ജനാധിപത്യപരമാക്കണം.

15. പഞ്ചായത്ത് കേന്ദ്രമാക്കി ലേബർ കോൺടാക്റ്റ് സൊസൈറ്റികൾ ആരംഭിക്കുക.

16. ജനറൽ ബോഡികൾ ചടങ്ങാകാതെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിയ്ക്കുക.

# ഗതാഗതം



നമ്മുടെ പഞ്ചായത്തിൽ പൂർവ്വകാല ഗതാഗത ചരിത്രം പരിശോധിക്കുകയാണങ്കിൽ 1950തിന് മുമ്പ് വരെ പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങൾ കുറവായിരുന്നു എന്ന് മാത്രമല്ല അത്യാവശ്യം വേണ്ടിയിരുന്ന സ്ഥലങ്ങളിൽ നടപ്പാതകൾ പോലും ഇല്ലായിരുന്നു. പഞ്ചായത്ത് പ്രദേശം ഏറെക്കുറെ വനനിബിഡമായിരുന്നു. സ്റ്റേറ്റ് ഹൈവേ ആയ എം.സി. റോഡ് നമ്മുടെ പഞ്ചായത്തിനെ കീറിമുറിച്ച് കടന്ന് പോകുന്നു എന്നുള്ളത് ഗതാഗത സൗകര്യത്തിലുണ്ടായ വലിയ ഒരു പുരോഗതിയാണ് തെരഞ്ഞെടുക്കപ്പെട്ട ജനകീയ സമിതികൾ പ്രത്യേകിച്ച് പഞ്ചായത്ത് ഭരണസമിതികൾ രൂപം കൊണ്ടതോടെയാണ് ഗതാഗത രംഗത്ത് ഗണനീയമായ പുരോഗതി ഉണ്ടായത്. എന്നാൽ പഞ്ചായത്തിന്റെ നാനാഭാഗത്തും ഇന്നുള്ള റോഡുകൾ പലതും ജനങ്ങൾ ശ്രമദാനമായി നിർമ്മിച്ചവയാണ് ഇതിൽ പലതും പിന്നീട് പഞ്ചായത്തോ മറ്റ് ഏജൻസികളോ ഏറ്റെടുത്ത് വികസിപ്പിച്ചിട്ടുണ്ട്. റോഡുകൾ നിർമ്മിക്കുന്നതിനും വികസിപ്പിക്കുന്നതിനും ധാരാളം വ്യക്തികൾ അവരുടെ നിലം, പുരയിടങ്ങൾ ആകമഴിഞ്ഞ് സംഭാവന [illegible] ആവശ്യകതാ ബോധത്തിന്റെയും, ഐക്യബോധത്തിന്റെയും സഹകരണത്തിന്റേയും പ്രകടിത ഫലങ്ങളാണ് നമ്മുടെ റോഡുകൾ എന്നാൽ ഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ നാം ഇനിയും അഭിവൃത്തിപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിൽ എല്ലാ സ്ഥലങ്ങളിലും വാഹന സൗകര്യം വേണ്ടത്ര ഉണ്ടായിട്ടില്ല നിലവിലുള്ള പല റോഡുകളും വാഹന ഗതാഗതത്തിന് ഉപയോഗ്യമല്ലാതെ കിടക്കുകയാണ്. റോഡ് വികസനത്തിന് വേണ്ടി നല്ല തുകകൾ ഇനിയും നാം നീക്കി വെയ്ക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ഗതാഗത വികസനത്തിന് നേതൃത്വം കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിലും പ്രാദേശികതലത്തിലും ഗതാഗതവികസന സമിതികൾ രൂപീകരിക്കേണ്ടതുണ്ട്.

***ഗ്രാമസഭകളിലുയർന്നുവന്ന പ്രധാനപ്പെട്ട ഗതാഗത വികസനാവശ്യങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.***

ഗ്രാമസഭാ ചർച്ചകളേയും പഞ്ചായത്ത കമ്മിറ്റി നിർദ്ദേശങ്ങളേയും അടിസ്ഥാനമാക്കി പഞ്ചായത്തിലെ [illegible] ഗതാഗത

വികസനത്തിനാവശ്യമായ ചില നിർദ്ദേശങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു

കിളിമാനൂർ ടൗണിൽ എത്രയും വേഗം പ്രൈവറ്റ് ബസ്സ്റ്റാന്റും, ഓട്ടോ, ടാക്സി, ജീപ്പ്, ലോറി സ്റ്റാന്റുകളും നിർമ്മിക്കുക.

കിളിമാനൂർ 110 കെ.വി. സബ്ബ് സ്റ്റേഷൻ റോഡ് നിർമ്മിച്ച് ടാർ ചെയ്യുക.

വയ്യാറ്റിൻകര- കൊപ്പം-തൊളിക്കുഴി റോട് പൂർണ്ണമായും ടാർ ചെയ്യുക.

ഇരട്ടച്ചിറ,- കുതിരത്തടം, കടലുകാണിക്കുന്ന് - മഞ്ഞപ്പാറ റോഡ് എത്രയും വേഗം ടാർ ചെയ്യുക.

കുറവൻ കുഴി- തൊളിക്കുഴി റോഡ് ഓടകളും, സൈഡ് വാളും നിർമ്മിച്ച് റീ ടാർ ചെയ്യുക.

തുണ്ടിൽക്കട- വണ്ടന്നൂർ- ചെമ്മരം കോണം- ചാവേറ്റിക്കാട് റോഡ് ടാർ ചെയ്യുക.

പോലീസ് സ്റ്റേഷൻ-തൊളിക്കുഴി റോഡ് ടാർ ചെയ്യുക.

മുതു കുറിഞ്ഞി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിച്ച് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

പാപ്പാല -പാങ്ങൽത്തടം എം.എൽ.എ റോഡ് റീ ടാർ ചെയ്യുക.

താട്ടത്തുമല- ചാറയം റോഡ് ടാർ ചെയ്യുക കെ.എസ്.ആർ.ടി.സി. - ഞാവേലിക്കണം -വട്ടവിള റോഡ് ടാർ ചെയ്യുക.

കൊപ്പം- കന്നിക്കുഴി റോഡ് മണ്ണിട്ട് ഫിൽ ചെയ്ത് ടാർ ചെയ്യുക.

ഏഴരമുഴി - പുളിമ്പള്ളിക്കോണം റോഡ് ടാർ ചെയ്യുക.

ചെമ്പകശ്ശേരി- നെടുമ്പാറ റോഡ് ടാർ ചെയ്യണം പഴയാറ്റുകുഴി -എള്ളുവിള കീഴ് മണ്ണടി കടവ് റോഡ് ടാർ ചെയ്യുക.

തട്ടത്തുമല- ശാസ്താം പൊയ്ക പുത്തേറ്റ് കാട് റോഡ് ടാർ ചെയ്യുക.

പുതിയകാവ്- വിളയ്ക്കാട്ട് കോണം- പഴയകുന്നുമ്മൽ റോഡ് ടാർ ചെയ്യുക.

വണ്ടന്നൂർ- ചെമ്മരം കോണം, ചാവേറ്റക്കാട് റോഡ് ടാർ ചെയ്യുക.

പുത്താറ്റുകുന്നു കടവിൽ ഒരു പാലം നിർമ്മിക്കുക.

എള്ളുവിള ജംഗ്ഷൻ, കീഴ്മണ്ണടി തോട് കെട്ടിനിലവിലുള്ള വഴി ഗതാഗതയോഗ്യമാക്കുക

താന്നിമൂട്- കുന്നുമ്മേൽ- അനുബന്ധ റോഡുകളും ഗതാഗതയോഗ്യമാക്കുക

പഴവിള -മണക്കാല റോഡ് ഗതാഗതയോഗ്യമാക്കുക

ഇരട്ടിച്ചിറ -കുന്നുമ്മേൽ റോഡിന്റെ ടെൻഡറായ പണി ഉടൻ പൂർത്തിയാക്കുക

എള്ളുവിള ഭാഗത്തുള്ള ആറ്റിന്റെ വിവിധ ഭാഗങ്ങളിലെ കുളിക്കടവിലെ സ്റ്റെപ്പുകൾ കെട്ടുക.

പോളച്ചിറയിലെ നിലവിലുള്ള വഴി കൂടുതൽ സഞ്ചാരയോഗ്യമാക്കുക.

കുന്നുമ്മേൽക്കടവ് മുക്ക് റൂട്ടിൽ ഓടുന്ന ബസ് തിരുവനന്തപുരം മെഡിക്കൽ കോളേജ് വഴി നീട്ടുക

കുന്നിൽമുക്ക്-ഇടവങ്കടവ് ചെക്കാട്ടമൂല -ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക

പോലീസ് സ്റ്റേഷൻ -പറയൻകാട് റോഡിന്റെ പണി പൂർത്തീകരിക്കുക

തോപ്പിൽമുക്ക്- പാലാകുന്ന് റോഡ്- (വാടയിൽ റോഡ് ) അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുക

തെക്കേവിള, പുത്തോറ്റക്കുന്ന, പറയൻകാവ- താന്നിമൂട് റോഡ് സഞ്ചാരയോഗ്യമാക്കുക

പുതിയകാവ്- നെല്ലിക്കാട്- തോപ്പിൽ റോഡ് ഗതാഗതയോഗ്യമാക്കുക

അടയമൺ -വടക്കേക്കോണം കൊപ്പം റോഡ് ഗതാഗതയോഗ്യമാക്കുക

പഴവിള മുക്ക് -കീഴ് മണ്ണടിക്കടവ് റോഡ് ടാർ ചെയ്യുക

താന്നിവിള - കൊച്ചുവിള ഹരിജൻ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക

പ്രൈവറ്റ് ബസ്റ്റാൻഡ് നിർമ്മിച്ച് മങ്കാട് റോഡു വഴി മഹാദേവേശ്വരം മുസ്ലീംപള്ളി ഞാവേലിക്കോണം അപ്രോച്ച് റോഡു വഴി കെ. എസ്.ആർ.ടി.സി ജംഗ്ഷനുമായി ബന്ധിപ്പിക്കുക.ഇത് കിളിമാനൂർ ജംഗ്ഷന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സഹായിക്കും.

കെ.എസ്.ആർ.ടി.സി- ഞാവേലിക്കോണം -തോപ്പിൽ റോഡ് പുതിയകാവ് നെല്ലിക്കാട് -തോപ്പിൽ- ഹരിജൻ കോളനി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക

ടൗൺ വഞ്ചി- ഞാവേലിക്കോണം റോഡ് -ഐ.ടി.സി റോഡ് ഞാവേലിക്കോണം - പറക്കോണത്ത് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക

ഗവ. എൽ.പി.എസ്സ് ജംഗ്ഷൻ -നാഗരുകാവ് മഴകം പള്ളി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക

മഹാദേവേശ്വരം മങ്കാട് തോപ്പിൽ റോഡുമായി ബന്ധിപ്പിക്കുക

ആർ.ആർ.വി ജംഗ്ഷൻ - വട്ടവിള റോഡ് ജ്യോതിയഴികം തുണ്ടിൽ റോഡുമായി ബന്ധിപ്പിക്കുക

പുതിയകാവിൽ നിന്നുള്ള റോഡ് മഹാദേവേശ്വരം പറങ്കിമാം വിള റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക

ഏഴരമുഴി - പുളിമ്പള്ളിക്കോണം ടാർ ചെയ്യുക.

പാപ്പാല - കടമ്പ്രവാരം നെല്ലിലക്കുന്ന് കോളനി റോഡ് ടാർ ചെയ്യുക

പുത്തൻവീട് - അലവക്കോട് - ഇടമല റോഡ് ടാർ ചെയ്യുക

തട്ടത്തുമല ജംഗ്ഷനിൽ നിന്നും സ്കൂളിലേക്കുള്ള പാത ടാർ ചെയ്യുക

പാപ്പാല - പറകോണം റോഡ് മണലേത്ത് പച്ച റോഡ് എന്നിവ എം. എൽ.എ റോഡുമായി ബന്ധിപ്പിക്കുക

മണലേത്ത് പച്ച- പാപ്പാല റോഡിൽ സൈഡ് വാളും കലുങ്കുകളും നിർമ്മിക്കുക.

കടമ്പ്രവാരം - ഭജനപ്പുര - മണലേത്തു പച്ചറോഡ് പഞ്ചായത്ത് ഏറ്റെടുക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്യുക

പാപ്പാല - വല്ലൂർ റോഡിന് സൈഡ് വാൾ നിർമ്മിക്കുകയും , വല്ലൂർ - മറ

വക്കുഴി റോഡ് തേരി ഇടിച്ച് ഗതാഗതയോഗ്യമാക്കുകയും ചെയ്യുക
മണലേത്തുപച്ച - ഇടയ്ക്കരിക്കകം വഴി, തട്ടത്തുമല തകരപ്പറമ്പു റോഡിൽ ചെന്നിറങ്ങുന്ന റോഡിലെ തേരികൾ ഇടിച്ചു മെച്ചപ്പെടുത്തുക
തട്ടത്തുമല - ശാസ്താംപൊയ്ക - പറണ്ടക്കുഴി റോഡ് ടാർ ചെയ്യുക
നെടുമ്പാറ - പുത്തേറ്റുകാട് റോഡ് നവീകരിച്ചു ടാർ ചെയ്യുക
വാഴോട് - വട്ടപ്പാറ റോഡ് ചേറാട്ടുകുഴി - ചാറയം റോഡ് എന്നിവ നവീകരിച്ചു ടാർ ചെയ്യുക
വാഴോട് - പെരുങ്കുന്നം വഴി വട്ടപ്പാറ കണ്ണങ്കോട് റോഡിൽ ചേരുന്ന തടം പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.
മാവിള - കണ്ണങ്കോട് റോഡ് പഞ്ചായത്തേറ്റെടുക്കണം.
നെടുമ്പാറ - ശാസ്താംപൊയ്ക റോഡിലും പറണ്ടക്കുഴി കോളനിയിലേക്കുള്ള വഴിയിൽ വാഴോട് പൊതു കിണറിന് സമീപത്ത് കൂടി പോകുന്ന വഴിയിലും സ്റ്റെപ്പ് കെട്ടണം.
മരുതിപ്പൊയ്കയും വാഴോടുമായി ബന്ധിപ്പിക്കുന്ന വഴിയും സ്റ്റെപ്പ് കെട്ടി സഞ്ചാരയോഗ്യമാക്കുക.
വട്ടപ്പാറ- കുറവൻകുഴി റോഡു ഗതാഗതയോഗ്യമാക്കുക
ചെമ്പകശ്ശേരി - പോട്ടലിൽ - നെടുമ്പാറ റോടും ഗതാഗതയോഗ്യമാക്കുക
വയ്യാറ്റിൻകര - കുളപ്പാറ ഹരിജൻ കോളനി റോഡും വയ്യാറ്റിൻകര- മുതുകുറിഞ്ഞി -ഇരട്ടക്കുളം റോഡും ഗതാഗതയോഗ്യമാക്കുക
വയ്യാറ്റിൻകര -ആടയത്തുറോഡ് - ഷെഡിൽകട - മുളയ്ക്കാലത്ത് കാവ് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക
മുതുകുറിഞ്ഞി - ഷെഡിൽകട റോഡിൽ കയറുന്നതിന് മുതുകുറിഞ്ഞി ഏലായിൽ മൂന്ന് സ്ലാബുകൾ ഇടുക.
തട്ടത്തുമല - തോപ്പിൽ റോഡ് ഗതാഗതയോഗ്യമാക്കുക

അടയമൺ - വടക്കേക്കോണം- കൊപ്പം റോഡ് കലുങ്കുകളും സൈഡ്‌വാളും കെട്ടി ഗതാഗതയോഗ്യമാക്കുക.
കൊപ്പം - കന്നിക്കുഴിറോഡ് ഗതാഗതയോഗ്യമാക്കുക
പണ്ടാരവിള- മുതുകുറിഞ്ഞി - ഷെഡ്ഡിൽ കട റോഡിന്റെ പണി പൂർത്തിയാക്കുക
പുലിയം - ഹരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിച്ച് നൽകുക
കൊപ്പം - ലക്ഷം വീട് - ചെറുനാരകക്കോട് 3 കലുങ്കകൾ നിർമ്മിക്കുക
മഠത്തിൽ കുന്നിൽ - പണ്ടാരവിളയിലേക്കുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുക
അടയമൺ - മുങ്ങോട് ലക്ഷംവീട് റോഡിൽ സ്റ്റെപ്പ് കെട്ടുക
അടയമൺ യു.പി.എസ് -വെള്ളാരംകുന്ന് കോളനിയിലേക്കുള്ള വഴിയിൽ സ്റ്റെപ്പ് കെട്ടുക
അടയമൺ - വടക്കേക്കോണം റോഡും കൊപ്പം - ലക്ഷം വീട് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടവഴി സ്റ്റെപ്പ് കെട്ടി ഗതാഗതയോഗ്യമാക്കുക
എല്ലാ ഇടവഴികളും റീസർവ്വേ റിക്കാർഡുകൾ പരിശോധിച്ച് ഗതാഗതയോഗ്യമാക്കുക
നിലവിലുള്ള റോഡുകൾ സംരക്ഷിക്കുന്നതിന് ഓടകൾ നിർമ്മിക്കുക
മുതുകുറിഞ്ഞി പാലത്തിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുക
കൊപ്പത്ത് നിന്നും വലിയകോണത്ത് കൂടി മുതുകുറിഞ്ഞിയിൽ എത്താനുള്ള വഴി ഉണ്ടാക്കുക
കടയ്ക്കൽ - കൊപ്പം - മെഡിക്കൽ കോളേജ് സർവ്വീസ് ബസ് ആരംഭിക്കുക
കദളിപച്ച- കന്നിക്കുഴി- അടയമൺ - മുങ്ങോട് - ചെറുനാരകക്കോട് - കന്നിക്കുഴി, പുലിയം - വെങ്കിട്ടക്കുഴി, വടക്കേക്കോണം, കൊപ്പം, നെല്ലിക്കുന്ന് - വടക്കുംപുറം, പന്തുവിള - പുലിയം

റോഡ്, നെല്ലിക്കുന്ന് - പുളിയ്ക്കേക്കോണം എന്നീ റോഡുകളിൽ ആവശ്യമായ കലുങ്കുകളും, പാലങ്ങളും നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക
കിളിമാനൂർ-തൊളിക്കുഴി റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുക
തുണ്ടിൽക്കട - വണ്ടന്നൂർ - ഈഞ്ചവിള റോഡ് ഗതാഗതയോഗ്യമാക്കുക
വണ്ടന്നൂർ - ഈഞ്ചവിള തോടിന്റെ സൈഡ് വാൾ കെട്ടുക
കുറവൻകുഴി - തൊളിക്കുഴി പി.ടബ്ളിയു.ടി റോഡിൽ തൊളിക്കുഴിക്കും ആനന്ദ മുക്കിനും ഇടയിലുള്ള ഭാഗത്ത് സൈഡ് വാൾ കെട്ടി ഓടകൾ വൃത്തിയാക്കുക
മേലേയറ്റം-ചെറുക്കോട് റോഡ് പുലിയം വേടർക്കോളനിയുമായി ബന്ധിപ്പിച്ച് അറ്റകുറ്റപ്പണികൾ തീർക്കുക.
പയറ്റുവിള - പുലിയം റോഡ്, തൊളിക്കുഴി-കൊപ്പം-വയ്യാറ്റിൻകര റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക
തൊളിക്കുഴി-വട്ടലിൽ-കന്നിക്കുഴി റോഡ് ഗതാഗതയോഗ്യമാക്കി, തൊളിക്കുഴി-പോലിസ്റ്റേഷൻ മെയിൻ റോഡുമായി ബന്ധിപ്പിക്കുക
വണ്ടന്നൂർ ചീപ്പ്-ചാരുപാറ റോഡ് നിർമ്മിക്കുക
വണ്ടന്നൂർ-ചീപ്പിൽ നിന്നും ഒരു പ്രധാന വഴി അറകൊലപ്പാറ-ചെമ്പരംക്കോണം ഭാഗങ്ങളെ ബന്ധപ്പെടുത്തി നിർമ്മിക്കുക
വട്ടലിൽ-തെക്കുംപുറം ഇടവഴിയിലൂടെ സ്റ്റെപ്പ് വെള്ളപ്പൊക്കത്തിൽ തകർന്നതു പൂർത്തിയാക്കി പണിയുക
ചാവേറ്റിക്കാട്-പയ്യനാട് -അടയമൺ റോഡിന്റെ സംരക്ഷണജോലികളും ടാറിങ്ങും നടത്തുക
ചാവേറ്റിക്കാട് പാലത്തിന്റെ പാർശ്വഭിത്തികൾ കെട്ടി പാലം ബലപ്പെടുത്തുക
വണ്ടന്നൂർ-ചാവേറ്റിക്കടവ് റോഡിന്റെ പണി ഉടൻ ആരംഭിക്കുക
എട്ടാം വാർഡിലെ 4 കോളനികളെയും

ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിക്കുക.

കിളിമാനൂർ-അടയമൺ-കടയ്ക്കൽ റൂട്ടിൽ പുതിയ ബസ്സുകൾ സർവ്വീസ് ആരംഭിക്കുക

വയ്യാറ്റിൻകര-മടപ്പിലാംകോണം-പയ്യനാട് റോഡ് ഗതാഗതയോഗ്യമാക്കുക

ഈഞ്ചവിള-ചാരുപാറ റോഡ് ഗതാഗതയോഗ്യമാക്കുക

വണ്ടന്നൂർ-കടമൺകുഴി റോഡിന്റെ പണി ആരംഭിക്കുക

തൂണ്ട്പ്ലാഗം-തേക്കട വട്ടലിൽ ഇടവഴി ശരിയാക്കുക

ചാവേറ്റിക്കാട്-കേളന്റെ മൂല വഴി യാത്രാസൗകര്യമുണ്ടാക്കുക

വണ്ടന്നൂർ-തേക്കട റോഡ് ഗതാഗതയോഗ്യമാക്കുക

വണ്ടന്നൂർ-തൊട്ടിവിള-കുട്ടപ്പാറ വഴിയുള്ള ചാവേറ്റിക്കാട് റോഡ് ഗതാഗതയോഗ്യമാക്കുക

തുണ്ടിൽ-വണ്ടന്നൂർ റോഡിന്റെ ബാക്കിഭാഗം കൂടി അടിയന്തിരമായി ടാർ ചെയ്യുക

മഠത്തിൽകുന്ന്-ചാവർനട- ആറ്റൂർ റോഡ് കലുങ്കുകെട്ടി ഗതാഗതയോഗ്യമാക്കുക

ചാവർനട-കാനാറ വഴി വീതി കൂട്ടിഗതാഗതയോഗ്യമാക്കുക

മഹാദേവേശ്വരം ക്ഷേത്രത്തിന് കിഴക്കു ഭാഗത്തുള്ള വണ്ടുന്നൂർ റോഡിൽ ബന്ധിപ്പിക്കുന്ന വഴി സ്റ്റെപ്പ് കെട്ടുകയോ വാഹനഗതാഗതയോഗ്യമാക്കുയോ ചെയ്യുക

കുറവൻകുഴി-കാനാറ റോഡ് ഗതാഗതയോഗ്യമാക്കുക

മഠത്തിൽകുന്നിൽ നിന്ന് കാനാറയിലേക്കുള്ള ഇടവഴി സ്റ്റെപ്പുകൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക

പാപ്പാല പള്ളിജംഗ്ഷനിൽ നിന്നും 110 കെ.വി സബ്സ്റ്റേഷൻ ഭാഗത്തെ ബന്ധിപ്പിക്കുന്ന തടം കലുങ്കുകെട്ടി മണ്ണിട്ട് ഗതാഗതയോഗ്യമാക്കുക

ചെവളക്കോണം - വേളാർക്കുടിയിലേക്കുള്ള സ്റ്റെപ്പ് അറ്റകുറ്റപ്പണികൾ നടത്തുക

വെട്ടിയിട്ടകോണം-ആറ്റായിക്കോണം റോഡ് ഗതാഗതയോഗ്യമാക്കുക

കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ ഡിപ്പോയായി ഉയർത്തുക

തൂണ്ടിൽ-കുന്നിൽ മുക്ക് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക

തുണ്ടിൽ-വണ്ടന്നൂർ റോഡിൽ കുന്നിൽ മുക്കിൽ നിന്നും മുകളിലേക്കുള്ള വഴി ബാക്കിഭാഗം വാഹനഗതാഗതയോഗ്യമാക്കുക

പറമ്പിൽ ജംഗ്ഷനിൽ നിന്നും ആറ്റിലേക്ക് പോകുന്ന വഴി ഗതാഗതയോഗ്യമാക്കുക

പാപ്പാലപള്ളിക്ക് എതിർവശം അഞ്ചൽകുന്നിലേക്ക് സ്റ്റെപ്പ് കെട്ടുക.

ചെമ്പഴന്തി-വർക്കല-പെരിങ്ങമ്മലനിലമേൽ ഭാഗങ്ങളിലേക്ക് വിദ്യാർത്ഥികൾക്ക് മാത്രമുള്ള ബസ്സുകൾ അനുവദിക്കുക.

തിരുവനന്തപുരത്തേക്ക് വിദ്യാർത്ഥികൾക്ക് മാത്രമുള്ള ബസ് അനുവദിക്കുക

ഇരട്ടച്ചിറ-മഞ്ഞപ്പാറ റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം

മൊട്ടക്കുഴി-ആരംഭം വിള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം

മേമട -ഇരപ്പിൽ റോഡ് ടാർ ചെയ്യണം

ചിറ്റിലഴികം - പൂവണത്തിൻകുന്ന് റോഡ് ടാർ ചെയ്യണം.

കുതിരത്തടം-ചേന്തിക്കുഴി റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക

കുഴിവിള, മുളംകുന്ന്,കുതിരത്തടം റോഡ് സഞ്ചാരയോഗ്യമാക്കണം.

മഞ്ഞപ്പാറ-കാളിവെട്ടി റോഡ് സഞ്ചാരയോഗ്യമാക്കണം

ചിറ്റിലഴികം-കുതിരത്തടം റോഡ് സഞ്ചാരയോഗ്യമാക്കണം

ചാരുപാറ-മഞ്ഞപ്പാറ റോഡ് ഗതാഗതയോഗ്യമാക്കണം

മഞ്ഞപ്പാറ-കാങ്കിയാംവിള റോഡ് സഞ്ചാരയോഗ്യമാക്കണം

ഊമൺപള്ളിക്കര-തേവർക്കടവ് റോഡ് ഗതാഗതയോഗ്യമാക്കണം

ഇരപ്പിൽ-കുഴിവിള സഞ്ചാരയോഗ്യമാക്കണം

പുലിപ്പാറ ഇടവഴി പടി കെട്ടുക.അതിനോടനുബന്ധിച്ചുള്ള നടപ്പാതഗതാഗതയോഗ്യമാക്കുക

മേലേവിള- കുതിരത്തടം നടപ്പാതം ഗതാഗതയോഗ്യമാക്കണം

ചാരുപാറ നെടുപ്പച്ച നടവഴി സഞ്ചാരയോഗ്യമാക്കുക

കിഴക്കേടം ഇരപ്പിൽ നടവരമ്പ് റോഡാക്കുക

മൊട്ടക്കുഴി മേലേമൊട്ടക്കുഴി വഴി നടപ്പാതയാക്കുക

കല്ലുവിള ആറ്റുകടവ് സഞ്ചാരയോഗ്യമാക്കുക

എട്ട് പത്ത് വാർഡുകളെ ബന്ധിപ്പിക്കുന്ന ഇരപ്പിൽ പാലം ഉടൻ പണിയുക

മഞ്ഞപ്പാറ എം.എൽ.എ റോഡിൽ നിന്നും മഞ്ഞപ്പാറ പള്ളിയിലേക്ക് ഒരു റോഡ് നിർമ്മിക്കുക

പഞ്ചായത്തപ്രദേശത്തുള്ള റോഡിന്റെ വശങ്ങളിലുള്ള ഓടകൾ നികത്തി പണി നടത്തുന്നവർക്കെതിരേ നടപടി എടുക്കുക

പുതിയകാവ് കിളിമാനൂർ തട്ടത്തുമല പാപ്പാല കുറവൻകുഴി, വാഴോട് അടയമൺ തൊളിക്കുഴി, കൊപ്പം, മൊട്ടക്കുഴി, വയ്യാറ്റിൻകര, ചെമ്പകശ്ശേരി എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക

വ്യക്തികൾ റോഡു കയ്യേറുന്നതും ഓടകൾ നികത്തുന്നതും തടയുക

പഞ്ചായത്തിനും വാർഡുകൾ തോറും ഗതാഗതവികസനസമിതികളും ഓരോ റോഡിനും ഓരോ വികസനസമിതിയും രൂപീകരിക്കുക.

കിളിമാനൂർ ജംഗ്ഷനിലെ ട്രാഫിക് കുരുക്ക് പരിഹരിക്കാൻ ട്രാഫിക് ഐലന്റ് നിർമ്മിച്ച് ഒരു ട്രാഫിക് പോലീസിന്റെ സേവനം ലഭ്യമാക്കുക

കുന്നുമ്മൽ-കടമുക്ക്, കാരേറ്റ് കൂടുതൽ ബസ് സർവീസ് ആരംഭിക്കുക

എള്ളുവിള ഭാഗത്തുള്ള ആറ്റിന്റെ വിളയിൽ കുളിക്കടവുകളിൽ സ്റ്റെപ്പുകൾ നിർമ്മിക്കുക മഠത്തിൽ കുന്നിൽ നിന്നും കാനറയിലേക്കുള്ള വഴി

സ്റ്റെപ്പുകൾ നിർമ്മിച്ചു സഞ്ചാരയോഗ്യമാക്കുക.

കിളിമാനൂർ നിന്നും തിരുവനന്തപുരതതേക്കും KSRTC ഓർഡിനറി ചെയിൻ സർവ്വീസ് ആരംഭിക്കുക.

കിളിമാനൂരിൽ KSRTC സബ് ഡിപ്പോയിൽ നിന്ന് വടക്കോട്ടു പോകുന്ന ഓർഡിനറി ബസ്സുകൾ കിളിമാനൂർ ജംഗ്ഷനിൽ വന്ന് തിരിഞ്ഞുപോകുകയും ഫെയർ സ്റ്റേജ് ഏകീകരിക്കുകയും ചെയ്യുക.

ഉടയൻകാവ് -ഇടയ്ക്കരിക്കകം നടപ്പാതകെട്ടി സഞ്ചായയോഗ്യമാക്കുക

പുലിയം ഹരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക

പുലിപ്പാറ ഇടവഴിയിൽ സ്റ്റെപ്പ് നിർമ്മിക്കുക

8-ാം വാർഡിലെ എല്ലാ കോളനികളെയും ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിക്കുക

ഷെഡിൽക്കട- പള്ളിക്കുന്ന് പഞ്ചായത്ത് തടം സ്ലാബ് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ ആറുകളിലും തോടുകളിലും അനധികൃതമായി നടത്തുന്ന മണലൂറ്റ് പാലങ്ങൾക്കും റോഡുകൾക്കും ബലക്ഷയം ഉണ്ടാക്കുന്നു. ഇത് കർശനമായും തടയുക

# മാർക്കറ്റ്



തിരുവനന്തപുരം ജില്ലയിലെ തന്നെ പ്രധാനപ്പെട്ട മാർക്കറ്റുകളിൽ ഒന്നായ കിളിമാനൂർ മാർക്കറ്റ് പഴയകുന്നുമ്മേൽ പഞ്ചായത്തിലാണ്. ഇത് കൂടാതെ തൊളിക്കുഴി, തട്ടത്തുമല മാർക്കറ്റുകളും നിലവിലുണ്ട്. ജില്ലയിലെ തന്നെ വിവിധ പ്രദേശങ്ങളായ വക്കം, കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, ആറ്റിങ്ങൽ, കൊല്ലമ്പുഴ, ചിറയിൻകീഴ് എന്നീ പ്രദേശങ്ങളിൽ നിന്ന് കച്ചവടക്കാർ ആഴ്ചയിൽ രണ്ട് (ഞായർ, വ്യാഴം) ദിവസങ്ങളിൽ കിളിമാനൂർ മാർക്കറ്റിലെത്തി കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കാറുണ്ട്. (വ്യാഴവും, ഞായറുമാണ് കിളിമാനൂർ ചന്ത ദിവസങ്ങൾ) തേങ്ങ, ചേമ്പ്, ചേന പച്ചക്കറികൾ, വെറ്റില, വാഴക്കുല, മരച്ചീനി, കുരുമുളക്, അടയ്ക്ക, കൈതച്ചക്ക, ചക്ക, കോഴി, ആട് തുടങ്ങിയവയാണ് പ്രധാന വില്പന ചരക്കുകൾ.

പഞ്ചായത്തിൽ തൊളിക്കുഴി (ചൊവ്വ, ശനി) തട്ടത്തുമല (ചൊവ്വ,വെള്ളി) എന്നിവിടങ്ങളിലും ആഴ്ചചന്തകൾ നടക്കുന്നുണ്ട്. ഇവ കൂടാതെ നിത്യേന രാവിലെയും വൈകുന്നേരവും മത്സ്യവില്പന നടക്കുന്ന സ്ഥലങ്ങളാണ് വയ്യാറ്റിൻകര, മഹാദേവേശ്വരം, തട്ടത്തുമല, പാപ്പാല മുതലായവ.

***നിർദ്ദേശങ്ങൾ***

കിളിമാനൂർ, തൊളിക്കുഴി, തട്ടത്തുമല എന്നീ മാർക്കറ്റുകളിൽ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതു വഴി പൊതു ജനങ്ങൾക്ക് പ്രയോജനവും പഞ്ചായത്തിന് സാമ്പത്തിക ലാഭവും ഉണ്ടാകും.

2.ഓരോ വാർഡിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ മിനി മാർക്കറ്റുകൾ സ്ഥാപിക്കുന്നത് വഴി കർഷകർക്ക് കാർഷികോല്പന്നങ്ങൾ വിൽക്കുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും ഉള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയും.

3. മാർക്കറ്റ് വികസന സമിതി രൂപികരിക്കുക, ചന്തപ്പിരിവിന്റെ ചുമതല വ്യക്തികൾക്ക് കൊടുക്കുന്നതൊഴിവാക്കി ഈ ജനകീയ സമിതിയെ

**റോഡുകളുടെ സ്വഭാവവും നീളവും**

**(പഞ്ചായത്ത് രേഖ)**

| സ്വഭാവം | നീളം |
|---|---|
| 1. എർത്തൻ റോഡ് | 217.635 കി.മി. |
| 2. മെറ്റൽസ് റോഡ് | 13 കി.മീ. |
| 3. ടാർറോഡ് | 3.8 കി.മീ |

ഏൽപ്പിച്ചാൽ ചന്തപ്പിരിവ് സംബന്ധിച്ച് പരാതി ഒരു പരിധി വരെ ഒഴിവാക്കാം.

4. കിളിമാനൂർ മാർക്കറ്റ് വികസനത്തിന് വേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി സുഗമമാക്കുകയും എത്രയും വേഗം പൂർത്തീകരിക്കുകയും ചെയ്യുക.

5. തട്ടത്തുമല, മാർക്കറ്റ് നിരപ്പാക്കുകയും കാമ്പൗണ്ട് വാൾ നിർമ്മിക്കുകയും എത്രയും പെട്ടെന്ന് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുകയും സ്റ്റാളുകൾ കെട്ടുകയും ചെയ്യുക.

6. തൊളിക്കുഴി മാർക്കറ്റിൽ ഷോംപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുകയും സ്റ്റാളുകളുടെ പണി എത്രയും വേഗം പൂർത്തീകരിക്കുകയും ചെയ്യുക.

7. മാർക്കറ്റുകളിലെ അവശിഷ്ടങ്ങളും മാലിന്യങ്ങളും യഥാ സമയം നീക്കം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുക

8. കിളിമാനൂർ മാർക്കറ്റിനുള്ളിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക

9. കിളിമാനൂരിൽ മാർക്കറ്റ് ദിവസങ്ങളിൽ ചന്തയുടെ പരിസരത്ത് അനുഭപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

ചന്ത ദിവസങ്ങളിൽ ചന്തക്ക് പുറത്ത് വാണിഭം ചെയ്യുന്നവർക്കെതിരെ നിയന്ത്രണ നടപടികൾ സ്വീകരിക്കുക

കിളിമാനൂർ ചന്ത ദിവസങ്ങളിൽ ചന്ത പരിസരത്തുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക

| ചന്തകൾ (എണ്ണം) | | | അറവുശാലകൾ | |
|---|---|---|---|---|
| പഞ്ചായത്തു വക | സ്വകാര്യം | ആകെ വരവ് | എണ്ണം | സ്വകാര്യം |
| 1 | 2 | 3 | 4 | 5 |
| കിളിമാനൂർ<br>തട്ടത്തുമല<br>തൊളിക്കുഴി | NIL | 115001<br>4150<br>12050 | 1 | 7550 |
| | | 131201 | | |

# വനിതാക്ഷേമം



വനിതാ ക്ഷേമത്തെ മുൻനിർത്തി ഒരു വികസന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ സ്ത്രീകളുടെ നിലവിലുള്ള അവസ്ഥയെക്കുറിച്ച് അൽപ്പമായെങ്കിലും പരാമർശിക്കേണ്ടതുണ്ട്. സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മുറവിളി ലോകവ്യാപകമായിത്തന്നെ ഇന്നും തുടർന്ന് പോരുന്നുണ്ട്. നമ്മുടെ രാജ്യത്തും സ്ത്രീകളുടെ സാമൂഹ്യപദവിയെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളും, ചർച്ചകളും സർവ്വ സാധാരണമായിട്ടുണ്ട്. സ്ത്രീകളുടെ സാമൂഹ്യ ഉന്നമനത്തിനു വേണ്ടിയുള്ള പല പരിശ്രമങ്ങളും സർക്കാർതലത്തിൽ തന്നെ നടക്കുന്നുണ്ട്. പല നിയമങ്ങളും നിർമ്മിച്ചിട്ടുണ്ട്. പുതിയ പഞ്ചായത്ത് രാജ് സംവിധാനവും സ്ത്രീകൾക്ക് മുൻപത്തെക്കാൾ കൂടുതൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഗൃഹവൃത്തിയിൽ ഏർപ്പെട്ടു കഴിഞ്ഞിരുന്ന ധാരാളം സ്ത്രീകളെ സാമൂഹ്യ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അവരിൽ മിക്കവരും കഴിവുകൾ പ്രകടിപ്പിക്കുന്നുമുണ്ട്. എന്നാൽ ഇതുകൊണ്ടൊന്നും പുരുഷനോട് ആപേക്ഷികമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകളുടെ സാമൂഹ്യപദവി കാര്യമായി ഉയർന്നിട്ടുണ്ടെന്നു പറയാനാവില്ല. ഇതിൽ നിന്നും സംവരണത്തിലൂടെ മാത്രം പരിഹരിക്കാൻ കഴിയുന്നതല്ല, സ്ത്രീകളുടെ സാമൂഹ്യപിന്നോക്കാവസ്ഥ എന്നു മനസ്സിലാക്കാം. സമൂഹത്തിന് സ്ത്രീകളോടുള്ള അനഭിലഷണീയമായ മനോഭാവത്തിൽ വലിയ പരിവർത്തനം ഉണ്ടാകേണ്ടതുണ്ട്. പുരുഷനും, സ്ത്രീക്കു തന്നെയും സ്ത്രീകളോടുള്ള അനഭിലഷണീയമായ മനോഭാവത്തിൽ മാറ്റം വരുകയും, സ്ത്രീകളുടെ തൊഴിൽപരവും സാമ്പത്തികവുമായ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ സ്ത്രീകളുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാര്യമായ മാറ്റം ഉണ്ടാവുകയുള്ളു. പൊതു രംഗത്തേക്ക് കടന്നു വരുന്ന കാര്യത്തിൽ സ്ത്രീകൾ ബഹുഭൂരിപക്ഷവും വിമുഖത കാണിക്കുന്നു

ണ്ട്. പരമ്പരാഗതമായ പുരുഷ മേധാവിത്വത്തിന്റേതായ ഒരു സാമൂഹ്യ വ്യവസ്ഥയിൽ എല്ലാ രംഗത്തും സ്ത്രീകളുടെ നിസ്സഹായവസ്ഥ പ്രകടമാണ്. വീട്ടിൽ പെൺകുട്ടികളെ വളർത്തിയെടുക്കുന്ന രീതി തന്നെ അവൾ തന്നിലേയ്ക്കൊതുങ്ങി കുടുംബിനിയായി വീട്ടിൽ ഒതുങ്ങിക്കഴിയാനുള്ള ഒരു പരിശീലിപ്പിക്കലാണ്. പുരുഷൻമാരാകട്ടെ സ്ത്രീകളെ കേവലം ഒരു ഉപകരണമായി മാത്രം കാണുകയാണ് ചെയ്യുന്നത്. പൊതുരംഗത്തിറങ്ങുന്ന സ്ത്രീകൾ പല തരത്തിലുള്ള അപവാദപ്രചരണങ്ങൾക്കും വിധേയരാകുന്നുമുണ്ട്. ഇത് അവരെ പിന്നോട്ടടുപ്പിക്കുന്നതിന് ഒരു കാരണമാണ്. സദാചാര ജീവിതത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളും സ്ത്രീകളുടെ ഉന്നമനത്തിന് തടസ്സമാകുന്നുണ്ട്. കൂടാതെ ഇന്നും നില നിൽക്കുന്ന ജാതി – മതപരമായ വിലക്കുകളും സ്ത്രീ സ്വാതന്ത്ര്യത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നു.

മിണ്ടാപ്രാണിയായി അടങ്ങിയൊതുങ്ങി കഴിഞ്ഞു കൂടിയാൽ മാത്രമേ സ്ത്രീയാകു എന്ന പഴഞ്ചൻ സദാചാരസങ്കൽപം ഇന്നും നില നിൽക്കുന്നുണ്ട്. സ്ത്രീകളുടെ സാമൂഹ്യപദവിയിൽ ആശാസ്യമായ ചിലമാറ്റങ്ങളെങ്കിലും ഉണ്ടായിട്ടില്ല, എന്നല്ല; ഈ മാറ്റത്തിന് കൂടുതൽ ശക്തിയും ഗതിവേഗതയും ഉണ്ടാകണം. അതിനാകട്ടെ കാര്യമായ പരിശ്രമങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. സ്ത്രീധന സമ്പ്രദായം, സ്ത്രീപീഡനം, വിവാഹമോചനം, മുതലായവമൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായും കാണാം. ആത്മഹത്യകളും വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്.

പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ഒരു കാലത്ത് രക്ഷാകർത്താക്കൾ മടി കാണിച്ചിരുന്നു. പ്രത്യേകിച്ചും ചില മതവിഭാഗങ്ങളിൽ പെടുന്നവർ. എന്നാൽ ഇന്ന് സ്ത്രീവിദ്യാഭ്യാസം വ്യാപകമാണെന്ന് മാത്രമല്ല, പുരുഷന്മാർക്കൊപ്പമോ അതിനേക്കാൾ കൂടുതലോ സ്ത്രീകൾ വിദ്യാഭ്യാസം നേടുന്നുണ്ട്. സ്ത്രീകൾ സർക്കാർ ഉദ്യോഗമോ മറ്റു തൊഴിലുകളോ ചെയ്യുന്നതിലും മാനൃതക്കുറവൊന്നും കൽപ്പിക്കുന്നുമില്ല. എന്നാൽ തൊഴിൽ ചെയ്യാൻ കഴിവും സന്നദ്ധതയുമുള്ള സ്ത്രീകൾക്ക് അതിനുള്ള അവസരങ്ങൽ വേണ്ടത്ര ഉണ്ടാകുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. തൊഴിൽ പരമായും സാമ്പത്തികമായും സ്ത്രീകളുടെ സുരക്ഷിതത്വവും സ്വയം പര്യാപ്തതയും ഉറപ്പു വരുത്തുവാൻ കഴിഞ്ഞാൽ അവരുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് കാര്യമായ മാറ്റം പ്രതീക്ഷിക്കാവുന്നതാണ്. അംഗനവാടികളും മഹിളാ സമാജങ്ങളും കേന്ദ്രീകരിച്ചുള്ള സ്ത്രീകളുടെ പ്രവർത്തനം പരിമിതമാണ്. മാത്രവുമല്ല, ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നവരുടെ എണ്ണം തുലോം തുച്ഛവുമാണ്. ഭരണപരമായ പ്രവർത്തനങ്ങളിലും നാടിന്റെ സർവ്വതോന്മുഖമായ വികസനപ്രവർത്തനങ്ങളിലും കലാ സാമൂഹ്യസാംസ്കാരിക രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ത്രീകളുടെ പൊതുവായ പ്രശ്നങ്ങൾ മറ്റെവിടെയുമെന്നപോലെ നമ്മുടെ പഞ്ചായത്തിനും ബാധകമാണ്. ഈ യാഥാർത്ഥ്യങ്ങളിൽ ഊന്നി നിന്നുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തുപ്രദേശത്തെ സ്ത്രീക്ഷേമത്തിനായി നാം യത്നിക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് സ്വന്തം നിലയിൽ വരുമാനം ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തുറക്കേണ്ടതിനാണ് മുന്തിയ പരിഗണനകൾ നൽകേണ്ടത്. ഇതിനാകട്ടെ തൊഴിൽ ലഭ്യതാ ഉറപ്പുവരുത്തുകയെന്നുള്ളതല്ലാതെ മറ്റു മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനില്ല. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ വളരെയധിക സ്ത്രീകൾ പ്രത്യേകിച്ചും യുവതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

കാർഷികമേഖലയിലെ മുരടിപ്പ് കാരണം ഈ മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീകൾ ഇപ്പോൾ പാറപ്പണി, റോഡുപണി, കെട്ടിട നിർമ്മാണം തുടങ്ങിയ പ്രയാസമേറിയ തൊഴിലുകളിലാണ് ഏർപ്പെട്ടു കാണുന്നത്. ഇവരുടെ നിലയും വളരെ പരിതാപകരമാണ്. കൂലിപ്പണികൾക്ക് പോകുന്ന സ്ത്രീകൾ എല്ലാം തന്നെ യാതൊന്നും മിച്ചം വയ്ക്കാനില്ലാതെ അന്നന്നത്തെ ആവശ്യങ്ങൾ നിറവേറ്റാൻ തന്നെ ബുദ്ധിമുട്ടുന്നവരാണ്. കൂലിവേല ചെയ്യുന്ന പുരുഷന്മാരുടെ സ്ഥിതിയും മറിച്ചല്ല. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിൽ രഹിതരായിട്ടുള്ള സ്ത്രീകൾ വേണ്ടത്ര അവസരങ്ങളും തൊഴിൽ പരിശീലനവും സാമ്പത്തികസഹായങ്ങളും ലഭിച്ചാൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും തൊഴിലുകളിൽ ഏർപ്പെട്ട് വരുമാനം ആർജ്ജിക്കുന്നതിനും തയ്യാറാള്ളുവരാണെന്ന് നമ്മുടെ ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്.

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വനിതാക്ഷേമവുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും സംഗ്രഹിച്ച് ചുവടെ ചേർക്കുന്നു. പ്രശ്നരൂപത്തിൽ അവതരിപ്പിക്കാതെയും ചില വികസനാവശ്യങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

***പ്രശ്നങ്ങൾ***

1. സ്വന്തം നിലയിൽ വരുമാനമാർജ്ജിക്കാൻ വേണ്ടത്ര അവസരമുണ്ടാകാത്തത് സ്ത്രീകളുടെ സാമൂഹ്യപിന്നോക്കാവസ്ഥയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണമാണ്.

2. കഴിവും സന്നദ്ധതയുമുണ്ടെങ്കിലും ഏതെങ്കിലും തൊഴിൽ കണ്ടെത്തുന്ന

തിനോ വ്യവസായങ്ങൾ തുടങ്ങുന്നതിനോ മൂലധനം കണ്ടെത്താൻ കവിയുന്നില്ല.

3. കഴിവും സന്നദ്ധതയമുണ്ടെങ്കിലും തൊഴിൽ പരിചയം ഇല്ലാത്തതിനാൽ യാതൊന്നും ചെയ്യാൻ കഴിയുന്നില്ല.

4. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കിടയിലും തൊഴിലില്ലായ്മ രൂക്ഷമാണ്. ഇവർക്ക് സാമ്പത്തികമായും കുടുംബപരമായും ഭദ്രതയില്ല.

5. സുരക്ഷിതമായ വീട്, കക്കൂസ്, കുളമുറി, മുതലായ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾ ഉണ്ട്.

6. സ്ത്രീപീഢനം, വിവാഹമോചനം മുതലയാവമൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഉണ്ട്.

7. പൊതു രംഗത്തേക്കു കടന്നുവരാൻ സ്ത്രീകൾ വിമുഖരാണ്.

8. അംഗനവാടികളുടെ എണ്ണം കുറവാണ്.

9. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

10. സ്ത്രീകൾക്ക് കലാകായിക വാസനകൾ പ്രകടിപ്പിക്കുന്നതിനോ പരിപോഷിപ്പിക്കുന്നതിനോ വേണ്ടത്ര അവസരങ്ങൾ ലഭിക്കുന്നില്ല. അതുകൊണ്ടു തന്നെ കലാകായിക രംഗങ്ങളിൽ സ്ത്രീകൾ പുറകിലാണ്.

11. സ്ത്രീകളിൽ വായനാശീലം പൊതുവിജ്ഞാനം മുതലായവ കുറവാണ്. സ്ത്രീകൾക്കു മാത്രമുള്ള ഗ്രന്ഥശാലകൾ ഇല്ലാത്തത് ഒരു പോരായ്മയാണ്.

12. പെൺമക്കളെ വിവാഹം കഴിച്ച് അയക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന നിവധി രക്ഷാകർത്താക്കൾ ഉണ്ട്.

13. അർഹതയുള്ള വിധവകൾക്ക് യഥാസമയം പെൻഷൻകിട്ടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്.

14. പുരുഷൻമാരുടെ മദ്യാപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകളുണ്ട്.

15. സ്ത്രീകൾ പ്രത്യേകിച്ച് യുവതികൾ ആത്മഹത്യ ചെയ്യുന്ന പ്രവണതയുണ്ട്.

16. ടെലിവിഷൻ, സിനിമ മുതലായ ഇലക്ട്രോണിക്സ് മാധ്യമങ്ങളും പൈങ്കിളി സാഹിത്യവും പെൺകുട്ടികളെ വഴിതെറ്റിക്കുന്നുണ്ട്.

***പരിഹാര നിർദ്ദേശങ്ങൾ***

1. ഒരു കുടുംബത്തിൽ ഒരു സ്ത്രീക്കെങ്കിലും തൊഴിൽ എന്ന ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തിക്കണം.

2. താല്പര്യമുള്ള സ്ത്രീകൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് ശിൽപ്പശാലകൾ സംഘടിപ്പിക്കണം. പരിശീലനം പൂർത്തിയാക്കുന്ന സ്ത്രീകൾക്ക് സ്വന്തം നിലയിലോ കൂട്ടായൊ പ്രസ്തുത തൊഴിൽ അല്ലെങ്കിൽ വ്യവസായം നടത്തി വരുമാനം ആർജ്ജിക്കുന്നതിന് അവസരമുണ്ടാണം. ഇതിന് സൗജന്യ സാമ്പത്തിക സഹായം നൽകുക ബുദ്ധിമുട്ടുള്ള ഉപാധികൾ ഒഴിവാക്കി വായ്പകൾ നൽകുക. ഇതിൽ പ്രകാരം ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് പഞ്ചായത്തിൽ വിപണനസൗകര്യം ഏർപ്പെടുത്തുക. ഏതേതു തൊഴിലുകൾ പരിശീലിപ്പിക്കണമെന്നും എന്തു തരം വ്യവസായങ്ങൾ നടത്തണമെന്നും മറ്റും തീരുമാനിക്കുന്നതിന് ജനപങ്കാളിത്തത്തോടെ വിദഗ്ദ്ധസമിതിയെ നിയോഗിക്കുക. ചോദനമുള്ള ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കേണ്ടത് ശരാശരി സ്ത്രീകൾക്ക് പോലും എളുപ്പത്തിൽ നൈപുണ്യം നേടാൻ കഴിയുന്ന തൊഴിലുകളായിരിക്കണം പരിശീലനത്തിന് തെരഞ്ഞെടുക്കേണ്ടത്. ഈ സംരംഭങ്ങളുടെ മേൽ നോട്ടത്തിന് ആവശ്യമെങ്കിൽ സമിതികൾ രൂപീകരിക്കുക.

3. തൊഴിൽ പരിശീലനവും ഉല്പാദനവും എന്ന രണ്ട് ലക്ഷ്യങ്ങൾ മുൻനിർത്തി ചെറുകിട വനിതാ വ്യവസായങ്ങൾ രണ്ട് വാർഡിന് ഒന്ന് വീതം തുടങ്ങുക. ഓരോന്നിലും നൂറ് പേർക്ക് വീതമെങ്കിലും തൊഴിൽ ഉറപ്പു വരുത്തുക

4. കോളനികളിൽ കൈത്തറിത്തുണിനെയ്ക്ക് പരിശീലിപ്പിക്കണം കോളനികളിൽ ഒരു വീട്ടിൽ ഒരു തറി, അതിലൂടെ ഒരു വനിതക്ക് തൊഴിൽ എന്ന രീതിയിലുള്ള ഒരു പദ്ധതി നടപ്പിലാക്കണം. താല്പര്യമില്ലാത്ത കുടുംബങ്ങളെ ഇതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.തറികൾ വാങ്ങുന്നതിനുള്ള രൂപാ സൗജന്യമായോ, വായ്പയായോ പഞ്ചായത്തു മുഖാന്തരം നൽകണം. ഈ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകണം.

5. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പാർട്ട്സുകൾ, ടൂൾസുകൾ, ഉപകരണങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന കെൽട്രോണിന്റെ ഒരു ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.

6. പാൽ അസംസ്കൃതവസ്തുവായിട്ടുള്ള ചോക്ലേറ്റ്, പേട് തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കുക

7. മസാല, പിക്കിൾസ്, കറിപൗഡർ മുതലായവ നിർമ്മിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുക.

8. ബേക്കറി സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുക

9. തുന്നൽ പഠിച്ച സ്ത്രീകൾക്ക് ഒരുമിച്ച് ചേർന്ന് കൊണ്ടുള്ള റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ സ്ഥാപിക്കുക,ഇത്തരം ഗാർമെന്റുകൾ പഞ്ചായത്തിന്റെയോ, പഞ്ചായത്ത് നിയോഗിക്കുന്ന ഏജൻസികളുടെയോ ഉടമസ്ഥതയിൽ തുടങ്ങാം നിശ്ചിത പാറ്റേണിൽ ഓരോ തൊഴിലാളിയും ദിവസവും ഉൽപ്പാദിപ്പിക്കേണ്ട വസ്ത്രം, വേതന നിരക്ക് തുടങ്ങിയവ സാദ്ധ്യതകൾ വിലയിരുത്തി നിശ്ചയിക്കണം. ഇങ്ങനെ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണികളും കണ്ടെത്തണം.

10. ബുക്ക് ബയന്റിംഗ്, പേപ്പർ കവർ, പ്ലാസ്റ്റിക് മുതലായ നിർമ്മിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക. ഇതിനുള്ള അസം

സ്കൃത വസ്തുക്കൾ, പഞ്ചായത്തു മുഖാന്തിരം സംഘടിപ്പിച്ചു നൽകണം. ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് വായ്പയോ സാമ്പത്തിക സഹായമോ നൽകുക. കഴിവും സന്നദ്ധതയുമുള്ള സ്ത്രീകളുടെ വീടുകളിലും പരിസരത്തും തന്നെ ഇത്തരം യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

11. പാറയിറക്കി മെറ്റൽ അടിച്ച് വിപണനം ചെയ്യുന്ന ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക

12. അലങ്കാര വസ്തുക്കൾ ഉണ്ടാക്കുന്ന ചെറിയ വ്യവസായങ്ങൾ ആരംഭിക്കുക

15. സമഗ്രപച്ചക്കറി കൃഷി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക. കാർഷിക സർവ്വകലാശാലയുടെയും കൃഷിഭവന്റെയും പഞ്ചായത്തിന്റെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും മറ്റും സഹായ സഹകരണങ്ങളോടെയുള്ള ബൃഹത്തായ ഒരു പരിപാടിയായി ഇതു നടത്താം. തുടക്കത്തിൽ പഞ്ചായത്ത് കുറച്ചെങ്കിലും ചെലവ് ചെയ്ത് പദ്ധതി വിജയിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപത്ത കൈവരിക്കണം.

16. സമഗ്ര പുഷ്പകൃഷി വികസന പരിപാടി നടപ്പിലാക്കുക താൽപ്പര്യമുള്ളവരെ തിരഞ്ഞെടുത്ത് ഇതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും മറ്റും നൽകുക. ജലലഭ്യതാ സൗകര്യം കൂടി കണക്കിലെടുക്കണം

17. പഞ്ചായത്തിൽ 30 അംഗനവാടികൾ സ്ഥാപിക്കണം. അംഗനവാടികൾ 500 ജനസംഖ്യയ്ക്ക് ഒന്ന് എന്ന് ഭേദഗതി വരുത്തണം.

18. അംഗണവാടി നിയമനങ്ങളിൽ മഹിളാ സമാജം പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം

19. അംഗണവാടി അദ്ധ്യാപകരുടെ സേവന വേത വ്യവസ്ഥകൾ മെച്ചപ്പെടുത്തുക, അംഗണനവാടികളെ പ്രൈമറി സ്കൂൾ നിലവാരത്തിലേക്ക് ഉയർത്തുക

20. മഹിളാ സമാജം പ്രവർത്തകർക്ക് കൂടി ക്ഷേമനിധി വ്യവസ്ഥകളുണ്ടാകണം

21. ബ്യൂട്ടീഷ്യൻ കോഴ്സുകൾ ആരംഭിക്കണം. ഗ്രാമീണ ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കണം

22. വനിതാ ക്ഷേമനിധി ഏർപ്പെടുത്തണം നിർദ്ധന പെൺകുട്ടികൾക്ക് പഠിക്കുന്നതിന് ധന സഹായം നൽകണം.

23. ഭവനങ്ങളിൽ പുസ്തകമെത്തിച്ച് സ്ത്രീകളിൽ വായനാ ശീലം വളർത്തുന്നതിനുള്ള പരിപാടി ആവിഷ്കരിക്കുക

24. സ്ത്രീകൾക്കു മാത്രമുള്ള ഗ്രന്ഥശാലകൾ ആവശ്യമനുസരിച്ച് സ്ഥാപിക്കുക. സ്ത്രീകളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക

25. മഹിളാ സമാജങ്ങളും അംഗണവാടികളും സ്ത്രീകളുടെ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റത്തക്കവിധത്തിൽ അവയുടെ പ്രവർത്തനങ്ങൾ വിപുലമാക്കുക

26. സ്ത്രീകളുടെ കലാ - കായിക വാസനകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകരമായ പരിപാടികൾ ആവിഷ്കരിക്കുക. മഹിളാ സമാജങ്ങളോടും അംഗനവാടികളോടും ബന്ധപ്പെടുത്തി കലാ കായിക പരിശീലനം ഏർപ്പെടുത്താം അവ വാർഷിക അർദ്ധ വാർഷിക പരിപാടികൾ സംഘടിപ്പിച്ച് സ്ത്രീകളുടെ കലാ കായിക വാസനകൾ പ്രകടിപ്പിക്കുന്നതിന് അവസരമുണ്ടാക്കിക്കൊടുക്കുക. ഇതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

27. അംഗണവാടികളിൽ കുട്ടികളുടെ വായനശാലകൾ ആരംഭിക്കണം.

28. പെൺമക്കളെ വിവാഹം കഴിച്ചയപ്പിക്കുന്നതിന് ബുദ്ധിമുട്ടുന്ന നിർദ്ധനർക്ക് സാമ്പത്തിക സഹായം അനുവദിക്കുക. നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ പഞ്ചായത്ത് / ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു വിവാഹബ്യൂറോ ആരംഭിക്കുക.

29. അർഹതയുള്ള വിധവകൾക്ക് യഥാ സമയം വിധവാ പെൻഷൻ കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുക

30. വായ്പയെടുത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇറങ്ങുന്ന സ്ത്രീകൾ വായ്പാ ഏജൻസികളിൽ കയറിയിറങ്ങി നടന്ന് മടുത്ത് പിന്തിരിയുന്ന പ്രവണതക്ക് അറുതി വരുത്താൻ വായ്പാ ലഭ്യതയിലെ നൂലാമാലകൾ ഇല്ലാതാക്കുക

31. വനിതാക്ഷേമത്തെ മുൻനിർത്തി പഞ്ചായത്തിൽ ഒരു ജനകീയ വനിതാ ക്ഷേമസമിതി രൂപീകരിക്കുക. ഇതിൽ സ്ത്രീകൾക്ക് പ്രാമുഖ്യമുണ്ടാകണം.

32. നാനാതരത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു ലീഗൽ സെൽ സ്ഥാപിക്കണം. ഇതിൽ പൊതുപ്രവർത്തകരായ സ്ത്രീകളും നിയമവിദഗ്ദ്ധരും ജനപ്രതിനിധികളും ഉണ്ടാകണം. ഇടയ്ക്കിടെ വാർഡു തലത്തിൽ പ്രശ്നപരിഹാരം സ്ത്രീസമ്പർക്കപരിപാടികൾ സംഘടിപ്പിക്കണം. ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീക്ഷേമ വിഷയത്തിൽ ചർച്ചകൾ, ക്ലാസ്സുകൾ മുതലായവ ഉൾപ്പെടുത്തണം.

33. സ്ത്രീകളുടെ തൊഴിൽ/വ്യവസായപുരോഗതിയെ ലക്ഷ്യമാക്കി ഒരു സ്ത്രീ തൊഴിൽ/ വ്യവസായ ഏജൻസി രൂപീകരിക്കുക

34. നമ്മുടെ പഞ്ചായത്തിൽ 30ഓളം എം.എസ്.എസ് പ്രവർത്തകരുണ്ട്. മഹത്തായ രീതിയിൽ സന്നദ്ധ പ്രവർത്തനം നടത്തുന്ന ഇവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ഏർപ്പെടുത്തുക

# പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പഴയ കുന്നുമ്മേൽ പഞ്ചായത്തിലെ പല പ്രദേശങ്ങളും വനഭൂമികളായിരുന്നതു കൊണ്ടാവാം ആ മേഖലകളിലൊക്കെത്തന്നെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ജനങ്ങൾ കുടിയേറിപാർത്തിരുന്നു. ജന്മിമാരുടെ അടിയാൻമാരായി നിന്നുകൊണ്ട് അവർക്കുവേണ്ടി വനപ്രദേശങ്ങൾ വെട്ടിത്തെളിച്ച് കൃഷിക്കനുയോജ്യമായി മാറ്റുന്നതിൽ ഇവർ വഹിച്ച പങ്ക് നിസ്തുലമാണ്. ഉപജീവന മാർഗ്ഗങ്ങളിൽ വളരെ പിന്നോക്കമായിരുന്നു. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഈ കാലഘട്ടത്തിൽ നിലനിന്നിരുന്നത് ഇവരുടെ ജീവിത സാഹചര്യങ്ങളെ വളരെ പരിതാപകരമാക്കിയിരുന്നു. ആദ്യകാലങ്ങളിൽ മലയോരപ്രദേശങ്ങളിൽ മാത്രം കൂട്ടം കൂട്ടമായി അധിവസിച്ചിരുന്ന ഇവർ കാലക്രമേണ മറ്റു ജനപദങ്ങളിലേയ്ക്കും വ്യാപിച്ചു തുടങ്ങിയതോടുകൂടി ഇവരുടെ പിന്നോക്കാവസ്ഥയിൽ സമൂലമായ ചില മാറ്റങ്ങൾ കണ്ടു തുടങ്ങി. 1957 ലെ ഭൂപരിഷ്ക്കരണപ്രസ്ഥാനവും കുടിയൊഴിപ്പിക്കൽ നിരോധനനിയമവും ഈ പരിവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചു.

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ ഏകദേശം 20.69% പട്ടികജാതി പട്ടികവർഗ്ഗക്കാരാണെന്നുള്ളത് ഈ ജനവിഭാഗത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നതാണല്ലോ. നമ്മുടെ പഞ്ചായത്ത് ഉൾക്കൊള്ളുന്ന കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലവും പഞ്ചായത്തിലെ തന്നെ രണ്ടു വാർഡുകളും പട്ടികജാതി പട്ടികവർഗ്ഗത്തിലെ വനിതയ്ക്കായി സംവരണം ചെയ്തിരിക്കുന്നു. പഴയ കാലഘട്ടത്തിലേതുപോലെയുള്ള ജാതിഭേദചിന്തകൾക്ക് ഇന്ന് സമൂഹത്തിൽ സ്ഥാനമില്ലാതായിരിക്കുന്നു. സാമൂഹിക–രാഷ്ട്രീയ–സാംസ്കാരിക രംഗങ്ങളിലേയ്ക്കുള്ള ഇവരുടെ ആഗമനം ഇതിനൊരു പ്രധാന കാരണമാണ്.

ഗവൺമെന്റ് അംഗീകരിച്ചതും അംഗീകരിക്കാത്തതുമായ കോളനി പ്രദേശങ്ങളിലാണ്, ഈ വിഭാഗത്തിൽപെട്ട ജനങ്ങൾ ഇപ്പോഴും തിങ്ങിപ്പാർക്കുന്നത്. ഇതിൽ വട്ടപ്പച്ച, ചാവേറ്റികാട് കോളനികൾ I.H.D.P കോളനികളാണ്. കൂടാതെ കടമ്പ്രവാരം, വട്ടലിൽ, പറണ്ടക്കുഴി, പുലിപ്പാറ, പുലിയം, മടത്തിൽക്കുന്ന്, മണലേത്തുപച്ച, കുളപ്പാറ, വടക്കുംപുറം, ചെങ്കിട്ടമൂല, കല്ലറക്കോണം, വട്ടപ്പാറ, മുണ്ടനാടി, വെള്ളാരംകുന്ന്, നെല്ലിക്കുന്ന്, ഞാവേലിക്കോണം തോപ്പിൽ, പഴയകുന്നുമ്മൽ, നെല്ലിക്കാട്, പോട്ടലിൽ, കുറവൻകുഴി, തൊട്ടിവിള, ചെറുനാരകംകോട്, തട്ടത്തുമല, വേടർകോളനി, വയ്യാറ്റിൻകര മിച്ച ഭൂമി കോളനി, നെടുംപാറ കോളനി, മുതുകുറുഞ്ഞി മുളയ്ക്കലത്തുകാവ്, 7–ാം വാർഡിലെ ലക്ഷംവീട് മാസ്റ്റർ കോളനി കാനാറ വേളാർ കോളനി, ചിറ്റലഴികം കോളനി എന്നിവ പ്രധാനപ്പെട്ട പട്ടികജാതി–പട്ടികവർഗ്ഗ കോളനികളാണ്.

ഈ വിഭാഗത്തിലെ ഭൂരിഭാഗം ജനങ്ങളും ഇന്നും കൃഷിപ്പണി കൂലിവേല, ഹെഡ്‌ലോഡ് വർക്കിംഗ്, ടാപ്പിംഗ്, കെട്ടിടനിർമ്മാണം തുടങ്ങിയവയിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവരാണ്. അതുകൊണ്ട് തന്നെ സാമ്പത്തികമായി വളരെയൊന്നും ഉയർച്ച കൈവരിക്കാൻ ഈ ജനവിഭാഗത്തിന് ഇന്നും കഴിയുന്നില്ല. എന്നാൽ ചുരുക്കം ചില കുടുംബങ്ങൾ വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും മുന്നോക്കം നിൽക്കുന്നു. അവർ വിദ്യാഭ്യാസത്തിലൂടെ നേടിയ സർക്കാർ ഉദ്യോഗങ്ങളും സാമൂഹ്യബന്ധങ്ങളുമാണ്, ഈ ഉയർച്ചയിലേക്ക് നയിച്ചത്. വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ആനുകൂല്യങ്ങൾ ഒട്ടനവധി സർക്കാർ തലത്തിലും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മുഖേനയും ഉണ്ടെങ്കിലും ഈ വിഭാഗത്തിലെ നല്ലൊരു ശതമാനം കുട്ടികളും വിവിധ കാരണങ്ങളാൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. അതുകൊണ്ടു തന്നെ ഒരു വമ്പിച്ച ജനകീയ ഇടപെടൽ ഇക്കാര്യത്തിൽ അത്യാവശ്യമാണ്. അതിന് മുൻപ് ഇതിന്റെ കാതലായ പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങി തിരിച്ചാൽ നിരവധി കാരണങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. രക്ഷിതാക്കളുടെ ഉദാസീനതയാണ് ഇതിന് പ്രധാന കാരണം. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവരുടെ ബോധനിലവാരം വളരെ താഴ്ന്നതാണ്. മാത്രമല്ല രക്ഷിതാക്കൾ പുലർച്ചെ തന്നെ ഉപജീവനമാർഗ്ഗത്തിനായി പോയി കഴിഞ്ഞാൽ വളരെ വൈകിയായിരിക്കും എത്തിച്ചേരുക. മിക്കവാറും രാത്രിയിലാണ് ആഹാരം പാകം ചെയ്യുന്നതും മറ്റു വീട്ടു ജോലികൾ നിർവഹിക്കുന്നതും. ഇതിനിടയിൽ കുട്ടികളുടെ പഠനകാര്യങ്ങളിൽ ഇവർക്ക് വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല. പഠനോപകരണങ്ങളും യൂണിഫോമും മറ്റും വാങ്ങുന്നതിനുള്ള സാമ്പത്തിക

ശേഷി ഇല്ലായ്മ ഇതിനൊരു പ്രധാന കാരണമാണ്. ഇതിലേക്കായി സർക്കാർ നൽകുന്ന ധനസഹായങ്ങൾ വേണ്ട സമയത്ത് ലഭിക്കാത്തതു കൊണ്ടുതന്നെ പാഠ്യേതര കാര്യങ്ങൾക്കായി ഈ പണം അവർ ചില വഴിക്കുന്നു. ശുചിത്വത്തിലുള്ള ഇവരുടെ അലംഭാവം കൊണ്ടാവാം മറ്റു കുട്ടികളിൽ നിന്നും ഒറ്റപ്പെടുന്ന പ്രവണത ഇല്ലാതില്ല. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിന്റെ സാമൂഹ്യഉന്നമനത്തെയും പദവിയെയും മുൻനിർത്തി കർശനമായ സംരക്ഷണ നിയമങ്ങൾ നിലവിലുള്ളതിനാൽ ഒരു പരിധി വരെ ജാതീയമായ ഉച്ചനീചത്വങ്ങളില്ലെന്ന് പറയാം. എന്നാൽ ജാതിപരമായ മനോഭാവം സമൂഹത്തിൽ നിന്നും നിശേഷം ഇല്ലാതായി എന്ന് തീർത്തു പറയാൻ കഴിയില്ല.

മിക്ക പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിലും സാമ്പത്തിക ഭദ്രത ഇല്ലാത്ത അവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. കഷ്ടിച്ച് നിത്യവൃത്തികഴിക്കാനുള്ള വരുമാനമെ ഇവർക്ക് ആർജിക്കാൻ കഴിയുന്നുള്ളു. സ്ഥായിയായ ഒരു വരുമാനമാർഗ്ഗം ഇവർക്ക് കണ്ടെത്താൻ കഴിഞ്ഞാൽ മാത്രമേ ഈ അവസ്ഥയ്ക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകു. അനുഭവസമ്പത്തും കായികാദ്ധ്വാനവും കൈമുതലായുള്ള ഇക്കൂട്ടർക്ക് ചെറുകിട തൊഴിലുകൾ പരിശീലിപ്പിച്ചാൽ ഇതിന് നല്ലൊരു പരിധി വരെ പരിഹാരമുണ്ടാക്കാൻ കവിയും. വലിയ മുതൽ മുടക്കില്ലാതെ തന്നെ തേനീച്ച വളർത്തൽ, റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ, കണ്ണാടി ഫ്രെയിം നിർമ്മാണം, ആടു വളർത്തൽ, കോഴി വളർത്തൽ, കുട്ട, വട്ടി, തഴപ്പായ നിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലകളിലേയ്ക്ക് ഇവരെ കൊണ്ടു വരേണ്ടതാണ്.

***ഈ മേഖലയിലെ പ്രശ്നങ്ങൾ***

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ 75% കുടുംബങ്ങളും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നു.
2. വൈദ്യുതി, കക്കൂസ്, കിണർ, തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത വീടുകൾ കോളനികളിൽ ഒട്ടനവധിയുണ്ട്.
3. ക്ഷയം മുതലായ രോഗങ്ങളുള്ള നിരവധി ആൾക്കാർ ഇവിടങ്ങളിൽ താമസിക്കുന്നുണ്ട്.
4. ഈ വിഭാഗത്തിൽപെട്ടവർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വേണ്ട രീതിയിൽ ഈ വിഭാഗങ്ങളിൽ എത്തിചേരുന്നില്ല.
5. പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള ഒരു Training Centre നമ്മുടെ പഞ്ചായത്തിലില്ല.
6. പല കോളനികളും കുന്നിൻ പ്രദേശങ്ങളായതിനാൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
7. കോളനികളിലെ വീടുകൾ അടുത്തടുത്ത് സ്ഥിതിചെയ്യുന്നതിനാൽ ശവസംസ്കാരം നടത്തുന്നതിന് പ്രയാസമനുഭവപ്പെടുന്നു.
8. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ 75% കുടുംബങ്ങൾക്കും സ്വന്തമായ സ്ഥലവും വീടും ഇല്ല.

***പരിഹാരനിർദ്ദേശങ്ങൾ***

1. പഞ്ചായത്തിൽ വീടില്ലാത്ത പട്ടികജാതി - പട്ടികവർഗ്ഗത്തിലെ ജനങ്ങൾക്ക് വീട് വെയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.
2. കോളനികളിലെ എല്ലാ വീടുകൾക്കും വൈദ്യുതി, കക്കൂസ്, കിണർ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കുക.
3. ഈ വിഭാഗത്തിലെ വിദ്യാർത്ഥിക്കുള്ള ലംസംഗ്രാന്റ്, സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുകയും യഥാ സമയം നൽകുകയും ചെയ്യുക.
4. കോളനികളിലെ ഭവനങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തണം.
5. പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ ഊർജ്ജസ്വലമാക്കണം.
6. വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം 2000 ത്തിൽ നിന്നും 5000 ആക്കി ഉയർത്തണം.
7. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകണം
8. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി കേന്ദ്ര ഗവ: ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക വിവിധ ഡിപ്പാർട്ട്മെന്റുകളുടെ അനാസ്ഥമൂലം യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ ധനസഹായവിതരണം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്.
9. എല്ലാ കോളനികളിലും പൊതു കിണർ, ടി.വി.സെറ്റ്, നഴ്സറി സ്കൂൾ എന്നിവ ഉണ്ടായിരിക്കണം.

# പാർപ്പിടം

ഗ്രാമസഭാ റിപ്പോർട്ടുകൾ വിലയിരുത്തുമ്പോൾ മിനിമം സൗകര്യങ്ങളോട് കൂടിയ പാർപ്പിടങ്ങളില്ലാത്തവരും സ്വന്തം നിലയിൽ ഒരു പാർപ്പിടം നിർമിക്കാൻ ശേഷി ഇല്ലാത്തവരുമായ നിരവധി പേർ ഉണ്ടെന്ന് കാണാം. ഭവന നിർമ്മാണത്തിന് വേണ്ടി വിവിധ സർക്കാർ ഏജൻസികൾ മുഖാന്തരമുള്ള ധന സഹായങ്ങൾ പലരും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനുവദിക്കുന്ന സഹായധനം പ്രയോജനപ്പെടുത്താത്തവരുമുണ്ട്. ഏതായാലും പഞ്ചായത്തിലെ രൂക്ഷമായ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. പാർപ്പിടം വയ്ക്കുന്നതിന് സ്ഥല സൗകര്യം ഇല്ലാത്തവരും ഉണ്ട്. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കാൻ നല്ല തുകകൾ നീക്കിവയ്ക്കേണ്ടതുണ്ട്.

ഗൾഫ് പണത്തിന്റെ രംഗപ്രവേശം കോൺക്രീറ്റ് കെട്ടിടങ്ങളുടേതായ പുറം മൂടി ചമച്ചിട്ടുണ്ട്. അത്തരം വീടുകളിൽ ആവശ്യത്തിലേറെ സൗകര്യങ്ങളുമുണ്ട്. കോൺക്രീറ്റ് ഭ്രമം ആളുകളിൽ വ്യാപകമായുണ്ട്.

സാമ്പത്തിക അഭിവൃദ്ധി പ്രാപിക്കുന്നവർ വലിയ കോൺക്രീറ്റ് സൗധങ്ങൾ പണി കഴിപ്പിച്ച് ധനം യഥാർത്ഥത്തിൽ ദുർവ്യയം ചെയ്യുകയാണ്. വഴിയോരങ്ങളിലെ കെട്ടിടമതിലുകൾ റോഡു വികസനത്തിന് പല തടസ്സങ്ങളും സൃഷ്ടിക്കാറുണ്ട്. ഭവന നിർമ്മാണത്തിലെ ദുർവ്യം ഒഴിവാക്കുന്നതിന് ബോധവത്കരണം ആവശ്യമാണ്. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ഉള്ള പ്രവണത ഉണ്ടാക്കിയെടുക്കേണ്ടതാണ്. പരമ്പരാഗത പുരാവസ്തു ശിൽപ്പമാതൃകയിലുള്ള കെട്ടിടങ്ങൾ നിലവിലില്ല എന്ന് മാത്രമല്ല പുതുതായി അത്തരം മാതൃകകൾ സ്വീകരിക്കുന്നതായും കാണുന്നില്ല. കൂടാതെ ജൈവ വേലി നിർമ്മിക്കുന്ന രീതി പഞ്ചായത്തിൽ ഇല്ലാ എന്നു തന്നെ പറയാം. ഇതിന് വേണ്ടത്ര പ്രചരണം നൽകേണ്ടിയിരിക്കുകയാണ്.

പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ലഭ്യമാക്കുന്ന വായ്പകൾക്ക് നൽകേണ്ടിവരുന്ന അമിതമായ പലിശ ഈ രംഗത്തെ ഒരു പ്രതിസന്ധിയാണ്. സമയത്ത് വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും ഒരു പ്രശ്നമാണ്. ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ കൂടുതൽ വീടുകളും കക്കൂസുകളും നിർമ്മിച്ച് കൊടുക്കുന്നതിനുള്ള പരിശ്രമം ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് വേണ്ടുന്ന പണം കണ്ടെത്തേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ രംഗത്തെ പ്രശ്ന പരിഹാരത്തിന് നേതൃത്വം നൽകുന്നതിനും ഒരു പാർപ്പിടസമിതി രൂപികരിക്കാവുന്നതാണ്.

*പരിഹാര നിർദ്ദേശങ്ങൾ*

1. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ആയിരത്തി അഞ്ഞൂറ് വീടുകളും മറ്റു വിഭാഗക്കാർക്കായി 2000 വീടുകളും നിർമ്മിച്ച് നിലവിലുള്ള പാർപ്പിട പ്രശ്നം ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ കഴിയും. ചിലവ് കുറഞ്ഞ വീടുകളും കക്കൂസുകളും നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കേണ്ടത്.
2. ആഡംബരപൂർണ്ണമായ വീടുകൾ നിർമ്മിക്കുന്നവരിൽ നിന്നും ഭവന നിർമ്മാണ ഫണ്ടിലേക്ക് ഉയർന്ന തോതിലുള്ള നികുതി ഈടാക്കി നിർദ്ധനർക്ക് ഭവന നിർമ്മാണത്തിനുള്ള നല്ലൊരു തുക കണ്ടെത്താൻ കഴിയും. മൂന്ന് ലക്ഷം രൂപയക്ക് മുകളിൽ ചെലവ് ചെയ്ത് വീട് നിർമ്മിക്കുന്നവരിൽ നിന്നും ചെലവാക്കിയ തുകയുടെ 10% പഞ്ചായത്തിന്റെ ഭവന നിർമ്മാണ ഫണ്ടിലേക്ക് നൽകാൻ വ്യവസ്ഥയുണ്ടാക്കണം.
3. സ്വന്തമായി പാർപ്പിടം നിർമ്മിക്കാൻ ഭൂമി ഇല്ലാത്തവർക്ക് നാല് സെന്റ് വീതം മിച്ചഭൂമി പതിച്ച് നൽകണം. കൂടാതെ കൂടുതൽ ഭൂമി ഉള്ളവരിൽ നിന്നും തുച്ഛമായ ഭൂമിയെങ്കിലും സംഭാവനയായി വാങ്ങാൻ കഴിഞ്ഞാൽ ഈ പ്രശ്നപരിഹാരത്തിന് കൂടുതൽ സഹായകരമാകും
4. പട്ടയം ലഭിക്കാത്തവർക്ക് അടിയന്തിരമായി പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുക
5. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീടുകൾ മെയിന്റനൻസ് ചെയ്യാൻ വർഷം തോറും ഗ്രാന്റ് അനുവദിക്കുക
6. നിർദ്ധന കുടുംബങ്ങൾക്ക് വീടുകൾ മെയിന്റനൻസ് ചെയ്യാൻ ഗ്രാന്റ് അനുവദിക്കുക.
7. കോളനികളിലെ വീടുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്യുന്നതിന് സഹായ ധനം നൽകുക.
8. ഹൗസിംഗ് കോളനികൾ സ്ഥാപിക്കുക
9. പഞ്ചായത്തിലെ വിവിധ ഓഫീസു

കൾക്ക് കേന്ദ്രീകരിക്കാവുന്ന വിധത്തിൽ പഞ്ചായത്ത് ഓഫീസ് വളപ്പിൽ വിപുലമായ ഒരു കെട്ടിടസമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും സ്ഥാപിക്കുക.

10. തട്ടത്തുമല, അടയമൺ, തൊളിക്കുഴി എന്നിവിടങ്ങളിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക

11. കിളിമാന്നൂരിൽ ഒരു വർക്കിംഗ് വിമൺ ഹോസ്റ്റൽ സ്ഥാപിക്കുക.

12. കടത്തിണ്ണകളിലും മറ്റും അന്തിയുറങ്ങുന്ന അജ്ഞാതരും ആലംബഹീനരും മനോരോഗികളും സാംക്രമിക രോഗം ബാധിച്ചവരുമായ ആളുകളെ അധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക

13. കെട്ടിട നിർമ്മാണ വസ്തുക്കളിലെ വിലവർദ്ധനവ് ഈ രംഗത്തെ ഒരു പ്രശ്നമാണ്, ഇത് പരിഹരിക്കപ്പെടണം.

# സമൂഹ്യക്ഷേമം



വ്യക്തികളുടെ ക്ഷേമം സമൂഹത്തിന്റെ പൊതുവായ ക്ഷേമവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യക്ഷേമത്തെ മുൻ നിറുത്തിയുള്ള പല പദ്ധതികളും നമ്മുടെ സംസ്ഥാനത്ത് നടത്തി വരുന്നുണ്ട്. ഇൻഡ്യയിൽ ഏറ്റവും വിപുലമായ സാമൂഹ്യസുരക്ഷിതത്വ ശ്രുംഖല കേരളത്തന്റേതാണെന്ന് കണക്കാക്കപ്പെടുന്നു. രണ്ട് തരത്തിലുള്ള സ്കീമുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഒന്നാമത്തേത് പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് ഫണ്ടിനെ ആശ്രയിച്ചുള്ള അഗതി-വിധവ പെൻഷനുകൾ തുടങ്ങിയവയാണ്. രണ്ടാമത്തേത് തൊഴിൽ ഉടമയുടേയും തൊഴിലാളികളുടെയും പങ്കാളിത്തത്തോടെ വിവിധ ബോർഡികൾകക്ക് കീഴിൽ നടപ്പാക്കപ്പെടുന്നവയാണ്. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, മിശ്ര വിവാഹിതർക്കുള്ള ധന സഹായം, പ്രോവിഡന്റ് ഫണ്ടും, ഗ്രാറ്റുവിറ്റിയും, ശവസംസ്കാര അലവൻസ്, കല്യാണത്തിനുള്ള സഹായം, പ്രസവാനുകൂല്യങ്ങൾ, തൊഴിലില്ലായ്മ വേതനം, ഇൻഷ്വറൻസ് തുടങ്ങിയവ ക്ഷേമ പദ്ധതികൾക്ക് ഉദാഹരണമാണ്. ഇനിയും കൂടുതൽ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കകയും വിപുലീകരിക്കുകയും നിലവിലുള്ളവ തന്നെ കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. അർഹതയുള്ള എല്ലാ പേർക്കും പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നത് ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അനർഹരായവർ ആനുകൂല്യങ്ങൾ തട്ടിയെടുക്കന്നതും ഒഴിവാക്കേണ്ടതുണ്ട്.

പഴയ കുന്നുമ്മൽ പഞ്ചായത്തിൽ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ പ്രധാനമായും വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയാണ്. കശുവണ്ടി ഫാക്ടറിയിലും മറ്റും പണി യെടുക്കുന്ന തൊഴിലാ ളികൾക്കും ക്ഷേമാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ അർഹതപ്പെട്ട എല്ലാ പേർക്കും പെൻഷനുകൾ ലഭിക്കുന്നില്ല എന്ന പരാതി ഗ്രാമസഭ ചർച്ചകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അനർഹരായിട്ടുള്ളവർ ആനുകൂല്യങ്ങൾ കൈപറ്റുന്ന പ്രവണത കൂടുതലാണ്. ഇന്നത്തെ

ജീവിത സാഹചര്യങ്ങളുമായി തട്ടിച്ചു നോക്കമ്പോൾ ഇപ്പോൾ സമ്പത്തിക ആനുകൂല്യങ്ങളായി നൽകിക്കൊണ്ടിരിക്കുന്ന തുകകൾ വളരെ കുറവാണ്. അതിനാൽ പെൻഷൻ തുകകളും, തൊഴിൽ രഹിത വേതനവും മറ്റും വർദ്ധിപ്പിക്കേണ്ടതുണ്ട്. മിശ്ര വിവാഹിതരായ ധാരാളം ദമ്പതിമാർ നമ്മുടെ പഞ്ചായത്തിലുണ്ട്. നിലവിലുള്ള ജാതിമത ചിന്തകൾ ഇല്ലായ്മ ചെയ്യുന്നതിന് മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മിശ്രവിവാഹിതരുടെ നിലനിൽപിനും, സാമൂഹ്യ സുരക്ഷിതത്വത്തിനും ഉതകുന്ന ശക്തമായ നിയമ വ്യവസ്ഥകളും സാമൂഹ്യ സാഹചര്യങ്ങളും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇന്ന് മിശ്രവിവാഹിതർക്ക് നൽകി ക്കൊണ്ടിരിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ വളരെ തുച്ഛമാണ്. ആകർഷണീയമായ ആനുകൂല്യങ്ങൾ നൽകി ഗവൺമെന്റ് മിശ്ര വിവാഹത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ടവരും മറ്റു ജാതികളിൽ പെടുന്നവരുമായുള്ള വിവാഹത്തിന് കൂടുതൽ പ്രോത്സാഹനം നൽകണം.

പ്രായപൂർത്തിയായ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന നിരവധി നിർദ്ധന കുടുംബങ്ങളുണ്ട്. നിലവിലുള്ള പരിമിതമായ വിവാഹാനുകൂല്യങ്ങൾ തന്നെ ഇവർക്ക് ലഭിക്കുന്നില്ല. പൊന്നും പണവും സ്ത്രീധനവും ഇല്ലാത്തതിനാൽ നിർദ്ധപെൺകുട്ടികൾക്ക് അനുയോജ്യരായ വരൻമാരെ കണ്ടെത്തുവാനും നന്നേ ബുദ്ധിമുട്ടുന്നു. സഹാനുഭൂതിയും, കൂടുതൽ സാമ്പത്തിക ആനുകൂല്യങ്ങളും സാമൂഹ്യ ഇടപെടലുകളും ഈ പ്രശ്ന പരിഹാരത്തിന് അനിവാര്യമാണ്. വിവാഹ ബ്യൂറോകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് വനിതാ ക്ഷേമത്തിൽ പ്രസ്ഥാവിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കടയിൽ ആത്മഹത്യാപ്രവണത കണ്ടുവരിന്നുണ്ട്. സ്ത്രീ പുരുഷ ഭേദമന്യേ ആത്മഹത്യാ പ്രവണത വർദ്ധിച്ചു വരുന്നതായി കാണുന്നു. ബാധിച്ചിരികക്കുന്ന സാംസ്കാരിക ജീർണ്ണതകളാണ് ഇതിന് മുഖ്യ കാരണം. ആധുനിക വാർത്താ വിനിമയ മാദ്ധ്യമങ്ങളും, പൈങ്കിളി സാഹിത്യങ്ങളുമാണ് സാംസ്കാരിക ജീർണ്ണത വളർത്തു ന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. നിലവാരം കുറഞ്ഞ ടി.വി.സീരിയലുകളും, കൊമേഴ്സ്യൽ സിനമകളും പൈങ്കിളി പ്രസിദ്ധീകരണങ്ങളുമാണ് ജനങ്ങളിൽ പ്രത്യേകിച്ച് യുവതീ യുവാക്കളിൽ നികൃഷ്ട വാസനകളും, നിരാശാബോധവും വളർത്തുന്നത്. കുറ്റവാസനകളും ആത്മഹത്യ പ്രവണതയുംസഷ്ടിക്കുന്നതിൽ ഇവ വലിയ പങ്ക് വഹിക്കുന്നുണ്ട്. സമ്പന്ന കുടുംബങ്ങലുടേതായ പ്രമേയങ്ങൾ തെരഞ്ഞെടുത്ത് കഥയൊരുക്കി അവതരിപ്പിക്കന്ന സീരിയലുകളും സിനമകളും ദരിദ്ര ജനവിഭാഗങ്ങളെ സ്വപ്നലോകത്തിലേക്ക് നയിക്കുന്നു ഇത.ാണ് ജനങ്ങളിൽ നിരാശാബോധം വളർത്തന്നതൽ പ്രധാന പങ്കുവഹിക്കുന്നത്. ഈ മാധ്യ മങ്ങളെല്ലാം കൂടിച്ചേർന്ന് ഒരു ഉപരിപ്ലവ സംസ്കാരം സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വ്യാപകമായി നില നിൽക്കുന്നു. വ്യഭിചാരവും ബഹു ഭാര്യാർത്തും പല വിധത്തിലു ള്ള സ്വഭാവ ദൂഷ്യങ്ങളും കുടുംബ ജീവിതത്തിന്റെയും ഭദ്രതയെ ബാധിച്ചുകാണുന്നുണ്ട്. ഇത്തരം ദുശീലങ്ങൾ അലങ്കാരമായി കാണുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. ഇതിനെ ഗൗരവമായി കണക്കാക്കി ഇത്തരം സാമൂഹിക തിന്മകൾക്കെതിരെ ശരിയായ ബോധവൽക്കരണവും ആവശ്യമായി നിയമ നടപടികളും ഉണ്ടാകണം.

വികലാംഗരും ആലംബഹീനരും അനാഥരും ആയിട്ടുള്ള ആളുകൾ ചെറിയ ഒരു ജനവിഭാഗമെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർക്ക് കാര്യമായ സഹായങ്ങൾ ചെയ്ത് കൊടുക്കേണ്ടതുണ്ട്. വികലാംഗർക്ക് ഇന്ന് നൽകുന്ന ആനുകൂല്യങ്ങൾ കൂടുതൽ വിപുലവും കാര്യക്ഷമമാക്കണം. ചില തൊഴിലുകളെങ്കിലും ചെയ്യാൻ കഴിയുന്ന വികലാംഗർക്ക് അതിനുള്ള സഹായം സൗജന്യമായി ചെയ്ത് കൊടുക്കണം. വിധവകളുടേയും, അനാഥരുടേയും, ആലംബം ഇല്ലാത്തവരുടെയും സംരക്ഷണത്തിന് സംവിധാനം ഉണ്ടാകണം.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ട ജനവിഭാഗങ്ങളുടെ ജീവിത നിലവാരം വളരെ പരിതാപകരമാണ്. ഇവരുടെ ഉന്നമനത്തിന് വേണ്ടി ഉറച്ചതും ആത്മാർത്ഥവുമായ പരിശ്രമങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. സാധ്യമായ പുതിയ പല ക്ഷേമ പദ്ധതികളും ഇവർക്ക് വേണ്ടി നടപ്പിലാക്കണം. കോളനികളിൽ താമസിക്കുന്ന പട്ടിക ജാതി-വർഗ്ഗക്കാർകക്ക് ശവസംസ്കാരത്തിനുള്ള സൗകര്യമില്ലാത്തത് ഈ മേഖലയിലെ ഗൗരവമായ ഒരു പ്രശ്നമാണ്. പൊതു ശ്മശാനങ്ങൾ നിർമ്മിക്കുന്നതിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള നിർദ്ധന കുടുംബങ്ങൾക്ക് പെട്ടന്ന് മരണമോ, അത്യാഹിതങ്ങളോ ഉണ്ടാകുമ്പോൾ ചെലവിനുള്ള പണമില്ലതെ വരുന്നതും ദുഃഖകരമായ ഒരു സത്യമാണ്. ശവസംസ്കാരത്തിനും അത്യാഹിതത്തനും അടിയന്തിര സഹായം എത്തിക്കുന്നതിന് സംവിധാനമുണ്ടാക്കിയേ മതിയാവൂ.

ഇന്നും സാമൂഹ്യക്ഷേമത്തിന് വിഘാതമായി നിൽക്കുന്ന ഒരു പ്രധാന ഘടകമാണ് സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും. ജനങ്ങളിൽ വർഗ്ഗീയ മനോഭാവം വളർത്തിയെടുക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടന്ന് വരുന്നതായി കാണുന്നുണ്ട്. ഇവയ്ക്കെതിരെ ശക്തമായ ബോധവൽക്കരണത്തിനും പ്രവർത്തനത്തിനും സ്ഥിരമായ സംവിധാനമുണ്ടാകണം. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ജനതയെ പഴഞ്ചൻ വിശ്വാസ ധാരകളിലെയ്ക്ക് വലിച്ചിഴക്കാനുള്ള നിഗൂഢ ശ്രമങ്ങളെ ചെറുത്തേ മതിയാവൂ. രോഗചികിത്സക്ക് വൈദ്യ ശാസ്ത്ര ത്തെ സമീപിക്കാതെ മന്ത്രവാദവും ജപിച്ച്കെട്ടലും മറ്റും നടത്തുന്ന സ്വഭാവം നമ്മുടെ പഞ്ചായത്തിലും കണ്ടുവരുന്നുണ്ട്. ജനങ്ങളൽ ശരിയായ ശാസ്ത്ര ബോധം വളര്ത്തുന്നതിന് സാംസ്കാരിക സംഘടനകളുടെ സഹായത്തോടെ പരിപാടികൾ ആവിഷ്കരിക്കണം.

*ഗ്രാമസഭാചർച്ചകളുടെ അടിസ്ഥനത്തിൽ സാമൂഹ്യക്ഷേമരംഗത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.*

1. നിലവിലുള്ള ക്ഷേമ പദ്ധതികൾ അപര്യാപ്തമാണ്.
2. നിലവിലുള്ള പെൻഷൻ തുകകൾ കുറവാണ്.
3. അർഹതപ്പെട്ട എല്ലാപേർക്കും ക്ഷേമആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
4. വിധവാപെൻശൻ വാർദ്ധക്യകാല പെൻഷൻ എന്നിവ സമയത്ത് ലഭിക്കുന്നില്ല.
5. ക്ഷേമ പദ്ധതികളെപറ്റി ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല.
6. എല്ലാ ക്ഷേമതുകകളും പഞ്ചായത്തിലൂടെ വിതരണം ചെയ്യാനുള്ള സംവിധാനമില്ല.
7. മിശ്രവിവാഹിതർക്ക് മതിയായ സാമ്പത്തിക ആനുകൂല്യങ്ങലും, പരിരക്ഷയും പ്രോത്സാഹനവും ലഭിക്കുന്നില്ല.
8. നിർദ്ധന പെൺകുട്ടികളെ വിവാഹം കഴിച്ച് അയപ്പിക്കാൻ ബുദ്ധിമുട്ടുന്ന രക്ഷകർത്താക്കളുണ്ട്.
9. കോളനി പ്രദേശങ്ങളിൽ ശവസംസ്കാരത്തിുള്ള സൗകര്യമില്ല.
10. ആസന്ന മരണങ്ങളും അത്യാഹിതങ്ങളും ഉണ്ടാകുമ്പോൾ പട്ടകജതി-പട്ടികവർഗ്ഗക്കാരുൾപ്പെടെ നിർദ്ധന കുടുംബങ്ങൾ നിസ്സഹായരാകുന്നു.
11. തൊഴിലില്ലായ്മവേതനം തുച്ഛമാണ്.
12. വികലാംഗർക്ക് തൊഴിലും വേണ്ടത്ര സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാകുന്നില്ല.
13. വിധവകളേയും അനാഥരേയും ആലംബഹീനരേയും സംരക്ഷിക്കുന്നതിന് സംവിധാനമില്ല.
14. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും നിലനിൽക്കുന്നു.
15. ജാതി മത ചിന്തകൾ പല രൂപത്തിലും തലപൊക്കുന്നു.
16. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സ്ഥിതി വളരെ ദയനീയമാണ്.

***പരിഹാരനിർദ്ദേശങ്ങൾ***

1. കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുക.
2. നിലവിലുള്ള പെൻഷൻ തുകകൾ വർദ്ധിപ്പിക്കണം.
3. അർഹതപ്പെട്ട് എല്ലാപേർക്കും ക്ഷേമ ആനുകൂല്യങ്ങൾ ലഭിക്കുവാൻ സാഹചര്യം ഉണ്ടാക്കണം.
4. വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ വികലാംഗ പെൻഷൻ, മിശ്രവിവാഹിതർക്കുള്ള ധനസഹായം തുടങ്ങിയവ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുക.
5. ക്ഷേമ പദ്ധതികളെക്കുറിച്ച് ശരിക്കുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുവാൻ ആവശ്യമായ ബോധവൽക്കരണത്തിന് ഉതകുന്ന നടപടികൾ സ്വീകരിക്കുക.
6. എല്ലാ ക്ഷേമസഹായങ്ങളും പഞ്ചായത്തിലൂടെ വിതരണം ചെയ്യുകയും ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകളും പഞ്ചായത്ത് തലത്തിലേക്ക് വികേന്ദ്രീകരിക്കുക.
7. മിശ്രവിവാഹിതർക്ക് സാമ്പത്തിക ആനുകുല്യങ്ങൾ വർദ്ധിപ്പിക്കുകയും അവരുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും മിശ്ര വിവാഹങ്ങൾ പ്രോത്സാ ഹിപ്പിക്കു കയും ചെയ്യുന്നതിന് ഉറച്ച നടപടികൾ സ്വീകരിക്കുക. മിശ്രവിവാഹ ബ്യൂറോ സ്ഥാപിക്കുക.
8. നിയമപരമായി വിവാഹം നടത്തികൊടുക്കുന്നതിനുള്ള സമ്പൂർണ്ണ അധികാരം പഞ്ചായത്തിന് കൂടി നൽകുക.
9. നിർദ്ധന പെൺകുട്ടികളെ വി വാഹം കഴിപ്പിച്ചയക്കുന്നതിന് കൂടുതൽ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയും വിവാഹ ബ്യൂറോ സ്ഥാപിക്കുകയും ചെയ്യുക. നിർദ്ധന പെൺകുട്ടികളെ തെരഞ്ഞെടുത്ത് അവരക്ക അനുയോജ്യരായ വരൻമാരെ കണ്ടെത്തി സമൂഹ വിവാഹം നടത്തിക്കുന്നതിനും മറ്റും സ്ഥിരമായ സംവിധാനം ഉണ്ടാക്കുക. വിവഹ ബ്യൂറോയിലൂടെ ഇത് പരിഹരിക്കാൻ ശ്രമിക്കണം.
10. സ്ത്രീധന നിരോധന നിയമം കർശനമാക്കുക.
11. പ്രായപൂർത്തിയാകാത്തവരുടെ വിവാഹങ്ങൾ കർശനമായും തടയുക.
12. സ്ത്രീ പീഢനവും, സ്ത്രീധന പീഢനവും ഗൗരവമായി കണ്ട് നിയമനടപടികൾ സ്വീകരിക്കുക.
13. ആവശ്യത്തിന് ഭൂമി ഇല്ലാത്ത പ്രത്യേകിച്ച് കോലനി നിവാസികൾക്ക് ശവസംസ്കാരത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക. ഇതിനായി പൊതുശ്മശാനം നിർമ്മിക്കുക.
14. മരണങ്ങളും അത്യാഹിതവും

ഉണ്ടാകുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗക്കാരുൾപ്പെടെ നിർദ്ധന കുടുംബങ്ങൾക്ക് അടിയന്തിര സഹായമെത്തിക്കുവാൻ പഞ്ചായത്തിൽ കരുതൽ പണം കണ്ടെത്തുക.

15. തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുകയും അത് പഞ്ചായത്ത് വഴി കൃത്യമായി വിതരണം ചെയ്യുകയും ചെയ്യുക.

16. എന്തെങ്കിലും തൊഴിൽ ചെയ്യാൻ കഴിവുള്ള വികലാംഗർക്ക് സൗജന്യ സാമ്പത്തിക സഹായം നൽകുക.

17. വികലാംഗർക്ക് കൂടുതൽ ക്ഷേമാനുകൂല്യങ്ങൾ നൽകുക,

18. വിധവകളെയും അനാഥരേയും സംരക്ഷിക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക.

19. പഞ്ചായത്തിൽ അഗതി മന്ദിരം സ്ഥാപിക്കുക.

20. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ജാതിമത ചിന്തകൾക്കും എതിരെ പ്രചരണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നിനും ജനങ്ങളിൽ ശാസ്ത്ര ബോധം വളർത്തുന്നതിനും വർഷംതോറും ഒരു നിശ്ചിത തുക സർക്കാർ നേരിട്ട് പഞ്ചായത്ത്കൾക്ക് നൽകുക.

21. വളർന്നു വരുന്ന വർഗ്ഗീയ മനോഭാവത്തിനെതിരെ ബോധവത്ക്കരണം നടത്തുക.

22. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് കൂടുതൽ ക്ഷേമാനുകൂല്യങ്ങൾ നൽകുകയും വീടുകൾ കക്കൂസുകൾ കിണറുകൾ എന്നിവ നിർമ്മിച്ച് കൊടുക്കന്നതിന് ബൃഹത്തായ കർമ്മ പരിപാടികൾ ആവിഷ്കരിക്കുക. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി രൂപീകരിക്കുക.

23. ചൂതുകളി, മദ്യപാനം, മയക്കുമരുന്ന്, വ്യഭിചാരം ഇവ തടയുന്നതിന് നിയമനടപടികൾ കർശനമാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

24. ബഹുഭാര്യാത്വം തടയുവാൻ നിയമനടപടി സ്വീകരിക്കുക.

25. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുക.

26. പഞ്ചായത്തിൽ ഒരു സമൂഹ്യക്ഷേമസമിതി രൂപീകരിക്കുക.

27. രോഗികൾക്ക് ചികിത്സാ സഹായം യഥാസമയം ലഭിക്കുന്നതിന് അവസരമുണ്ടാക്കുക.

28. മാതൃ-ശിശു ക്ഷേമ പദ്ധതി ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുക.

29. അന്ധ, ബധിര, മൂകർക്കായി ക്ഷേമാനുകൂല്യൾ നൽകുക. അത്തരം കുട്ടികളെ പഠിപ്പിക്കുന്നതിനും അവർക്ക് തൊഴിൽ ലഭ്യമാ ക്കുന്നതിൾ നൽകുക.

30. ഊർജ്ജിത കുടുംബക്ഷേമ പദ്ധതി നടപ്പിലാക്കുക.ആദായം ലഭിക്കുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

32. വ്യാജവാറ്റ് കർശനമായി നിറുത്തലാക്കുക.

33. പഴയകുന്നുമ്മൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ട്രഷറിക്ക് ഓഫീസ് കെട്ടിടം നിർമ്മിച്ച് നൽകുക.

33. സിവിൽ സപ്ലൈസിന്റെ കീഴിലുള്ള മാവേലി സ്റ്റോറിന് കെട്ടിടം നിർമ്മിച്ചു നൽകുക.

34. റേഷൻ വിതരണത്തിലുള്ള അപാകതകൾ പരിഹരിക്കുക.

35. തട്ടത്തുമല, അടയമൺ, ചാരുപാറ, എന്നീ പോസ്റ്റാഫീസുകൾക്ക് കെട്ടിടം നിർമ്മിച്ച നൽകുക.

36. പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് നിലവിലുള്ള കംഫർട്ട് സ്റ്റേഷൻ മാറ്റി സ്ഥാപിച്ച നവീകരിക്കുക.

# സെൻസസ് റിപ്പോർട്ട് - 1991

താലൂക്ക്: ചിറയിൻ കീഴ്. ബ്ലോക്ക്: കിളിമാനൂർ. പഞ്ചായത്ത്: പഴയകുന്നുമ്മേൽ

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| WARD | TOTAL People | MALE | FEMALE | SC Total | MALE | FEMALE | ST Total | MALE | FEMALE | Remarks |
| I | 2065 | 970 | 1095 | 291 | 138 | 153 | - | - | - | |
| II | 2201 | 1033 | 1168 | 289 | 148 | 141 | - | - | - | |
| III | 2997 | 1463 | 1534 | 657 | 333 | 324 | - | - | - | |
| IV | 2185 | 1071 | 1114 | 530 | 254 | 276 | - | - | - | |
| V | 2734 | 1316 | 1418 | 640 | 321 | 319 | - | - | - | |
| VI | 2565 | 1172 | 1393 | 479 | 221 | 285 | - | - | - | |
| VII | 2119 | 1017 | 1102 | 250 | 121 | 129 | - | - | - | |
| VIII | 2096 | 1012 | 1084 | 793 | 381 | 412 | 35 | 16 | 19 | |
| IX | 2493 | 1199 | 1294 | 464 | 221 | 243 | - | - | - | |
| X | 1898 | 916 | 982 | 389 | 180 | 982 | 15 | 3 | 7 | |
| | 23353 | 11169 | 12184 | 4782 | 2318 | 2464 | 50 | 24 | 26 | |

# വിഭവസമാഹരണം



വിഭവങ്ങൾ പരിമിതമാകുമ്പോഴാണല്ലോ ആസൂത്രണത്തിന് പ്രസക്തി വർദ്ധിക്കുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനം വിപുലമായ വിഭവസമാഹരണ യജ്ഞത്തിനുകൂടി തുടക്കം കുറിക്കുകയാണ്. നമ്മെ പൊതുവായി ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും കൂട്ടായ പ്രവർത്തിച്ച മുൻപരിചയം മുഴുവൻ വികസന മേഖലകൾക്കും നാം പ്രയോജനപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ട് തന്നെ നിലവിലുള്ള വിഭവശേഷി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ നിലവിലുള്ള ശുഷ്കമായ വരുമാനം കൊണ്ട് മാത്രം വികസന മേഖലകളെ പുഷ്ടിപ്പെടുത്താൻ കഴിയുകയില്ല. ഇതിന് വിപുലമായ വിഭവ സമാഹരണം ആവശ്യമാണ്. ഇത് അടിസ്ഥാനമാക്കികൊണ്ട് പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങളെ വിശകലനം ചെയ്യുന്നു.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളാണ് കെട്ടിട നികുതി, തൊഴിൽകരം, ചന്തലേലം, ഷോപ്പിംഗ് കോംപ്ലക്സ് വാടക, കമ്മ്യൂണിറ്റിഹാൾ വാടക വിനോദ നികുതി, ലൈസൻസ് ഫീസ് മുതലായവ .ഇവ എല്ലാം കൂടി രൂപയും പിന്നെ ഗവൺമെന്റ് കാലാകലങ്ങളിൽ അനുവദിക്കുന്ന ഫണ്ടും ഇപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. പഞ്ചായത്തലെ ഒരു നിശ്ചിത ശതമാനം ആളുകൾ ജോലി അന്വേഷിച്ച് വിദേശങ്ങളിൽ പോയി ട്ടുണ്ട്. ഇത് അവരുടേയും അവരുൾപ്പെടുന്ന സമൂഹത്തിന്റെയും ജീവിത നിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ട്. വിദേശങ്ങളിൽ നിന്നും ലഭിക്കുന്ന ഈ പണം ഉപയോഗിച്ച നമ്മുടെ നാട്ടിലെ ബാങ്കുകൾ ജനങ്ങൾക്ക് വായ്പകൾ അനുവദിക്കുന്നണ്ട്. ഇവയിൽ പ്രധാനപ്പെട്ട് വാണിജ്യ ബാങ്കുകളായ S.ആ.ക., S.ആ.ഠ ഫെഡറൽ ബാങ്ക് എന്നിവയും സഹകരണ ബാങ്കുകളായ ജില്ല സഹകരണ ബാങ്ക്, കാർഷിക ഗ്രമ വികസന ബാങ്ക്, പഴയകുന്നുമ്മൽ സർവ്വീസ് സഹകരമ ബാങ്ക് എന്നിവയും ഉൾപ്പെടുന്നു. ഇവ കൂടാതെ പത്തോളം ചിട്ടിഫണ്ടുകളും നിലവിലുണ്ട്. നമ്മുടെ നാട്ടിലെ ഭൂരിഭാഗം റോഡുകളും നാട്ടുകാർ ശ്രമദാനമായി നിർമ്മിച്ച് നല്കിയതാണ് എന്ന് പറയുമ്പോൾ തന്നെ മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും എന്ന് മനസ്സിലാക്കാം.

***പ്രശ്നങ്ങൾ*** *

1.പഞ്ചായത്തിലെ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.

2. ഭരണച്ചിലവുകളിലെ വർദ്ധനവ്.

3. കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം.

4. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം

5.സംഭാവനകളുടെയും മറ്റും അടിസ്ഥാനത്തിലുണ്ടാകുന്ന പൊതു ഫണ്ടുകളുടെ ദുർവിനിയോഗം .

6. സന്നദ്ധ പ്രവർത്തനങ്ങളുടെ താല്പര്യക്കുറവ്.

7. പഞ്ചായത്തിന്റെ വരവ് ചിലവ് കണക്കുകളുടെ സുതാര്യതക്കുറവ്.

***നിർദ്ദേശങ്ങൾ***

1.വഴിവാണിഭം നടത്തുന്നവരക്കെതിരെ പഞ്ചായത്ത് രാജ് നിയമപ്രകാരം പിഴ ഈടാക്കുക.

2. കിളിമാനൂർ, തട്ടത്തുമല, അടയമൺ, തൊളിക്കുഴി എന്നീ പ്രദേശങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് സ്വകാര്യ വ്യക്തികൾക്ക് ലേലം ചെയ്ത് നല്കുക.

3. ഭരണച്ചിലവിലെ വർദ്ധനവ് കുറയ്ക്കാൻ നടപടി സ്വീകരിക്കുക.

4. പ്രാദേശിക സമിതികൾ രൂപീകരിച്ച് പഞ്ചായത്തലെ ജോലികൾ അവരെ ഏൽപിക്കുക.

5. വായ്പകളുടെ ഉപയോഗം പരിശോധിച്ച് ഉറപ്പ് വരുത്തുക.

6. സന്നദ്ധ സംഘടനകളും മറ്റും സംഭരിക്കുന്ന ഫണ്ടുകളുടെ ഉപയോഗം പഞ്ചായത്ത് ഭരണ സമിതിയെ ബോധ്യപ്പെടുത്തുക.

7. സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന പ്രസ്ഥാനങ്ങൾക്ക് മാത്രമായി ഗ്രാന്റ് ചുരുക്കുക.

8. പഞ്ചായത്തിലെ വരവ് ചിലവ് കണക്കുകൾ ഗ്രമസഭകളിൽ അവതരിപ്പിച്ച് പാസ്സാക്കുക.

9. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ മുഴുവൻ പരസ്യബോർഡുകൾക്കും, സൈൻബോഡുകൾക്കും നികുതി ഏർപ്പെടുത്തുക.

10 ടൂറിസം വികസിപ്പിച്ചെടുക്കുക

11. വീടിന് ചെലവാകുന്ന തുക കണക്കാക്കി നികുതി ഈടാക്കുക.

12.കച്ചവടക്കാരിൽ നിന്നും വിറ്റുവരവിനനുസൃതമായി നികുതി ഈടാക്കണം ഒരു വിഭാഗം തൊഴിലാളികളിൽ നിന്നുമാത്രം തൊഴിൽക്കരം പിരിക്കുന്ന രീതി

മാറണം. സ്വകാര്യ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരിൽ നിന്നും നികുതി ഈടാക്കണം.



# സംസ്കാരം

കിളിമാനൂർ പ്രദേശത്തിന്റെ പൂർവ്വകാല സംസ്കാരം തന്നെയാണ് പഴ കുന്നുമ്മേലിനുമുള്ളത്. ഏകദേശം 7 ചതുരശ്ര മൈൽ പ്രദേശം നൂറ്റാണ്ടുകൾക്കു മുമ്പേ കിളിമാനൂർ എന്ന് അറിയപ്പെട്ടിരുന്നു എന്നാൽ പല പ്രാദേശിക നാമങ്ങളും നിലവിലുണ്ടായിരുന്നു താനും. കിളിമാനൂർ കൊട്ടാരത്തിന്റെ ഉത്ഭവവും നാനാവഴികളിലൂടെ വളർന്ന് വികാസം പ്രാപിച്ച സാംസ്കാരിക ധാരണകളും നമ്മുടെ പഞ്ചായത്തിനെ സ്വാധീനിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി വിവിധ മതത്തിൽ പെട്ടയാളുകൾ ഇവിടെ ഐക്യബോധത്തോടെ കഴിഞ്ഞു വരുന്നു ഇവിടെ ഹിന്ദു, ഇസ്ലാം, ക്രിസ്തു മതവിഭാഗങ്ങളാണ് ഉള്ളത്. ക്രിസ്തുമതവിഭാഗം നാമമാത്രമാണ്.

കഥകളി, കൂത്ത്, കൂടിയാട്ടം, തുള്ളൽ മുതലായവയും നിരവധി നാടൻ കലകളും ഇവിടെ പണ്ടേ പ്രചരിച്ചിരുന്നു. കൊട്ടാരത്തിൽ തന്നെ അനേകം കഥകളി പണ്ഡിതൻമാരും കഥകളി സംഘങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഈ കലാരൂപങ്ങൾക്ക് പണ്ടത്തെ പ്രചാരമൊന്നും ഇപ്പോൾ ഇല്ല. ചിലത് അപ്രത്യക്ഷവുമായി.

നമ്മുടെ പഞ്ചായതതിൽ എണ്ണപ്പെട്ട സംസ്കൃത പണ്ഡിതൻമാരും സാഹിതയകാരൻമാരും കലാകാരൻമാരും ജീവിച്ചിരുന്നു. വാദ്യോപകരണ വിദഗ്ദന്ധമാരും സംഗീത വിദഗ്ദൻമാരും ചിത്രകാരൻമാരും ഉണ്ടായരുന്നു. വിശ്വവിഖ്യാതനായ ചിത്രകാരൻ 'രാജാരവിവർമ്മ' കിളിമാനൂർ കൊട്ടാരത്തിലാണ് ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ ശിഷ്യൻ കിളിമാനൂർ ശേഖരവാര്യരുടേതാണ് ഗുരുവായൂർ നരസിംഹ മൂർത്തിയുടെ ചിത്രം. ഇവിടെ നിരവധി നാടൻ കലകൾ പ്രചരിച്ചിരുന്നു. കാണിക്കാർ, കുറവർ, വേടർ, പറയർ എന്നീ വിഭാഗക്കാരുടെ അധിവാസ കേന്ദ്രങ്ങൾ നാടൻ കലാസങ്കേതങ്ങളായിരുന്നു കാണിക്കാരുടെ അധിവാസ കേന്ദ്രവും ആരാധനാ കേന്ദ്രവും ആയിരുന്നു പയ്യനാട്. നാടൻ കലാരൂപങ്ങൾ മാത്രമല്ല, ഇവിടെ നിലനിന്നിരുന്ന അനുഷ്ടാന കലകളും നാടൻ പാട്ടുകളും എല്ലാം മൺമറഞ്ഞ അവസ്ഥയിലാണ്. കിളിമാനൂർ വിശ്വംഭരൻ കിളിമാനൂർ ചന്ദ്രൻ എന്നിവർ നാടൻ പാട്ടുകൾ ശേഖരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സാഹിതൃത്തിൽ അതിപ്രബലമായ ഒരു സ്ഥാനം ഈ പഞ്ചായത്തിനവകാശപ്പെടാം. സംസ്കൃത സാഹിതൃത്തിലെ അതിപ്രശസ്തങ്ങളായ രണ്ട് മഹാകാവ്യങ്ങൾ വിവർത്തനം ചെയ്തത് കിളിമാനൂർകാരാണ്. പഞ്ച മഹാകാവ്യങ്ങളിലൊന്നായ "മാഘം" വിവർത്തനം ചെയ്തത് ശങ്കരവാര്യരാണ്. ഒരാൾ, കിരാതാർജ്ജുനീയവും, ഭാരതീയ തത്വശാസ്ത്രവും വിദ്വാൻ എസ് രാഘവവാര്യരാണ് തർജ്ജമ ചെയ്തത്. രാഘവ വാര്യരുടെ മറ്റൊരു കൃതിയാണ് സംഖ്യായോഗ വ്യാഖ്യാനം കിളിമാനൂർ കേശവൻ ശ്രീരഞ്ജൻ എന്നിവരും സാഹിതൃരംഗത്ത് ശ്രദ്ധേയരായിരുന്നു. ഈ പാരമ്പര്യം പിൻതലമുറക്കാർ നിലനിർത്തുന്നുമുണ്ട്. കിളിമാനൂർ രമാകാന്തൻ , കിളിമാനൂർ വിശ്വംഭരൻ, കിളിമാനൂർ മധു, കിളിമാനൂർ ഭാസ്കരൻ, കിളിമാനൂർ ചന്ദ്രൻ തുടങ്ങിയവർ കിളിമാനൂരിന്റെ സാഹിതൃപാരമ്പര്യം നിലനിർത്തുന്ന എഴുത്തുകാരാണ്. രാജാരവിവർമ്മയുടെ ചിത്രകലാ പാരമ്പര്യം നിലനിറുത്തി പോരുന്നവരാണ് കിളിമാനൂർ ആർട്ടിസ്റ്റ് രാഘവൻ പിള്ള, രവി, ഷാജി, ശശി തുടങ്ങിയവർ.

***ഉത്സവാഘോഷങ്ങൾ***

ഉത്സവാഘോഷങ്ങൾ പ്രധാനമായും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. മഹാദേവേശ്വരം, ശിവക്ഷേത്രം, പുതിയകാവ് ദേവീ ക്ഷേത്രം, പാപ്പാല മൺമഴി ക്ഷേത്രം, പയ്യനാട് ശിവക്ഷേത്രം എള്ളുവിള ഭഗവതി ക്ഷേത്രം, ആറ്റൂർ ശിവക്ഷേത്രം, നെടുമ്പാറ ആയിരവല്ലി തട്ടത്തുമല-ശാസ്ത്രാപൊയ്ക ഭാഗവതി ക്ഷേത്രം എന്നിവയാണ് പ്രധാന ക്ഷേത്രങ്ങൾ. ഈ ക്ഷേത്രങ്ങളിൽ പാരമ്പര്യകലകളും ആധുനിക കലകളും അരങ്ങേറുന്നു. തെക്കൻ കേരളത്തിൽ അപൂർവ്വമായി കണ്ടുവരുന്ന 'തൂക്കം' പുതിയകാവ് ക്ഷേത്രോത്സവത്തിലെ ഒരു പ്രധാന ഇനമാണ് ഇതിനോടനുബന്ധിച്ച് തന്നെയുള്ള കുതിര, കെട്ടുകാഴ്ചകൾ തുടങ്ങിയവ ഈ ഉത്സവത്തിന് കൊഴുപ്പേകുന്നു. വിജയദശമിക്ക് മുമ്പ് 9 ദിവസം കേരളത്തിലെ പ്രമുഖ സംഗീജ്ഞൻമാരെ വിളിച്ചു വരുത്തി പരിപാടികൾ അവതരിപ്പി

ക്കുന്ന ഒരു ക്ഷേത്രമാണ് എള്ളുവിള ഭഗവതി ക്ഷേത്രം.

ഉത്സവങ്ങളെന്ന പോലെ ക്രിസ്തുമസ്, ബക്രീദ്, ഈദുൽഫിത്തർ, ഓണം, ദീപാവലി മുതലായവയും ജാതിമത ഭേദമന്യേ ആഘോഷിക്കാറുണ്ട്. ദേശീയ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം എന്നിവയും സമുചിതം ആഘോഷിച്ച് വരുന്നു.

വളരെ പണ്ടുമുതൽക്കേ തന്നെ പഴയകുന്നുമ്മൽ പഞ്ചായത്തിൽ കലാസമിതികൾ രൂപം കൊണ്ട് പ്രവർത്തിച്ചിരുന്ന ഇതിൽ ചിലതൊക്കെ ഇന്നും നിലനിൽക്കുന്നു. ചിലതൊക്കെ നിലച്ച് പോയിട്ടുമുണ്ട്. കലാസാംസ്കാരിക രംഗത്തെ നവോത്ഥാനത്തിന് ഈ സമിതികൾ ചെറുതും വലുതുമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഏറ്റവും പഴക്കം ചെന്ന ഒരു കലാസമിതി ആയിരുന്നു കെ.പി.എ.സി. പരേതനായ ശ്രീമാൻ അഡ്വ: എം. പി. കുട്ടപ്പന്റെ നേതൃത്വത്തിലാണ് ഈ സമിതി രൂപംകൊണ്ടത്. ഈ സമിതി ഇന്ന് നിലവിലില്ല. തട്ടത്തുമല സ്റ്റാർ തീയറ്റേഴ്സ്, തട്ടത്തുമലയിലെ തന്നെ യംഗ്മെന്റ്സ് തീയറ്റേഴ്സ്, കിളിമാനൂരിലെ കല, അടുത്ത കാലത്തുണ്ടായ കിളിമാനൂർ സ്വാതിതിരുനാൾ സംഗീതസഭ, ചെറുനാരകംകോട് രചന, കുറവൻകുഴി രശ്മി, മഠത്തിൽകുന്ന് എ.കെ.എൻ, വണ്ടന്നൂർ യുവരശ്മി എന്നീ കലാകായിക സമിതികൾ ഇന്നും പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന പ്രധാന കലാസമിതികൾ ആണ്. വർഷം തോറും രാജാരവിവർമ്മ ചിത്രകലാ അവാർഡ് സമ്മാനിക്കുന്ന എ.ആർ.സി.എസ്സ് മറ്റൊരു സാംസ്കാരിക സംഘടനയാണ്. കിളിമാനൂരിൽ രണ്ട് സിനിമാശാലകളും പ്രവർത്തിക്കുന്നുണ്ട്.

പുരോഗമന കലാസാഹിത്യ സംഘം, കേരളയുക്തി സംഘം, കേരള ശാസ്ത്ര സാഹിത്യപരിക്ഷത്ത് തുടങ്ങിയ സാംസാകാരിക സംഘടനകൾ വളരെക്കാലത്തിനുമുമ്പുതന്നെ ഇവിടെ രൂപം കൊണ്ട് ഇന്നും സജീവമായി പ്രവർത്തിച്ചുപോരുന്നുണ്ട്. ഈ പുരോഗമന പ്രസ്ഥാനങ്ങൾ എല്ലാം തന്നെ നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക പുരോഗതിക്ക് അളവറ്റ സംഭാവനകൾ നല്കിയിട്ടുള്ളവയാണ്.

*ഗ്രന്ഥശാലകൾ:-*

കേരളത്തിൽ ഗ്രന്ഥശാല പ്രസ്ഥാനം നിലവിൽ വരുന്നതിന് മുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ വായനശാലകൾ രൂപം കൊണ്ടിരുന്നു. ഇതിൽ ഏറ്റവും പഴക്കം ചെന്നതാണ് ഇപ്പോൾ പഴയ കുന്നുമ്മൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഗോദവർമ്മ വിലാസം ഗ്രന്ഥശാല മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ.എം. ജയദേവൻ മാസ്റ്ററുടെ പിതാവ് എൻ.കെ.മാധവന്റെ നേതൃത്വത്തിൽ സ്ഥാപിതമായതാണ്. ഈ ഗ്രന്ഥശാല കിളിമാനൂർ കൊട്ടാരത്തിൽ നിന്ന് ആദ്യമായി ഡോക്ടറേറ്റ് നേടിയ ഗോദവർമ്മ തമ്പുരാന്റെ നാമധേയത്തിൽ തന്നെയാണ് ഇന്നും അറിയപ്പെടുന്നത്. 1893 ലാണ് ഈ ലൈബ്രറി രൂപം കൊണ്ടത്. പഞ്ചായത്തിലേറ്റവും വലിയ ലൈബ്രറി ആണ് ഇത്. ഒരു ലക്ഷത്തിൽ പരം രൂപ വില വരുന്ന പുസ്തകങ്ങളുണ്ട്. 12,966 പുസ്തകങ്ങൾ 59000 ത്തോളം രൂപ വിലവരുന്ന ജംഗമവസ്തുക്കളുണ്ട്. 752 പുരുഷൻമാരും 325 സ്ത്രീകളും ഉൾപ്പടെ 1077 അംഗങ്ങളുണ്ട്. ഈ ലൈബ്രറിയിൽ നിന്ന് പഞ്ചായത്തിലെ മറ്റ് ലൈബ്രറികൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. 150 ൽ പരം വായനക്കാർ ദിവസവും ഈ ഗ്രന്ഥശാല ഉപയോഗിക്കുന്നു.

1952 ൽ രൂപാകൊണ്ട് ഇന്നും പ്രവർത്തിച്ച് പോരുന്ന ഒന്നാണ് തട്ടത്തുമല കെ.എം.ലൈബ്രറി ആന്റ് സ്റ്റാർ തീയറ്റേഴ്സ്. തട്ടത്തുമലയുടെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം കൊടുത്ത് പോരുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ഉദ്ദേശം 25000 ത്തോളം രൂപ വിലമതിക്കുന്ന 7000 ത്തോളം പുസ്തകങ്ങൾ ഇവിടെയുണ്ട്. ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റുള്ള 'B' ഗ്രേഡ് ലൈബ്രറിയാണ് ഇത്. ഇതിന്റെ അനുബന്ധ സ്ഥാപനങ്ങളാണ് സ്റ്റാർ തീയറ്റേഴ്സ്, സ്റ്റാർ റേഡിയോ ഗ്രാമരംഗം, സ്റ്റാർ ബാലജന സംഘം സ്റ്റാർ മഹിളാ സമാജം, റേഡിയോ ക്ലബ് എന്നിവ. രണ്ട് സെറ്റ് കർട്ടനും ടി.വി. സെറ്റും സ്വന്തമായുണ്ട്. അമച്ച്വർ പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിക്കുന്ന സമിതിയാണിത്.

1976 ൽ സ്ഥാപിക്കപ്പെട്ടതാണ് തൊളിക്കുഴി ജനതാ വായനാശാല. ഏകദേശം ഒരു ലക്ഷത്തോളം രൂപ വിലവരുന്ന മൂവായിരത്തോളം പുസ്തകങ്ങൾ ഉണ്ട്. 125 സ്ഥിര അംഗങ്ങളുണ്ട്. ദിനപത്രവും, ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കുന്നതിനായി 30 ഓളം പേർ സ്ഥിരമായി എത്താറുണ്ട്. ടി.വി. സെറ്റുണ്ട്. ഇതുവരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടത്തിന് അടിസ്ഥാനം കെട്ടിയിട്ടുണ്ട്.

1976 ൽ സ്ഥാപിതമായതാണ് വയ്യാറ്റിൻകര പുലരി ഗ്രന്ഥശാല. ഒരു ലക്ഷത്തോളം വിലവരുന്ന ആറായിരത്തോളം പുസ്തകങ്ങൾ ഉണ്ട്. 300 ഓളം സ്ഥിരാംഗങ്ങൾ ഉണ്ട്. ദിനംപ്രതി 70 ഓളം പേർ ഇവിടെ നിന്നും പുസ്തകങ്ങൾ എടുക്കുന്നു. അഞ്ച് പ്രമുഖ ദിനപത്രങ്ങളും ആനുകാലികങ്ങളും വരുത്തുന്നുണ്ട്.ടി.വി. സെറ്റും ഉണ്ട്. ഇതോടൊപ്പം ഓരു അംഗനവാടിയും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ കലാസാംസ്കാരിക രംഗം ഇനിയും അഭിവൃദ്ധിപ്പെടേണ്ടതുണ്ട്.

***നിർദ്ദേശങ്ങൾ***

1. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
2. ഊമൺ പള്ളിക്കരയിലെ സ്റ്റേഡിയത്തിന്റെ പണി എത്രയും വേഗം

പൂർത്തിയാക്കുക.

3. പഞ്ചായത്തിലെ ഗോദവർമ്മ വിലാസം ഗ്രന്ഥശാല ഒരു ഗവേഷണ ഗ്രന്ഥശാലയായി ഉയർത്തുക.

4. കൊപ്പം, ചാരുപാറ, വണ്ടന്നൂർ, വട്ടപച്ച, പറണ്ടക്കുഴി, കുന്നുമ്മൽ എന്നീ സ്ഥലങ്ങളിൽ ഗ്രന്ഥശാലകൾ രൂപീകരിക്കാൻ വേണ്ട സഹായം ചെയ്യുക.

5. ഗ്രന്ഥശാലകളുടെ ഗ്രാന്റ് വർദ്ധിപ്പിക്കുകയും ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിച്ച് പ്രതിമാസം നല്കുകയും ചെയ്യുക.

6. ഗ്രന്ഥശാലകളുടെ വൈദ്യുത ചാർജ്ജും ഒരു ദിനപത്രം വരുത്താനുള്ള ചെലവും പഞ്ചായത്ത് വഹിക്കുക.

7. നിലവിലുള്ള ഗ്രന്ഥശാലകൾക്ക് ആവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുക. എല്ലാ ഗ്രന്ഥശാലകൾക്കും കർട്ടൻ, വാദ്യോപകരണങ്ങൾ, കാർഷികോപകരണങ്ങൾ എന്നിവ വാങ്ങാൻ ധന സഹായം നൽകുക.

8. സംഗീതം, ഉപകരണ സംഗീതം, നൃത്തം, നാട്യം,ചിത്രകല മുതലായ കലകൾ അഭ്യസിക്കുന്നതിന് വേണ്ടി രാജാരവിവർമ്മയുടെ നാമധേയത്തിൽ പഞ്ചായത്തിൽ ഒരു കലാഗ്രാമം സ്ഥാപിക്കുക.

9. നാടൻ കലകളുടെ നിലനിൽപ്പിനും പരിപോഷണത്തിനും പഠനത്തിനും വേണ്ടി ഒരു ഗവേഷണ വിദ്യാലയം സ്ഥാപിക്കുക.

10. കിളിമാനൂർ ജംഗ്ഷനിൽ ശ്രീ രാജാ രവിവർമ്മക്ക് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുക.

11. വർഷംതോറും പഞ്ചായത്തിലെ സാഹിത്യകാരൻമാരെ പ്രോത്സാഹിപ്പിക്കാൻ സാഹിത്യ അവാർഡുകളും ചിത്രകാരൻമാരെ പ്രോത്സാഹിപ്പിക്കാൻ ചിത്രകലാ അവാർഡും ഏർപ്പെടുത്തുക.

12. റേഡിയോ ക്യോസ്കുകൾ പ്രവർത്തനക്ഷമമാക്കുക

13. എല്ലാ കലാകായിക സമിതികൾക്കും ടി.വി. അനുവദിക്കുക.

14. തട്ടത്തുമല ലൈബ്രറി കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി പണിയണം.

15. തട്ടത്തുമല ലൈബ്രറിക്ക് തൊട്ട് മുന്നിലാണ് പഞ്ചായത്ത് റേഡിയോ പാർക്ക്. റോഡിൽ നിന്നും പാർക്കിലൂടെ ലൈബ്രറിയിലേക്കുള്ള വഴി നന്നാക്കണം.

16. സ്ഥലം സംഭാവന ചെയ്തിട്ടുള്ള തൊളിക്കുഴി ജനത വായനശാലക്ക് എത്രയും വേഗം കെട്ടിടം നിർമ്മിച്ചു നല്കുക.

17. പഞ്ചായത്തിലെ എല്ലാ രജിസ്റ്റേർഡ് ക്ലബ്കൾക്കും ഗ്രാന്റ് അനുവദിക്കുക.

18. പഞ്ചായത്തിലെ എല്ലാ കായിക സമിതികൾക്കും സ്പോർട്സ് ഉപകരണങ്ങൾ അനുവദിക്കുക.

19. ജനങ്ങളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

20. പുലരി വായനശാലക്ക് ഫർണീച്ചർ സൗകര്യം ഏർപ്പെടുത്തുക കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിന് ഗ്രാൻറ് അനുവദിക്കുക.

21. പഞ്ചായത്തിലെ എല്ലാ രജിസ്റ്റേർഡ് ക്ലബുകൾക്കും വസ്തുവാങ്ങി കെട്ടിട നിർമ്മാണത്തിന് ഗ്രാന്റ് അനുവദിക്കുക.

22. വണ്ടന്നൂർ യുവരശ്മി കെട്ടിട നിർമ്മാണത്തിന് വസ്തു വാങ്ങിയിട്ടുണ്ട്. ഇതിൽ എത്രയും വേഗം കെട്ടിടം നിർമ്മിച്ച് നല്കാൻ വേണ്ട ഗ്രാന്റ് അനുവദിക്കുക.

# വിനോദസഞ്ചാരം



ഗ്രാമചാരുത നിറഞ്ഞു നിൽക്കുന്ന പഴയകുന്നുമ്മൽ പഞ്ചായത്തിൽ വിനോദസഞ്ചാര വികസനത്തിന് ഉതകുന്ന ധാരാളം സ്ഥലങ്ങളുണ്ട്. പാറക്കൂട്ടങ്ങളുള്ള സ്ഥലങ്ങളാണ് ഇതിന് ഏറ്റവും അനുയോജ്യം. കാനറ, തമ്പുരാട്ടിപ്പാറ, മൊട്ടക്കുഴി, കാളിവെട്ടിക്കുന്ന്, ചിറ്റാറിൻതീരം, നെടുമ്പാറ, തട്ടത്തുമല, ശാസ്താംപൊയ്ക പാറ, മീൻമുട്ടി, തുടങ്ങിയവ സഞ്ചാരികളെ ആകർഷിക്കാൻ പോന്ന സ്ഥലങ്ങ ളിൽ പ്രധാനപ്പെട്ട ചിലതുമാത്രാമണ്. ഈ സ്ഥലങ്ങളിൽ വിശാലമായ പാർക്കുകളും ടൂറിസ്റ്റ് വില്ലേജുകളും നിർമ്മിക്കാവുന്നതാണ്. വിനോദ സഞ്ചാര വികസനത്തിന് മുതൽ മുടക്കിയാൽ പഞ്ചായത്തിന് അനന്തമായ വരുമാന സാധ്യതകളാണുള്ളത്. ഇവിടത്തെ ഉയർന്ന ചില പ്രദേശങ്ങളിൽ നിന്നും നോക്കിയാൽ ചുറ്റുപാടും കാണുന്നത് അനിർവ്വചനീയമായ അനുഭൂതി പകരുന്ന നയനാദിതമായ പ്രകൃതി ദൃശ്യങ്ങളാണ്. കാളിവെട്ടിക്കുന്നിലും മറ്റ് ചില ഉയർന്ന പ്രദേശങ്ങളിലും നിന്നാൽ കടൽ കാണാമായിരുന്നുവെന്നാണ് പഴമക്കാർ പറയുന്നത്. അഞ്ചാം വാർഡിൽ നല്ലൊരു വെള്ളച്ചാട്ടം ഉണ്ട്.

ടൂറിസം വിസകന സാദ്ധ്യതകൾ കുറച്ചെങ്കിലും ചൂഷണം ചെയ്താൽ സഞ്ചാരികളെ ഗ്രാമത്തിലേക്ക് ആകർഷിക്കമെന്നു മാത്രമല്ല നല്ല വരുമാനവും ഉണ്ടാക്കാം. ടൂറിസം വികസനത്തിന് പഞ്ചായത്തലുള്ള സാദ്ധ്യതകൾ പഠിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ ഒരു ടൂറിസം വികസന സമിതി ആദ്യമായി പഞ്ചായത്തിൽ രൂപീകരിക്കണം. വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ച് വിനോദ സഞ്ചാരകേന്ദ്രങ്ങൾ സ്ഥാപിക്കണം.

ഉയർന്ന പാറകളെ ബന്ധിപ്പിച്ചു കൊണ്ട് റോപ്പ് വേകളും ഇതിനോടനുബന്ധിച്ച് പാർക്കുകൾ, ചിൽഡ്രൻസ് പാർക്കുകൾ, ഹട്ടുകൾ താമസ സൗകര്യങ്ങൾ മുതലായവ ഏർപ്പെടുത്തണം.



വികസനസെമിനാറിൽ ഉരുത്തിരിഞ്ഞുവന്നതും റിപ്പോർട്ടിൽ കൂട്ടിച്ചേർക്കേണ്ടതുമായ അഭിപ്രായങ്ങൾ; നിർദ്ദേശങ്ങൾ.

അധികാരം ജനങ്ങളിലേക്ക്

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1. 1-20 വാർഡിൽ കുന്നത്തൽ ഭാഗത്ത് ഒരു പബ്ലിക് ടി.വിയും [illegible] പെട്ടിയും സ്ഥാപിക്കുക.
2. 1988-89-ലെ അൺ-എയ്ഡ് ഗ്രാന്റ് പ്രകാരം വയറിംഗ് നടത്തിയിട്ടുള്ള പട്ടികജാതിക്കാരുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുക.
3. പ്രവർത്തനരഹിതമായി കിടക്കുന്ന ചാവേറ്റിക്കാട് ടി.വി. സെറ്റ് മാറ്റി പുതിയത് സ്ഥാപിക്കുക.
4. ചാവേറ്റിക്കാട് - പള്ളിനാട് ഗിരിവർഗ്ഗ സെറ്റിൽമെന്റ് കോളനി, പള്ളിനാട് വേടര് കോളനി ഇവ അംഗീകൃത കോളനികളാക്കുക.
5. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവർക്ക് ഭവനപുനർനിർമ്മാണ പദ്ധതി നടപ്പിലാക്കുക.
6. പട്ടികജാതിക്കാർക്കുള്ള മണ്ണുസംരക്ഷണത്തിനുവേണ്ടി ബണ്ടുനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
7. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യ സംവരണം ഏർപ്പെടുത്തുക
8. പള്ളിനാട് പട്ടികവർഗ്ഗ അംഗൻവാടിയിലെ കുട്ടികൾക്ക് ആഹാരസാധനങ്ങൾ എത്തിക്കുന്നതിലേക്കായി റോഡുനിർമ്മാണം നടത്തുക.
9. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ റോഡുകളും ഗതാഗതസൗകര്യവും ഉണ്ടാക്കുക.
10. വസ്തുവില്ലാത്ത പട്ടികജാതിക്കാർക്ക് വസ്തു വാങ്ങാൻ സഹായധനം നൽകുക.
11. പട്ടികജാതി-പട്ടികവർഗ്ഗക്കാരായ വിധവകൾക്ക് പുനരധിവാസ തൊഴിൽസാധ്യതകൾ ഉണ്ടാക്കിക്കൊടുക്കുക.
12. ചാരുടി - കുന്നംപുറം, മണലേത്തുപച്ച എന്നിവ കോളനികളായി അംഗീകരിക്കുക.

## പാർപ്പിടം

1. സർക്കാരിന്റെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന I.A.Y., M.W.S. എന്നി പദ്ധതികളുടെ വാർഷിക വരുമാനം 11000 രൂപയിൽ നിന്നും 30,000 രൂപയാക്കി വർദ്ധിപ്പിക്കണം.
2. ഭൂമിയില്ലാത്തതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ജനങ്ങൾക്ക് ഭൂമി വാങ്ങി വീട് വെച്ച് നൽകുക.
3. പഞ്ചായത്ത് തലത്തിൽ പാർപ്പിട സമിതികൾ രൂപീകരിക്കണം.
4. കെട്ടിടനിർമ്മാണസാധനങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.
5. കെട്ടിടനിർമ്മാണസാധനങ്ങൾക്ക് ടാക്സ് ഒഴിവാക്കുക.

## സാമൂഹ്യക്ഷേമം

1. മാതൃശിശുസംരക്ഷണകേന്ദ്രം എല്ലാ വാർഡുകളിലും രണ്ടു വീതമുണ്ടാകണം.
2. മാറാരോഗം പിടിപെട്ടവർക്ക് ചികിത്സ നടത്തുന്നതിന് സഹായം പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുകയും പെൻഷൻ ഏർപ്പെടുത്തുകയും വേണം.
3. മാനസികരോഗികളായ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് പഞ്ചായത്തിൽ ഒരു സ്ഥാപനം ആരംഭിക്കുക.
4. വൃദ്ധജനങ്ങൾക്ക് താമസിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഒരു വൃദ്ധസദനം സ്ഥാപിക്കുക.
5. പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ ഒരു ഫയർസ്റ്റേഷൻ നിർമ്മിക്കുക.
6. എല്ലാ വികലാംഗവിഭാഗങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ നൽകുക.
7. അംഗൻവാടികളിൽ കുട്ടികൾക്ക് ബ്രെഡ്ഡും, കളിപ്പാട്ടങ്ങളും, യൂണിഫോമും നൽകുക.
8. തൊഴിലില്ലായ്മാവേതനം 80 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിക്കുക.
9. കശുവണ്ടിമേഖലയിൽ ക്ഷേമനിധി പ്രസിഡന്റ് ഫണ്ടിൽ നിന്നും നൽകുക.
10. മാവേലിസ്റ്റോറിൽ വിൽക്കുന്ന സാധനങ്ങൾ ഗുണനിലവാരം ഉള്ളതാണോ എന്ന് ഉറപ്പുവരുത്താൻ വേണ്ട സംവിധാനം ഉണ്ടാകണം.
11. റേഷൻ കടവഴി നൽകുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
12. വിധവകളുടെ മക്കളുടെ കല്യാണത്തിന് നൽകുന്ന ധനസഹായം താലൂക്ക് തലത്തിൽ നിന്നും പഞ്ചായത്ത് കമ്മിറ്റികൾക്ക് നൽകുവാനുള്ള നിയമങ്ങൾ പരിഷ്കരിക്കുക.
13. സാമൂഹ്യക്ഷേമം നടപ്പിലാക്കുന്നതിന് വാർഡുകൾ തോറും കർമ്മസമിതികൾ രൂപീകരിക്കുക.

## സഹകരണമേഖല

1. നിയമപരമായി അംഗത്വം ലഭിക്കാൻ അർഹതയുള്ള മുഴുവൻ പേർക്കും അംഗത്വം നൽകണം.
2. എല്ലാ സഹകരണസ്ഥാപനങ്ങളിലേയും നിയമനം പി.എസ്.സി.ക്കു വിടണം
3. പഴയകുന്നുമ്മൽ സഹകരണ ബാങ്കിൽ പുതുതായി അംഗത്വം നൽകുന്നത് ഈ പഞ്ചായത്തിൽ സ്ഥിരതാമസക്കാർക്ക് മാത്രം ആയിരിക്കണം.
4. സങ്കുചിത രാഷ്ട്രീയതാൽപര്യത്തിനായി ഉണ്ടാക്കിയിട്ടുള്ള കടലാസ് സംഘങ്ങൾ റദ്ദുചെയ്യുക.
5. ഭൂവികസനബാങ്കുകളിൽ സ്വർണ്ണപ്പണയ സൗകര്യം ഉണ്ടാക്കാൻ നിയമനിർമ്മാണം നടത്താൻ സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

(6) ഭൂവികസന ബാങ്കിൽ നിന്ന് സാധാരണക്കാർക്ക് ലോൺ കിട്ടാൻ വ്യവസ്ഥകൾ കൂടുതൽ ലഘൂകരിക്കണം.

(7) [illegible] സൊസൈറ്റികളുടെ [illegible] കിളിമാനൂർ ജംഗ്ഷനിൽ ഒരു വിൽപ്പന ബൂത്ത് - കോഫീബാർ സ്ഥാപിക്കുക.

(8) പഞ്ചായത്തിൽ ഒരു റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.

## വിഭവസമാഹരണം

(1) ഭൂമികൈമാറ്റ ഇടപാടുകൾ നടക്കുമ്പോൾ ഭൂമിയുടെ വില നിശ്ചയിക്കാനുള്ള അവകാശം പഞ്ചായത്തിന് നൽകണം. ഭൂമികൈമാറ്റ നികുതികളിൽ ഒരു നിശ്ചിത ശതമാനം തുക പഞ്ചായത്തിന് ലഭിക്കുന്നതിന് വേണ്ടി ഒരു നിയമം കൊണ്ടുവരിക.

(2) വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുത്ത് വാഹന ഉടമകളിൽ നിന്നും ഫീസ് പിരിക്കണം.

(3) പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഉണ്ടാക്കി ലേലം ചെയ്തു കൊടുക്കണം.

## സംസ്കാരം

(1) നമ്മുടെ പഞ്ചായത്തിൽ ഒരു മിനി തിയേറ്റർ സ്ഥാപിക്കണം. ഇതിനോടൊപ്പം ഫിലിം സൊസൈറ്റി കമ്മ്യൂണിറ്റി സ്ഥാപിക്കുക.

(2) രശ്മി ആർട്സിനെ ലൈബ്രറിയായി ഉയർത്തുക.

(3) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മുൻഗണന നൽകി കലാഗ്രാമം സൃഷ്ടിക്കുക.

(4) കേരളോത്സവം വർഷംതോറും കൂടുതൽ പ്രാധാന്യം നൽകി നടത്തുക.

(5) സാംസ്കാരിക നായകന്മാരെ ആദരിച്ചുകൊണ്ട് ചർച്ചകൾ സംഘടിപ്പിക്കുക.

(6) പഞ്ചായത്തിന്റെ സാംസ്കാരിക സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഒരു സാംസ്കാരിക സമിതി രൂപീകരിക്കുക.

(7) പഞ്ചായത്തിൽ ഒരു കായിക സമിതി ഉണ്ടാക്കുക.

(8) ഗ്രന്ഥശാല, C.F.S നെഹ്റു യുവ യൂണിയൻ ആർട്സ്, സംഘങ്ങൾ മുതലായവയുടെ ഫെഡ് കൂട്ടിച്ചേർക്കുക.

(9) 1-20 വാർഡിൽ പുതിയകാവ് ചന്തയോട് ചേർന്ന അംഗൻവാടിയുടെ സമീപത്തായി ഒരു സ്റ്റേഡിയം സ്ഥാപിക്കണം.

## വിനോദസഞ്ചാരം

(1) [illegible] ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റിനടത്തിയാൽ കുട്ടികളുടെ വിനോദകേന്ദ്രവും അവിടെ നിന്ന് ഒരു റോപ്പ് വേ [illegible] കുന്നുകളിൽ ടൂറിസ്റ്റ് [illegible] സൗകര്യവും [illegible] ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റിയാൽ ഈ പഞ്ചായത്തിന് അനന്തമായ ഒരു വികസന സാധ്യതയുണ്ട്.

# വ്യവസായം

(1) ചന്ദനത്തിരി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

(2) ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.

(3) നമ്മുടെ പഞ്ചായത്തിൽ കൂടുതലായി ഉത്പാദിപ്പിക്കപ്പെടുന്ന റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന ഒരു വ്യവസായ യൂണിറ്റും ഇതുവരെ നിലവിലില്ല. റബ്ബർ വ്യവസായത്തിനായി ഒരു രൂപരേഖ താഴെ ചേർക്കുന്നു.

(a) സഹകരണ മേഖലയിൽ റബ്ബർ ബോർഡിന്റെ സഹായത്തോടെ ഒട്ടുപാൽ പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കണം.

(b) ചകിരിയും റബ്ബർ പാലും ഉപയോഗിച്ച് മെത്തകൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കണം

(c) റബ്ബർ പാൽ ഉപയോഗിച്ച് റബ്ബർ സ്പോഞ്ച് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

(d) ബലൂൺ, Finger Cap, Glouse എന്നിവയുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

(e) [illegible] പ്ലാന്റ് ആരംഭിക്കണം. ഇതുകൂടാതെ ഹോസ്, പെയിന്റ് എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗിക്കാം.

(f) റബ്ബർ തടി പ്രോസസിംഗ് പ്ലാന്റ് സ്ഥാപിക്കുക.

(g) ടയർ റീസോൾ യൂണിറ്റും വാഹനങ്ങളിൽ ഉപയോഗിക്കുന്ന റബ്ബർ ട്യൂബും നിർമ്മിക്കൽ യൂണിറ്റും ആരംഭിക്കുക.

(4) വയറിംഗ് മെറ്റീരിയൽസും, ഇലക്ട്രിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും അസംബ്ൾ ചെയ്യുന്നതിനും വേണ്ടി ഒരു ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുക

(5) ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, പാർട്സുകൾ എന്നിവ നിർമ്മിക്കുന്നതിനായി കെൽട്രോണിന്റെ അക്സസറി യൂണിറ്റുകൾ ആരംഭിക്കുക.

(6) ആണികൾ, മൊട്ടുസൂചികൾ, സേഫ്റ്റി പിൻ, പേപ്പർ ക്ലിപ്പ് മുതലായവ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുക.

(7) മെറ്റൽ ക്രഷർ യൂണിറ്റ് സ്ഥാപിക്കുകയും ഇതോടൊപ്പം ലഭിക്കുന്ന പാറപ്പൊടി ഉപയോഗിച്ച് ഹോളോ ബ്രിക്സ് നിർമ്മാണവും ആരംഭിക്കുക.

(8) ഉത്പാദനത്തിനായി വൈദ്യുതിയെ മാത്രം ആശ്രയിക്കാതെ സൗരോർജ്ജത്തെയും [illegible] ആശ്രയിച്ച് വീടുകളിൽ പറ്റിയ ചെറുകിട യന്ത്രങ്ങൾ പ്രവർത്തിക്കാനുള്ള [illegible] കാണേണ്ടതാണ്.

## ഗതാഗതം

P.W.D റോഡിന്റെയും പഞ്ചായത്ത് റോഡിന്റെയും ഇരുവശം കയ്യേറ്റം ഒഴിപ്പിച്ച് വീതി കൂട്ടി ഓടകളോടുകൂടി നിർമ്മിച്ച് ടാറിംഗ് നടത്തുക.
തുടർന്ന് മെയിന്റനൻസ് ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കുക.
ഇതിനു വേണ്ടി നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുക. റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കുക.

മഹാദേവേശ്വരം - പാപ്പാല എന്നീ സ്ഥലങ്ങളിലെ റോഡരികിലുള്ള മത്സ്യകച്ചവടം അവസാനിപ്പിക്കുക. ഗതാഗതതടസ്സം ഒഴിവാക്കുക - കാൽനട യാത്രക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കുക.

കിളിമാനൂർ - ചരിപ്പറമ്പ് K.S.R.T.C ബസ്സ് പുതിയകാവ് വരെ നീട്ടി തൊളിക്കുഴി അടയമൺ പ്രദേശത്തെ യാത്രക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കുക. ചന്തദിവസങ്ങളായ ഞായറും വ്യാഴവും ഈ പ്രദേശത്തെ കർഷകർക്ക് കാർഷിക സാധനങ്ങൾ ചന്തയിലെത്തിക്കാൻ ഇത് സഹായപ്രദമായിരിക്കും. ജീപ്പ് സർവ്വീസ് ഇല്ലാത്ത സാഹചര്യത്തിൽ ഇത് അത്യാവശ്യം വേണ്ടതാണ്.

K.S.R.T.C ബസ് സ്റ്റേഷനിൽ നിന്നും വടക്കോട്ടുള്ള പ്രദേശങ്ങളിൽ സർവീസ് നടത്തുന്ന ബസ്സുകൾ കിളിമാനൂർ ജംഗ്ഷൻ വരെ പോയിട്ട് പോകുക.

സർക്കാർ ഹോസ്പിറ്റൽ മാർക്കറ്റ് ജംഗ്ഷൻ ഇതിനിടയ്ക്കായി ഒരു വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

വടക്കുനിന്നും വരുന്ന K.S.R.T.C ബസ്സുകളുടെ ഫെയർസ്റ്റേജ് കിളിമാനൂർ ജംഗ്ഷൻ ആക്കുന്നതിനുള്ള നിവേദനം K.S.R.T.C മാനേജ്മെന്റിന് സമർപ്പിക്കുക.

കിളിമാനൂർ - അടയമൺ റോഡിൽ ആവശ്യമായ ഭാഗത്ത് ഓട നിർമ്മിക്കുക. ഓടകൾ നിർമ്മിക്കാത്തതുമൂലം റോഡിന്റെ പുനരുദ്ധാരണ ജോലികൾ പ്രയോജനമില്ലാതെ പോകും. ഇന്ന് ഈ റോഡിൽ ബസ് സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥ ഇക്കാരണത്താൽ സംജാതമായതാണ്.

വാർഡ് 9 - 10 ~~വാർഡ്~~ കളെ ബന്ധിപ്പിക്കുന്ന ഈറ്റയിൽ പാലം നിർമ്മിക്കുക.
ആവൻകുഴിയിൽനിന്നും അടയമൺ റോഡിലേക്കുള്ള ആവൻകുഴി പാലത്തിന്റെ വീതി കൂട്ടുക.

വാർഡിൽനിന്നുള്ള നിർദ്ദേശങ്ങൾ

(1) വട്ടപ്പാറ - കാനാറ - അടയമൺ റോഡ് വീതി കൂട്ടി ടാർ ചെയ്യുക. (വാർഡ് - 9)
(2) കിളിമാനൂർ - പി.എസ് ജംഗ്ഷൻ മുതൽ ഗവ. ആശുപത്രി വരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കുക (വാർഡ് II)
(3) പാപ്പാല - പുളിമൂട്ടിൽ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക; ടാർ ചെയ്യുക (വാർഡ് III)
(4) പാലോട് - അടയമൺ വെയ്ക്കൽ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക (വാർഡ് II)
(5) കുന്നുംപുറം - കല്ലറ - വണ്ടിത്തടം റോഡ് ഗതാഗതയോഗ്യമാക്കുക.
(6) പുതിയകാവ് - മഠത്തിൽകോണം റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.
(7) മലയാമഠം - കാരേറ്റ് റോഡ് വീതികൂട്ടി പാപ്പാല തൊളിക്കുഴി റോഡുമായി ബന്ധിപ്പിക്കുക. (III)
(8) മൊട്ടക്കുഴി - ഈറ്റയിൽ റോഡ് വീതി കൂട്ടി കലുങ്ക് ഉൾപ്പെടെ ടാർ ചെയ്യുക (വാർഡ് 10)
(9) തൊളിക്കുഴി മാർക്കറ്റ് റോഡ് ഗതാഗതയോഗ്യമാക്കുക. (X)

(11) മഞ്ചാറ M.L.A. റോഡിൽ മഞ്ചാറ നിന്നും മഞ്ചാറ പള്ളിക്കൽ പോകുന്നതിന് റോഡ് പുതുതായി നിർമ്മിക്കുക. (വാർഡ് 10)

(12) മൊട്ടക്കുഴിയിൽനിന്നും അതിലേക്കിറങ്ങുന്ന ഭാഗത്ത് സ്ലാബ് കെട്ടുക (10)

(13) അടയമൺ - പാങ്കോട് റോഡ് ഗതാഗതയോഗ്യമാക്കുക (വാർഡ് 5)

(14) ഇരട്ടച്ചിറ - കുന്നമ്മൽ റോഡ് പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. (വാർഡ് - 2)

(15) വഞ്ചിയൂർ - മടവിളാകം റോഡിൽ ഓട നിർമ്മിക്കുകയും വീതികൂട്ടുകയും. (വാർഡ് - 5)

(16) മാവേലിക്കോട് - മേലേവിളാകം - അതുഭാഗം വഴി കൊല്ലംവിള നടവഴി വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക (വാർഡ് 10)

(17) കുഴിവിളയിൽനിന്നും തുടങ്ങുന്ന വഴി കുതിരത്തടം വരെയുള്ള നിലവിലുള്ള റോഡ് ഗതാഗതയോഗ്യമാക്കുക. ഉദ്ദേശം 200 മീറ്റർ ദൂരം നടം നിർമ്മിച്ചിട്ടുണ്ട്. ബാക്കിഭാഗം പുതുതായി നിർമ്മിക്കണം (വാർഡ് 10)

(18) ആറ്റുവേലിക്കോണം - തോട്ടിൽ വരെ ഗതാഗതയോഗ്യമാക്കുക (1)

(19) കിഴക്കോടം വീടിന്റെ മുന്നിലുള്ള നടവരമ്പ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക (10)

(20) കുതിരത്തടം - കാളിമേട് - കണ്ണംകാണി റോഡ് ഗതാഗതയോഗ്യമാക്കുക (10)

(21) വല്ലാറ്റിക്കര - പോട്ടയിൽ തടത്തിൽ വല്ലാറ്റിക്കരഭാഗത്തുള്ള വെള്ളക്കെട്ടുള്ളതായ കലുങ്ക് മണ്ണിട്ട് ഉയരംകൂട്ടി ഗതാഗതയോഗ്യമാക്കുക. (5)

(22) തണ്ണിക്കോട് - പറക്കോട് റോഡ് പുനരുദ്ധാരണം ചെയ്ത് ടാർ ഇട്ട് ഗതാഗതയോഗ്യമാക്കുക (വാർഡ് 1)

(23) തട്ടത്തുമല - ചാറയം വഴി കടയ്ക്കലേക്കുള്ള പുതിയ റോഡിൽ വട്ടപ്പച്ച നിന്നും ആരംഭം അടയമൺ - തൊളിക്കുഴി റോഡിൽ വന്നു ചേരുന്നുണ്ട്. ടി. റോഡ് തൊളിക്കുഴിയിൽനിന്നും ആലത്തടം കുളക്കര തോട് വരെ പോകുന്നുണ്ട്. ഇടയ്ക്ക് കുറച്ചുഭാഗം വാഹനസൗകര്യം ഇല്ലാതെയുണ്ട്. ആ ഭാഗം കൂടി റോഡ് വെട്ടി ചേർക്കണം. അതിനാവശ്യമായ സ്ഥലം നാട്ടുകാർ വിട്ടുതരുന്നതാണ് (വാർഡ് 5)

(24) കാവൻകുഴിയും തട്ടത്തുമലയും ഇടയ്ക്കുള്ള പ്രദേശമായ മണലേത്തുപച്ച എന്ന സ്ഥലത്ത് സ്റ്റേറ്റ് ഹൈവേ വീതികൂട്ടിയപ്പോൾ കയറാനും ഇറങ്ങാനും കഴിയാത്ത അവസ്ഥയാണ് ഉള്ളത്. വളരെ ഉയരം കൂടിയ പ്രദേശമാണ് അതിനാൽ ഈ ഭാഗത്ത് സ്റ്റെപ്പ് കെട്ടികൊടുക്കണം. [വാർഡ് III)

(25) പാപ്പാല മണലേത്തുപച്ച, അമ്മൻകോവിൽ - മണലേത്തുപച്ച, കല്ലു മൊട്ടക്കുഴി - വണ്ടിത്തടം, കല്ലുവെട്ടാംകുഴി - കുന്നുവിള, ചെമ്പകുഴി - കല്ലറക്കോണം എന്നി റോഡുകൾ ഗതാഗതയോഗ്യമാക്കാൻ ടാർ ചെയ്യുക. (III)

(26) തട്ടത്തുമല ബെൻ ലൂസൈന്റ് നിന്നും മിച്ചഭൂമി വഴി നെടുംപാറയിലേക്കുള്ള റോഡ് പുതുതായി നിർമ്മിക്കുക. പറണ്ടക്കുഴിയിൽനിന്നും വട്ടപ്പച്ചയിലേക്ക് പോകുന്ന ഇടവഴി സ്ലാബ് കെട്ടുകയും ഇടർന്ന ഭാഗം ഗതാഗതയോഗ്യമാക്കുകയും ചെയ്യുക. ...ത്തിൽ നിന്നും വട്ടപ്പച്ച റോഡ്, പുത്തൻവീട് മാട് - വട്ടപ്പച്ച നടപ്പാത ഉൾപ്പെടെ ഗതാഗതയോഗ്യമാക്കുക. പറണ്ടക്കുഴിയിൽനിന്നും വനയിൽ ഭഗവതി ക്ഷേത്രത്തിലേക്കുള്ള നടപ്പാത ഗതാഗതയോഗ്യമാക്കുക (വാർഡ് 4)

(27) പോട്ടയിൽക്കട - നെടുംപാറ റോഡിലെ കയറ്റം കുറച്ച് ഗതാഗതയോഗ്യമാക്കുക (വാർഡ് 5)

(28) കാവൻകുഴി അടയമൺ ഹൈവേ റോഡിൽ അന്നൂർ ഭാഗത്തുനിന്നും ഒരു റോഡ് നിർമ്മിച്ച് ചെമ്പകശ്ശേരി - നെടുംപാറ റോഡിൽ ബന്ധിപ്പിക്കുക. (വാർഡ് 5)

(29) ചാരുപാറ നെടുമ്പച്ച നടപ്പാതയിൽ നിന്നും ... ആദിമുടിയിലേക്ക് ... സ്ലാബ് കെട്ടുക (വാർഡ് 10)

(30) ഇരട്ടച്ചിറ റോഡിൽ നിന്നും പോകുന്ന കുവത്തുക്കുന്ന് - കൊട്ടംപള്ളം

കോയിക്കൽ മൊട്ടക്കുഴി - കിഴക്കതിൽ റോഡ് ... ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കണം (വാർഡ് 10) (2)

## ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

പോലീസ് സ്റ്റേഷൻ - തൊളിക്കുഴി റോഡ് ഗതാഗതയോഗ്യമാക്കി ബസ് സർവ്വീസ് ആരംഭിക്കുക.

കിളിമാനൂർ, തൊളിക്കുഴി പ്രദേശത്തേക്കു കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുക.

ആനപ്പാറ പ്രദേശത്തേയ്ക്ക് കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുക.

പോലീസ് സ്റ്റേഷൻ - മൊട്ടക്കുഴി - കാട്ടുമ്പുറം വഴി കൂടുതൽ ബസ്സുകൾ ഓടിക്കുക.

കിളിമാനൂർ - തിരുവനന്തപുരം റെയിൽവേ ലൈൻ കിളിമാനൂർ പ്രദേശത്തു കൂടി പോകുമെന്ന് ഉറപ്പാക്കുക.

(3) തട്ടത്തുമല - ചെറുനാരകംപട്ടി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക (വാർഡ് 3)

(3) തട്ടത്തുമല വഞ്ചിയത്ത് [illegible] പള്ളിയിലേക്ക് റോഡ് വെട്ടി ഗതാഗതയോഗ്യമാക്കുക. (3)

(3) പറണ്ടക്കുഴി - പോരേടം റോഡ് ഗതാഗതയോഗ്യമാക്കുക (വാർഡ് 4)

## ഊർജ്ജം

1. കുളിവെട്ടിക്കുന്നിൽ ഒരു കാറ്റാടിയന്ത്രം സ്ഥാപിച്ചു വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുമോ എന്നു പരിശോധിക്കുക.
2. തൊട്ടിവിള ഹരിജൻ കോളനി, നെല്ലിക്കുന്ന് ഹരിജൻ കോളനി എന്നിവ വൈദ്യുതീകരിക്കുക
3. 5-ാം വാർഡിലെ പോട്ടയിൽ പ്രദേശത്ത് മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ വൈദ്യുതി ലഭിക്കുന്നതിന് അപേക്ഷ നൽകി ബോണ്ടു വെച്ചിട്ടുള്ള ഉപഭോക്താക്കൾക്ക് വർഷം കഴിഞ്ഞിട്ടും ഇതുവരെയും വൈദ്യുതി ലഭിച്ചിട്ടില്ല. അതിനാൽ സത്വരനടപടികൾ സ്വീകരിക്കുക.
4. പത്താം വാർഡിൽ ആരോഗ്യ ഉപകേന്ദ്രത്തിന് വൈദ്യുതി എത്തിക്കുക, കുതിരത്തടം മുതൽ മഞ്ഞപ്പാറ പള്ളി വരെ വൈദ്യുതി ലൈൻ നീട്ടുക.
5. പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലൈറ്റുകൾ സ്ഥാപിക്കുക.
6. ഉദയൻ പള്ളിക്കുന്നിനും ലൈൻ വലിച്ചു [illegible] സ്ഥാപിക്കുന്ന പുതിയ ട്രാൻസ്ഫോമറിലേക്ക് ലൈൻ വലിച്ചാൽ ആ ഭാഗത്തെ കർഷകർക്ക് വളരെ നഷ്ടം വരുന്നു. അതിനാൽ അത് അല്പം മാറ്റി വലിക്കണമെന്ന് [illegible] ആണ്.
7. ചാങ്ങാട്, മണലേത്തുപച്ച ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുക.
8. ചാങ്ങാട് - മണലേത്തുപച്ച റോഡിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ കാരണം ഗതാഗതതടസ്സമുണ്ടാകുന്നു. അതിനാൽ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കണം.
9. കൊപ്പം - [illegible] ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ട്യൂബ് ലൈറ്റുകൾ കത്തുന്നില്ല.
10. എല്ലാ പ്രധാന ജംഗ്ഷനുകളിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.
11. മഞ്ഞപ്പാറ മുസ്ലീം പള്ളി വരെ വൈദ്യുതി ലൈൻ നീട്ടുക.
12. പോരേടം ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കുക.
13. 8-ാം വാർഡിൽ ചെമ്പര പ്രദേശത്ത് ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുക.

(14) കിളിമാനൂർ ചന്തയ്ക്കടുത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുക

(15) 4-ാം വാർഡിൽ വണ്ടിത്തടം-പൂത്തോട്ടക്കര പ്രദേശത്തെ വൈദ്യുതീകരിക്കുന്നതിനു മിനിമം ഗ്യാരണ്ടി ഉറപ്പാക്കി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. അടിയന്തരമായി ഈ പ്രദേശം വൈദ്യുതീകരിക്കാൻ വേണ്ട സഹായം ചെയ്യണം. 1988-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നമ്പർ താഴെ കാണിക്കുന്നു.
നമ്പർ:- DBS/88-89/130/29-6-1988 വൈദ്യുതി ഓഫീസ് - കിളിമാനൂർ ഇലക്ട്രിക്കൽ സെക്ഷൻ.

## വനിതാക്ഷേമം

1. വനിതകളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഈ പഞ്ചായത്തിലെ പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിനെ നിയമിക്കുക.
2. വാർഡ് അടിസ്ഥാനത്തിൽ വനിതാ മദ്യനിരോധന സമിതി രൂപീകരിക്കുക.
3. Home Nursing and Child Care Centre രൂപീകരിച്ച് സേവനസന്നദ്ധരായ വനിതകൾക്ക് തൊഴിൽസാദ്ധ്യതകൾ ഉറപ്പുവരുത്തുക.
4. നമ്മുടെ പഞ്ചായത്തിന്റെ കീഴിൽ ഒരു വനിതാ കാന്റീൻ നിർമ്മിച്ച് വനിതകൾക്ക് തൊഴിലവസരം നൽകുക.
5. പഴയകുന്നുമ്മൽ പഞ്ചായത്തിൽ ഒരു സൂപ്പർമാർക്കറ്റ് നിർമ്മിക്കുകയും അതിൽ വനിതകൾക്ക് തൊഴിൽ നൽകുന്നതിന് മുൻഗണന നൽകുകയും ചെയ്യുക.
6. K.S.R.T.C യിലെ ഷോപ്പിംഗ് കോംപ്ലക്സിൽ ഭക്ഷ്യവകുപ്പ് മന്ത്രിയുടെ സബ്സിഡിയോടെ ന്യായവില ഹോട്ടൽ സ്ഥാപിക്കുകയും അവിടെ വനിതകൾക്ക് തൊഴിൽ നൽകുന്നതിന് മുൻഗണന നൽകുകയും ചെയ്യുക.
7. ത്രിഫ്റ്റ് സൊസൈറ്റി രൂപീകരിക്കുക.
8. ഇവിടെ ട്രെയിനിംഗ് ലഭിച്ച Teachersന്റെ അഭാവമുണ്ട്. ഒരു അംഗൻവാടി നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ സ്ഥാപിക്കുക.

## മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം

1. മൃഗാശുപത്രിയിൽ അടിയന്തരമായി ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുക. നിലവിലുള്ള സാഹചര്യത്തിൽ ഇതിലേക്കുള്ള ചിലവ് വളരെ വലിയതാണ്.
2. 2, 8, 9 വാർഡുകളിൽ പാൽസംഭരണ കേന്ദ്രങ്ങൾ ഇല്ല. ഈ വാർഡുകളിൽ പാൽസംഭരണ കേന്ദ്രങ്ങൾ ആരംഭിക്കണം.
3. വാഹനസൗകര്യങ്ങൾ കുറവായ പ്രദേശത്ത് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുക.
4. സബ്സിഡി നൽകിക്കൊണ്ട് കാലിത്തീറ്റ [illegible] കൊടുക്കുക.
5. സ്കൂളുകളിൽ [illegible] ക്ലബ്ബുകൾ നടപ്പിലാക്കുക.
6. ക്ഷീരവികസന വകുപ്പിന് ഓഫീസ് കെട്ടിടം അനുവദിക്കുക.
7. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകുക.

## കൃഷി

1. പാപ്പാല കുഴുക്കുഴി പഞ്ചായത്തുചിറ ജലസേചനത്തിന് ഉപയോഗപ്രദമല്ല. പായലാണ്. അത് നീക്കി മറ്റുപ്രവർത്തനങ്ങൾ നടത്തുക. പകരം ഒരു കുളം കുഴുക്കുട്ടിച്ചിറ പഞ്ചായത്ത് ഏറ്റെടുത്ത് പുനരുദ്ധരിക്കണം.
2. 3-ാം വാർഡിൽ കുരങ്ങുശല്യമുണ്ട്. 25-ഓളം കർഷകരെ ഇത് ബാധിക്കുന്നു.
3. [illegible] ഭാഗം പമ്പ്ഹൗസ് പ്രവർത്തനരഹിതമാകുന്നു. 25 വർഷമായി പലതവണ [illegible] ലഭിക്കുന്നതിന് [illegible] ഉപയോഗശൂന്യമായിട്ടുള്ളതാണ്. പഞ്ചായത്ത് [illegible] പമ്പ് പ്രവർത്തനയോഗ്യമാക്കുന്നതിന് [illegible] പദ്ധതി എത്രയും വേഗം പ്രാവർത്തികമാക്കണം.

(4) അടയമൺകുളായിലെ തോടുകൾക്ക് സൈഡ് വാൾ കെട്ടണം

(5) കിളിമാന്തൂർ മുതൽ റോഡ് കിഴക്കുവശത്തുള്ള [അനുവൂറംപോയത് (വലിയവാഴ)] ചെറുതോട് കെട്ടണം. ഇത് കുടിവെള്ളത്തിനും ജലസേചനത്തിനും ഉപയോഗപ്പെടുന്നു. ~~[illegible]~~

(6) മരുന്നുതളിയന്ത്രം കൃഷിഭവനിൽ നല്കുവാങ്ങണം.

(7) ഓരോ വാർഡിലും ഓരോ ആഴ്ചയിലും ചർച്ചാക്ലാസ് നടത്തണം (കാർഷിക ബോധവൽക്കരണം)

(8) പച്ചക്കറിമാർക്കറ്റ് ഉടൻ പ്രവർത്തികമാക്കണം.

(9) വിളക്കാട്ടുകോണം ഏലായിൽ യറത്ത് കുളം നിർമ്മിച്ച് ജലസേചനസൗകര്യം മെച്ചപ്പെടുത്തണം.

(10) കൊപ്പം, ചെറുനാരകംകോട് - കരകൃഷി ജലസേചനസൗകര്യം മെച്ചപ്പെടുത്തണം.

ഓരോ ഏലായ്ക്കും ചുറ്റുമായി രണ്ട് മരുന്ന് തളിയന്ത്രം വീതം നൽകണം.

(11) വള്ളാറ്റിൻകര മുതൽ അടയമൺ വരെ ഏലായിൽ സൈഡ് കെട്ടണം.

(12) മരുന്നുതളി നടത്തുന്നതിന് നാപ്സാക്ക് സ്പ്രേയർ വാങ്ങുന്നതിന് സബ്സിഡി നടപ്പിലാക്കണം. മത്സ്യകൃഷിക്ക് 3-ാം വാർഡിൽ ധാരാളം സൗകര്യങ്ങളുണ്ട്.

(13) ചാവേറ്റിക്കാട് മുതൽ പോരുച്ചിറ വരെ തോട് കെട്ടണം. വസ്തുഉടമകൾ കയ്യേറിയത് തിരിച്ചുപിടിച്ച് സംരക്ഷിക്കണം.

(14) വണ്ടന്നൂർ [illegible] ഉപയോഗശൂന്യമായതിനാൽ സൈഡ് വാൾ പമ്പ് സെറ്റ് വെച്ച് വെള്ളം ഏലായിൽ എത്തിക്കണം.

(15) ചെമ്പകശ്ശേരി - ആറ്റൂർ - വണ്ടന്നൂർ വരെ തോടുകൾ പുനരുദ്ധരിക്കണം

(16) വള്ളാറ്റിൻകര മുതൽ വടക്കോട്ട്, കടയ്ക്കൽ വിളയ്ക്ക് അതിർത്തി വരെയുള്ള വടക്കുംപുറം മുളമൂട്ടിക്കുറ്റി ഏലായുടെ വശത്തുകൂടി ഒഴുകുന്ന വലിയതോട് ഇപ്പോൾ വളരെ വീതി കൂടിയായിട്ട് കിടക്കുന്നതിനാൽ എല്ലാ വർഷവും സൈഡ് പൊട്ടുന്നു. ഇത് സൈഡ് വാൾ കെട്ടി ബലപ്പെടുത്തണം. പുറമ്പോക്ക് സ്ഥലം ഉപയോഗപ്പെടുത്തണം.

(17) ഒന്നാം വാർഡിൽ ഒന്നാമത്തെ ഏലാ (6 ഹെക്ടർ) കൂടെ രജിസ്റ്റർ ചെയ്യണം. പച്ചക്കറി കൃഷിക്ക് (ഒന്നാംവിള) ഈ ഏലാ ഏറ്റവും അനുയോജ്യമാണ്.

(18) വാഴ - മരിച്ചീനി കൃഷിക്ക് സബ്സിഡി നൽകണം.

## വിദ്യാഭ്യാസം

(1) പഞ്ചായത്തുതലത്തിൽ വർഷം വർഷം വിദ്യാഭ്യാസ വിദഗ്ധരെക്കൊണ്ട് അദ്ധ്യാപകർക്ക് പരിശീലനം നൽകുക.

(2) Old materials, വില കുറഞ്ഞ വിഭവങ്ങൾ എന്നിവ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ പഠനോപകരണങ്ങൾ നിർമ്മിച്ച് (പഞ്ചായത്തിന്റെ അടിസ്ഥാനത്തിൽ) സ്കൂളുകളിൽ എത്തിക്കുക.

(3) അദ്ധ്യാപകർക്ക് ബോധനസഹായികൾ എത്തിക്കുക.

(4) എല്ലാ വിദ്യാലയങ്ങളിലും പ്രീ-പ്രൈമറി ആരംഭിക്കുക.

(5) സിലബസ് ഏകീകരണവും ലഘൂകരണവും നടപ്പിലാക്കുക.

(6) പ്രൈമറി തലം മുതൽ സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.

(7) Specialized അദ്ധ്യാപകരുടെ ability evaluate ചെയ്ത് അവരെ അംഗീകരിക്കുക.

(8) സിലബസിനു പുറമേ വരുന്ന പാഠ്യേതര വിഷയങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി വിദഗ്ദ്ധരുടെ സേവനം ഏർപ്പാടാക്കുക.

(9) പഞ്ചായത്തിലെ കുട്ടികൾക്ക് പുസ്തകങ്ങൾ റഫർ ചെയ്യുന്നതിനുവേണ്ടി പഞ്ചായത്ത് ലൈബ്രറിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഇതിനുവേണ്ടി സ്കൂളുകളിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സബ് കമ്മിറ്റി രൂപീകരിക്കുക.

(10) ട്യൂട്ടോറിയലുകളിലേയും സ്കൂളുകളിലേയും ടീച്ചിംഗ് മെത്തേഡ് രണ്ടുതരത്തിലാണ്. ഇത് പരിശോധിക്കുന്നതിന് വിദ്യാഭ്യാസവിദഗ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുക.

⑩

(11) Loss of working days. Teaching time 7.30 മുതൽ 1.30 വരെയായി ക്രമീകരിക്കുക. അതിനുശേഷമുള്ള സമയം പാഠ്യേതര കാര്യങ്ങൾക്കായി ഉപയോഗിക്കുക.

(12) പഞ്ചായത്തിലെ [illegible] ഹൈസ്കൂൾ കേന്ദ്രമാക്കി ഒരു കമ്പ്യൂട്ടർ എഡ്യൂക്കേഷൻ സെന്റർ ആരംഭിക്കുക.

(13) കുട്ടികളെ ജീവിത മൂല്യങ്ങളെക്കുറിച്ച് പഠിപ്പിക്കുന്ന സിലബസ് നടപ്പിൽ വരുത്തുക.

(14) Specialised teachers-ന്റെ ഒഴിവുകൾ നികത്തുക.

(15) L.P സ്കൂളുകൾ കേന്ദ്രമാക്കി വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ പിന്നേയും കൂടി ആരംഭിക്കുക.

(16) സ്കൂളിൽ സ്പെഷ്യൽ ടീച്ചിംഗ് റൂമുകൾ ആരംഭിക്കുകയും അദ്ധ്യാപകനെ ചുമതല ഏല്പിക്കുകയും ചെയ്യുക.

(17) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി ഒരു ഫണ്ട് മാറ്റിവയ്ക്കുക.

(18) വിദ്യാഭ്യാസ മൂല്യതകർച്ചയ്ക്കെതിരെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കുക.

(19) 10-ാം ക്ലാസ്സുവരെ ഉച്ചഭക്ഷണം നൽകുക.

(20) പ്രൊഫഷണൽ കോഴ്സുകൾക്ക് മുൻതൂക്കം നൽകുന്ന ഒരു കോളേജ് സ്ഥാപിക്കുക.

(21) തൊളിക്കുഴി-പാപ്പാല L.P.S.കൾ U.P.S കളായി Upgrade ചെയ്യുക.

(22) പ്രൈമറി സ്കൂളുകളിൽ ഹെൽത്ത് കാർഡുകൾ പഞ്ചായത്തു തലത്തിൽ നടപ്പിലാക്കുക.

(23) എല്ലാ വിദ്യാലയങ്ങളിലേയും യൂണിഫോം ഏകീകരിക്കുക.

(24) അംഗീകാരമില്ലാത്ത സ്കൂളുകളിലെ പ്രവർത്തനം വിദ്യാഭ്യാസ സമിതി പരിശോധിക്കുക.

(25) പരമ്പരാഗത തൊഴിലുകൾക്ക് പരിശീലനം നൽകുക.

(26) സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ സ്കൂൾ ടൈമിൽ തന്നെ സ്പെഷ്യൽ ട്യൂഷൻ എടുക്കുകയും മറ്റു ട്യൂഷൻ സെന്ററുകളിൽ പഠിപ്പിക്കുകയും ചെയ്യുന്നത് ഒഴിവാക്കുക.

(27) അദ്ധ്യാപകരുടെ സംഘടനാ പ്രവർത്തനം വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

(28) എൽ.പി. സ്കൂളുകളുടെ അധികാരങ്ങൾ പഞ്ചായത്തിനു നൽകിയിരിക്കുകയാണല്ലോ. യു.പി. സ്കൂളുകളുടെ അധികാരം കൂടി പഞ്ചായത്തുകൾക്ക് നൽകുക.

(29) കിളിമാനൂരിൽ ഒരു ടെക്നിക്കൽ സ്കൂൾ ആരംഭിക്കുക.

(30) പരമ്പരാഗത തൊഴിലുകളിൽ പരിശീലനം നൽകുക.

---

## പൊതുജനാരോഗ്യം കുടിവെള്ളം

(1) പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലുമുള്ള ഭക്ഷണശാലകൾ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറും പഞ്ചായത്ത് ആരോഗ്യസമിതിയിലുള്ള അംഗങ്ങളും ചേർന്ന് മാസത്തിലൊരിക്കലെങ്കിലും പരിശോധന നടത്തണം.

(2) പഞ്ചായത്തിലെ സബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്വന്തമായി കെട്ടിടമുണ്ടാകുന്നതുവരെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുക.

(3) സ്കൂളുകളിൽ മാസത്തിലൊരിക്കൽ ശുചീകരണ ക്ലാസ് നടത്തുക.

(4) സ്കൂളുകളിലെപ്പോഴും അദ്ധ്യാപകരും സ്കൂൾ കോമ്പൗണ്ടിൽ വച്ച് പുകവലിക്കുന്നത് കർശനമായി നിരോധിക്കുക.

(5) പഞ്ചായത്തിലെ ആയുർവേദ ~~[illegible]~~ ഡിസ്പെൻസറി 40 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

(6) രണ്ടാം വാർഡിൽ വിളക്കാട്ടുകോണത്ത് ഒരു സബ് സെന്റർ സ്ഥാപിക്കുക.

(7) കിളിമാനൂർ കേന്ദ്രമാക്കി എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരാശുപത്രി സ്ഥാപിക്കുക.

(6) കിളിമാനൂരിലെ പ്രൈവറ്റ് ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പരിചയ യോഗ്യത ഉറപ്പു വരുത്തുക.

9. കിളിമാനൂർ ടൗൺ, തട്ടത്തുമല, തൊളിക്കുഴി, അടയമൺ തുടങ്ങി എല്ലാ വാർഡുകളിലേയും പ്രധാന കേന്ദ്രങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

10. പഞ്ചായത്തിന്റെ പല ഭാഗത്തും നടന്നുവരുന്നതും ഗുരുതരമായ ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നതുമായ അനാശാസ്യ പ്രവർത്തനങ്ങൾ തടയാൻ കർശന നടപടികൾ സ്വീകരിക്കുക.

## കുടിവെള്ളം

1. കുന്നുമ്മേൽ നിന്നും പൈപ്പ്ലൈൻ കാഞ്ഞിരത്തുവാമ്പുവരെ നീട്ടുക.
2. 1-ാം വാർഡിൽ പറയകുന്ന്, വട്ടപ്പാറ ഹരിജൻ കോളനി എന്നിവിടങ്ങളിൽ ഓരോ കുഴൽകിണറുകൾ സ്ഥാപിക്കുക.
3. 5-ാം വാർഡിൽ മുറവൻകുഴി പ്രദേശത്ത് ഒരു പഞ്ചായത്ത് കിണർ സ്ഥാപിക്കുക.



എന്റെ ജീവിതമാണ്
എന്റെ സന്ദേശം

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

